# നിലമേൽ ഗ്രാമപഞ്ചായത്ത്

ജനകീയാസൂത്രണം

## സമഗ്ര വികസന രേഖ





*"സ്വന്തം രാജ്യത്തിന്റെ നിർമിതിയിൽ തങ്ങൾക്കും
ഫലപ്രദമായൊരു പങ്കുണ്ടെന്ന് പരമ ദരിദ്രനുപോലും
അനുഭവപ്പെടുന്നൊരു ഭാരതം, ഉയർന്ന വർഗക്കാരോ താഴ്ന്ന
വർഗക്കാരോ ഇല്ലാത്തൊരു ഭാരതം, എല്ലാ സമുദായങ്ങളും
പരിപൂർണ്ണ രഞ്ജിപ്പിൽ കഴിയുന്നൊരു ഭാരതം
കെട്ടിപ്പടുക്കുന്നതിനു വേണ്ടി ഞാൻ പ്രവർത്തിക്കും."*

\- മഹാത്മാഗാന്ധി




നിലമേൽ ഗ്രാമപഞ്ചായത്ത്
വികസന സെമിനാർ
സമഗ്ര വികസന രേഖ



*"സമൂഹത്തിന്റെ എല്ലാ തുറകളിലുമുള്ള ജനങ്ങൾ
കക്ഷിരാഷ്ട്രീയ, ജാതിമതഭേദമില്ലാതെ ആസൂത്രണ
പ്രക്രിയയിൽ ഭാഗഭാക്കാവുന്നു എന്നതാണ് ഏറ്റവും വലിയ
നേട്ടം. സമൂഹത്തിലെ ഏറ്റവും താഴേക്കിടയിലുള്ള വ്യക്തിയ്ക്കും
ഈ പ്രക്രിയയിൽ പങ്കുചേരാൻ സാധിക്കുന്നുവെന്നത് നിസ്സാരനേട്ടമല്ല."*

**-ഇ. എം. എസ്.**

# വികസന രേഖയ്ക്ക് അംഗീകാരം

**നിലമേൽ ഗ്രാമപഞ്ചായത്തിന്റെ 24.12.96 ലെ സാധാരണ യോഗ നടപടിക്രമങ്ങളുടെ ശരിപ്പകർപ്പ്.**

**അജണ്ട 1. ജനകീയാസൂത്രണം - വികസന റിപ്പോർട്ട് ചർച്ചചെയ്തംഗീകരിക്കൽ.**

**തീരുമാനം 1 (1)**

**24.12.96 ൽ നിലമേൽ ഗ്രാമപഞ്ചായത്തു പ്രസിഡന്റ് ശ്രീമതി. എം. ആബിദാബീവിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗം ഒൻപതാം പദ്ധതി ജനകീയ പദ്ധതിയായി നടപ്പാക്കുന്നതിന്റെ ഭാഗമായി തയ്യാറാക്കിയ സമഗ്രവികസന രേഖ ചർച്ച ചെയ്ത് ഐകകണ്ഠ്യേന അംഗീകരിച്ചു.**

**ശരിപ്പകർപ്പ്**

**(ഒപ്പ്)**
**സെക്രട്ടറി.**

**(ഒപ്പ്)**
**പ്രസിഡന്റ്**

# പഞ്ചായത്തു ഭരണ സാരഥികൾ



എം. ആബിദാബീവി
പ്രസിഡണ്ട്



N. സുരേന്ദ്രൻ നായർ
വൈസ് പ്രസിഡന്റ്



ലക്സി ജയപ്രകാശ്
സ്റ്റാൻഡിംഗ് കമ്മിറ്റി
ചെയർ പേഴ്സൻ



പി. ഗോപാലകൃഷ്ണപിള്ള
സെക്രട്ടറി

## നിലമേൽ ഗ്രാമപഞ്ചായത്തു ഭരണസമിതി

1. എം. ആബിദാബീവി (പ്രസിഡന്റ്)
2. എൻ. സുരേന്ദ്രൻ നായർ (വൈസ് പ്രസിഡന്റ്)
3. ലക്സി ജയപ്രകാശ് (സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർ പേഴ്സൻ)
4. R. സജീന (മെമ്പർ)
5. A. മുഹമ്മദുറാഫി (മെമ്പർ)
6. V. ശ്യാമളകുമാരിയമ്മ (മെമ്പർ)
7. കൊടിവിള ഷംസുദ്ദീൻ (മെമ്പർ)
8. രാജു. T. (മെമ്പർ)

**ഈ പഞ്ചായത്തു പ്രദേശത്തെ പ്രതിനിധീകരിക്കുന്ന മറ്റുജനപ്രതിനിധികൾ**

1. ശ്രീ. കൊടിക്കുന്നിൽ സുരേഷ് M.P
2. ശ്രീമതി. R. ലതാദേവി M.L.A.
3. ശ്രീമതി. L.B. വിമലാ ദേവി (ജില്ലാ പഞ്ചായത്തു മെമ്പർ)
4. ശ്രീ. A. അബ്ദുൽ സലാം (ബ്ലോക്കു പഞ്ചായത്തു മെമ്പർ)

## നിലമേൽ പഞ്ചായത്തു സ്റ്റാഫ്

1. P. ഗോപാലകൃഷ്ണപിള്ള (സെക്രട്ടറി)
2. M. A. അഹമ്മദുകുഞ്ഞ് (ഹെഡ് ക്ലാർക്ക്)
3. S. ആന്റണി. (U.D. ക്ലാർക്ക്)
4. S. ജനാർദ്ദനൻ പിള്ള (U.D. ക്ലാർക്ക്)
5. P. സരസ്വതി. (L.D. ക്ലാർക്ക്)
6. N. J. ലതികകുമാരി (L.D. ക്ലാർക്ക്)
7. K. പരമേശ്വരൻ (പ്യൂൺ)
8. R. രവീന്ദ്രൻ പിള്ള (പാർട്ട്ടൈം സ്വീപർ)

ഭാരതത്തിന്റെ ആസൂത്രണ ചരിത്രത്തിൽ
വിപ്ലവകരമായ മാറ്റങ്ങൾക്ക് ശംഖൊലി മുഴക്കിക്കൊണ്ട്
കേരളസർക്കാർ നടപ്പിലാക്കി വരുന്ന
ഒരു നവസംരംഭമാണ്
ജനകീയാസൂത്രണ പ്രസ്ഥാനം.

നിലമേൽ ഗ്രാമപഞ്ചായത്തിന്റെ
സമഗ്രവികസനം ലക്ഷ്യമാക്കിക്കൊണ്ട്
തയാറാക്കിയ ഈ വികസനരേഖ
പൊതുജനസമക്ഷം സമർപ്പിക്കുന്നു.

ഇതിന്റെ പ്രവർത്തനങ്ങളുമായി
സഹകരിച്ച എല്ലാവർക്കും നന്ദി.

ഒപ്പ്

നിലമേൽ
26.12.1996

എം. ആബിദാബീവി
പഞ്ചായത്ത് പ്രസിഡന്റ്

**എഡിറ്റോറിയൽ ബോർഡ്**

*ചീഫ് എഡിറ്റർ*

എം. ആബിദാബീവി

*എഡിറ്റേഴ്സ്*

എൻ. സുരേന്ദ്രൻ നായർ
ആനപ്പുഴയ്ക്കൽ രാഘവൻ
ഗോപിനാഥൻ ആശാൻ
പി.കെ രമണൻ
ലക്സി ജയപ്രകാശ്
മുഹമ്മദ് റാഫി
വി. ശ്യാമള കുമാരി അമ്മ
പി. ഗോപാലകൃഷ്ണപിള്ള

# നിലമേൽ പഞ്ചായത്ത് മുൻ പ്രസിഡണ്ടുമാർ



മുതുകുടിയിൽ അബ്ദുൽ റഹിമാൻ



ആർ. മധുസൂദനൻ നായർ



വി. ശ്യാമളകുമാരിയമ്മ

# മുൻ പഞ്ചായത്തു പ്രതിനിധികൾ

**1977 മുതൽ 1979 വരെ**

1. മുതുകുടിയിൽ അബ്ദുൽ റഹിമാൻ (പ്രസിഡണ്ട് നോമിനേറ്റഡ്)
2. വി. രാഘവനുണ്ണിത്താൻ ( സോമനുണ്ണിത്താൻ) (വൈ. പ്ര.)
3. ഇ. വാവാക്കുഞ്ഞ്. (മെമ്പർ)
4. എ. വേലായുധനുണ്ണിത്താൻ (മെമ്പർ)
5. എസ്. വി. സരോജനി (മെമ്പർ നോമിനേറ്റഡ്)

**1979–1984**

1. ആർ. മധുസൂദനൻ നായർ (പ്രസിഡന്റ്)
2. എ. മുഹമ്മദു മുസ്തഫ. (വൈ: പ്ര.)
3. ഇ. വാവാക്കുഞ്ഞ് (മെമ്പർ)
4. എ. അബ്ദുൽസലാം. (മെമ്പർ)
5. എം. അബ്ദുൽ കലാം. (മെമ്പർ)
6. പി. പ്രസന്നകുമാരിയമ്മ (മെമ്പർ)
7. കെ. തുളസീധരൻ (മെമ്പർ)
8. കെ. സുധാകരൻ (Re-Election) (മെമ്പർ)
9. എസ്. ഷാഹുൽ ഹമീദ്

**1988–1995**

1. വി. ശ്യാമളകുമാരിയമ്മ. (പ്രസിഡന്റ്)
2. എം. കെ. അബ്ദുൽ ലത്തീഫ് (വൈ: പ്ര.)
3. പി. ശാന്തകുമാരിയമ്മ (മെമ്പർ)
4. എ. ഷാഹുൽ ഹമീദ് (മെമ്പർ)
5. ഷെബീർ മാറ്റാപ്പള്ളി (മെമ്പർ)
6. കെ. സുധാകരൻ (മെമ്പർ)
7. കൊടിവിള ഷംസുദീൻ (മെമ്പർ)
8. ആർ. മധുസൂദനൻ നായർ (മെമ്പർ)

# വികസന രേഖ തയ്യാറാക്കിയ കോർഗ്രൂപ്പ്

**I കൃഷി-ജലസേചനം**

1. N. സുരേന്ദ്രൻ നായർ. (പഞ്ചാ: വൈ: പ്രസിഡണ്ട്)
2. N. സദാശിവൻ പിള്ള (റിട്ട. ടീച്ചർ)
3. A. A. സലിം
4. M. അബ്ദുൽസലാം. (കൃഷി ആഫീസർ)

**II മൃഗസംരക്ഷണം, മത്സ്യബന്ധനം**

1. എം. ആബിദാബീവി (പഞ്ചാ: പ്രസിഡണ്ട്)
2. Dr. ഭാസ്ക്കരപിള്ള (വെറ്ററിനറി സർജൻ)
3. A. മുഹമ്മദുകുഞ്ഞ്.
4. E. M. കബീർ
5. റഹിം

**III വ്യവസായം-ടൂറിസം**

1. A. മുഹമ്മദുറാഫി. (പ: മെമ്പർ)
2. S. ഷെരീഫ്.
3. കുറുമ്പള്ളൂർ നാസർ.
4. മുഹമ്മദുറിസ
5. M. G. ബാലകൃഷ്ണൻ നായർ.

**IV വിദ്യാഭ്യാസം**

1. ആനപ്പുഴയ്ക്കൽ രാഘവൻ
2. കൊടിവിള ഷംസുദീൻ (പ: മെമ്പർ)
3. പ്രസന്നകുമാർ (DRP)

**V കുടിവെള്ളം, പൊതുജനാരോഗ്യം**

1. എം. ഹാഷിം.
2. ഡേവിഡ് സോളമൻ
3. അബ്ദുൽസലാം

**VI ഗതാഗതം, ഊർജ്ജം, മാർക്കറ്റ്**

1. V. ശ്യാമളകുമാരിയമ്മ (പ: മെമ്പർ)
2. ഷെബീർ മാറ്റാപ്പള്ളി.
3. M. K. അബ്ദുൽ ലത്തീഫ്.
4. ഈസുകുഞ്ഞ്

**VII പാർപ്പിടം, സാമൂഹ്യക്ഷേമം**

1. ബി. ഗോപിനാഥനാശാൻ
2. എസ്. ജയപ്രകാശ്
3. ഗണേശൻ

**VIII സംസ്ക്കാരം**

1. സാജു. എസ്. എസ്
2. ഷാജിദീൻ

**IX വനിത**

1. ലക്സി ജയപ്രകാശ് (പ: സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൻ)
2. S. N. ഐഷാബീഗം
3. J. കമലമ്മ

**X സഹകരണം**

1. A. M. അനിൽ (സഹ: ബാങ്ക് പ്രസിഡണ്ട്)
2. കുഞ്ചു മാസ്റ്റർ
3. M. സജീബ്

**XI പട്ടികജാതി – പട്ടികവർഗ്ഗക്ഷേമം**

1. രാജു T. (പ: മെമ്പർ)
2. P. K. രമണൻ
3. E. ബാലൻ

**XII വിഭവസമാഹരണം.**

1. M. P. നാസർ
2. P. രാമചന്ദ്രൻ
3. അബ്ദുൽ മജീദ്

# താളുകൾ മറിക്കുമ്പോൾ


എന്റെ ഗ്രാമം (കവിത)

●

ആമുഖം

●

പഞ്ചായത്ത് പൊതുവിവരണം

●

സാമൂഹികചരിത്രം

●

ഭൂപ്രകൃതി, ജനപ്രകൃതി, ജലവിഭവം

●

കൃഷിയും ജലസേചനവും

●

മൃഗസംരക്ഷണവും മത്സ്യബന്ധനവും

●

വ്യവസായം

●

വിദ്യാഭ്യാസം

●

കുടിവെള്ളം പൊതുജനാരോഗ്യം

●

ഗതാഗതം, ഊർജ്ജം മാർക്കറ്റ്

●

പാർപ്പിടവും സാമൂഹ്യക്ഷേമവും

●

സംസ്കാരം

●

വനിത

●

സഹകരണം

●

പട്ടികജാതി പട്ടികവർഗ്ഗക്ഷേമം

●

വിഭവസമാഹരണം

●

ഉപസംഹാരം

# എന്റെ ഗ്രാമം

*ആനപ്പുഴയ്ക്കൽ രാഘവൻ- നിലമേൽ*

ഇതുവഴിയീ നടപ്പാതയിലൂടെന്റെ
ഹൃദയതലങ്ങളിലൂടെ
ഒരുചുറ്റു സഞ്ചരിച്ചീടാനിറങ്ങുമോ
യുവചേതനകളേ നിങ്ങൾ.

അകലെ പുലരിയും സന്ധ്യയും ചിത്രങ്ങൾ
പകരും മരതകക്കുന്നുകൾ കണ്ടുവോ
അരികിൽ തലയെടുത്താഹ്ലാനർത്തനം
തുടരുന്നു വാഴകളപ്സരകന്യകൾ.
ഇടിവീണമട്ടിലാനില്ക്കുന്ന കല്പക-
ത്തരുനിരകണ്ടാൽ കരഞ്ഞുപോകും.
മധുരഫലങ്ങൾ തരുന്നവയായിരു-
ന്നതി നിന്നു കളിയില്ല ചിരിയുമില്ല.
ഒരു മഴപെയ്താൽ മദിച്ചുപായും കൊച്ചു
തെളിനീരൊഴുക്കുണ്ടു ചാരെ
മഴമാറിയാലതു വറ്റിവരണ്ടൊരു
വഴിപോലെ നീണ്ടുകിടക്കും.
കിളിമരച്ചുണ്ടനും തേൻ വരിക്കപ്ലാവും
വിളയിലെങ്ങാനുമേ കാണ്മൂ
ഫലവൃക്ഷമൊക്കെയുമിന്നുപഴംകഥ
പകരമെങ്ങും റബ്ബർ മാഞ്ചിയങ്ങൾ.
ഇരുവശത്തും നല്ല നെൽപാടമായിരു-
ന്നതു ചേലമാറിയുടുത്തു
മടിയിലെടുത്തുവയ്ക്കും നാളെയംബര
മതിലുമ്മയ്ക്കുന്ന സൗധം
അകലെ വിദേശത്തുനിന്നൊരു രാത്രിയി-
ലതുമന്ദമിവിടേയ്ക്കു പോരും.
കതിരണിപ്പാടങ്ങൾ കാണുവാനോർമ്മയിൽ
വിരിയുന്ന സ്വപ്നമേയുള്ളൂ.

ഇരവും പകലുമായ് കാലമൊഴുകവേ
ഇവിടെന്തുമാറ്റങ്ങൾ വന്നു.
ഇനി നാളെയെന്തെന്തു മാറ്റങ്ങളാണെന്റെ
തിരുമുറ്റം തേടിവരുന്നു.

ഒരു നീണ്ടകഥയുണ്ടെനിക്കുപറയുവാ-
നതു കേൾക്കുവാനില്ലൊരാളും
പറയട്ടെ, നിങ്ങളെൻ ജീവചരിത്രത്തിൽ
നിഴലും വെളിച്ചവും ചാർത്തി
അതുവരുംതലമുറ വായിച്ചറിയുവാൻ
കഴിയുമോ രേഖപ്പെടുത്താൻ

ഒരുകാര്യമോർമ്മപ്പെടുത്തുന്നു നിങ്ങളെൻ
മനതാരുകണ്ടവരല്ലേ
ഒരു തുണ്ടുഭൂമിയും കൈവശമില്ലാതെ
ഒരു കുടിലന്തിയുറങ്ങുവാനില്ലാതെ
കുടിനീരിനീ മണ്ണിൽ വേഴാമ്പലെപ്പോലെ
കഴിയുന്നനവധി മക്കളെൻ ചുറ്റിലും
അവരൊന്നു ഹൃദയം തുറന്നു ചിരിക്കണം
അഭിലാഷമില്ല മറ്റൊന്നുമറിഞ്ഞാലും
അവരുടെ കുഞ്ഞുങ്ങളും നാളയീ മണ്ണിൽ
വളരണം മറ്റുള്ള പൂവുകൾ മാതിരി
അതുവരെ നിങ്ങളീ പോരാട്ടമുള്ളിലെ
കനലായികൊണ്ടുനടക്കണം കൂട്ടരെ.



പഞ്ചായത്ത് ശില്പ ശാല ഉദ്ഘാടനം

ശില്പശാല സദസ്സ്



# ആമുഖം

ഇന്ത്യ സ്വതന്ത്രയായിട്ട് 49 വർഷങ്ങൾ പിന്നിട്ടിരിക്കയാണല്ലോ? നമ്മുടെ രാഷ്ട്രത്തിന്റേയും ജനതയുടേയും സമഗ്രപുരോഗതിക്കും ക്ഷേമത്തിനും വേണ്ടി '8' പഞ്ചവത്സരപദ്ധതികൾ പൂർത്തീകരിക്കപ്പെട്ടു കഴിഞ്ഞുവെങ്കിലും മഹാഭൂരിപക്ഷം ഇന്ത്യക്കാരുടേയും അടിസ്ഥാനസൗകര്യങ്ങൾ പോലും സാധിച്ചുകൊടുക്കാൻ ഇന്ത്യ ഭരിച്ച ഒരു 'ജനകീയ' സർക്കാരുകൾക്കും കഴിഞ്ഞില്ലെന്നതാണ് യാഥാർത്ഥ്യം. കാലാകാലങ്ങളിൽ കോടാനുകോടി രൂപ വികസനക്ഷേമപ്രവർത്തനങ്ങൾക്കായി നാം ചിലവഴിക്കാറുണ്ടെങ്കിലും എന്തുകൊണ്ട് നാം പ്രതീക്ഷിച്ച പുരോഗതി കൈവരിക്കാൻ കഴിയാതെ പോയി? നമ്മുടേത് ആസൂത്രണാധിഷ്ഠിതമായ ഒരു സമ്പദ്ഘടനയാണെങ്കിലും അതിന്റെ പശ്ചാത്തലത്തിൽ രൂപപ്പെടുത്തിയ പദ്ധതികൾ പലതും ഇന്ത്യൻ ഗ്രാമസമൂഹങ്ങളുടെ സവിശേഷതകളോ വൈവിദ്ധ്യങ്ങളോ ജനപങ്കാളിത്തമോ കണക്കിലെടുത്തുകൊണ്ടല്ല ആവിഷ്കരിച്ചു നടപ്പാക്കിയത്.

ഇന്ത്യയുടെ ആത്മാവ് ഗ്രാമങ്ങളിലാണെന്നാണ് ചൊല്ല്; അതായത് ജനസംഖ്യയിലെ ബഹുഭൂരിപക്ഷവും ഗ്രാമങ്ങളിലാണ് അധിവസിക്കുന്നത്. നമ്മുടെ വിഭവങ്ങളുടേയും അദ്ധ്വാനത്തിന്റേയും അധികപങ്കും ഗ്രാമങ്ങളിൽ നിന്നാണ് ലഭിക്കുന്നത്. എന്നാൽ ഈ ഗ്രാമങ്ങൾ എന്നും കേന്ദ്രഭരണാധികാരികളുടേയും ആസൂത്രണ വിദഗ്ദ്ധരുടേയും മുന്നിൽ അവഗണിക്കപ്പെടുകയായിരുന്നു? മറ്റൊരർത്ഥത്തിൽപ്പറഞ്ഞാൽ ഗ്രാമീണജനതയുടെ മൗലികമായ (മിതമായ) ആവശ്യങ്ങൾപോലും ഗൗരവപൂർവ്വം പരിഗണിക്കപ്പെടാതെ പോയി. ചുരുക്കിപ്പറഞ്ഞാൽ നമ്മുടെ ആസൂത്രണപ്രക്രിയ അഭിമുഖീകരിക്കുന്ന അപചയം അടിയന്തിരമായി പരിഹരിക്കാൻ ഒരു പൊളിച്ചെഴുത്തുതന്നെ അനിവാര്യമാണ്.

ഒൻപതാം പദ്ധതിയുടെ കരടുരേഖ തയ്യാറാക്കുന്ന ഈ സന്ദർഭത്തിൽ, കേരളത്തിലെ ഇടതുപക്ഷജനാധിപത്യമുന്നണി സർക്കാർ ഒൻപതാം പദ്ധതി ജനകീയ പദ്ധതിയായി പ്രഖ്യാപിച്ചിരിക്കുകയാണ്. കേരളം നടപ്പിലാക്കാൻ പോകുന്ന ജനകീയ ആസൂത്രണ പ്രസ്ഥാനം ഇന്ത്യയുടെ തന്നെ ആസൂത്രണ ചരിത്രത്തിൽ ഒരു നാഴികകല്ലായി മാറാവുന്നതാണ്. വിവിധ രംഗങ്ങളിൽ വൈദഗ്ദ്ധ്യം നേടിയവരെന്ന് വിശേഷിപ്പിക്കാവുന്ന കുറേ ജീനിയസ്സുകളുടെ ബുദ്ധിയിൽ മാത്രം ഉദയംചെയ്യുന്ന പദ്ധതികൾക്കുപകരം; നാനാതുറകളിൽ ബൗദ്ധികമായും കായികമായും അദ്ധ്വാനിക്കുന്നവരും പ്രത്യേക രംഗങ്ങളിലോ വിഷയങ്ങളിലോ പ്രായോഗികപരിജ്ഞാനമാർജ്ജിച്ചവരും ശാസ്ത്രസാങ്കേതികരംഗങ്ങളിലെ പ്രതിഭാശാലികൾ തുടങ്ങിയവർ പൊതുവിൽ ഒത്തുചേർന്നാണ് കേരളത്തിലെ ജനകീയ പദ്ധതിക്ക് രൂപം നൽകുന്നത്. അദ്ധ്വാനത്തിന്റെ മഹത്വം ആദരിക്കുന്നവരുടെ കൂട്ടായ്മയിൽ നിന്നും ഗ്രാമസമൂഹങ്ങളുടെ അടിത്തട്ടിൽ നിന്നും ഉരുത്തിരിഞ്ഞുവരുന്ന വിലപ്പെട്ട നിർദ്ദേശങ്ങളുടേയും അഭിപ്രായങ്ങളുടേയും അടിസ്ഥാനത്തിലാണ് കേരളത്തിൽ 9-ാം പദ്ധതി തയ്യാറാക്കുന്നത്. അതുകൊണ്ടുതന്നെ ഇത് ജനകീയ പദ്ധതിയായി മാറിയിരിക്കുന്നു.

തീരുമാനമെടുക്കുവാനും നടപ്പാക്കുന്നതിൽ പങ്കുവഹിക്കാനും ഏതൊരു സാധാരണക്കാരനും അവസരം നല്കുന്നുവെന്നതാണ് 9-ാം പദ്ധതിയുടെ (കേരളത്തിന്റെ) പ്രത്യേകത. ഓരോ പ്രദേശത്തിന്റേയും ജനങ്ങളുടേയും സവിശേഷതകൾ കണക്കിലെടുത്തുകൊണ്ടാണ് ഈ വികസന പ്രക്രിയ നടപ്പിലാക്കുന്നത്. അധികാരത്തോടൊപ്പം സമ്പത്തും (40% പദ്ധതി തുക). തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് നൽകിക്കൊണ്ടുള്ള തീരുമാനവും നമ്മുടെ വികസനത്തിൽ നിലനിൽക്കുന്നമുരടിപ്പിനെ കാര്യമായി ലഘൂകരിക്കാൻ കഴിയുന്നതാണ്. ജാതിമതസങ്കുചിത താത്പര്യങ്ങൾക്കതീതമായി കേരളത്തിലെ സമസ്തജനവിഭാഗങ്ങളുടേയും സമ്പൂർണ്ണസഹകരണത്തോടെ (പണം, വിഭവങ്ങൾ, അദ്ധ്വാനം) നടപ്പിലാക്കാൻ പോകുന്ന വികസനപരിപാടികൾ നമ്മുടെ സംസ്ഥാനത്തിന്റെ വളർച്ചയെ ബഹുദൂരം മുന്നോട്ടു നയിക്കുമെന്ന് പ്രത്യാശിക്കാം.

ജനകീയ ആസൂത്രണപരിപാടിയുടെ ഭാഗമായി കൊല്ലം ജില്ലയിൽ ഒന്നാം ഘട്ട പരിശീലനം 1996 സെപ്തം: 8 മുതൽ 10 വരെ കൊട്ടാരക്കര ടകണള യിൽ നടന്നു. ഈ പരിശീലനത്തിൽ നമ്മുടെ പഞ്ചായത്തിൽ നിന്നു ശ്രീമതി: എം. അബിദാ ബീവി (പ്രസിഡന്റ്) ശ്രീ. എൻ. സുരേന്ദ്രൻ നായർ (വൈ: പ്രസിഡന്റ്) ശ്രീ. പ്രസന്നകുമാർ, ശ്രീ. കോന്നത്തു അബ്ദുൽ സലാം. ശ്രീ. രാജേഷ് ശ്രീ. പി. ഗോപാലകൃഷ്ണപിള്ള (പഞ്ചായത്ത് സെക്രട്ടറി) എന്നിവർ പങ്കെടുത്തു.

പഞ്ചായത്ത് തല ഏകദിന ശില്പശാല നിലമേൽ സ്യമന്തകം ആഡിറ്റോറിയത്തിൽ 17-9-96 ന് നടന്നു.

ഈ സെമിനാറിൽ 80 പേർ പങ്കെടുത്തു. സെമിനാർ സ്റ്റേറ്റ് റിസോഴ്സ് പേഴ്സൺ – ശ്രീ. K.R. ചന്ദ്രമോഹൻ ഉദ്ഘാടനം ചെയ്തു. വിവിധ വിഷയങ്ങളെ സംബന്ധിച്ച് ശ്രീ. S. രാജദാസ്, ശ്രീ. പ്രസന്നകുമാർ, ശ്രീ. കോന്നത്തു അബ്ദുൽ സലാം എന്നിവർ ക്ലാസ്സുകൾ നയിച്ചു. സെമിനാറിൽ വച്ച്, വിവിധവിഷയങ്ങൾക്കായി 12 കോർ ഗ്രൂപ്പുകൾ രൂപീകരിച്ചു. വിശേഷാൽ ഗ്രാമസഭകൾ ചേരുന്നതിനുള്ള തിയതിയും സ്ഥലവും നിശ്ചയിച്ച് സെമിനാർ അവസാനിച്ചു.

വിശേഷാൽ ഗ്രാമസഭകളുടെ പൊതുവിവരം ചുവടെചേരുന്ന പട്ടിക നോക്കുക.

ഗ്രാമസഭകളിൽ ജനപങ്കാളിത്തം മെച്ചമായിരുന്നു. സ്ത്രീകളുടെ നല്ല പങ്കാളിത്തമുണ്ടായിരുന്നു. സജീവമായ ഗ്രൂപ്പുചർച്ചകൾക്കുശേഷം കൺവീനർമാർ റിപ്പോർട്ടു അവതരിപ്പിച്ചു. തുടർന്ന് ദ്വിതീയ സ്ഥിതി വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള പ്രവർത്തനങ്ങളും പഠന പര്യടനങ്ങളും നടത്തി.

രണ്ടാംഘട്ട ജില്ലാ പരിശീലനം 1996 നവംബർ 13,14,15 തിയതികളിൽ ചടയമംഗലം MGHS ൽ നടന്നു. ഒന്നാം ഘട്ട പരിശീലനത്തിൽ പങ്കെടുത്ത 5 DRPകൾക്കു പുറമേ ഉദ്യോഗസ്ഥമാരായ M അബ്ദുൽസലാം (കൃഷി ഓഫീസർ, M.K. അബ്ദുൽലത്തീഫ്, ഗണേശൻ എന്നിവരും ഒന്നാം ഘട്ടപരിശീലനത്തിൽ പങ്കെടുത്ത രാജേഷിന് പകരം ശ്രീ. ശിശുപാലനും പങ്കെടുത്തു പ്രഥമ, ദ്വിതീയ, ത്രിദീയ മേഖലകളെ സംബന്ധിച്ച് ക്ലാസ്സുകൾ നടന്നു. വികസന സെമിനാർ എങ്ങനെ നടത്താമെന്നതിനെ സംബന്ധിച്ചുള്ള വീഡിയോ പ്രദർശനവും ഉണ്ടായിരുന്നു.

രണ്ടാംഘട്ട പഞ്ചായത്തുതലപ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിനുവേണ്ടി 20-11-96ൽ ഉദ്യോഗസ്ഥൻമാരുടെ യോഗം പഞ്ചായത്ത് ഓഫീസിൽ വിളിച്ചു ചേർത്തു. 27-11-96 ൽ രണ്ടാംഘട്ട പഞ്ചായത്ത് തല പരിശീലനം നിലമേൽ സ്യമന്തകം ആഡിറ്റോറിയത്തിൽ നടന്നു. 116 പേർ ഇതിൽ പങ്കെടുത്തു. സ്റ്റേറ്റ് റിസോഴ്സ് പേഴ്സന്മാരായ രാജേന്ദ്രൻ, രാജദാസ്, വളവുപച്ച ശശി. കുമാർ എന്നിവർ ക്ലാസ്സുകൾ നയിച്ചു.

പഞ്ചായത്തിന്റെ പഴയകാല ചരിത്രം മനസ്സിലാക്കുന്നതിന് 13-12-96ൽ പഞ്ചായത്തിലെ കാരണവന്മാരുടെ യോഗം പഞ്ചായത്താഫീസിൽ വിളിച്ചുചേർത്തു. വികസന സെമിനാർ വിജയകരമായി നടത്തുന്നതിന് പ്ലാൻ ചെയ്യുന്നതിനു വേണ്ടി 21-12-96ൽ നിലമേൽ ഗവ:-UPSൽ വിപുലമായ സ്വാഗതസംഘ രൂപീകരണ യോഗം ചേർന്നു. യോഗത്തിൽ വിവിധ സബ് കമ്മറ്റികളും രൂപീകരിച്ചു.

സെമിനാറിനു മുന്നോടിയായി എല്ലാ വീടുകളിലും പ്രധാന കവലകളിലും വികസന ജ്യോതി തെളിയിച്ചു. സെമിനാറിന്റെ പ്രചരണാർത്ഥം ആകർഷകമായ നിലയിൽ വിളംബര ജാഥ നടത്തി.



പഴമയുടെ സംഗമം

## വിശേഷാൽ ഗ്രാമസഭകൾ

| ക്രമ നമ്പർ | വാർഡ് | യോഗം ചേർന്ന തീയതി | സമയം | സ്ഥലം | പങ്കെടുത്തവരുടെ എണ്ണം | | ആകെ | sc/st | ഉദ്യോഗസ്ഥരുടെ എണ്ണം |
|---|---|---|---|---|---|---|---|---|---|
| | | | | | സ്ത്രീ | പുരുഷൻ | | | |
| 1 | കൈതോട് | 5-10-96 | 2pm | പൂവത്തൂർ എ പി എസ് | 41 | 112 | 153 | 15 | 8 |
| 2 | വെള്ളരി | 7-10-96 | 2pm | മുണ്ടപ്പാംമൂട് | 72 | 83 | 155 | 12 | 7 |
| 3 | വേയ്ക്കൽ | 14-10-96 | 2pm | മർഹബ ആഡിബോറിയം | 23 | 133 | 156 | 15 | 8 |
| 4 | മുളയറക്കോണം | 5-10-96 | 2pm | ശിശു മന്ദിരം, മുളയറക്കോണം | 78 | 94 | 172 | 23 | 9 |
| 5 | മുരുക്കുമൺ | 2-10-96 | 2pm | യു പി. എസ്. മുരുക്കുമൺ | 78 | 70 | 148 | 25 | 6 |
| 6 | കോളേജ് | 12-10-96 | 2pm | സ്യമന്തകം ആഡിറ്റോറിയം | 28 | 94 | 122 | 35 | 15 |
| 7 | ടൗൺ | 14-10-96 | 2pm | മാസ്റ്റേഴ്സ് കോളേജ് | 19 | 84 | 103 | 11 | 7 |
| 8 | ബംഗ്ലാംകുന്ന് | 16-10-96 | 2pm | എൽ. എം. യു. പി. എസ്. | 51 | 74 | 125 | 40 | 9 |

# പഞ്ചായത്തിന്റെ പൊതു വിവരം

| | | |
|---|---|---|
| 1. പഞ്ചായത്തിന്റെ പേര് | : | നിലമേൽ ഗ്രാമപഞ്ചായത്ത്. |
| 2. ഉൾപ്പെടുന്ന വില്ലേജുകൾ | : | നിലമേൽ |
| 3. ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ | : | നിലമേൽ |
| 4. ജില്ല പഞ്ചായത്ത് ഡിവിഷൻ | : | ചടയമംഗലം |
| 5. താലൂക്ക് | : | കൊട്ടാരക്കര |
| 6. (a) അസംബ്ളിമണ്ഡലം | : | ചടയമംഗലം |
| (b) പാർലമെന്റ് നിയോജക മണ്ഡലം | : | അടൂർ |
| 7. വിസ്തീർണ്ണം | : | 2202 ഹെക്റ്റർ |
| 8. അതിരുകൾ വടക്ക് | : | ചടയമംഗലം ഗ്രാമ പഞ്ചായത്ത് |
| കിഴക്ക് | : | കടയ്ക്കൽ ഗ്രാമ പഞ്ചായത്ത് |
| തെക്ക് | : | തിരുവനന്തപുരം ജില്ലയിലെ പഴയകുന്നുമ്മേൽ, കിളിമാനൂർ ഗ്രാമപഞ്ചായത്തുകൾ |
| പടിഞ്ഞാറ് | : | തിരുവനന്തപുരം ജില്ലയിലെ മടവൂർ ഗ്രാമപഞ്ചായത്ത്. |
| 9. ജനസംഖ്യ | : | 14208 |
| (1991.സെൻസസ്) പുരുഷൻ | : | 6802 |
| സ്ത്രീ | : | 7406 |
| പട്ടികജാതി | : | 1649 |
| പട്ടികവർഗ്ഗം | : | 22. |
| വാർഡുകളുടെ എണ്ണം | : | 8 |
| പട്ടികജാതി സംവരണം | : | 1 |
| വനിതംസംവരണം | : | 3 |
| പട്ടികജാതി വനിതാസംവരണം | : | ഇല്ല |
| ജനറൽ | : | 4 |

### പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഓഫീസുകൾ

1. ഗ്രാമപഞ്ചായത്ത് ഓഫീസ്
2. നിലമേൽ വില്ലേജ് ഓഫീസ്
3. പ്രൈമറി ഹെൽത്ത് സെന്റർ
4. കൃഷിഭവൻ
5. മൃഗാശുപത്രി
6. ടെലിഫോൺ എക്സ്ചെയിഞ്ച്
7. V.E.O's ഓഫീസ്
8. ഇലക്ട്രിക്കൽ ഓവർസിയർ ഓഫീസ്
9. പോസ്റ്റാഫീസ് (നിലമേൽ കൈതോട്)
10. I.C.D.P സബ്സെന്ററുകൾ . (മുരുക്കുമൺ, കൈതോട്)
11. ഹെൽത്ത് സബ് സെന്ററുകൾ : പൂവത്തൂർ, വലിയവഴി, ചേറാട്ടുകുഴി
12. സഹകരണ സംഘങ്ങൾ : ബാങ്കുകൾ

1. നിലമേൽ സർവ്വീസ് സഹകരണ ബാങ്ക്
2. നിലമേൽ പഞ്ചായത്ത് പട്ടികജാതി സഹകരംസംഘം (മുരുക്കുമൺ).
3. ക്ഷീരസഹകരണസംഘം, കൈതോട്, നിലമേൽ.
4. S.B.T. നിലമേൽ

# നിലമേൽ ഗ്രാമപഞ്ചായത്ത്

സ്ഥലനാമങ്ങൾ പ്രായേണ ഐതിഹ്യങ്ങളെയും കേട്ടുകേൾവിയേയും അടിസ്ഥാനപ്പെടുത്തിയാണല്ലോ അറിയപ്പെടുന്നത്. വസ്തുതകളിൽ നിന്ന് അകലെയായിരിക്കും പലപ്പോഴും കേട്ടറിവ്.

പഞ്ചായത്തിന്റെ ഭൂരിഭാഗവും നിലവും ബാക്കി ഉയർന്ന പ്രദേശങ്ങളുമായിരുന്നു. നിലം നികത്തി അതിനുമേൽ സ്ഥാപിതമായതുകൊണ്ട് 'നിലമേൽ' എന്ന പേര് സ്ഥലത്തിനുലഭിച്ചു എന്നു വിശ്വസിക്കപ്പെടുന്നു. നിലത്തിനു സമീപം ഉയർന്ന (മേൽ) പ്രദേശത്തു ശ്രീ ധർമ്മ ശാസ്ത്രാക്ഷേത്രം നിലകൊള്ളുന്നതുകൊണ്ട് 'നിലമേൽ' എന്ന പേരു ലഭിച്ചതായും പഴമക്കാരിൽ ചിലർ അഭിപ്രായപ്പെടുന്നു. മറ്റു പ്രദേശങ്ങളെ അപേക്ഷിച്ച് ഇവിടത്തെ ജനങ്ങളുടെ ജീവിതനില ഉയർന്നതായിരുന്നതിനാൽ 'നില-മേൽ' എന്ന അർത്ഥത്തിൽ സ്ഥലനാമമുണ്ടായി എന്ന അഭിപ്രായക്കാരുമുണ്ട്. ആദ്യകാലനാമം 'നിലയ്ക്കൽ' എന്നായിരുന്നെന്നും കാലക്രമത്തിൽ' നിലമേൽ' ആയിത്തീർന്നതാണെന്നും എൺപത്തിയഞ്ചു വയസ്സിനുമേൽ പ്രായമുള്ള സ്ഥലവാസികൾ ഓർക്കുന്നു. പ്രദേശത്തിന്റെ ഭൂരിഭാഗവും അടക്കി വാണിരുന്ന കുടുംബത്തിന്റെ പേര് 'നിലമേൽ വീട്' എന്നായിരുന്നു. ആ കുടുംബപ്പേര് പിന്നീടു സ്ഥലനാമമായി പരിണമിച്ചു എന്നും വിവക്ഷയുണ്ടു. എന്തായാലും 'കൊട്ടാരക്കര താലൂക്കിന്റെ നെല്ലറ' എന്നു മുൻകാലങ്ങളിൽ അറിയപ്പെട്ടിരുന്ന ഈ പ്രദേശത്തിന് ശോഭനമായ ഒരു ഭൂതകാലമുണ്ടായിരുന്നു എന്ന് കരുതാം.

പ്രദേശത്തെ അധിവസിച്ചിരുന്ന ജനവിഭാഗങ്ങളുടെ ജാതിപ്പേരുകൾ പിൽക്കാലത്തു സ്ഥലനാമങ്ങളായി അറിയപ്പെടാനിടയായി. പഞ്ചായത്തിലെ പാണൻകോണം, പറയരുകോണം എന്നിവ ഉദാഹരണം, കൈത്തോടുകൾ ധാരാളമുണ്ടായിരുന്ന കൈതോടും, വെറ്റിലക്കൊടിയുടെ കേന്ദ്രമായിരുന്ന കൊടിക്കോണവും വൃക്ഷങ്ങളുടെ പേരുമായി ബന്ധപ്പെട്ട മുളയക്കോണം, മുരുക്കുമൺ, കൈതക്കുഴി, ആഴാന്തക്കുഴി എന്നിവയും സ്ഥലനാമങ്ങളുടെ പട്ടികയിൽപ്പെടുന്നു. ലൂഥറൻമിഷൻ പ്രവർത്തനവുമായി ബന്ധപ്പെട്ട് നിലമേലിലെ ഉയർന്ന പ്രദേശത്ത് അമേരിക്കൻ മിഷനറിമാർ നിർമ്മിച്ച മനോഹരമായ ബംഗ്ലാവുണ്ട്. ഈ സ്ഥലം 'ബംഗ്ലാവുകുന്ന്' - ഇപ്പോൾ ബംഗ്ലാംകുന്ന്- എന്നറിയപ്പെടുന്നു. വേയ്ക്കൽ, കരുന്തലക്കോട്, കണ്ണൻകോട്, പരുത്തിയിൽ, മണലയം, നെട്ടയം, ചോറാടുകുഴി, വെള്ളരി എന്നിവയൊക്കെ പ്രകൃതിയുമായും സമൂഹവുമായും ബന്ധപ്പെട്ട സ്ഥലനാമങ്ങളിൽപെടും.

ചടയമംഗലം പഞ്ചായത്തിലെ കൈതോട്, മുരുക്കുമൺ, മുളയക്കോണം, നിലമേൽ എന്നി വാർഡുകളും, പോരേടം, കുരിയോട് വാർഡുകളുടെ ഏതാനും ഭാഗങ്ങളും ചേർത്ത് 1977-ൽ നിലമേൽ [illegible] രൂപവൽക്കരിക്കപ്പെട്ടു. കൈതോട്, വേയ്ക്കൽ I, വേയ്ക്കൽ II (വെള്ളരി) മുളയക്കോണം, മുരുക്കുമൺ കോളേജ്, നിലമേൽ ടൗൺ, ബംഗ്ലാംകുന്ന് എന്നിങ്ങനെ എട്ടു വാർഡുകളാണു നിലമേൽ പഞ്ചായത്തിൽ. വേയ്ക്കൽ II, മുളയക്കോണം, കോളേജ് എന്നിവ വനിതാവാർഡുകളും, ബംഗ്ലാംകുന്ന് പട്ടികജാതി സംവരണ വാർഡുമായാണ് ഇപ്പോൾ തിരിക്കപ്പെട്ടിരിക്കുന്നത്. ഒരു ജനറൽ സീറ്റിൽക്കൂടി വനിത വിജയിച്ചതുകൊണ്ട് നാലു വനിതാ അംഗങ്ങളാണു പഞ്ചായത്ത് ഭരണസമിതിയിലുള്ളത്. പ്രസിഡണ്ടും വനിതയാണ്. നിലമേൽ പഞ്ചായത്തിലെ ഇതുവരെ ഭരണം നടത്തിയ പ്രസിഡണ്ടുമാർ-

1. മുതുകുടിയിൽ അബ്ദൽ റഹിമാൻ (77-79-നോമിനേറ്റഡ്)
2. R. മധുസൂദനൻ നായർ (79-84)
3. V. ശ്യാമളകുമാരിയമ്മ (88-95)
4. M. ആബിദാബീവി (ഇപ്പോഴത്തെ പ്രസിഡണ്ട്)

**നിലമേൽ പഞ്ചായത്തിന്റെ അതിരുകൾ**

തെക്ക്- തിരുവനന്തപുരം ജില്ലയിലെ പഴയകുന്നുമ്മൽ പഞ്ചായത്ത്.

വടക്ക്- ചടയമംഗലം പഞ്ചായത്ത്.

കിഴക്ക്- കടയ്ക്കൽ പഞ്ചായത്ത്

പടിഞ്ഞാറ്- തിരുവനന്തപുരം ജില്ലയിലെ കിളിമാനൂർ, മടവൂർ പഞ്ചായത്തുകൾ

പഞ്ചായത്തിലെ ഏറ്റവും പ്രധാനപ്പെട്ട സ്ഥലം നിലമേൽ ജംഗ്ഷൻ തന്നെ. S.H.1-ം (M.C. റോഡ്) പാരിപ്പള്ളി-മടത്തറ റോഡും സന്ധിക്കുന്ന പ്രധാന കവലയാണിത്. പാരിപ്പള്ളി-മടത്തറ റോഡ് നിർദ്ദിഷ്ട വർക്കല-കുറ്റാലം റോഡിൽ ഉൾപ്പെടുന്നു.

വേയ്ക്കൽ മുസ്ലീം L.P.S. ആയിരുന്നു ഈ പ്രദേശത്തെ ആദ്യ വിദ്യാഭ്യാസ സ്ഥാപനം. വ്യക്തിയുടെ വകയായിരുന്ന സ്ക്കൂൾ ഇപ്പോൾ ഗവ: ഘ.ജ. സ്ക്കൂളാണ്. ബംഗ്ലാംകുന്നിൽ സ്ഥിതിചെയ്യുന്ന ലൂഥറൻമിഷൻ അപ്പർപ്രൈമറിസ്ക്കൂൾ (L.M.U.P.S.) സ്ഥാപിതമായത് 1929-ലാണ്. സ്ഥലത്തെ ആദ്യത്തെ യു.പി. സ്ക്കൂളാണിത്. അമേരിക്കൻ മിഷനറിമാർ സ്ഥാപിച്ച ഈ സ്ഥാപനം ഇവിടത്തെ ഹരിജനങ്ങളുടെ വിദ്യാഭ്യാസകാര്യത്തിൽ വളരെയേറെ സ്വാധീനം ചെലുത്തിയിട്ടുണ്ട്. മലയാളം ഏഴാം ക്ലാസ്സുവരെയുണ്ടായിരുന്ന ഈ ബോർഡിംഗ് സ്ക്കൂളാണ് നിലമേലിന്റെ സാംസ്ക്കാരിക നവോത്ഥാനത്തിനു നാന്ദികുറിച്ചത്. L.P. വിഭാഗം ഉൾപ്പെടുന്ന മൂന്നു യു.പി. സ്ക്കൂളുകളും, യു.പി വിഭാഗം മാത്രമുള്ള ഒരു സ്ക്കൂളും, രണ്ട് എൽ.പി. സ്ക്കൂളുകളും ഇവിടെയുണ്ട്. പഞ്ചായത്തിലെ ഏക ഹൈസ്ക്കൂളായ മാറ്റാപ്പള്ളി മെമ്മോറിയൽ ഹൈസ്ക്കൂൾ, N.S.S. ന്റെ ഉടമസ്ഥതയിലുള്ള ഒന്നാം ഗ്രേഡ് കോളേജ് എന്നിവ ഉന്നത വിദ്യാഭ്യാസത്തിനു സഹായിക്കുന്നു. പോസ്റ്റുഗ്രാഡ്വേറ്റ് പഠനത്തിനു സൗകര്യമുള്ള കോളേജ് കടയ്ക്കൽ, ചിതറ, മടത്തറ, ചടയമംഗലം, കിളിമാനൂർ, മടവൂർ-പള്ളിക്കൽ തുടങ്ങിയ പ്രദേശങ്ങളിലുള്ളവർക്ക് വളരെ പ്രയോജനകരമാണ്.

ബംഗ്ലാം കുന്നിൽ പ്രൈമറി ഹെൽത്തു സെന്റർ, കൃഷിഭവൻ, V.E.O's ആഫീസ്, വില്ലേജാഫീസ്, മൃഗാശുപത്രി എന്നിവയുണ്ട്. ഗവ:യു.പി. സ്കൂളിനോടനുബന്ധിച്ച് പ്രീ-പ്രൈമറി വിഭാഗം പ്രവർത്തിക്കുന്നു. പ്രൈവറ്റു നഴ്സറി സ്കൂളുകളും മഹിളാസമാജം ഫീഡിംഗ് സെന്ററുകളും അഞ്ചുവയസ്സിൽ താഴെയുള്ള കുട്ടികളുടെ വിദ്യാഭ്യാസ കാര്യത്തിൽ ശ്രദ്ധിക്കുന്നു.

കോ-ഓപറേറ്റീവ് ബാങ്ക്, SBT എന്നിവയ്ക്കു പുറമേ പ്രൈവറ്റ് ഫൈനാൻസിംഗ് ഏജൻസികളും സാമ്പത്തിക രംഗത്തുണ്ട്. സാംസ്ക്കാരിക രംഗത്തു പ്രവർത്തിക്കുന്ന കലാ സാംസ്ക്കാരിക സമിതികളും, വായനശാലയും നിലമേലിന്റെ ജന ജീവിതത്തിൽ സ്വാധീനം ചെലുത്തുന്ന ഘടകങ്ങളാണ്. പുറമേ ശ്രുതി ഫൈൻ ആർട്സ്, ശാസ്ത്ര സാഹിത്യ പരിഷത് എന്നിവയുടെ പ്രവർത്തനവുമുണ്ട്.

### ചരിത്രം

നിലമേലിലെ ആദിമനിവാസികൾ പ്രധാനമായും പട്ടികജാതിയിൽപെട്ടവരായിരുന്നു. പിന്നീട് ഉയർന്ന ജാതിയിൽപെട്ടവർ താമസമാക്കുകയും ഹരിജനങ്ങളെ അവരുടെ ജോലിക്കാരായി നിയോഗിക്കുകയും ചെയ്തു. വനപ്രദേശങ്ങളായിരുന്ന പല ഭാഗങ്ങളും അവരുടെ അധ്വാനം കൊണ്ടു കൃഷിയിടങ്ങളായി. കൃഷിയിടങ്ങൾ രൂപപ്പെടുത്തുന്നതിനുവേണ്ടി ഒരു പ്രദേശത്തുനിന്നു മറ്റൊരിടത്തേക്ക് അവർ മാറിമാറി നിയോഗിക്കപ്പെട്ടിരുന്നു.

മലബാറിലെ ആഴ്വഞ്ചേരിയിൽ നിന്നു വന്ന നായർ മാടമ്പിമാരായിരുന്നു നിലമേൽ ഉണ്ണിത്താന്മാർ. അവരുടെ കുടുംബവകയോ, അവരുടെ അധീനത്തിലും ഏകാധിപത്യത്തിലുമുള്ളതോ ആയിരുന്നു ഈ പ്രദേശത്തിന്റെ ഭൂരിഭാഗവും. അവരുടെ കുടുംബത്തിന് 'നിലമേൽ വീട്' എന്നായിരുന്നു പേര്.

പൂവണത്തുംകോടു മാടമ്പി എന്നറിയപ്പെട്ടിരുന്ന 'കുതിരക്കാരൻ ഉണ്ണിത്താൻ' ആയിരുന്നു പ്രദേശത്തിന്റെ അധിപൻ. അദ്ദേഹത്തിന്റെ അറിവും അനുവാദവും കൂടാതെ സർക്കാർ ഉദ്യോഗസ്ഥർക്കുപോലും ഇതുവഴി സഞ്ചരിക്കാനോ മറ്റുപ്രവർത്തനങ്ങളിൽ ഏർപ്പെടാനോ കഴിയുമായിരുന്നില്ല. യശഃശരീരനായ മുരുക്കുമൺ കെട്ടിടത്തിൽ കൃഷ്ണനുണ്ണിത്താന്റെ പിതാവ് പൂവണ്ണാലയ്യപ്പൻ എന്നു മാറാപ്പേരുള്ള നാരായണൻ ഉണ്ണിത്താൻ ശ്രീമൂലം പ്രജാസഭയിൽ അംഗമായിരുന്നു.

ജനവികാരം എക്കാലത്തും അടിച്ചമർത്തപ്പെടാൻ കഴിയില്ല. സഹജമായ ആത്മാഭിമാനത്തിന്റെ ബഹിർസ്ഫുരണം അക്രമത്തിൽ കലാശിച്ച ചരിത്രവുമുണ്ട്. ഉണ്ണിത്താന്മാരുടെ പ്രതിനിധിയായി വടക്കൻ എന്നിറിയപ്പെട്ടിരുന്ന ഒരു കങ്കാണിയുണ്ടായിരുന്നു. അധികാരത്തിന്റെ ചാട്ടവാർ ചുഴറ്റി അടിയാന്മാരെ ചൊല്പടിക്കു നിറുത്താൻ ശ്രമിച്ചിരുന്ന കങ്കാണിക്കു പക്ഷേ, അധികനാൾ അതു തുടരാനായില്ല. ഏകാധിപത്യത്തിനും, പീഢനത്തിനുമെതിരായി പ്രാകൃതാവസ്ഥയിലും പ്രതികരിച്ച അടിയാന്മാർ 'വടക്കൻ കങ്കാണി'യെ ചുട്ടുകരിച്ചു കൊലപ്പെടുത്തി. ഈ സ്ഥലത്തിന് അടുത്തകാലം വരെ 'വടക്കനെ കൊന്ന പച്ച' എന്നു പേരുണ്ടായിരുന്നു. (ഇപ്പോൾ ചാറയം)

നിലമേൽ പ്രദേശത്തുനിന്ന് ഇന്ത്യയുടെ സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തവർക്ക് ചരിത്രത്തിന്റെ ഇത്തരം അറിവുകൾ പ്രചോദനമായിട്ടുണ്ടാകണം.

സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള പോരാട്ടത്തിൽ ഈ പഞ്ചായത്തിലെ ധീരയോധാക്കൾ സജീവമായി പങ്കെടുത്തിരുന്നു. സ്വാതന്ത്ര്യ സമരത്തിന്റെ ഭാഗമായി നടന്ന ഐതിഹാസികമായ 'കടയ്ക്കൽ വിപ്ലവ'ത്തിലും ആറ്റിങ്ങൽ പ്രക്ഷോഭത്തിലും നിലമേൽ പഞ്ചായത്തിലെ സേനാനികളുടെ സാന്നിദ്ധ്യം ശ്രദ്ധേയമായിരുന്നു. 1114

കന്നി 16-ാം തീയതി ബ്രിട്ടീഷ് പട്ടാളത്തിന്റെ പ്രയാണം തടയാൻ റോഡിനു കുറുകെ മരങ്ങൾ മുറിച്ചിടുകയും കലുങ്കുകൾ തകർക്കുകയും ചെയ്ത് പട്ടാളത്തിന്റെ മുന്നേറ്റം ഫലപ്രദമായി തടഞ്ഞു. സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തതിനു ശിക്ഷിക്കപ്പെട്ടവരിൽ 7 വർഷവും 7 മാസവും ജയിൽ ശിക്ഷയനുഭവിച്ച ശ്രീ. കമ്പനിമല വിശ്വനാഥൻ നിലമേലിന്റെ അഭിമാനമായി, ആരോഗ്യവാനായി ജീവിച്ചിരിക്കുന്നു. ശ്രീ. രാഘവൻ വൈദ്യൻ, രാമൻകുട്ടി, ചായക്കടനാരായണൻ, പരമുമേശിരി, ഈട്ടിഹനീഫ, കൃഷ്ണൻ മേശിരി, മുതുകുടിയിൽ അബ്ദൽ ഖരീം, മാമൂട്ടിൽ ഷാഹുൽ ഹമീദ് എന്നിവരും അറിയപ്പെടാത്ത മറ്റനേകം പേരും സ്വാതന്ത്ര്യസമരത്തിലെ ഈ പഞ്ചായത്തിലെ കണ്ണികളായിട്ടുണ്ട്.

ഈ പ്രദേശത്തിന്റെ സാമൂഹിക-സാംസ്ക്കാരിക പുരോഗതിക്കു ചെറുതല്ലാത്ത പങ്കുവഹിച്ച പല വ്യക്തികളുമുണ്ട്. നിലമേൽ N.S.S. കോളേജ്, പഞ്ചായത്താഫീസ്, ഗവ: യു.പി. സ്കൂൾ തുടങ്ങി മറ്റു പല പൊതു സ്ഥാപനങ്ങൾക്കും സ്ഥലം സംഭാവന ചെയ്ത നിലമേൽ രാമനുണ്ണിത്താൻ, വലിയവീട്ടിൽ വേലായുധനുണ്ണിത്താൻ എന്നിവരുടെ പേരുകൾ കൃതജ്ഞതയോടെയേ സ്മരിക്കാൻ കഴിയൂ. നാടിന്റെ സാമൂഹ്യ പുരോഗതിക്കാധാരമായ ഹൈസ്ക്കൂൾ, കോളേജ്, ആശുപത്രി, സഹകരണസംഘം എന്നിവയുടെ ആവിർഭാവത്തിനു മുൻപന്തിയിൽ നിന്നു പ്രവർത്തിച്ച ശ്രീ. മാറ്റാപള്ളി മജീദ്. Ex. M.L.A, ശ്രീ വി. പ്രഭാകരൻ, ശ്രീ. നാവായ്ക്കുളം റഷീദ്; കലാ-സാഹിത്യ രംഗങ്ങളിൽ സംഭാവനകൾ നല്കിയിട്ടുള്ള ശ്രീ. ആനപ്പുഴയ്ക്കൽ രാഘവൻ, നിലമേൽ അഞ്ചലാപ്പീസ് സ്ഥാപിക്കാൻ മുൻകൈയ്യെടുക്കുകയും ആദ്യത്തെ അഞ്ചൽ മാസ്റ്ററായി സേവനമനുഷ്ഠിക്കുകയും ചെയ്ത ശ്രീ. എസ്. കൃഷ്ണപിള്ള എന്നീ പേരുകൾ പ്രത്യേകം എടുത്തു പറയേണ്ടതാണ്.

### ഉത്സവങ്ങൾ

നിലമേലുള്ള പ്രധാനക്ഷേത്രം ഉണ്ണിത്താൻമാരുടെ കുടുംബക്ഷേത്രമായ ശ്രീധർമ്മശാസ്താക്ഷേത്രമാണ്. ടൗണിനുസമീപമുള്ള ശാസ്താവുപൊയ്ക (പെരുങ്കുന്നം) എന്ന സ്ഥലത്തു നിലം കുഴിച്ചപ്പോൾ ലഭിച്ച വിഗ്രഹമാണ് ഇവിടെ പ്രതിഷ്ഠിച്ചതെന്ന് പഴമക്കാർ ഓർക്കുന്നു. ലക്ഷങ്ങൾ വിലമതിക്കുന്ന പഞ്ചലോഹ വിഗ്രഹമാണിത്. വില്ലും അമ്പും കൈയ്യിലേന്തി നില്ക്കുന്നതായിട്ടാണു വിഗ്രഹം. മുൻകാലങ്ങളിൽ വിപുലമായി ഉത്സവം നടത്തിയിരുന്നെങ്കിലും ഏതാനും വർഷങ്ങളായി ഉത്സവ പരിപാടികൾ നിറുത്തി വച്ചിരിക്കുന്നു.

മുരുക്കുമൺ ശാസ്താക്ഷേത്രത്തിൽ ആണ്ടുതോറും വിപുലമായി ഉത്സവം ആഘോഷിക്കപ്പെടുന്നു. കൈതോട്, കൈതക്കുഴി, തൊട്ടുവള്ളി എന്നിവിടങ്ങളിൽ എല്ലാ വർഷവും ഉത്സവം നടത്താറുണ്ട്. ഈ ഉത്സവപരിപാടികളിൽ നാനാജാതി മതസ്ഥരും സഹകരണമനോഭാവത്തോടെ പങ്കെടുക്കുന്നു.

നിലമേൽ പഞ്ചായത്തിലെ പ്രധാനപ്പെട്ട കാവുകൾ കൈതക്കുഴി ചാവരു കാവും കൊടിക്കോണം കാവുമാണ്. ഇവിടങ്ങളിലും ഉത്സവങ്ങൾ നടക്കുന്നു.

നിലമേൽ പഞ്ചായത്തിൽ നാലു ക്ഷേത്രങ്ങളും, ആറു മുസ്ലീം പള്ളികളും രണ്ടു ക്രിസ്ത്യൻ പള്ളികളും ഒരു ശ്രീനാരായണ ഗുരുമന്ദിരവും സ്ഥിതിചെയ്യുന്നു.

### സാംസ്ക്കാരിക പ്രസ്ഥാനങ്ങൾ

1949 മുതൽ പ്രവർത്തിക്കുന്ന 'സൗഹാർദ്ദസമിതി' ഗ്രന്ഥശാല ഇവിടത്തെ സാംസ്ക്കാരിക മേഖലയിലെ പ്രധാന കണ്ണിയായിരുന്നു. എന്നാലിപ്പോൾ അതിന്റെ പ്രവർത്തനം മുൻ കാലങ്ങളിലെ പോലെ ഫലപ്രദമാണെന്നു പറയുകവയ്യ.

കലാ-കായിക-സാംസ്ക്കാരിക രംഗത്തു പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകൾ പഞ്ചായത്തിലുണ്ട്. 20 വർഷത്തിനു മേലായി ഈ രംഗത്തു പ്രവർത്തിക്കുന്ന ക്ലബുകളാണ് നാസ്സ്, വിശ്വദർശന എന്നിവ. നാദം, ഏഥൻസ് ബ്രദേഴ്സ് കാസ്ക്, പുലരി എന്നീ ക്ലബുകളും ശ്രുതി ഫൈൻ ആർട്സ് സൊസൈറ്റിയും കലാകായിക രംഗത്തു പ്രശസ്തമായി നിലനില്ക്കുന്നു. ശാസ്ത്ര സാഹിത്യ പരിഷത്ത്, പുരോഗമന കലാസാഹിത്യസംഘം എന്നിവയുടെ ശാഖകളും പഞ്ചായത്തിലെ സാംസ്ക്കാരിക രംഗത്തുണ്ട്. നാടകരംഗത്തും കായികരംഗത്തും മികച്ച പ്രവർത്തനം കാഴ്ചവയ്ക്കാൻ ഈ സാംസ്ക്കാരിക സംഘടനകൾക്കു കഴിഞ്ഞിട്ടുണ്ട്. പഞ്ചായത്തിന്റെ പ്രോത്സാഹനം ലഭിച്ചാൽ കൂടുതൽ നേട്ടങ്ങൾ കൈവരിക്കാനും കഴിയും. ഈ സംഘടനകളുടെ സേവനം ഏകോപിപ്പിക്കാൻ കഴിഞ്ഞാൽ പഞ്ചായത്തിന്റെ വികസന യത്നങ്ങൾക്കു മുതൽ കൂട്ടാക്കാൻ കഴിയും.

എല്ലാ വർഷവും വേയ്ക്കൽ മരമടി മഹോത്സവം നടത്താറുണ്ട്. കാർഷികോത്സവമായ മരമടി മത്സരം നടത്തുന്ന, നിലമേൽ പഞ്ചായത്തിലെ ഏകപ്രദേശമാണു വേയ്ക്കൽ. മുതുകുടിയിൽ ജമാൽ സാഹിബ്, പുങ്കോടിയിൽ മുഹമ്മദു കുഞ്ഞ്, തുടങ്ങിയവരുടെ നേതൃത്വത്തിൽ ആരംഭിച്ചതാണ് ഈ മത്സരം. പുങ്കോടിയിൽ വാവാക്കുഞ്ഞു സാഹിബിന്റെ മേൽ നോട്ടത്തിൽ പൂർവ്വാധികം ആവേശത്തോടെയും ഉത്സാഹത്തോടെയും ആണ്ടുതോറും ഇതൊരു മഹോത്സവമായി കൊണ്ടാടപ്പെടുന്നു. കേരളത്തിലാകെ ജനശ്രദ്ധ പിടിച്ചുപറ്റിയ വേയ്ക്കൽ മരമടി മഹോത്സവം കാർഷിക കേരളത്തിന്റെയും ടൂറിസ്റ്റുകളുടേയും ഹരമായി മാറിക്കഴിഞ്ഞിരിക്കുന്നു.

# ഭൂപ്രകൃതിയും വിഭവങ്ങളും

*മിനി ജോസഫ്*

**അവതാരിക**

വികേന്ദ്രീകൃത ആസൂത്രണത്തിനും വികസനത്തിനും ആവശ്യമായിട്ടുള്ള നടപടി ക്രമങ്ങളിൽ ഭൂ-ജല സവിശേഷതകളെ കുറിച്ച് അടുക്കും ചിട്ടയുമുള്ള സമീപനവും അപഗ്രഥനവും അത്യാവശ്യമാണ്. മനുഷ്യന്റെ പ്രകൃതിയോടുള്ള മനോഭാവം പരിസ്ഥിതിയിൽ പോസിറ്റീവോ, നെഗറ്റീവോ ആയിട്ടുള്ള ഫലങ്ങൾ ഉളവാക്കുമെന്ന് നമ്മുടെ മുൻകാല അനുഭവങ്ങൾ തെളിയിക്കുന്നു. നമമുടെ പ്രകൃതി സമ്പത്തിന്റെ സംരക്ഷണത്തിനു വേണ്ടി, പ്രദേശികമായി കിട്ടുന്ന പ്രകൃതി വിഭവങ്ങളുടെ വിവേകപരമായ ഉപയോഗത്തിൽ കൂടി സാമ്പത്തികമായി സ്വയം നിൽക്കാൻ കഴിവുള്ളതും പരിതസ്ഥിതി സംതുലിതവുമായ വികസന പദ്ധതികൾ തയ്യാറാക്കാൻ ശാസ്ത്ര സമൂഹത്തിനു ബാദ്ധ്യതയുണ്ട്.

പ്രാദേശിക തല ആസൂത്രണത്തിന് ആവശ്യമായ വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള സമ്പ്രദായങ്ങൾ ചിട്ടപ്പെടുത്തുന്നതിന് നടന്നിട്ടുള്ള പ്രവർത്തനങ്ങളിൽ പ്രധാനം പഞ്ചായത്ത് തല വിഭവഭൂപട നിർമ്മാണ പദ്ധതിയാണ്. ഓരോ ഭൂപ്രദേശത്തിന്റെയും ഭൂ-ജല വിഭവങ്ങളുടെ പ്രത്യേകതയും അവയുടെ വിനിയോഗവും സംബന്ധിച്ച വിവരങ്ങൾ വിശകലനം ചെയ്ത് ഭൂമിയുടെ ഉയർച്ച-താഴ്ച്ചകൾ മൺതരങ്ങൾ, ജലലഭ്യത വിളചേറ്റുവ മനുഷ്യനിർമ്മിത ആസ്തികൾ ഇവയെല്ലാം വിഭവ ഭൂപടത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. വിദഗ്ധരായ ശാസ്ത്രജ്ഞൻമാരും കാർട്ടോഗ്രാഫർമാരുമൊക്കെ ചേർന്ന് വിഭവഭൂപടം നിർമ്മിക്കാനുള്ള പരിശീലനം അതാതു പഞ്ചായത്തിലെ സന്നദ്ധ സേവകർക്ക് നല്കിയിട്ടുണ്ട്. ഈ പരിശീലകരാണ് വിഭവഭൂപടം തയ്യാറാക്കിയത്. വിഭവഭൂപടം നിർമ്മിക്കുന്നത് കെഡേസ്ട്രൽ ഭൂപടത്തിലാണ്. ഇതിന്റെ തോത് (1:4000 /1:7820/1:5000) ആണ്. രണ്ടു ഭൂപടമാണ് നിർമ്മിച്ചത്. ഒന്ന് ആസ്തിയെ സംബന്ധിച്ചുള്ള വിവരങ്ങൾ ഉൾക്കൊള്ളുന്നതും രണ്ടാമത്തേതു ഭൂവിനിയോഗത്തെ സംബന്ധിച്ചുള്ളതുമാണ്. സർവ്വേ നമ്പർ അടിസ്ഥാനത്തിലാണ് വിവരങ്ങൾ രേഖപ്പെടുത്തിയത്. എന്നതിനാൽ ഓരോ സർവ്വേ നമ്പറിലെയും പ്രശ്നങ്ങളും വിഭവ സാദ്ധ്യതയും എളുപ്പം മനസ്സിലാക്കാം.

കൊല്ലം ജില്ലയിലെ ചടയമംഗലം ബ്ലോക്കിൽപ്പെടുന്ന പഞ്ചായത്താണ് നിലമേൽ. കൊട്ടാരക്കരയിൽ നിന്നും 25കി.മീറ്റർ അകലെ സ്ഥിതിചെയ്യുന്ന നിലമേൽ പഞ്ചായത്ത് സമാന്തരമായുള്ള കുന്നുകളും, താഴ്വരകളും നിറഞ്ഞ ഭൂപ്രദേശമാണ്. ഇത്തിക്കര ആറിന്റെ പോഷകനദികൾ ഇവിടെ നിന്നും ഉത്ഭവിക്കുന്നു. നിലമേൽ വില്ലേജിൽപ്പെടുന്ന ഈ പഞ്ചായത്തിന്റെ വിസ്തീർണ്ണം 22.02 ച.കി.മീറ്ററാണ്. ഈ പഞ്ചായത്തിന് 8 വാർഡുകൾ ഉണ്ട്.

**സ്ഥാനം**

ഭൂമിശാസ്ത്രപരമായി നിലമേൽ പഞ്ചായത്ത് ഒരു ഇടനാട് ഭൂപ്രദേശമാണ്. അക്ഷാംശം വടക്ക് 8°48'നും 8°51'നും രേഖാംശം കിഴക്ക് 76°50'നും 76°54'നും ഇടയിൽ സ്ഥിതിചെയ്യുന്നു.

**അതിരുകൾ**

ഭൂപടം 1 നോക്കുക

ചടയമംഗലം പഞ്ചായത്ത് വടക്കും കടയ്ക്കൽ പഞ്ചായത്ത് കിഴക്കും, തിരുവനന്തപുരം ജില്ലയിലെ പഴയകുന്നുമ്മേൽ കിളിമാന്നൂർ പഞ്ചായത്തുകൾ തെക്കു ഭാഗത്തും, തെക്കു പടിഞ്ഞാറു മടവൂർ പഞ്ചായത്തുമാണ്.

**ഗതാഗതം**

നിലമേൽ പഞ്ചായത്തിൽ സാമാന്യം മെച്ചപ്പെട്ട റോഡു ശൃംഖലയുണ്ട്. റോഡുകളുടെ ആകെ നീളം 85 കി.മീറ്ററാണ്. ടാറിട്ട റോഡുകളുടെ ആകെ നീളം 13.340 കി.മീറ്ററാണ്. ടാറിടാത്ത റോഡുകളുടെ ആകെ നീളം 71.660 കി.മീറ്ററാണ്. ഇവയിൽ രണ്ടു പ്രധാനപ്പെട്ട റോഡുകൾ വടക്കു-തെക്കു ദിശയിലും കിഴക്കു-പടിഞ്ഞാറു ദിശയിലൂടെയും കടന്നു പോകുന്നു. അവയിൽ വടക്കു-തെക്കു ദിശയിൽ കൂടി പോകുന്ന റോഡ് തെക്കു ഭാഗത്തുള്ള തിരുവനന്തപുരം ജില്ലയും വടക്കു

ഭാഗത്തുള്ള കൊട്ടാരക്കരയും യോജിപ്പിക്കുന്നു. ഈ റോഡിന്റെ നീളം ഏകദേശം 6.3 കി.മീറ്ററാണ്. രണ്ടാമത്തെ റോഡ് പടിഞ്ഞാറുഭാഗത്തുള്ള മടവൂർ പഞ്ചായത്തും കിഴക്കുവശത്തുള്ള കടയ്ക്കൽ പഞ്ചായത്തിനെയും യോജിപ്പിക്കുന്നു. ഈ റോഡിന്റെ നീളം ഏകദേശം 7കി.മീറ്ററാണ്.

### നിമ്നോന്നതി

(ഭൂപടം 2 കാണുക)

പഞ്ചായത്തിന്റെ പൊതുവായ ചരിവ് ഏതാണ്ട് തെക്കുഭാഗത്തുനിന്നും വടക്കു ഭാഗത്തേക്കാണ്. പഞ്ചായത്തിന്റെ ഉയരം കൂടിയ പ്രദേശങ്ങൾ തെക്കുഭാഗത്തായി കാണുന്നു. നിമ്നോന്നതിയെ അടിസ്ഥാനപ്പെടുത്തി സമുദ്രനിരപ്പിൽ നിന്നുമുള്ള ഏറ്റവും കൂടിയ സ്ഥലം ബംഗ്ലാകുന്ന് വാർഡിലെ 160 മീറ്റർ വരുന്ന പുള്ളിപ്പച്ചകുന്ന് ഈ വാർഡിന്റെ തെക്കുഭാഗത്തായി സ്ഥിതിചെയ്യുന്നു. 60 മീറ്ററിനും 40 മീറ്ററിനും താഴെയുള്ള പ്രദേശങ്ങളിൽ നെൽപ്പാടങ്ങൾ കാണുന്നു. നിമ്നോന്നതിയെ അടിസ്ഥാനപ്പെടുത്തി പഞ്ചായത്തിനെ നാലായി തിരിക്കാം.

1. 60 മീറ്ററിൽ താഴെ
2. 60 മുതൽ 100 മീറ്റർ വരെ
3. 100 മുതൽ 140 മീറ്റർ വരെ
4. 140മീറ്ററിനു മുകളിൽ

ഇവയിൽ ഓരോ വിഭാഗത്തിന്റെയും വിസ്തീർണ്ണം ചുവടെ കൊടുക്കുന്നു.

(CESS REPORT)

| | നിമ്നോന്നത മേഖലകൾ | വിസ്തീർ (ഹെക്ടറി | ശതമാനം |
|---|---|---|---|
| 1 | 60 മീറ്ററിൽ താഴെ | 576 | 26.16 |
| 2 | 60 മുതൽ 100 മീറ്റർ വരെ | 1323 | 60.09 |
| 3 | 100 മുതൽ 140 മീറ്റർ വരെ | 294 | 13.35 |
| 4 | 140 മീറ്ററിനു മുകളിൽ | 9 | 0.40 |
| | ആകെ | 2202 | 100.00 |

### 60 മീറ്ററിൽ താഴെ

പഞ്ചായത്തിന്റെ ആകെ വിസ്തൃതിയുടെ 26.16% 60 മീറ്ററിൽ താഴെയാണ്. ഈ ഭൂവിഭാഗം കൈതോട്, വെള്ളരി, മുളയക്കോണം, മുരുകുമൺ കോളേജ്, ടൗൺ, ബംഗ്ലാകുന്ന്, വേയ്ക്കൽ വാർഡുകളിൽ കാണപ്പെടുന്നു. ഇത് ഏകദേശം 576 ഹെക്ടർ പ്രദേശത്ത് കാണുന്നു.

### 60 മീറ്ററിനും 100 മീറ്ററിനും ഇടയിൽ

വിസ്തൃതിയിൽ ഒന്നാം സ്ഥാനത്തു വരുന്ന ഈ ഭൂവിഭാഗം താഴ്‌വരകളോടു ചേർന്നു കിടക്കുന്ന പ്രദേശങ്ങളാണ്. പഞ്ചായത്തിന്റെ എല്ലാ പ്രദേശങ്ങളിലും ഈ ഭൂപ്രകൃതി കാണുന്നു. ഇത് ഏകദേശം 60.09 ശതമാനം വരും. ഈ ഭൂവിഭാഗം 1323 ഹെക്ടർ ഉണ്ട്.

### 100 മീറ്റർ മുതൽ 140 മീറ്റർ വരെ

294 ഹെക്ടർ വിസ്തൃതിയുള്ള ഈ ഭൂവിഭാഗം കൈതോട് വാർഡിന് പടിഞ്ഞാറും, വടക്കും തെക്കുവശത്തും, കൈതോട് ജംഗ്ഷനു വടക്കും, പുൻകോടിന് വടക്കും, കിഴക്കും, ബംഗ്ലാകുന്നിന് കിഴക്കും, മുളയക്കോണത്തിന് വടക്കും കിഴക്കും, മുരുകുമൺ വാർഡിനു പടിഞ്ഞാറു വശത്തും, കോളേജ് വാർഡിനു കിഴക്കും പടിഞ്ഞാറും, ടൗൺ വാർഡിനു തെക്കു വശത്തും ആയി കിടക്കുന്നു. ഈ ഭൂവിഭാഗം 13.35% ഉണ്ട്.

### 140 മീറ്ററിനു മുകളിൽ

ഈ ഭൂവിഭാഗം വേയ്ക്കൽ വാർഡിനു തെക്കു-പടിഞ്ഞാറും, ബംഗ്ലാകുന്ന് വാർഡിനു തെക്കുവശത്തും ടൗൺ വാർഡിനു കിഴക്കും, കോളേജ് വാർഡിനു തെക്കു വശത്തും കാണുന്നു. 809.9 ഹെക്ടറ്റർ വരുന്ന ഈ പ്രദേശം പഞ്ചായത്തിന്റെ മൊത്തം വിസ്തൃതിയിൽ 0.40 ശതമാനം വരും.

### ഭൂപ്രകൃതി

(ഭൂപടം 3 നോക്കുക)

ഭൂപ്രകൃതി അനുസരിച്ച് പഞ്ചായത്തിനെ ആറായി തിരിക്കാം

1. ഉയർന്ന സമതലം
2. ഒറ്റപ്പെട്ട കുന്നുകളുടെ ഉയർന്ന പ്രദേശം
3. ചരിവു കൂടിയ പ്രദേശം
4. ഇടത്തരം ചരിവ്
5. ചെറു ചരിവ്
6. താഴ്‌വര

ഓരോ മേഖലയുടെയും വിസ്തൃതി താഴെ കൊടുത്തിരിക്കുന്നു



നിലമേൽ പഞ്ചായത്ത്
നിമ്നോന്നതി
ഭൂപടം - 2
N
76°50'
76°54'
8°51'
8°50'
8°49'
സൂചിക
60 മീറ്ററിനു താഴെ
60 മീറ്ററിനും 100 മീറ്ററിനും ഇടയിൽ
100 മീറ്ററിനും 140 മീറ്ററിനും ഇടയിൽ
140 മീറ്ററിനു മുകളിൽ
പഞ്ചായത്ത് അതിര്
PRM, CESS

(CESS REPORT)

| | ഭൂരൂപങ്ങൾ | വിസ്തീർണ്ണം (ഹെക്ടറിൽ) | ശത-മാനം |
|---|---|---|---|
| 1 | ഉയർന്ന സമതലം | 100.00 | 4.54 |
| 2 | ഒറ്റപ്പെട്ട കുന്നുകളുടെ ഉയർന്ന പ്രദേശം | 55.40 | 2.50 |
| 3 | ചരിവു കൂടിയ പ്രദേശം | 234.00 | 10.63 |
| 4 | ഇടത്തരം ചരിവ് | 378.00 | 17.17 |
| 5 | ചെറുചരിവ് | 1,037.00 | 47.09 |
| 6 | താഴ്‌വര | 398.00 | 18.07 |
| | ആകെ | 2,202.40 | 100.00 |

### 1. ഉയർന്ന സമതലം

സമാന്തരങ്ങളായ കുന്നിൻ നിരകൾ ചേർന്നതാണ് ഉയർന്ന സമതലമായി കാണപ്പെടുന്നത്. 5°യ്ക്ക് താഴെ ചരിവുള്ള പ്രദേശങ്ങൾ ഈ വിഭാഗത്തിൽ ഉൾപ്പെടുത്താവുന്നതാണ് ഇത് പഞ്ചായത്തിന്റെ മൊത്തം വിസ്തൃതിയിൽ 4.54 ശതമാനം ഉൾപ്പെടുന്നു. ഈ ഭൂപ്രദേശത്ത് മണ്ണ് തീരെ കുറവായതിനാൽ മഴവെള്ളം കിനിഞ്ഞിറങ്ങുന്നത് വിരളമാണ്. ഇവിടെ ചരിവു താരതമ്യേന കുറവായതിനാൽ മണ്ണൊലിപ്പ് ചെറിയ തോതിലെ ഉള്ളൂ. ഈ ഭൂപ്രദേശം വെള്ളരി വാർഡിന് പടിഞ്ഞാറും കിഴക്കും, മുളയക്കോണം വാർഡിന് പടിഞ്ഞാറും, M.M.H.Sനു വടക്കും, മുരുകുമൺ വാർഡിനു വടക്കു പടിഞ്ഞാറും, അപ്പർപ്രൈമറി സ്കൂളിനു വടക്കും, കോളേജ് വാർഡിന് കിഴക്കും, തെക്കുവശത്തും, ടൗൺ വാർഡിനു കിഴക്കും തെക്കു പടിഞ്ഞാറും, ബംഗ്ലാകുന്നിന് വടക്കും കിഴക്കും, വേയ്ക്കൽ വാർഡിൽ കൈതോടു ജംഗ്ഷനു തെക്കുവശത്തും കാണപ്പെടുന്നു. ഇത് ഏകദേശം 100 ഹെക്ടർ വരും, പൊതുവെ ജലക്ഷാമം അനുഭവപ്പെടുന്ന മേഖലയാണ്. ഇവിടുത്തെ പ്രധാന മൺതരം പാറയും, കനം കുറഞ്ഞ ലാറ്ററൈറ്റ് മണ്ണുമാണ്. ഈ ഭാഗത്തെ പ്രധാന കൃഷി റബ്ബർ, മിശ്ര വിളകൾ എന്നിവയാണ്.

### 2. ഒറ്റപ്പെട്ട കുന്നുകളുടെ ഉയർന്ന പ്രദേശം.

5° യ്ക്ക് താഴെ ചരിവുള്ള പ്രദേശങ്ങൾ ഈ വിഭാഗത്തിൽ ഉൾപ്പെടുത്താവുന്നതാണ്. ഏകദേശം 55.4 ഹെക്ടർ വരുന്ന ഈ ഭൂപ്രദേശം പഞ്ചായത്തിന്റെ മൊത്തം വിസ്തൃതിയിൽ 2.5 ശതമാനം ആണ്. ഈ പ്രദേശത്ത് മണ്ണ് താരതമ്യേന കുറവായതിനാൽ മഴവെള്ളം കിനിഞ്ഞിറങ്ങുന്നത് വിരളമാണ്. മണ്ണൊലിപ്പ് ചറിയ തോതിലെ ഉള്ളൂ. കൈതോട് വാർഡിന് കിഴക്കും, തെക്കും, വടക്കു-കിഴക്കും, തെക്കു- കിഴക്കു വശത്തും, വെട്ടാൻ ചിറയിലും, പൂവത്തൂർ കോണത്തിനുവടക്കും, വെള്ളരി വാർഡിനു തെക്കും, വടക്കുവശത്തും, മുളയകോണം വാർഡിനു തെക്കു കിഴക്ക്, M.M.H.S നു വടക്ക്, ടൗൺ വാർഡിൽ നിലമേൽ ജംഗ്ഷനു പടിഞ്ഞാറ് തെക്കു-പടിഞ്ഞാറ്, കിഴക്കുവശങ്ങൾ, കോളേജ് വാർഡിനു തെക്കു-കിഴക്കുവശത്തും, ബംഗ്ളാകുന്നിനു തെക്കും മദ്ധ്യഭാഗത്തും, വേയ്ക്കൽ വാർഡിനു കിഴക്കും, തെക്കും, തെക്കു-പടിഞ്ഞാറു ഭാഗങ്ങളിൽ ഇരു ഭൂപ്രദേശം കാണപ്പെടുന്നു. പ്രധാന മൺതരം പാറയും ലാറ്ററൈറ്റു മണ്ണുമാണ്. ഇരു പ്രദേശത്തെ പ്രധാന കൃഷി റബ്ബറും, തെങ്ങ്, മിശ്ര വിളകളുമാണ്. ജലക്ഷാമം അനുഭവപ്പെടുന്ന മേഖലയാണ് ഈ പ്രദേശം.

### 3. ചരിവു കൂടിയപ്രദേശം

10-18°, 18-25° ചരിവുള്ള പ്രദേശങ്ങൾ ഈ വിഭാഗത്തിൽ ഉൾപ്പെടുന്നു. ഏകദേശം 234 ഹെക്ടർ വരുന്ന ഈ ഭൂപ്രദേശം പഞ്ചായത്തിന്റെ മൊത്തം വിസ്തൃതിയിൽ 10.63 ശതമാനം ഉൾപ്പെടുന്നു. ചില സ്ഥലങ്ങളിൽ മണ്ണൊലിപ്പ് മറ്റു പ്രദേശങ്ങളെ അപേക്ഷിച്ച് കൂടുതലായി കാണുന്നു. കൈതോട് വർഡിനു കിഴക്ക്, മുളയകോണം വാർഡിനു പടിഞ്ഞാറ്, മുരുക്കുമൺ വാർഡിൽ തിരുവനന്തപുരം, കൊട്ടാരക്കര M.C. റോഡിനു പടിഞ്ഞാറുവശം, കോളേജ് വാർഡിനു തെക്കും-തെക്കു കിഴക്കും, ടൗൺ വാർഡിനു തെക്കു-കിഴക്കും, ബംഗ്ലാകുന്നിന് തെക്ക്-പടിഞ്ഞാറും വേയ്ക്കൽ വാർഡിന്റെ തെക്കും, തെക്കു പടിഞ്ഞാറു വശത്തുമായി ഈ ഭൂപ്രദേശം കാണപ്പെടുന്നു. മണ്ണിന്റെ കനം താരതമ്യേന കൂടുതലാണെങ്കിലും ജലക്ഷാമം അനുഭവപ്പെടുന്ന മേഖലയാണ്. ചില സ്ഥലങ്ങളിൽ പാറകളും ലാറ്ററൈറ്റു മണ്ണുമാണ്. ഇവിടുത്തെ പ്രധാന കൃഷി റബ്ബർ, കശുമാവ്, മിശ്ര കൃഷിയിൽ തെങ്ങും, ഉൾപ്പെടുന്നു. മുളയകോണം വാർഡിൽ കൊച്ചുകോണം മേഖലയിലും, വെള്ളരി വാർഡിലും മണ്ണൊലിപ്പ് അനുഭവപ്പെടുന്നു.

### 4. ഇടത്തരം ചരിവ്

5-10° ചരിവുള്ള പ്രദേശങ്ങൾ ഈ വിഭാഗത്തിൽ ഉൾപ്പെടുന്നു. ഏകദേശം 378 ഹെക്ടർ പ്രദേശത്ത് കാണുന്ന ഈ ഭൂവിഭാഗം പഞ്ചായത്തിന്റെ മൊത്തം വിസ്തൃതിയിൽ 17.17 ശതമാനം ഉൾപ്പെടുന്നു. ചില

പ്രദേശങ്ങളിൽ മണ്ണൊലിപ്പ് കാണപ്പെടുന്നു. പൂവത്തൂർ കോണത്തിനു കിഴക്ക്, വെട്ടാൻ ചിറയിലും, വെള്ളരി വാർഡിനു വടക്ക്, തെക്ക് കിഴക്കു വശത്തും, മുളയ കോണം വാർഡിനു വടക്കും, തെക്കും, തെക്കു-കിഴക്ക്, തെക്കു-പടിഞ്ഞാറും, വടക്കു-പടിഞ്ഞാറും, മുരുകുമൺ വാർഡിനു പടിഞ്ഞാറും, കോളേജ് വാർഡിനു വടക്ക്, ടൗൺ വാർഡിൽ തിരുവനന്തപുരം-കൊട്ടാരക്കര M.C. റോഡിനു കിഴക്കും, പടിഞ്ഞാറു വശത്തും, ബംഗ്ലാകുന്ന് വാർഡിനു തെക്കു-കിഴക്കും, വടക്കു വശത്തും, വേയ്ക്കൽ വാർഡിൽ കൈതോടു ജംഗഷ്നു കിഴക്കും, പുൻകോടിനു വടക്കു ഭാഗത്തും ഈ ഭൂപ്രദേശം കാണുന്നു. മണ്ണിന്റെ കനം കൂടുതലാണെങ്കിലും ചില സ്ഥലങ്ങളിൽ ജലക്ഷാമം അനുഭവപ്പെടുന്ന മേഖല യുണ്ട്. പ്രധാന മൺതരം ചരൽകലർന്ന ലാറ്ററൈറ്റു മണ്ണാണ്. ഈ പ്രദേശത്തെ പ്രധാന കൃഷി റബ്ബറും, തെങ്ങുമാണ്. വെള്ളരി വാർഡിലും, മുളയകോണം വാർഡിൽ കൊച്ചുകോണം മേഖലയിലും മണ്ണൊലിപ്പ് അനുഭവപ്പെടുന്നു.

### 5. ചെറു ചരിവ്

5°യ്ക്ക് താഴെ കാണുന്ന പ്രദേശങ്ങൾ ഈ വിഭാഗ ത്തിൽ ഉൾപ്പെടുന്നു. ഏകദേശം 1037 ഹെക്ടറിൽ കാണുന്ന ഈ ഭൂപ്രദേശം പഞ്ചായത്തിന്റെ മൊത്തം വിസ്തൃതിയിൽ 47.09 ശതമാനം ഉൾപ്പെടുന്നു. താഴ്വ രയ്ക്ക് അടുത്തുള്ള പ്രദേശങ്ങൾ ഈ വിഭാഗത്തിൽ ഉൾപ്പെടുന്നു. ഇവിടെ ചരിവ് താരതമ്യേന കുറവായ തിനാൽ മണ്ണൊലിപ്പ് ചെറിയ തോതിലെ അനുഭവപ്പെ ടുന്നുള്ളു. കൈതോടു വാർഡിനു കിഴക്കും, വെട്ടാൻചി റയിലും പൂവത്തൂർ കോണത്തിനു തെക്കും, കൈതോട് ജംഗഷ്നു പടിഞ്ഞാറും, തെക്കും, വെള്ളരി വാർഡിനു വടക്കും, വടക്കു-പടിഞ്ഞാറും, തെക്കു പടിഞ്ഞാറും, തെക്ക്-കിഴക്കും, മുളയകോണം വാർഡിനു വടക്കു-കിഴക്കും, നിലമേൽ ജംഗഷ്നു വടക്കും, തെക്കും വടക്കു-കിഴക്കും, തെക്കു-കിഴക്കും, തെക്കു-പടി ഞ്ഞാറു വശത്തുമായി ഈ ഭൂപ്രദേശം കാണപ്പെടുന്നു. ഇവിടുത്തെ പ്രധാന മൺതരം ലാറ്ററൈറ്റു മണ്ണാണ്. ഇവി ടുത്തെ പ്രധാന കൃഷി റബർ, മിശ്രിത കൃഷി, തെങ്ങ്, കമുക് എന്നിവയാണ്.

### 6. താഴ്വര

ഈ ഭൂപ്രദേശം 5°യ്ക്ക് താഴെയായി കാണുന്നു. ഏക ദേശം 398 ഹെക്ടറിൽ കാണുന്ന ഈ ഭൂവിഭാഗം ആകെ വിസ്തൃതിയുടെ 18.07 ശതമാനം വരും. സമാന്തരങ്ങ ളായ കുന്നിൻ നിരകളെ വേർതിരിക്കുന്ന ഭാഗങ്ങളാണ് താഴ്വരകൾ. താഴ്വരകൾ എല്ലാം തന്നെ തോടുകളായി ബന്ധപ്പെട്ടിരിക്കുന്നു. 60 മീറ്ററിനും 40 മീറ്ററിനും താഴെ കാണുന്ന പ്രദേശങ്ങൾ ഈ വിഭാഗത്തിൽ ഉൾപ്പെടുന്നു. ഈ ഭൂപ്രദേശം കൈതോടു, വെള്ളരി, വേയ്ക്കൽ, ബംഗ്ലാകുന്ന്, മുളയകോണം, ടൗൺ, എന്നീ വാർഡുക ളിലും മുരുകുമൺ വാർഡിനു വടക്കു വശത്തുമായി കാണപ്പെടുന്നു. മഴവെള്ളം ശേഖരിക്കപ്പെടുന്ന ഭൂവിഭാ ഗമായതിനാൽ ഈ പ്രദേശത്തെ പ്രധാന മൺതരം എക്കൽമണ്ണാണ്. ചില സ്ഥലങ്ങളിൽ മണൽ ചേർന്ന എക്കൽമണ്ണ്, കളിമൺ ചേർന്ന എക്കൽമണ്ണ് എന്നിവ കാണപ്പെടുന്നു. വർഷംതോറും ഒഴുകി വരുന്ന എക്കൽ അടിയുന്നതിനാൽ താഴ്വരയിലെ മണ്ണിന്റെ ഫലപുഷ്ടി കൂടുതലാണ്. അതിനാൽ നെൽകൃഷിക്ക് അനുയോജ്യ മാണ്. ഈ പഞ്ചായത്തിൽ മിക്കവാറുമുള്ള നെൽവയ ലുകൾ നികത്തി വാഴയും തെങ്ങും കൃഷി ചെയ്യുന്ന തായി കാണുന്നു. ഇവിടെ നെൽപ്പാടങ്ങൾ 95 ഹെക്ടർ പ്രദേശത്തായി പരിമിതപ്പെട്ടിരിക്കുന്നതായി കാണുന്നു. ജല ലഭ്യതയുള്ളതിനാൽ ചില സ്ഥലങ്ങളിൽ ഇരുപ്പൂ കൃഷി ചെയ്യുന്നുണ്ട്. ഈ ഭൂപ്രദേശത്ത് മഴക്കാലത്ത് ചില സ്ഥലങ്ങളിൽ വെള്ളപ്പൊക്കം അനുഭവപ്പെടുന്നു.

### കാലാവസ്ഥ

തെക്കൻ ഇടനാട് കാർഷിക മേഖലയിലാണ് നില മേൽ പഞ്ചായത്ത് ഉൾപ്പെടുന്നത്. കൊല്ലം ജില്ലയിലെ കാലാവസ്ഥ തന്നെയാണ് വലിയ ഏറ്റകുറച്ചിലുകൾ ഇല്ലാതെ ഈ പഞ്ചായത്തിൽ അനുഭവപ്പെടുന്നത്

അവലംബം (Land Resources of Kerala)

| വർഷം | വാർഷിക വർഷപാതം മി.മീറ്ററിൽ |
|---|---|
| 1989-90 | 2559 |
| 1990-91 | 2745 |
| 1991-92 | 2430 |
| 1992-93 | 3265 |

കൊല്ലം ജില്ലയുടെ വാർഷിക വർഷപാതത്തിന്റെ കണക്കുകൽ 89 മുതൽ 93 വരെ പരിശോധിച്ചാൽ ശരാ ശരി വാർഷിക വർഷപാതം 2750 മി.മീറ്ററാണ്. 1992-93 ലാണ് ഏറ്റവും കൂടുതൽ മഴ ലഭ്യമായ വർഷം. 3265 മി.മീറ്ററാണ് വാർഷിക വർഷപാതം. 1990-91ൽ കൂടുത ലാണെങ്കിലും 1991-92ൽ മഴ കുറവായിരുന്നു. 2430 മി.മീറ്ററാണ് ഈ കാലയളവിൽ ലഭ്യമായത്. 1990 മുതൽ 93 വരെ വിവിധ കാലയളവിൽ ലഭിച്ച വർഷപാതം താഴെ കൊടുക്കുന്നു.

വാർഷിക വർഷപാതം മില്ലി മീറ്ററിൽ

(Land Resources of Kerala) ചിത്രം-2

| വർഷം | തെക്കു പടിഞ്ഞാറൻ മൺസൂൺകാലം ജൂൺ-ആഗസ്റ്റ് | വടക്കുകിഴക്കൻ മൺസൂൺകാലം സെപ്റ്റംബർ-നവംബർ |
|---|---|---|
| 1990 | 814 | 585 |
| 1991 | 1879 | 704 |
| 1992 | 1435 | 1418 |
| 1993 | 1336 | 1008 |

1990 മുതൽ 1993 വരെയുള്ള തെക്കു പടിഞ്ഞാറൻ മൺസൂൺ കണക്കുകൾ പരിശോധിച്ചാൽ ഏറ്റവും കൂടുതൽ മഴ ലഭ്യമായത് 1991 ലാണ്. 1879 മി.മീറ്ററാണ് ഈ കാലയളവിൽ ലഭിച്ചത്. ഏറ്റവും കുറവ് ലഭ്യമായത് 1990ലാണ് (814 മി.മീറ്ററാണ്). വടക്ക്-കിഴക്ക് മൺസൂൺ കാലയളവിൽ 1992 ലാണ് ഏറ്റവും കൂടുതൽ മഴ ലഭ്യമായത്. 1418 മി.മീറ്ററാണ് ഈ കാലയളവിൽ ലഭ്യമായത്. ഏറ്റവും കുറവ് ലഭ്യമായത് 1990 ലാണ് (585 മി.മീ)

1993 ലെ വർഷപാതം താഴെ പട്ടികയിൽ കൊടുക്കുന്നു.

ചിത്രം-3 വർഷപാതം മില്ലിമീറ്ററിൽ

| മാസം | ജനു | ഫെബ്രു | മാർച്ച് | ഏപ്രിൽ | മെയ് | ജൂൺ | ജൂലായ് | ആഗസ്റ്റ് | സെപ്റ്റ | ഒക്ടോ | നവം | ഡിസം |
|---|---|---|---|---|---|---|---|---|---|---|---|---|
| വർഷപാതം | - | 50.3 | 49.1 | 158.60 | 179.8 | 571.00 | 587.00 | 204.70 | 162.30 | 477.30 | 368.0 | 91.10 |

ഇവിടെ ലഭിക്കുന്ന മഴയുടെ 75 ശതമാനവും കാലവർഷത്തിൽ നിന്നാണ് എന്നു മനസിലാവുന്നു. ജൂൺ, ജൂലായ്, ഒക്ടോബർ, നവംബർ, മാസങ്ങളിലാണ് ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത്.

1990 മുതൽ 93 വരെയുള്ള ശരാശരി വാർഷിക താപനിലയുടെ വിവര താഴെ കൊടുക്കുന്നു. (ചിത്രം-1)

ശരാശരി താപനില ഡിഗ്രിസെൻഷ്യസിൽ

അവലംബം (Land resource of Kerala)

| വർഷം | കൂടിയ താപനില | കുറഞ്ഞ താപനില |
|---|---|---|
| 1990 | 36.70 | 19.80 |
| 1991 | 36.60 | 20.50 |
| 1992 | 38.50 | 19.80 |
| 1993 | 36.70 | 19.60 |

1993-ൽ അനുഭവപ്പെട്ട താപനില താഴെ കൊടുക്കുന്നു. ചിത്രം-3 കാണുക)

| മാസം | ജനു | ഫെബ്രു | മാർച്ച് | ഏപ്രിൽ | മേയ് | ജൂൺ | ജൂലായ് | ആഗസ്റ്റ് | സെപ്റ്റം | ഒക്ടോ | നവം | ഡിസം |
|---|---|---|---|---|---|---|---|---|---|---|---|---|
| കൂടിയ താപനില | 33.90 | 35.60 | 36.60 | 36.70 | 33.90 | 30.70 | 29.40 | 30.60 | 32.10 | 31.30 | 31.50 | 31.60 |
| കുറഞ്ഞ താപനില | 19.60 | 20.40 | 22.00 | 23.70 | 23.70 | 23.40 | 22.30 | 23.10 | 22.90 | 22.80 | 22.50 | 21.60 |

ഏറ്റവും കൂടിയ താപനില അനുഭവപ്പെട്ടത് ഫെബ്രുവരി മാർച്ച് ഏപ്രിൽ മാസങ്ങളിലാണ്. ഏറ്റവും കുറഞ്ഞ താപനില അനുഭവപ്പെട്ടത് ഡിസംബർ ജനുവരി മാസങ്ങളിലാണ്.

1994 ലെ ആപേക്ഷിക ആർദ്രതയുടെ വിവരങ്ങൾ താഴെ പട്ടികയിൽ കൊടുക്കുന്നു. (ചിത്രം-4)

**ജലവിഭവങ്ങൾ**

തോടുകൾ, കുളങ്ങൾ, കിണറുകൾ, നീരുറവകൾ എന്നിവയാണ് ഇവിടത്തെ പ്രധാന ജലസ്രോതസ്സുകൾ. ഇവയിലെ ജലലഭ്യത മഴയെ ആശ്രയിച്ചാണിരിക്കുന്നത്.



നിലമേൽ പഞ്ചായത്ത്
ഭൂപ്രകൃതി
ഭൂപടം-3
സൂചിക
പഞ്ചായത്ത് അതിര്
ഉയർന്ന സമതലം
ചരിവു കൂടിയ പ്രദേശം
ഇടത്തരം ചരിവ്
ചെറു ചരിവു
താഴ്വര
PRM, CESS

11




12



| മാസം | ജനു | ഫെബ്രു | മാർച്ച് | ഏപ്രിൽ | മെയ് | ജൂൺ | ജൂലായ് | ആഗസ്റ്റ് | സെപ്റ്റംബ | ഒക്ടോബർ | നവം | ഡിസം |
|---|---|---|---|---|---|---|---|---|---|---|---|---|
| 8.30AM | 90 | 92 | 92 | 91 | 61 | 94 | 94 | 95 | 93 | 93 | 91 | 88 |
| 17.30PM | 60 | 61 | 57 | 69 | 70 | 79 | 82 | 78 | 69 | 82 | 71 | 59 |

ഇടവം, തുലാം, വൃശ്ചികം മാസങ്ങളിലാണ് പഞ്ചായത്തിൽ നല്ല മഴ ലഭിക്കുന്നത്. വരൾച്ച അനുഭവപ്പെടുന്നത് മകരം, കുംഭം മാസങ്ങളിലാണ്.

**കിണറുകൾ**

(ചിത്രം-5 കാണുക)

സന്നദ്ധസേവകരുടെ സർവ്വേപ്രകാരം പഞ്ചായത്തിൽ ആകെ 1611 കിണറുകൾ ഉണ്ട്. അതിൽ 888 കിണറുകളിൽ എല്ലാക്കാലത്തും ജലം ലഭിക്കുന്നുണ്ട്. 723 കിണറുകൾ വേനൽക്കാലത്ത് വറ്റിപ്പോകുന്നവയാണ്. ഏറ്റവും കൂടുതൽ ജലം വറ്റിപ്പോകുന്ന വാർഡുകൾ കൈതോട്, വെള്ളരി, വേയ്ക്കൽ, മുരുകുമൺ, കോളേജ്, ബംഗ്ലാകുന്ന് എന്നിവയാണ്. കിണറുകൾ ഏറ്റവും കൂടുതൽ വെള്ളരി വാർഡിലാണ്. ഏറ്റവും കുറവ് ബംഗ്ലാകുന്ന് വാർഡിലാണ്. ജലക്ഷാമം കൂടുതലായി അനുഭവപ്പെടുന്നത് വെള്ളരി വാർഡിലും, വേയ്ക്കൽ വാർഡിലുമാണ്. വേയ്ക്കൽ വാർഡിൽ പുള്ളിപച്ചകുന്ന് മുതൽ വട്ടപ്പാറ സ്ഥലം വരെ, കൈതോട് വാർഡിൽ തൊട്ടുവള്ളി കുന്നിൽപുറം, വെള്ളരിയിൽ ഉന്നൻപാറയിലും, മുരുക്കുമൺ വാർഡിൽ മുരുക്കുമൺ കുന്നിൽ പുറത്തും, കോളേജ് വാർഡിൽ നെട്ടയത്തും, ബംഗ്ലാകുന്നിൽ ആലയിൽ മുതൽ വട്ടപ്പാറ വരെയുമാണ്. ജലക്ഷാമം അനുഭവപ്പെടുന്ന സ്ഥലങ്ങൾ.

കിണറുകൾ വറ്റുന്നവ, വറ്റാത്തവ വാർഡ് അടിസ്ഥാനത്തിൽ വേർതിരിച്ച് താഴെ കൊടുത്തിരിക്കുന്നു.

| | കിണറുകൾ | | |
|---|---|---|---|
| വാർഡ് | വറ്റുന്നവ | വറ്റാത്തവ | ആകെ |
| 1 | 67 | 141 | 208 |
| 2 | 203 | 120 | 323 |
| 3 | 106 | 44 | 150 |
| 4 | 20 | 187 | 207 |
| 5 | 36 | 145 | 181 |
| 6 | 135 | 100 | 235 |
| 7 | 106 | 94 | 200 |
| 8 | 50 | 57 | 107 |
| ആകെ | 723 | 888 | 1611 |

പഞ്ചായത്തിലെ കുളങ്ങളും അവ സ്ഥിതി ചെയ്യുന്ന വാർഡുകളും താഴെ കൊടുക്കുന്നു.

| വാർഡ് | കുളങ്ങളുടെ എണ്ണം |
|---|---|
| കൈതോട് | 2 |
| വെള്ളരി | 15 |
| മുരുക്കുമൺ | 2 |
| കോളേജ് | 8 |
| ടൗൺ | 3 |
| വേയ്ക്കൽ | 2 |
| മുളയക്കോണം | 1 |

കൈതോടു വാർഡിൽ വാരിയവീട് കുളം, മുരുക്കുമൺ വാർഡിൽ ക്ഷേത്രകുളം ടൗൺ വാർഡിൽ വാഴോട്ടു കുളം, പാപ്പനംകോട് കുളം. എന്നിവയാണ് പൊതുകുളങ്ങൾ. ഈ കുളങ്ങൾ ഫലപ്രദമായ രീതിയിൽ സംരക്ഷിച്ച് ജലസേചനത്തിനായി ഉപയോഗിക്കാവുന്നതാണ്.

**നീരുറവകൾ**

കൈതോട് കൊങ്കൻപൊയ്ക, ഓലൂർകൊണം പൊയ്ക ടൗൺ വാർഡിൽ ശാസ്ത്രപൊയ്ക, വെള്ളരിയിൽ 8 നീരുറവകളും, കോളേജ് വാർഡിൽ ഒരു നീരുറവയും, ബംഗ്ലാകുന്നിൽ ഒരു നീരുറവയും, മുളയകോണത്ത് ഒരു നീരുറവയും കാണുന്നു. ജലക്ഷാമം അനുഭവപ്പെടുന്ന മേഖലകളിൽ ഇവയെ സംരക്ഷിച്ച് ജലസ്രോതസുകളായി ഉപയോഗിക്കാവുന്നതാണ്.

**തോടുകൾ**

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുത്ഭവിച്ച്

| ക്രമ നമ്പർ | തോടുകൾ | നീളം (കിലോമീറ്ററിൽ) |
|---|---|---|
| 1 | കൈതോടു വാർഡിലുള്ള തോട് | 3.25 കി.മീ. |
| 2 | വെട്ടാചിറ തോടു | 10 |
| 3 | കുരിയോടു തോടു | 1.35 |
| | ആകെ | 14.6 |


ഭൂപടം-4
നിലമേൽ പഞ്ചായത്ത്
തോടുകളും നീർമറിപ്രദേശങ്ങളും
76°50'
76°54'
51'
8°
50'
8°
49'
8°
N
500
0
500
1
2
3
സൂചിക
പഞ്ചായത്ത് അതിര്
തോടുകൾ
നീർമറി രേഖ
PRM, CESS




ചിത്രം-5 അവലംബം: വിഭവഭൂപടം PRM, CESS

# കൊല്ലം ജില്ല

## പഞ്ചായത്തുകൾ






ചിത്രം-3

PKM, CESS






ഇത്തിക്കര ആറിൽ ചെന്നു ചേരുന്ന പ്രധാനപ്പെട്ട തോടുകളും അവയുടെ നീളവും താഴെ കൊടുക്കുന്നു.

തോടുകളുടെ ആകെ നീളം 14.6 കി. മിറ്ററാണ്. മൂന്ന് പ്രധാനപ്പെട്ട തോടുകൾ ഈ പഞ്ചായത്തിൽ കൂടി ഒഴുകുന്നു. വെട്ടാൻചിറ തോട്, ആഴാന്തകുഴി, നിലമേൽ ജംഗ്ഷൻ, കണ്ണൻകോട്, പള്ളിവാതുക്കൽ, കൈതകുഴി, കാവുർകോണം, വേയ്ക്കൽ, വെള്ളരി, കല്ലൂർ, ചടയമംഗലം പഞ്ചായത്തിൽ കൂടി ഒഴുകി ഇത്തിക്കര ആറ്റിൽ ചെന്നു ചേരുന്നു. ഇത് കൈതോട്, വെള്ളരി, വേയ്ക്കൽ, കോളേജ്, ടൗൺ ബംഗ്ലാകുന്ന് വാർഡുകളിൽ കൂടി ഒഴുകുന്നു. കൈതോടു വാർഡിൽ ഒഴുകുന്ന തോട് കൈതോടു-തൊട്ടുവള്ളി തോടും എലികുന്നം മുകൾഭാഗത്തു തുടങ്ങി - തൊട്ടുവള്ളി തോടിൽ ചേരുന്നു. തോടും ചെറുതോടും ഇടത്തറ തുടങ്ങി - കുരിയോട് - കൈതകുറ്റി വഴി ഇത്തിക്കര ആറ്റിൽ ചേരുന്നു. ഓരോ പ്രധാന തോടുകളേയും ഓരോ നീർമറി പ്രദേശങ്ങളായി തിരിക്കാവുന്നതാണ്.

പ്രധാനപ്പെട്ട നീർമറി പ്രദേശങ്ങളും അവയുടെ വിസ്തൃതിയും അവയിൽപ്പെടുന്ന ഭൂരൂപങ്ങളും - വിസ്തൃതിയും പട്ടിക രൂപത്തിൽ താഴെ കൊടുക്കുന്നു.

| തോടുകൾ | നീർമറി പ്രദേശങ്ങളിൽ ഉൾപ്പെടുന്ന ഭൂരൂപങ്ങൾ വിസ്തീർണ്ണം ഹെക്ടറിൽ | | | വിസ്തീർണ്ണം (ഹെക്ടറിൽ) |
|---|---|---|---|---|
| | കുന്നിൻമുകൾ | ചരിവുംപ്രദേശം | താഴ്വര | |
| 1 | 96.2 | 1213 | 284 | 1593.2 |
| 2 | 34 | 153 | 32 | 219 |
| 3 | 24.9 | 283 | 81.9 | 389.8 |

ഇതിൽ ഏറ്റവും വലിയ നീർമറി പ്രദേശമുള്ളത് വെട്ടാൻചിറ തോടിനാണ്. ഇവിടുത്തെ തോടുകൾ ശരിയായ രീതിയിൽ സംരക്ഷിച്ചാൽ പഞ്ചായത്തിനാവശ്യമായ ജലം ഈ തോടുകളിൽ നിന്നു തന്നെ ലഭ്യമാവുന്നതാണ്. നീർമറി രേഖ കാണുന്ന സ്ഥലങ്ങളിൽ ജലം വീഴുമ്പോൾ പ്രദേശത്തിന്റെ ചരിവു അനുസരിച്ച് ഒഴുകി അതാതു തോടുകളിൽ എത്തിച്ചേരുന്നു.

### മണ്ണ് (ഭൂപടം-6 കാണുക)

ജൈവാംശമുള്ള ഫലഭൂയിഷ്ഠിയുള്ള മണ്ണാണ് നിലമേൽ പഞ്ചായത്തിൽ കാണുന്നത്. കുന്നിൽ മുകളിലും ചരിവു പ്രദേശങ്ങളിലും ചരലും മണ്ണും അടങ്ങിയ ലാറ്ററെറ്റ് മണ്ണും പാറകളും കാണപ്പെടുന്നു. ഇതു കൂടാതെ തോടുകളുടെ തീരങ്ങളിൽ നദീതീര എക്കൽ മണ്ണ് (അലൂവിയൽ മണ്ണ്) കാണുന്നു. നിലമേൽ പഞ്ചായത്തിൽ 75 ശതമാനവും ലാറ്ററെറ്റ് മണ്ണാണ്. എക്കൽമണ്ണ് പ്രധാനമായും താഴ്വരകളിലും, തോടുകളുടെ തീരങ്ങളിലും കാണുന്നു.

### പാറകൾ

കൈതോട് വാർഡിൽ കൈതോടുപാറ, തൊട്ടുവള്ളി പാറ, വേയ്ക്കൽ വാർഡിൽ ആയിരവല്ലിപ്പാറ, മാറാംകുഴി, വട്ടലാറപാറ ബംഗ്ലാകുന്നിൽ മയിലകുന്ന് പാറ, പത്തായപാറ, എന്നിവിടങ്ങളിൽ പാറക്കെട്ടുകൾ ഉണ്ട്. പാറക്കെട്ടുകൾ കൂടുതൽ കാണുന്നത് വെള്ളരി വാർഡിലാണ്. മണലയം, ഉന്നൻപാറ, കൊടിപ്പവു, ഈട്ടിപ്പണ എന്നീ സ്ഥലങ്ങളിൽ ഇവ കാണപ്പെടുന്നു. പാറപൊട്ടിക്കൽ വെള്ളരിയിലും, ഉന്നൻപാറയിലും, മണലയത്തും കാണുന്നു.

### ഭൂവിനിയോഗം (ചിത്രം-6 കാണുക)

പഞ്ചായത്തിന്റെ ഭൂപ്രദേശത്തിന്റെ ആകെ വിസ്തീർണ്ണം 2202 ഹെക്ടറാണ്. ആകെ ഭൂപ്രദേശത്തെ താഴെ പറയും പ്രകാരം തരം തിരി[illegible]

| വിനിയോഗം | വിസ്തീർണ്ണം (ഹെക്ടറിൽ) |
|---|---|
| നിലം | 160.3 |
| പുരയിടം | 1591.2 |
| പുറമ്പോക്ക് | 104.1 |
| കൃഷിയോഗ്യത | 20.2 |
| കൃഷിമല്ലാത്ത തരിശ് | 27.6 |

### റബ്ബർ

റബ്ബറാണ് പഞ്ചായത്തിൽ ഏറ്റവും കൂടുതൽ പ്രദേശത്ത് കൃഷി ചെയ്യുന്ന ഒറ്റവിള.

| വിനിയോഗം | വിസ്തീർണ്ണം (ഹെക്ടറിൽ) | ശതമാനം |
|---|---|---|
| മിശ്രിതകൃഷി | 1045 | 47.46 |
| റബ്ബർ | 888 | 40.33 |
| നെല്ല് (വിരിപ്പ്, മുണ്ടകൻ) | 175 | 7.95 |
| തെങ്ങ് | 41.6 | 1.89 |
| പാടം നികത്തിയത് | 24.3 | 1.1 |
| കൃഷിക്ക് ഉപയുക്തമായ തരിശു ഭൂമി | 1.4 | 0.06 |
| തരിശുഭൂമി | 2.7 | 0.12 |
| പാറ | 24 | 1.09 |
| ആകെ | 2202 | 100 |

പഞ്ചായത്തിന്റെ എല്ലാഭാഗത്തും റബ്ബർകൃഷി ചെയ്തു വരുന്നുണ്ടെങ്കിലും കൂടുതലായി കാണുന്നത് തെക്കു ഭാഗത്തും മധ്യഭാഗത്തുമാണ്. റബർ കൃഷി മിക്കവാറു മുള്ള എല്ലാ കുന്നിൻ മുകളിലും ചരിവു പ്രദേശത്തിലും കാണപ്പെടുന്നു. ഏകദേശം 888 ഹെക്ടർ പ്രദേശത്തിൽ കാണുന്ന ഈ കൃഷി പഞ്ചായത്തിന്റെ ആകെ വിസ്തൃതിയുടെ 40.33 ശതമാനം വരുന്നു.

### സമ്മിശ്ര കൃഷി

തെങ്ങ്, വാഴ, മരച്ചീനി, മുരിങ്ങ, ചേന, ചേമ്പ് തുടങ്ങി സമ്മിശ്ര രീതിയിലുള്ള വിളകളാണ് സമ്മിശ്ര വിളകൾ. ഇത് പഞ്ചായത്തിന്റെ ആകെ വിസ്തൃതിയുടെ 47.46 ശതമാമം വരുന്നു. ഏകദേശം 1045 ഹെക്ടർ പ്രദേശത്തിൽ കാണുന്നു. പഞ്ചായത്തിന്റെ ഏതാണ്ട് എല്ലാ ഭാഗത്തും ഈ കൃഷി കാണപ്പെടുന്നു. തെങ്ങ് കൃഷി ഏകദേശം 41.6 ഹെക്ടർ പ്രദേശത്തിൽ കാണുന്നു. ഇത് ആകെ വിസ്തൃതിയുടെ 2 ശതമാനം വരും.

### നെല്ല്

ഭൂവിനിയോഗത്തിൽ മൂന്നാം സ്ഥനെത്തു വരുന്ന നെൽകൃഷി .ആകെ വിസ്തൃതിയുടെ 8 ശതമാനം ആണ്. വിരിപ്പ്, മുണ്ടകൻ എന്നീ രണ്ടു കൃഷികളാണ് ഇവിടെ ചെയ്തു വരുന്നത്. പഞ്ചായത്തിലെ തോടുകളോടു ചേർന്ന പ്രദേശങ്ങളിൽ നെൽകൃഷി ധാരാളമായി കാണുന്നത്. പൂവത്തൂർ ഏലാ, കൈതോട്, വേയ്ക്കൽ, വെള്ളരി, മുളയക്കോണം, കൈതക്കുഴി-കാവൂർകോണം, നിലമേൽ-വാഴോടു, മുരുക്കുമൺ, കൊല്ലോണം-ഇടത്തറ എന്നിവിടങ്ങളിലാണ് നെൽകൃഷി ചെയ്യുന്നത്. എന്നാൽ മിക്ക പാടങ്ങളും നികത്തുന്ന പ്രവണത കൂടിയിട്ടുണ്ട്. പഞ്ചായത്തിൽ ഏകദേശം 24 ഹെക്ടർ പാടം നികത്തിയിട്ടുണ്ട്.

ഏകദേശം 3 ഹെക്ടർ പ്രദേശം കൃഷിയ്ക്ക് ഉപയുക്തമായ തരിശുഭൂമിയാണ്. ഇത് ആകെ വിസ്തൃതിയുടെ 0.06 ശതമാനം വരും. പാറകൾ ഉൾപ്പെടുന്ന തരിശുഭൂമി ഏകദേശം 27 ഹെക്ടറിൽ കാണപ്പെടുന്നു. ഇത് പഞ്ചായത്തിന്റെ ആകെ വിസ്തൃതിയുടെ 2 ശതമാനം വരും.

പഞ്ചായത്തിലെ വിവിധ ഭൂരൂപങ്ങളും അവയിലെ നിലവിലുള്ള കൃഷിരീതികളും, മണ്ണൊലിപ്പ്, പരിസ്ഥിതി പ്രശ്നങ്ങൾ ആശാസ്യമായ ഭൂവിനിയോഗരീതികൾ, സംരക്ഷണ നടപടികൾ എന്നിവയെ കുറിച്ചുള്ള വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

### മനുഷ്യവിഭവം

പഞ്ചായത്തിന്റെ ആകെ വിസ്തീർണ്ണം 22.02 ച.കിലോമീറ്റർ ആണ്. 1991 സെൻസസ് കണക്കുകൾ പ്രകാരം ആകെ ജനസംഖ്യ 14,208 ആണ്. ഇതിൽ 6,802 പുരുഷൻമാരും, 7,406 സ്ത്രീകളുമാണ്. പുരുഷൻമാരെ അപേക്ഷിച്ച് സ്ത്രീകൾ കൂടുതലാണ്. ആകെ വീടുകൾ 2,874 ആണ്. അതായത് ശരാശരി വീടൊന്നിന് 4.9 ആളുകൾ വീതമുണ്ട്. ആകെ കുടുംബങ്ങൾ 2,875 ആണ്. ജനസാന്ദ്രത ചതുരശ്ര കിലോമീറ്ററിന് 645 ആകുന്നു. ആറു വയസിനു താഴെയുള്ള കുട്ടികളുടെ എണ്ണം 1,961 ആണ്. ഇതിൽ ആൺകുട്ടികൾ 986ഉം പെൺകുട്ടികൾ 975ഉം പട്ടികജാതി ജനസംഖ്യ 1,649 ആകുന്നു. അതിൽ 791 പുരുഷൻമാരും, 858 സ്ത്രീകളുമാണ്. പട്ടികവർഗ ജനസംഖ്യ 22 ആണ്. ഇതിൽ 12 പുരുഷൻമാരും 10 സ്ത്രീകളുമാണ്. ആകെ ജനങ്ങളിൽ 10,873 പേർ സാക്ഷരരാണ്. ഇതിൽ 5,423 പുരുഷൻമാരും 5,450 സ്ത്രീകളുമാണ്.


ഭൂപടം-5
നിലമേൽ പഞ്ചായത്ത്
മണ്ണിന്റെ വിതരണം
76°50'
76°54'
8°51'
8°50'
8°49'
N
125 0 125 250 375
സൂചിക
പഞ്ചായത്ത് അതിര്
എക്കൽ മണ്ണ്
ലാറ്ററൈറ്റ് മണ്ണ്
പാറ
PK11, CESS

ചിത്രം-6

## നിലമേൽ പഞ്ചായത്ത് ഭൂവിനിയോഗം




അവലംബം / വിവരശേഖരം

PRM, CESS

## പരിസ്ഥിതിബന്ധിത അവലോകനം (Cess Report)

| ഭൂരൂപങ്ങൾ | വിസ്തീർണം (ഹെക്ടറിൽ) | ഉപരിതല മണ്ണ് | ജലലഭ്യത | മണ്ണൊലിപ്പ് | ഭൂവിനിയോഗം | പരിസ്ഥിതി പ്രശ്നം | ആശാസ്യമായ ഭൂവിനിയോഗരീതികൾ | സംരക്ഷണനടപടികൾ |
|---|---|---|---|---|---|---|---|---|
| ഉയർന്ന സമതലം | 100 | ലാറ്ററൈറ്റ് പാറ | കുറവ് | കുറവ്, മിതം | റബ്ബർ, മിശ്രിത കൃഷി | | റബ്ബർ, കശുമാവ്, ഫലവൃക്ഷങ്ങൾ ഇവ തുടരാവുന്നതാണ് തരിശു ഭൂമിയിൽ കടുത്ത വൃക്ഷങ്ങൾ വച്ചു പിടിപ്പിക്കാതിരിക്കുക | മണ്ണിന് ഘനം കുറവുള്ള പ്രദേശങ്ങളിൽ മണ്ണ് നില നിറുത്തുന്നതിനുള്ള സസ്യജാലം വച്ചു പിടിപ്പിക്കുക |
| ഒറ്റപ്പെട്ട കുന്നുകളുടെ ഉയർന്ന | 55.4 | ലാറ്ററൈറ്റ് പാറ | കുറവ് | കുറവ്, മിതം | റബ്ബർ, കശുമാവ് മിശ്രിതകൃഷി | | | ഹ്രസ്വകാല വിളകൾ വച്ചു പിടിപ്പിക്കാതിരിക്കുക |
| ചരിവു കൂടിയ പ്രദേശം | 234 | ലാറ്ററൈറ്റ് പാറ | കുറവ് | മിതം | റബ്ബർ കശുമാവ്, മിശ്രിതകൃഷി | | റബ്ബർ, തെങ്ങ്, കശുമാവ് തുടരാവുന്നതാണ്. ദീർഘകാല മിശ്രിത മരങ്ങൾ വച്ചു പിടിപ്പിക്കുക | മണ്ണൊലിപ്പ് ഉള്ള സ്ഥലങ്ങളിൽ, കോണ്ടൂർ ബഡിംഗ് അല്ലെങ്കിൽ തിട്ടകൾ കെട്ടാവുന്നതാണ് ഹ്രസ്വകാല വിളകൾ കൃഷിചെയ്യാതിരിക്കുക മരിച്ചീനി, വാഴ, കമുക് എന്നിവ നടപ്പാക്കാതിരിക്കുക |
| ഇടത്തരം ചരിവ് | 378 | ലാറ്ററൈറ്റ് പാറ | കുറവ് മിതം | മിതം | റബ്ബർ, തെങ്ങ് കശുമാവ്, മരിച്ചീനി | പാറപ്പൊട്ടി-ലാറ്ററൈറ്റ് ഘനനം | റബ്ബർ, തെങ്ങ്, കശുമാവ് തുടരാവുന്നതാണ് | |
| ചെറുചരിവ് | 1037 | ലാറ്ററൈറ്റ് പാറ | മിതം | മിതം | റബ്ബർ, തെങ്ങ് കമുക്, കശുമാവ്, മരിച്ചീനി | ലാററൈറ്റ് ഘനനം | റബ്ബർ, തെങ്ങ്, കമുക്, തുടരാവുന്നതാണ് | |
| താഴ്‌വര | 398 | എക്കൽ മണ്ണ് | താരതമ്യേന കൂടുതൽ | ഇല്ല | നെല്ല്, വാഴ കമുക്, തെങ്ങ് | 1. പാടം നികത്തുന്നു 2. ചില സ്ഥലങ്ങളിൽ വെള്ളപ്പൊക്കം അനുഭവപ്പെടുന്നു | മൂന്നാം വിളയായി പയർ, ഉഴുന്ന് മറ്റ് ധാന്യങ്ങൾ കൃഷി ചെയ്യുക | വയൽ നികത്താതിരിക്കുക പാടം നികത്തുന്നതുകൊണ്ട് ജലം നിറത്താനുള്ള കഴിവ് നഷ്ടപ്പെടുന്നു ഉള്ള തോട്ടുകളെ സംരക്ഷിക്കാം * |

* തോട്ടിൽ നിന്ന് മണ്ണ് മാറ്റുന്നത് തടയുക

# കൃഷിയും ജലസേചനവും

കൊല്ലം ജില്ലയുടെ തെക്കുകിഴക്ക് ഭാഗത്ത് സ്റ്റേറ്റ് ഹൈവേയുടെ ഇരുവശങ്ങളിലുമായി ഏകദേശം 20.02 ചതു:കിലോമീറ്റർ വിസ്തൃതിയിൽ കിടക്കുന്ന ഭൂപ്രദേശമാണ് നിലമേൽ ഗ്രാമപഞ്ചായത്ത്. വയലേലകളും ചരിവു പ്രദേശങ്ങളും പാറകെട്ടുകളും ഉൾപ്പെട്ടാതാണീ ഗ്രാമം. കൊട്ടാരക്കര താലൂക്കിലെ 'നെല്ലറ' എന്ന് അറിയപ്പെട്ടിരുന്ന ഗ്രാമമാണ് നിലമേൽ. 175 ഹെക്ടറിൽ കൂടുതൽ നെൽപ്പാടങ്ങൾ ഉണ്ടായിരുന്ന സ്ഥാനത്ത് ഇപ്പോൾ വെറും 90 ഹെക്ടർ സ്ഥലത്ത് മാത്രമാണ് നെൽകൃഷിയുള്ളത്. നാണ്യവിളകളുടെ (റബർ, തെങ്ങ്) ആവിർഭാവവും അപ്രോച്ച് റോഡുകളുടെ നിർമ്മാണവും പുതിയ കെട്ടിടങ്ങളുടെ നിർമ്മാണവും നെൽകൃഷി ലാഭകരമല്ലാത്ത പരിതഃസ്ഥിതിയുമാണ്. ഈ കൃഷിയുടെ വിസ്തൃതി ചുരുങ്ങാൻ കാരണം. ചരിവു പ്രദേശമായതുകൊണ്ട് മണ്ണൊലിപ്പ് വർദ്ധിക്കുകയും മഴക്കാലത്ത് വളക്കൂറുള്ള മേൽമണ്ണ് ഒലിച്ചുപോവുകയും ചെയ്യുന്നതിനാൽ പൊതുവേ ഫലഭൂയിഷ്ടത കുറഞ്ഞതും അമ്ലത്വ സ്വാഭാവമുള്ളതുമായ മണ്ണാണ് ഇവിടെ ഉള്ളത്.

മൂന്നു നൂറ്റാണ്ടുകൾക്കു മുമ്പാണ് ഈ പ്രദേശത്ത് കൃഷി ആരംഭിച്ചത്. രാജഭരണകാലത്ത് കരമൊഴിവായും അല്ലാതെയും ജന്മി കുടുംബങ്ങൾക്ക് ലഭിച്ചിരുന്ന ഭൂമി ജന്മിമാർ കുടിയാൻമാർക്കും കൈവശക്കാർക്കും പാട്ടക്കാർക്കും വിലയായും ഒറ്റിയായും ദാനമായും നൽകിയ ഭൂമിയിലാണ് കൃഷിയുടെ ആരംഭം. അരക്കൻ, അറാംവെള്ള, കൊച്ചുവിത്ത്, വാലിക്കറുപ്പൻ, ചമ്പാവ്, പാറപൊളപ്പൻ, ഞവര, ചേറാടി തുടങ്ങിയ നാടൻ നെൽവിത്തിനങ്ങൾ ആണ് കൃഷിക്ക് ഉപയോഗിച്ചിരുന്നത്.

അതുപോലെ നെടുമങ്ങാടൻ, മുളമൂടൻ, ഇലമുറിയൻ, കശാലചാടി, കലികാലൻ, അരിയൻ തുടങ്ങിയ മരച്ചീനി ഇനങ്ങളും മൂറംചാരി, കൊന്നക്കാടൻ, ചേനക്കാച്ചിൽ, വിളക്കാച്ചിൽ തുടങ്ങിയ കാച്ചിൽ ഇനങ്ങളും പാൽചേമ്പ്, താമരക്കണ്ണൻ, ഇഞ്ചിക്കണ്ണൻ, കരിഞ്ചേമ്പ് തുടങ്ങിയ ചേമ്പിനങ്ങളും ചെറുകിഴങ്ങ്, ചെറുവള്ളിക്കിഴങ്ങ്, മുക്കിഴങ്ങ്, മധുരക്കിഴങ്ങ്, ചേനകൂവ, കൂവചേമ്പ്, ശീവക്കിഴങ്ങ് തുടങ്ങിയവയും അക്കാലത്തെ പ്രധാന കൃഷികളായിരുന്നു.

അരിപ്പയർ, താളിപ്പയർ, പതിനെട്ടു മണിയൻ, കുരുത്തോല, കണ്ണെഴുത്തൻ, കരിമ്പയർ, തുലാപയർ, ഉഴുന്ന്, മുതിര മുതലായ പയർ വർഗങ്ങളും എള്ള്, കൂവരക് തുടങ്ങിയവയും നമ്മുടെ പ്രദേശത്തെ സാധാരണ കൃഷികളായിരുന്നു. പാളയൻകോടൻ, കണ്ണൻ, തോടൻ, നാണിപ്പൂവൻ, മലയണ്ണാൻ, പടറ്റി, കുമ്പില്ലാക്കണ്ണൻ, മൊന്തൻ, ചതുരക്കാളി, കദളി, കരുങ്കദളി, തുളുവാൻ, ചുവന്ന കപ്പ, വെള്ളകപ്പ, ഏത്തൻ എന്നീ വാഴയിനങ്ങളും കൃഷി ചെയ്തു വന്നിരുന്നു. ഇതിൽ ചില ഇനങ്ങൾ ഇന്ന് നഷ്ടപ്പെട്ടിട്ടുണ്ട്.

പാവൽ, പടവലം, വെള്ളരി, വെണ്ട, മത്തൻ, ചുരക്ക, കുമ്പളം, കത്തിരി, വഴുതന, ചീര, നാരകം, മുരിങ്ങ, നെല്ലി, പപ്പായ തുടങ്ങിയവയും പലതരം പച്ചമുളകുകൾ മറ്റു പച്ചക്കറികൾ എന്നിവയും എല്ലാ വീടുകളിലേയും സാധാരണ കൃഷിയായിരുന്നു.

നാട്ടുമാവ്, കപ്പമാവ്, കിളിച്ചുണ്ടൻ, കോമാവ്, താളിമാവ്, മൈലാപ്പൂമാവ്, വെള്ളം കൊള്ളി, കർപ്പൂരമാവ് മൂവാണ്ടൻ തുടങ്ങിയ മാവിനങ്ങൾ നമ്മുടെ പ്രദേശത്ത് സുലഭമായിരുന്നു. എന്നാൽ ഇവ ഇന്ന് അപ്രത്യക്ഷമായിരിക്കുന്നു. കൂഴ, വരിക്ക, കൂഴവരിക്ക, തേൻവരിക്ക, മുതലായ പ്ലാവിനങ്ങൾ ധാരാളം ഉണ്ടായിരുന്നു. ഇവയും കാലാഹരണപ്പെട്ടുകൊണ്ടിരിക്കുന്നു. ഇഞ്ചി, മഞ്ഞൾ, മാങ്ങ ഇഞ്ചി, പുളി ഇവകളും പ്രധാനപ്പെട്ട കാർഷിക വിളകളായിരുന്നു. കുതിരവാലി, മഞ്ഞവാലി, പടപ്പൻ. മുറിത്തൊത്തൻ, കരിയിലാഞ്ചി, നാടൻ അൻപരിയൻ എന്നീ കുരുമുളകിനങ്ങൾ കാലാഹരണപ്പെട്ട സ്ഥിതിയിലാണ്. അടുത്ത കാലത്തായി പാല, കരിമുണ്ട, പന്നിയൂർ എന്നീ ഇനങ്ങൾ കുരുമുളക് കൃഷിയിലേക്ക് കടന്നു വന്നിട്ടുണ്ട്. മിശ്രവിള കൃഷിയുണ്ടായിരുന്ന കാലത്താണ് കുരുമുളക് കൃഷി സമൃദ്ധമായി ഉണ്ടായിരുന്നത്.

നിലമേൽ കേന്ദ്രീകരിച്ച് വ്യാപാര വ്യവസായരംഗത്ത് വളരെയധികം പ്രാധാന്യം അർഹിച്ചിരുന്ന കൃഷിയായിരുന്നു കമുക്. സ്ത്രീകൾ ഉൾപ്പെടെ വളരെയധികം പേർക്ക് ഈ രംഗവുമായി ബന്ധപ്പെട്ടു തൊഴിൽ ലഭിച്ചിരുന്നു. മഹാളിരോഗം ബാധിച്ച് കമുക് കൃഷി നിശ്ശേഷം നശിച്ചു. വരൾച്ചയെ അതിജീവിക്കാൻ ശേഷിയുള്ള വ്യാവസായിക വിളയായ കശുമാവ് കൃഷി റബറിന്റെ വരവോടെ നിശ്ശേഷം നശിച്ച നിലയിലാണ്.

മുഖ്യവിളയായ നാളികേരകൃഷി കാറ്റ് വീഴ്ച്ചരോഗം മൂലം നശിച്ചുകൊണ്ടിരിക്കുന്നു. പല കാരണങ്ങളാൽ ഉൽപാദന ക്ഷമതയും കുറഞ്ഞുവരുന്നു. ഇത് സംസ്ഥാന ശരാശരിയെക്കാൾ കുറവാണ്. നാളികേരത്തിന്റെ വിലയിടവും വർദ്ധിച്ച കൃഷിചെലവും ഈ കൃഷിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

മേജർ എസ്റ്റേറ്റുകളായ നിലമേൽ ബീ.ബീ. കുരിയോട് റബർഡം, എലിക്കുന്നാം മുകൾ ബ്രൂക്ക്ലാന്റ് എന്നിവയും വിരലിലെണ്ണാവുന്ന ചെറുകിട കർഷകർക്കും മാത്രമായിരുന്നു ഇരുപതു വർഷങ്ങൾക്കു മുമ്പ് ഇവിടെ റബർ കൃഷിയുണ്ടായിരുന്നത്. എന്നാൽ ഇപ്പോൾ ആയിരത്തോളം ഹെക്ടർ സ്ഥലത്ത് റബർ കൃഷി നടത്തി വരുന്നു. നമ്മുടെ പ്രധാന നാണ്യവിളയാണ് റബർ.

മരുത്, തേന്മാവ്, പാങ്ങൽ, വട്ട, പേഴ്, താന്നി, ചാര്. പിണർ, വല്ലവം, തേക്ക്, ഈട്ടി, ആഞ്ഞിൽ, പുളിവാക, ഇലവ്, ഉദി തുടങ്ങി സുലഭമായി ഉണ്ടായിരുന്ന നിരവധി വൃക്ഷങ്ങളുടെ ഉന്മൂലനം മൂലം പച്ചില വള പ്രയോഗത്തിനും തടിയുടെ സുലഭതയ്ക്കും ദൗർലഭ്യം നേരിടുന്നു. ഇതുകാരണം ഇലപൊഴിയും കാലത്ത് കരിയില നീറ്റി ചാമ്പലാക്കുന്ന രീതി ഇല്ലാതായതുകൊണ്ട് ചാര പ്രയോഗം നിലച്ചിരിക്കുന്നു. പ്രകൃതിയുടെ സന്തുലിതാവസ്ഥയ്ക്ക് മാറ്റം സംഭവിക്കുകയും അതുമൂലം ജലവിതാന തോത് വളരെയധികം താഴ്ന്നിരിക്കുന്നു. പൊതുവിൽ വന്നിട്ടുള്ള കൃഷി രീതിയുടെ മാറ്റത്തിന്റെ ഫലമായി നമ്മുടെ ഭൂമിയിൽ ധാരാളമായി വളർന്നിരുന്ന കച്ചോലം, കോലിഞ്ചി, കുറുന്തോട്ടി, ആടലോടകം, അമരി, ശതാവലി, അമൽപ്പൊരി, രാമച്ചം, ആനച്ചെവുടി തുടങ്ങിയ ഔഷധച്ചെടികളുടെ വംശനാശത്തിന്റെ ഫലമായി അവ പുതിയ തലമുറയ്ക്ക് അജ്ഞാതമാണ്.

മുൻകാലങ്ങളിൽ സാധാരണയായി വീടുകളിൽ കാണാറുണ്ടായിരുന്ന പലതരം തെറ്റിച്ചെടികൾ, വിവിധയിനം തുളസിച്ചെടികൾ, ചെമ്പരത്തികൾ, സൂര്യകാന്തികൾ, പാരിജാതം, വെന്തി, റോസ, പിച്ചി, മുല്ല തുടങ്ങിയ പുഷ്പസസ്യങ്ങൾ അപ്രത്യക്ഷമാവുകയും പകരം ഓർക്കിഡ്, ആന്തോറിയം, ബിഗോണിയ, കാഷിയോ തുടങ്ങിയവ വീടുമുറ്റങ്ങളിലേക്ക് സ്വാഗതം ചെയ്യപ്പെടുകയും ചെയ്തിരിക്കുന്നു.

യുവതലമുറയ്ക്ക് ഗൾഫ് രാജ്യങ്ങളിൽ പോകണമെന്നുള്ള വ്യഗ്രതയും വിദ്യാസമ്പന്നരായ യുവാക്കൾക്ക് കാർഷിക വൃത്തിയോടുള്ള വിമുഖതയും ഉൽപാദന ച്ചെലവിന്റെ വർദ്ധനവും നമ്മുടെ പരമ്പരാഗതമായ ഭക്ഷ്യോല്പാദനരംഗത്തെ തകിടം മറിച്ചു. കൃഷിഭവനുകൾ മുഖാന്തിരം വിത്ത്, നടീൽ വസ്തുക്കൾ മറ്റുല്പാദനോപാധികൾ തുടങ്ങിയവ സൗജന്യമായും മറ്റും വിതരണ ചെയ്യുകയും ശാസ്ത്ര-സാങ്കേതിക വിദ്യകളെക്കുറിച്ച് കൃഷിക്കാരിൽ അവബോധം വളർത്തുകയും വഴി ഇതിന് പരിഹാരം കാണേണ്ടതാണ്. ഉപഭോക്തൃസംസ്ഥാനമെന്ന ഓമനപ്പേരിൽ അറിയപ്പെടുന്ന നമ്മുടെ സംസ്ഥാനത്തിന്റെ ഭക്ഷ്യസ്വയം പര്യാപ്തതയ്ക്കുവേണ്ടി മുഴുവൻ ജനങ്ങളും ഒത്തൊരുമിച്ച് പരിശ്രമിക്കേണ്ടതും ആവശ്യമായ കർമ്മ പരിപാടികൾക്ക് രൂപം നൽകി നടപ്പിൽ വരുത്തേണ്ടതുമാണ്.

**ഭൂവിനിയോഗം**

നെല്ല്:- പഞ്ചായത്തിന്റെ മൊത്തം വിസ്തീർണം 2008. 08 ഹെക്ടർ ആണ്. (അവലംബം കൃഷിഭവൻ) അതിൽ 4.5 ശതമാനം പ്രദേശത്ത് (90 ഹെക്ടർ) നെൽകൃഷി നടത്തുന്നു. ഇരിപ്പു, മുണ്ടകൻ എന്നീ വിളകളാണ് കൃഷി ചെയ്യുന്നത്. ജ്യോതി, പവിഴം, ഓണം, കൾച്ചർ, പി. റ്റി. ബി. ജരുപത്, സന്തോഷ്, ശബരി എന്നീ വിത്തിനങ്ങളാണ് ഇപ്പോൾ സാധാരണയായി കൃഷിക്കുപയോഗിക്കുന്നത്. ശരാശരി വിളവ് ഹെക്ടറിന് 2500 കിലോഗ്രാമാണ്. ഇത് സംസ്ഥാന ശരാശരിയെക്കാൾ കൂടുതലാണ് നെൽപ്പാടങ്ങൾ നികത്തുന്നതിന്റെ ഫലമായി ഭൂമിയിലെ ജല സ്രോതസ്സുകൾ നശിക്കുകയും ജലവിതരണം താഴ്ന്നു പോവുകയും ചെയ്യുന്നു. ഇതുമൂലം കുടിനീർക്ഷാമം ഉണ്ടാവുന്നു. അതിനാൽ നിലം നികത്തുന്നത് നിയമം മൂലം കർശനമായി നിരോധിക്കേണ്ടതാണ്.

തെങ്ങ്:- ഈ കൃഷി ഉദ്ദേശം 550 ഹെക്ടറിൽ ഉണ്ട്. ഇത് ആകെ വിസ്തീർണത്തിന്റെ 27.4 ശതമാനമാണ്. ഒരു ലക്ഷത്തിൽപരം തെങ്ങുള്ളതിൽ 40 ശതമാനത്തോളം കാറ്റു വീഴ്ച മൂലം നശിച്ച സ്ഥിതിയിലാണ്. ബാക്കിയുള്ളവയും രോഗഭീഷണിയെ നേരിടുന്നു. W C T, T X D, D X T സെക്രിഗന്റ് എന്നീയിനങ്ങളിലാണ് ഇപ്പോൾ കൃഷി ചെയ്തുവരുന്നത്.

**കമുക്-കശുമാവ്-കുരുമുളക് തുടങ്ങിയവ:-**

ഏകദേശം 30 ഹെക്ടർ (1.5%) സ്ഥലത്ത് കമുക് കൃഷിയുണ്ട്. ഇന്ന് നാടൻ ഇനങ്ങൾ വളരെ അപൂർവ്വ

മായി മാത്രമേ കാണുന്നുള്ളൂ. ' മംഗള' എന്ന ഇനമാണ് ഇപ്പോൾ കൃഷിചെയ്തുവരുന്നത്.

35 ഹെക്ടർ (3.3%) സ്ഥലത്ത് കുരുമുളക് കൃഷിയുണ്ട്. ശരാശരി ഉൽപ്പാദനം 200 കിലോ (ഉണക്ക) ആണ്. ഇത് സംസ്ഥാന ശരാശരിയെക്കാൾ വളരെ കുറവാണ്. കശുമാവ് കൃഷി ഉദ്ദേശം 50 ഹെക്ടർ (2.5%) സ്ഥലത്ത് ഉണ്ട്. ശരാശരി ഉല്പാദനം 800 കിലോഗ്രാം. ഇതും സംസ്ഥാന ശരാശരിയേക്കാൾ താഴെയാണ്. വാഴ കൃഷി 100 ഹെക്ടർ (5%) സ്ഥലത്ത് നടത്തുന്നു. ശരാശരി ഉല്പാദനം 10 ടൺ ആണ്. ഇത് സംസ്ഥാന ശരാശരിയേക്കാൾ കൂടുതലാണ്.

റബ്ബർ:- ഏകദേശം 1000 ഹെക്ടർ (50%) സ്ഥലത്ത് ഈ കൃഷി നടത്തുന്നു. അത്യുല്പാദന ശേഷിയുള്ള R. R 11-105 എന്ന ഇനമാണ് മിക്ക ഇടങ്ങളിലും കൃഷി നടത്തുന്നത്. R. R. I. M. 600, G. T. I എന്നിവയും ചുരുക്കമായി കാണപ്പെടുന്നു. ഹെക്ടറിന് ഒരു ടൺ ആണ് ശരാശരി ഉല്പാദനം. ഇത് ഏകദേശം സംസ്ഥാന ശരാശരിക്ക് തുല്യമാണ്. മറ്റു കൃഷികളെ അപേക്ഷിച്ച് കർഷകർക്ക് ഈ കൃഷിയോടാണ് ഏറെ താൽപര്യം.

**കിഴങ്ങുവർഗ്ഗങ്ങളും പയർ വർഗ്ഗങ്ങളും**

ഏകദേശം 150 ഹെക്ടർ സ്ഥലത്ത് കിഴങ്ങുവർഗ്ഗങ്ങളും പയർ വർഗ്ഗങ്ങളും പച്ചക്കറികളും കൃഷി ചെയ്യുന്നു. ഇടവിളയായിട്ടാണ് ഇവ കൃഷി ചെയ്തു വരുന്നത്. പൈനാപ്പിൾ, വെറ്റില, ഇഞ്ചി, മഞ്ഞൾ, ഗ്രാമ്പു, ജാതി, പുല്ല് എന്നിവയും ചുരുങ്ങിയ തോതിൽ കൃഷി ചെയ്തുവരുന്നുണ്ട്.

**വളം:-**

കാർഷിക മേഖലയിൽ വന്ന പൊതുവായ മാറ്റത്തിന്റെ ഭാഗമായി രാസവളങ്ങളുടെ ഉപയോഗത്തിലും വമ്പിച്ച വർദ്ധന വ്യാപകമായി വന്നു. 1994-95ൽ കൊല്ലം ജില്ലയിൽ ഏറ്റവും കൂടുതൽ രാസവളം വിതരണ ചെയ്യുന്നതിനുള്ള ക്യാഷ്-അവാർഡ് നിലമേൽ സർവ്വീസ് സഹകരണ ബാങ്കിന് ലഭിച്ചിട്ടുണ്ട്. രാസവളപ്രയോഗത്തിന്റെ വർദ്ധനവിനെയാണിത് സൂചിപ്പിക്കുന്നത്. ജൈവവളപ്രയോഗത്തിന്റെ കാര്യത്തിൽ നാം വളരെ പിന്നിലാണ്. ലഭ്യതക്കുറവാണ് പ്രധാന കാരണം. നിലമേൽ സർവ്വീസ് സഹകരണ ബാങ്ക് വക നിലമേൽ, ഏലിക്കുന്നാംമുകൾ എന്നീ ഡിപ്പോകളും മുരുക്കുമണിൽ ഒരു സ്വകാര്യ ഡിപ്പോയും രാസവളവിതരണരംഗത്ത് പ്രവർത്തിക്കുന്നു. ഓരോ കൃഷിക്കും അമിതമായ രാസവളപ്രയോഗം നടത്തുന്നു.

**കീടനാശിനി:-**

ഇവിടെ കീടനാശിനി ഡിപ്പോ ഇല്ല. പരിമിതമായ തോതിൽ കൃഷിഭവനിൽ നിന്നു മാത്രമാണ് കീടനാശിനി ലഭിക്കുന്നത്. നെൽകൃഷി, വാഴ, പച്ചക്കറി എന്നിവയ്ക്കാണ് പ്രധാനമായും കീടനാശിനികൾ ഉപയോഗിക്കുന്നത്. കുമിൾനാശിനികൾ പ്രധാനമായും റബ്ബർ കൃഷിക്ക് ഉപയോഗിച്ചുവരുന്നു.

**കാർഷികോപകരണങ്ങൾ:-**

പാടശേഖര സമിതികൾക്ക് '2' പവർടില്ലറുകളും മുരുക്കുമൺ I. H. D. P.കോളനിക്ക് ഒരു ട്രാക്ടറും കൃഷിഭവൻ മുഖാന്തിരം കൊടുത്തിട്ടുണ്ട്. കൂടാതെ സ്വകാര്യ വ്യക്തികൾക്ക് '2' പവർട്രില്ലർ സബ്സിഡി നിരക്കിൽ കൃഷിഭവൻ മുഖാന്തിരം നൽകിയിട്ടുണ്ട്. I. H. D. P. കോളനിയിലെ ട്രാക്ടറുടേയും സ്വകാര്യ വ്യക്തികളുടെ ടില്ലറുകളുടേയും ഉപയോഗം ഇവിടുത്തെ കൃഷിക്കാർക്ക് ലഭിക്കുന്നില്ല. പല കൃഷിക്കാരും പരംപരാഗത കാർഷികോപകരണങ്ങൾ ഉപയോഗിച്ചു വരുന്നു. കൃഷിഭവനിലൂടെ വിതരണം ചെയ്ത നാപ്-സാക്ക് റോക്കർ സ്പ്രേയറുകളും തെങ്ങുകയറ്റ യന്ത്രങ്ങളും കൃഷിഭവനിലൂടെ സബ്സിഡി നിരക്കിൽ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ മുരുക്കുമൺ I. H. D. P. കോളനിയിൽ രൂപീകരിച്ച സ്പ്രേയിംഗ് സ്ക്വാഡിന് അഞ്ച് റോക്കർസ്പ്രേയറുകളും അഞ്ച് നാപ്സ്- സാക്കി സ്പ്രേയറുകളും നൂറു ശതമാനം സബ്സിഡി നിരക്കിൽ കൃഷിഭവൻ മുഖാന്തിരം വിതരണം ചെയ്തിട്ടുണ്ട്. ഇവയുടെ ഉപയോഗവും നാട്ടിലെ കൃഷിക്കാർക്ക് വളരെ പരിമിതമായി മാത്രമേ ലഭിക്കുന്നുള്ളൂ.

**പ്രശ്നങ്ങൾ:-**

1. ഗൾഫ് പണത്തിന്റെ വരവോടുകൂടി കൃഷിക്കാരുടെ പിൻഗാമികൾ മറ്റു തൊഴിൽ മേഖലകളിലേക്ക് വ്യതിചലിച്ചതിനാൽ കാർഷിക മേഖല പ്രതിസന്ധിയെ നേരിടുന്നു.
2. വയലുകൾ നികത്തി നാണ്യവിള കൃഷികളും കെട്ടിടങ്ങളുടെ നിർമ്മാണവും അപ്രോച്ച് റോഡുകളുടെ നിർമ്മാണവും മൂലം വയലുകളുടെ വ്യാപ്തി കുറയുകയും നെൽകൃഷിയെ സാരമായി ബാധിക്കുകയും ചെയ്തു.
3. നാണ്യവിളകളുടെ ആവിർഭാവത്തോടുകൂടി മരച്ചീനി, ചേന, ചേമ്പ്, കാച്ചിൽ, മഞ്ഞൾ തുടങ്ങി പരമ്പരാഗതമായ കിഴങ്ങുവർഗ്ഗ കൃഷികൾ ഇല്ലാതായിക്കൊണ്ടിരിക്കുന്നു.
4. പൊതുവിൽ ചരിവു പ്രദേശമായതുകൊണ്ട് മണ്ണ്, ജലസംരക്ഷണപരിപാടികൾ കുറവായതിനാൽ വളക്കൂറുള്ള മേൽമണ്ണ് ഒലിച്ചുപോവുകയും ഭൂമിയുടെ ഫലഭൂയിഷ്ടത ഗണ്യമായി കുറയുകയും അതുവഴി ഉൽപ്പാദനക്ഷമത മുരടിക്കുകയും ചെയ്തിട്ടുണ്ട്.

5. മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ രാസ വളപ്രയോഗം നിലവിൽ ഇല്ല.

6. കാലിസമ്പത്തിന്റെ കുറവും പാഴ് വൃക്ഷങ്ങളുടെ നാശവും മൂലം ജൈവവളപ്രയോഗം വേണ്ട രീതിയിൽ നടക്കുന്നില്ല.

7. കൃഷിച്ചെലവിന്റെ വർദ്ധനവും തൊഴിലാളികളുടെ ലഭ്യതക്കുറവും ഉൽപ്പന്നങ്ങളുടെ അടിക്കടിയുള്ള വിലത്തകർച്ചയും പ്രതിസന്ധിക്ക് കാരണമാണ്.

8. കാർഷികോൽപ്പന്നങ്ങളുടെ വിപണനത്തിന്റെ അസൗകര്യം

9. ആധുനിക കൃഷിയന്ത്രങ്ങളുടെ ദൗർലഭ്യം

10. ആധുനിക രീതിയിലുള്ള ജലസേചന സൗകര്യത്തിന്റെ അഭാവം.

11. പകുതിയിലേറെ തെങ്ങുകൾക്ക് രോഗബാധയുള്ളതു കൊണ്ടും അതിനുള്ള നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കാത്തതു കൊണ്ടും നാളികേരത്തിന്റെ ഉൽപ്പാദനം ഗണ്യമായ രീതിയിൽ കുറഞ്ഞുവരുന്നു.

12. ഭൂവുടമകളിൽ താരതമ്യേന സമ്പന്ന വിഭാഗക്കാർ നാണ്യവിള കൃഷിയിൽ മാത്രം താല്പര്യം കാണിക്കുന്നു.

13. കുരുമുളക്, കശുമാവ്, കമുക്, വാഴ, പച്ചക്കറികൾ എന്നിവയ്ക്കുണ്ടാകുന്ന രോഗ-കീടബാധ ശരിയായ രീതിയിൽ, നിയന്ത്രിക്കാൻ ആവശ്യമായ സാങ്കേതിക നിർദ്ദേശങ്ങളുടേയും മറ്റുപാധികളുടേയും കുറവ്.

14. കാർഷിക മേഖലയെ മാത്രം ആശ്രയിച്ച് ജീവിക്കുന്ന കർഷക കുടുംബങ്ങൾ ഋണബാധ്യതയെ നേരിടുന്നു.

15. യുവതലമുറ കാർഷിക മേഖലയിലേയ്ക്ക് ആകർഷിക്കപ്പെടുന്നില്ല.

16. പരമ്പരാഗത കൃഷിക്കാർ കാർഷികമേഖലയിൽ നിന്നും മറ്റുമേഖലകളിലേക്ക് മാറിപ്പോകുന്നു.

17. കാർഷികമേഖലയിൽ വിവിധ ആവശ്യങ്ങൾക്കായുള്ള വിദഗ്ദ്ധ തൊഴിലാളികളുടെ ലഭ്യതക്കുറവ്.

18. കർഷകത്തൊഴിലാളികളുടെ സേവനക്ഷമത വർദ്ധിപ്പിക്കുക.

19. നെൽക്കൃഷിയുടെ വിളവെടുപ്പിന് തൊഴിലാളികളെ ലഭിക്കാത്ത സ്ഥിതി.

20. ഗ്രൂപ്പ്ഫാമിംഗ് പാട ശേഖരക്കമ്മറ്റികളുടെ പ്രവർത്തനന മാന്ദ്യത.

21. വിദഗ്ദ്ധ ടാപ്പിംഗ് തൊഴിലാളികളുടേയും തെങ്ങുകയറ്റ തൊഴിലാളികളുടേയും ലഭ്യതക്കുറവ്.

22. റബ്ബർകൃഷിയിൽ വ്യാപകമായിക്കൊണ്ടിരിക്കുന്ന കുമിൾ രോഗങ്ങൾ

23. രാസവളം, കീടനാശിനികൾ, കുമിൾ നാശിനികൾ ഇവയുടെ അമിതമായ വിലക്കയറ്റം.

24. ജൈവ കീടനാശിനികൾ, കുമിൾ നാശിനികൾ എന്നിവയുടെ ലഭ്യത ഇല്ലായ്മ.

25. യഥാസമയം കൃഷിക്കാർക്ക് ആവശ്യമായ വായ്പാ സൗകര്യങ്ങൾ ലഭ്യമാകാത്തത്.

26. കാർഷിക വികസനത്തിനാവശ്യമായ വിജ്ഞാന വ്യാപനം കൃഷിക്കാർക്ക് ലഭ്യമല്ല.

27. ഉൽപ്പന്ന സംഭരണ കേന്ദ്രങ്ങളുടേയും ശാസ്ത്രീയ സംസ്ക്കരണ യൂണിറ്റുകളുടേയും അഭാവം.

28. എലി, കൊമ്പൻചെല്ലി, ചെമ്പൻചെല്ലി എന്നീ ക്ഷുദ്ര ജീവികളുടെ ഉപദ്രവം.

29. ഉഴവുമാടുകളുടെ കുറവും ഉള്ളവയുടെ താങ്ങാനാവാത്ത കൂലി നിരക്കും.

30. മഴക്കാലങ്ങളിലുണ്ടാകുന്ന വെള്ളപ്പൊക്കവും, കാറ്റ്, വരൾച്ച എന്നിവയും.

**സാദ്ധ്യതകളും പരിഹാരമാർഗ്ഗങ്ങളും.**

1. ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം പുനഃസംഘടിപ്പിക്കുകയും പാടശേഖരത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുകയും ചെയ്യുക. മേൽത്തരം വിത്തുല്പാദിപ്പിച്ച് വിതരണം നടത്തുകയും യന്ത്രവൽകൃത കാർഷികോപകരണങ്ങൾ സൗജന്യനിരക്കിൽ നൽകുകയും ചെയ്യുക. ഓരോ പാടശേഖരത്തിനും ലഭിക്കുന്ന ഉൽപ്പാദന ബോണസ് പാടശേഖരത്തിന്റെ പൊതുവായ ആവശ്യത്തിനുവേണ്ട ട്രാക്ടർ, ട്രില്ലർ മറ്റു കാർഷികോപകരണങ്ങൾ ഇവ വാങ്ങുന്നതിനോ ജലസേചന സൗകര്യം മെച്ചപ്പെടുത്തുന്നതിനോ വേണ്ടി ഉപയോഗിക്കുന്നത് നല്ലതായിരിക്കും.

2. നാളികേരവികസന സമിതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും, സമയബന്ധിതമായി രോഗം ബാധിച്ച മുഴുവൻ തെങ്ങുകളും വെട്ടിമാറ്റി പകരം രോഗപ്രതിരോധ ശേഷിയുള്ള ഗുണമേന്മയേറിയ തെങ്ങിൻ തൈകൾ വച്ചു പിടിപ്പിക്കുക. വെട്ടിമാറ്റുന്ന തെങ്ങുകൾക്ക് മതിയായ നഷ്ടപരിഹാരം നൽകുക. തെങ്ങിൻ തൈകൾ കൃഷിക്കാർക്ക് സൗജന്യമായി വിതരണം ചെയ്യുക. നാളികേരവികസന സമിതിയുടെ നേതൃത്വത്തിൽ തെങ്ങുകയറ്റ തൊഴിലാളികൾക്ക് പരിശീലനം നൽകുക. കീടരോഗനിവാരണ മാർഗം സമിതിയുടെ നേതൃത്വത്തിൽ നടത്തുക. തെങ്ങുകയറ്റ തൊഴിലാളികൾക്ക് പഞ്ചാ

യത്ത് തലത്തിൽ പ്രത്യേക ഇൻഷുറൻസ് പദ്ധതികൾ നടപ്പിലാക്കുക.

3. പഞ്ചായത്ത് തലത്തിൽ കർഷകർക്കാവശ്യമായ ഗുണനിലവാരമുള്ള വിത്തും നടീൽ വസ്തുക്കളും ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിന് മൂന്നോ നാലോ നഴ്സറികൾ സ്ഥാപിക്കുക. ഇവ കൃഷിഭവന്റേയും പഞ്ചായത്തിന്റേയും നിയന്ത്രണത്തിലായിരിക്കണം.

4. പഞ്ചായത്തടിസ്ഥാനത്തിൽ മണ്ണ് പരിശോധനാ സമ്പ്രദായം ഏർപ്പെടുത്തുകയും അതിന്റെ അടിസ്ഥാനത്തിൽ മാത്രം വളപ്രയോഗം നടത്തുകയും ചെയ്യുക.

5. മണ്ണിന്റെ ഘടന മെച്ചപ്പെടുത്തുന്നതിന് ജൈവവള പ്രയോഗം അത്യന്താപേക്ഷിതമായതിനാൽ കമ്പോസ്റ്റ് വള നിർമ്മാണം പ്രോത്സാഹിപ്പിക്കുക. പച്ചിലവളച്ചെടികളുടെ കൃഷി വ്യാപിപ്പിക്കുക. ഇവയ്ക്ക് സബ്സിഡി നൽകുക.

6. മണ്ണിര കമ്പോസ്റ്റ് (വെർമ്മികമ്പോസ്റ്റ്) നിർമ്മാണത്തെക്കുറിച്ച് ബോധവൽക്കരണം നടത്തുകയും ഇത് മുഴുവൻ വീടുകളിലും വ്യാപിപ്പിക്കുകയും ചെയ്യുക. പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഒരു മാതൃക മണ്ണിര കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കുക.

7. മുണ്ടകൻ വിളവെടുപ്പിന് ശേഷം വയലുകളിൽ പച്ചക്കറികൾ, പയർ, എന്നിവ വ്യാപകമായി കൃഷി ചെയ്യുക. അതിനുള്ള വിത്ത്, വളം കീടനാശിനികൾ തുടങ്ങിയവ സൗജന്യമായി വിതരണം ചെയ്യുക. ഇവയുടെ മേൽനോട്ടം പാടശേഖരക്കമ്മറ്റികൾ നിർവഹിക്കുക.

8. എല്ലാ വീടുകളിലും വീട്ടാവശ്യത്തിനുള്ള പച്ചക്കറിയെങ്കിലും ഉല്പാദിപ്പിക്കത്തക്ക രീതിയിൽ അടുക്കള തോട്ട നിർമ്മാണം വ്യാപിപ്പിക്കുക. വിവിധ പ്രദേശങ്ങളിൽ വ്യാപകമായ തോതിൽ പച്ചക്കറി കൃഷിചെയ്യാൻ മുന്നോട്ടു വന്നിട്ടുള്ള കൃഷിക്കാരെ പ്രോത്സാഹിപ്പിക്കുകയും ആവശ്യമായ വിത്ത്, വളം, കീടനാശിനി, സസ്യസംരക്ഷണ ഉപകരണങ്ങൾ പമ്പുസെറ്റ് ഇവ സൗജന്യനിരക്കിൽ നൽകുക. സ്ക്കൂൾ കുട്ടികളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് വിത്തും രാസവള കിറ്റുകളും സൗജന്യമായി നൽകുകയും ഏറ്റവും നല്ല നിലയിൽ കൃഷിചെയ്യുന്ന കുട്ടികൾക്ക് സമ്മാനങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുക. മെച്ചപ്പെട്ട നിലയിൽ കൃഷി ചെയ്യുന്ന കൃഷിക്കാരിൽ നിന്നും വിത്തുകൾ ശേഖരിച്ച് വിതരണം നടത്തുന്നതിന് ക്രമീകരണം ഉണ്ടാക്കുക.

9. സ്ക്കൂളുകളിൽ കാർഷിക ക്ലബ്ബുകൾ രൂപീകരിക്കുകയും ക്ലബ്ബുകളുടെ നേതൃത്വത്തിൽ സ്ക്കൂൾ കോമ്പൗണ്ടിൽ പരമാവധി പച്ചക്കറി കൃഷിനടത്തുകയും ഇവയ്ക്കാവശ്യമായ വിത്ത്, വളം, കീടനാശിനി സസ്യസംരക്ഷണ ഉപകരണങ്ങൾ തുടങ്ങിയവ സൗജന്യമായി നൽകുക. നല്ല നിലയിൽ കൃഷി ചെയ്യുന്ന സ്ക്കൂളികൾക്ക് പഞ്ചായത്ത്-ബ്ലോക്ക്-ജില്ലാ-സംസ്ഥാനതല സമ്മാനങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുക.

10. മഹിളാ സമാജങ്ങൾ മുഖാന്തിരം പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുന്നതിന് വിത്ത്, വളം, കീടനാശിനി ഇവ സൗജന്യമായി നൽകുക.

11. തെങ്ങ് കൃഷി വ്യാപകമായ തോതിലുള്ള പ്രദേശങ്ങളിൽ ഇടവിളയായി വാഴ കൃഷി ചെയ്യുന്നതിനു വേണ്ട നല്ലയിനം വാഴവിത്തും വളവും കൃഷിക്കാർക്ക് സൗജന്യമായി നൽകി കൃഷി വിപുലപ്പെടുത്തണം. വാഴകൃഷി മാത്രമായി നടത്തുന്ന കൃഷിക്കാർക്ക് പ്രോത്സാഹനം നൽകുന്നതിന് വേണ്ട നിർദ്ദേശങ്ങൾ നൽകുകയും അവർക്ക് വേണ്ട നടീൽ വസ്തുക്കളും മറ്റും സൗജന്യ നിരക്കിൽ കൊടുക്കകയും വേണം.

12. മരിച്ചീനി, ചേന, ചേമ്പ്, കാച്ചിൽ, കൂവ. മഞ്ഞൾ ചെറുകിഴങ്ങുകൾ, ഇഞ്ചി തുടങ്ങിയുള്ള കൃഷിയിനങ്ങൾ എല്ലാ കുടുംബങ്ങളിലും നടപ്പിലാക്കുന്നതിന് ആവശ്യമായ ഗുണമേന്മയേറിയ നടീൽ വസ്തുക്കൾ കൃഷിഭവൻ വഴി വിതരണം ചെയ്യുകയും ഈ കൃഷികളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

13. ദ്രുതവാട്ടം, സാവധാനവാട്ടം എന്നീ രോഗങ്ങൾക്കുള്ള നിയന്ത്രണ മാർഗ്ഗങ്ങൾ ഏർപ്പെടുത്തി കുരുമുളക് കൃഷിയെ സംരക്ഷിക്കുക. അത്യുല്പാദന ശേഷിയുള്ള പന്നിയൂർ, കരിമുണ്ട എന്നീ ഇനങ്ങൾ സൗജന്യനിരക്കിൽ വിതരണം ചെയ്യുക.

14. നിലവിലുള്ള കശുമാവ് തോട്ടങ്ങൾക്ക് കീടരോഗ നിയന്ത്രണ മാർഗ്ഗങ്ങൾ ഏർപ്പെടുത്തി ഉൽപ്പാദനം വർദ്ധിപ്പിക്കുകയും കൃഷി വ്യാപിപ്പിക്കുന്നതിന് ഉല്പാദനശേഷി കൂടിയ ഗ്രാഫ്റ്റ് തൈകൾ സൗജന്യമായി നൽകുകയും കൃഷിചെയ്യുന്നതിനാവശ്യമായ സബ്സിഡി ഏർപ്പെടുത്തുകയും ചെയ്യുക.

15. കമുകിന് വ്യാപിച്ചിരിക്കുന്ന മഹാളിരോഗത്തിനെതിരെ സൗജന്യമായി മരുന്നുതളി നടത്തുകയും അത്യുല്പാദനശേഷിയുള്ള 'മംഗള' ഇനം കമുകിൻതൈകൾ സൗജന്യമായി വിതരണം ചെയ്യുക. തോടുകളുടെ ഇരുവശങ്ങളിലും കൂടുതൽമണ്ണൊ

ലിപ്പുള്ള താഴ്ന്ന പ്രദേശങ്ങളിലും വ്യാപകമായതോതിൽ കമുക് കൃഷി നടത്തുക.

16. റബ്ബർ കൃഷിക്ക് വ്യാപകമായി ബാധിച്ചിരിക്കുന്ന പട്ട മരവിപ്പ്, പിങ്ക് (ചീക്ക് രോഗം) എന്നിവ നിയന്ത്രണ വിധേയമാക്കുകയും ഉൽപ്പാദന മുരടിപ്പ് ഇല്ലാതാക്കുകയും ചെയ്യുക. പഞ്ചായത്തടിസ്ഥാനത്തിലോ ബ്ളോക്ക്തലത്തിലോ സ്റ്റൈഫന്റോടുകൂടി ടാപ്പിംഗ് തൊഴിലാളികൾക്ക് വിദഗ്ധ പരിശീലനം നൽകുക. ഗുണമേന്മയേറിയ റബ്ബർ തൈകൾ വിതരണം ചെയ്യുന്നതിന് ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ഇത്തരം സ്ഥാപനങ്ങൾ പഞ്ചായത്തിന്റേയും കൃഷിഭവന്റേയും നിയന്ത്രണത്തിൽ കൊണ്ടുവരികയും ചെയ്യുക.

17 വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന പലയിനം മാവുകൾ, പുളി, പ്ലാവ് മുതലായവ കർഷകരുടെ കൃഷിസ്ഥലങ്ങളിൽ കൃഷിചെയ്യുന്നതിന് പ്രോത്സാഹിപ്പിക്കുകയും വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സർക്കാരാഫീസുകൾ, ദേവാലയങ്ങൾ എന്നിവയുടെ കാമ്പൗണ്ടുകളിലും റോഡുപുറമ്പോക്ക് ഭൂമികളിലും മേൽപ്പറഞ്ഞ വൃക്ഷങ്ങൾ നട്ടുപിടിപ്പിച്ച് സംരക്ഷിക്കുന്നതിനുള്ള പദ്ധതികൾ തയാറാക്കി നടപ്പിൽ വരുത്തുക.

18. മാമ്പഴം, കശുമാങ്ങ, ചക്ക, തുടങ്ങിയവയും പാഴായിപോകുന്ന നാളികേരത്തിന്റെ വെള്ളവും ശേഖരിച്ച് ശാസ്ത്രീയമായി സംസ്കരിച്ച് മേൽത്തരം ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനാവശ്യമായ യൂണിറ്റുകൾ സ്ഥാപിക്കുക.

19. കാർഷികോൽപ്പന്ന സംഭരണ സംസ്കരണ വിതരണ യൂണിറ്റുകൾ പഞ്ചായത്ത് തലത്തിൽ സ്ഥാപിക്കണം.

20. എലി, ചെല്ലി എന്നീ ക്ഷുദ്ര ജീവികളുടെ നശീകരണത്തിന് വാർഡുതലത്തിൽ കാമ്പയിനുകൾ സംഘടിപ്പിക്കണം.

21. നശിച്ചുകൊണ്ടിരിക്കുന്ന ഔഷധസസ്യങ്ങൾ വെച്ച്പിടിപ്പിച്ച് വ്യാപകമായതോതിൽ കൃഷിനടത്തുന്നതിന് സൗജന്യനിരക്കിൽ വേണ്ട സൗകര്യങ്ങൾ ചെയ്യണം. വിപണനസൗകര്യവും ഏർപ്പെടുത്തണം.

22. നവീന കൃഷി സമ്പ്രദായങ്ങളായ ഓർക്കിഡ് അന്തോറിയം തേനീച്ച വളർത്തൽ എന്നീ കൃഷികൾ നടത്തുന്നതിന് വേണ്ട പരിശീലനം നൽകുകയും മതിയായ സഹായം ഏർപ്പെടുത്തുകയും ചെയ്യുക.

23. കൂൺകൃഷി വ്യാപകമാക്കുകയും ആവശ്യമായ സാങ്കേതിക ഉപദേശങ്ങൾ നൽകുകയും വേണ്ടത്ര സ്പാൺ (വിത്ത്) സംഭരിച്ച് വിതരണം ചെയ്യുകയും ചെയ്യുക. സ്പാൺ നിർമ്മിക്കുന്നതിനാവശ്യമായ ഒരു യൂണിറ്റ് പഞ്ചായത്തിൽ സ്ഥാപിക്കുക.

24. ഒരു കീടനാശിനിഡിപ്പോ സ്ഥാപിക്കുകയും കീടങ്ങളെ നശിപ്പിക്കാൻ ജൈവകീടനാശിനികൾക്ക് കൂടുതൽ പ്രാധാന്യം നൽകുകയും ചെയ്യുക.

25. കൃഷിക്കാർക്ക് സൗകര്യപ്രദമായി വളം ലഭിക്കുന്നതിന് നിലമേൽ സർവ്വീസ് സഹകരണബാങ്കിന്റെ കീഴിൽ വേയ്ക്കൽ, വലിയവഴി എന്നിവിടങ്ങളിൽ രണ്ട് സബ്ഡിപ്പോകൾ സ്ഥാപിക്കുക.

26. മണ്ണൊലിപ്പ് തടയുന്നതിനാവശ്യമായ അതിരുകൾ നിർമ്മിക്കുന്നതിന് സൗജന്യനിരക്കിൽ വായ്പാസൗകര്യങ്ങൾ ഏർപ്പെടുത്തുക.

27. മുഴുവൻ വിളകൾക്കും ഇൻഷുറൻസ് സൗജന്യമായി ഏർപ്പെടുത്തുക. രോഗങ്ങൾമൂലം നശിക്കുന്ന എല്ലാ വിളകൾക്കും ഇൻഷുറൻസ് ആനുകൂല്യം ബാധകമാക്കുക.

28. കൃഷിക്കാർക്കാവശ്യമായ മദ്ധ്യകാല-ദീർഘകാല വായ്പകൾ യഥാസമയം ലഭ്യമാക്കുക.

29. ഓരോകൃഷിക്കും പഞ്ചായത്ത് തലത്തിൽ വിള മൽസരം സംഘടിപ്പിക്കുകയും ഏറ്റവും നല്ല വിള ഉൽപ്പാദിപ്പിക്കുന്ന കർഷകന് ക്യാഷ് അവാർഡ് ഏർപ്പെടുത്തുകയും ചെയ്യുക.

30. പഞ്ചായത്ത് തലത്തിൽ വിപണന സഹകരണസംഘങ്ങൾ രൂപീകരിക്കുകയും ഉൽപ്പന്നങ്ങളുടെ സെക്യൂരിറ്റിയിൽ നിബന്ധനകൾക്ക് വിധേയമായി വായ്പാ സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുക.

31. കൈതച്ചക്കകൃഷി വ്യാപകമാക്കുന്നതിന് വേണ്ടുന്ന സഹായങ്ങൾ നൽകുക.

32. നെൽപ്പാടങ്ങൾ നികത്തുന്നത് കർശനമായി തടയുക. അതിനെതിരായി പ്രവർത്തിക്കുന്ന കർഷകരിൽ നിന്നും നഷ്ടപരിഹാരം ഈടാക്കുക. നെൽകൃഷിക്കുള്ള ഉല്പാദനബോണസ് ഓരോ പൂകൃഷിക്കും ഹെക്ടറിന് (അഞ്ഞൂറു) രൂപാവീതമെങ്കിലും കൃഷിക്കാർക്കു നൽകുക.

33. കൃഷിഭവന്റെ പ്രവർത്തനം കാര്യക്ഷമമാക്കുക. എലിക്കുന്നാംമുകളിൽ കൃഷിഭവൻ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കെട്ടിടത്തിൽ ഒരു കൃഷി അസിസ്റ്റന്റിന്റെ സേവനം ലഭ്യമാക്കുക. കൃഷിഭവൻ മുഖാന്തിരം വിതരണം ചെയ്യുന്ന സൗജന്യങ്ങൾ മുഴുവൻ

കൃഷിക്കാർക്കും ബാധകമാക്കുകയും യഥാസമയം ലഭ്യമാക്കുന്നതിന് വേണ്ടുന്ന നടപടികൾ സ്വീകരിക്കുകയും ചെയ്യുക. കൃഷിഭവനിൽ മതിയായ സ്റ്റാഫിനെ നിയമിക്കുക.

34. കാർഷികമേഖലയുടെ പൊതുവായ അഭിവൃദ്ധിക്ക് സഹകരണമേഖലയെ പരമാവധി പ്രയോജനപ്പെടുത്തുക.

35. ഉഴവുമാടുകളെ സൗജന്യനിരക്കിൽ കർഷകർക്ക് ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുക.

36. കൃഷിവകുപ്പിന്റെ സന്ദർശന പരിശീലന പരിപാടി പുനഃസ്ഥാപിക്കുകയും കർഷകർക്ക് യഥാസമയങ്ങളിൽ സാങ്കേതിക നിർദ്ദേശങ്ങൾ നൽകുകയും ആഗ്രോക്ലിനിക്ക് സമ്പ്രദായം പുനരാരംഭിക്കുകയും ചെയ്യുക.

37. നടീൽവസ്തുക്കളും വളവും യഥാസമയം ലഭ്യമാക്കുക.

**ജലസേചനം**

മഴയെ മാത്രം ആശ്രയിച്ചാണ് നാം ഓരോ കൃഷിയും നടത്തിവരുന്നത്. ശരാശരി 290 സെന്റിമീറ്റർ മഴ ലഭിക്കുന്നുണ്ടെന്നാണ് കണക്ക്. ഇതിൽ ഏറിയപങ്കും കാലവർഷമാണ്. ജൂൺ-ജൂലൈ മാസങ്ങളിലാണ് ഏറ്റവും കൂടുതൽ മഴകിട്ടുന്നത്. ഒരു വർഷത്തിൽ പകുതിയോളവും വേനൽ ആണ്. നമുക്ക് ജലത്തിന്റെ 10% ൽ താഴെ മാത്രമെ കൃഷിക്ക് ഉപയോഗിക്കാൻ കഴിയുന്നുള്ളൂ. ബാക്കിയുള്ള ജലം പാഴായി ഒഴുകിപ്പോകുന്നു. നഷ്ടപ്പെടുന്ന ജലത്തെ സംഭരിച്ചുനിർത്തി കൃഷിക്ക് ഉപയോഗ യോഗ്യമാക്കാനുള്ള സംവിധാനം ഇന്നില്ല. പ്രകൃതി ദത്തമായ തോടുകളും കൈത്തോടുകളും ചെറുകുളങ്ങളും കൃഷിക്ക് പ്രയോജനപ്രദമല്ലാത്ത നിലയിലുള്ള പാപ്പനംകോട് ചിറയും കൈതോട് വാര്യവീട് കുളവും മാത്രമാണ് ഇപ്പോഴുള്ള ജലസ്രോതസ്സുകൾ.

ആഴാന്തക്കുഴിയിൽ നിന്നാരംഭിച്ച് '6' (ആറു) 7, 8, 3, 4, 2, 1 എന്നീ വാർഡുകളിലൂടെ പത്തുകിലോ മീറ്ററിൽ അധികം സഞ്ചരിച്ച് ചടയമംഗലം പഞ്ചായത്തിലെ കല്ലൂർ ഭാഗത്തിലേയ്ക്ക് ഒഴുകുന്ന വേട്ടാംചിറ തോടും ഇടത്തറ നിന്നാരംഭിച്ച് അഞ്ചാം വാർഡിലൂടെ കുരിയോട് എത്തിചേർന്ന് ചടയമംഗലം പഞ്ചായത്തിലേയ്ക്കൊഴുകുന്ന തോടും ആലത്തറമലയിൽ നിന്നൊഴുകി ചടയമംഗലം പഞ്ചായത്തിലേക്കൊഴുകിപോകുന്ന തോടും കോട്ടൂർകോണത്ത് നിന്ന് തുടങ്ങി മൂന്ന്, ഒന്ന് വാർഡുകളിലൂടെ ഒഴുകി കാക്കോട് ഭാഗത്ത് എത്തിചേരുന്ന തോടുമാണ് നമ്മുടെ പഞ്ചായത്തിലെ പ്രധാനപ്പെട്ട തോടുകൾ. കൂടാതെ ഏലാകളിൽനിന്നും തുടങ്ങി വലിയ തോടുകളിൽ എത്തിച്ചേരുന്ന ചെറുതോടുകളും ഉണ്ട്.

**പ്രശ്നങ്ങൾ:-**

1. കാർഷിക ആവശ്യത്തിനുപയോഗിക്കുന്ന കുളങ്ങളുടെ പരിമിതി
2. ജനുവരിയോടെ നമ്മുടെ ജലസ്രോതസ്സുകൾ വറ്റുന്നു. തുടർന്ന് വരൾച്ചബാധിത പ്രദേശമായി മാറുന്നതിനാൽ വർഷത്തിൽ പകുതിയോളം കാർഷികമേഖല വരൾച്ചയെ നേരിടുന്നു.
3. നീർമറി വികസനപദ്ധതിയുടെ പരിമിതി മൂലം മണ്ണ് ജലസംരക്ഷണ പദ്ധതികൾ വേണ്ടത്ര നടപ്പാക്കാൻ ആകുന്നില്ല.
4. ചെറുകിട ഇറിഗേഷന്റെ പ്രവർത്തനമില്ലായ്മ
5. തോടുകളുടെ സംരക്ഷണമില്ലായ്മ
6. ലിഫ്റ്റിറിഗേഷന്റെ അഭാവം
7. കമ്മ്യൂണിറ്റി ഇറിഗേഷൻ സംവിധാനമില്ലായ്മ
8. ജലസേചനത്തിനാവശ്യമായ വൈദ്യുതിയുടെ അഭാവം
9. സോളാർ പമ്പുസെറ്റുപയോഗിച്ചുള്ള ജലസേചനത്തിന്റെ അഭാവം
10. പോർട്ടബിൾ പമ്പുസെറ്റുകളുടെ അഭാവം
11. കല്ലട ജലസേചനപദ്ധതികളുടെ പ്രോജക്ട് ഏരിയായിൽ ഉൾപ്പെടുത്തി സർവ്വെ നടത്തി കല്ലിട്ട ശേഷം പഞ്ചായത്തിൽ പദ്ധതി നടപ്പിലാക്കാതിരുന്നത്.
12. കണിക ജലസേചന പദ്ധതി വേണ്ടത്ര നടപ്പാക്കാത്ത സ്ഥിതി.

**നിർദേശങ്ങളും പരിഹാരമാർഗ്ഗങ്ങളും**

1. കാർഷികാവശ്യത്തിനായി വാര്യവീട് കുളം, പൂവത്തൂർ തലക്കുളം, കോട്ടൂർകോണം, പെരുമ്പള്ളിയിൽ ഏലാകളിൽ തലക്കുളം മാങ്കോട് തലക്കുളം കുരങ്ങുവയൽ, കുറമ്പള്ളൂർ ഏലാ, ചെറുകുടവൂർ പുതുശ്ശേരി, കൊല്ലോണം, വളയിടം, അമ്മണൻകോട്, കൊതക്കുഴി, പാണൻകോണം, ഈന്തലിൽ, കുണ്ടാംകുഴി എന്നീ സ്ഥലങ്ങളിൽ തലക്കുളങ്ങൾ നിർമ്മിച്ച് ജലസേചന സൗകര്യമുണ്ടാക്കുക. നിലവിലുള്ള പാപ്പനംകോട് കുളം ആഴവും വിസ്തീർണവും വർദ്ധിപ്പിച്ച് മതിയായ സംരക്ഷണം നൽകി പമ്പുസെറ്റും ടാങ്കും സ്ഥാപിച്ച് കൃഷിക്കും കുടിവെള്ളത്തിനും ഉപയോഗപ്പെടുത്തുക.

ലിപ്പുള്ള താഴ്ന്ന പ്രദേശങ്ങളിലും വ്യാപകമായതോതിൽ കമുക് കൃഷി നടത്തുക.

16. റബ്ബർ കൃഷിക്ക് വ്യാപകമായി ബാധിച്ചിരിക്കുന്ന പട്ടമരവിപ്പ്, പിങ്ക് (ചീക്ക് രോഗം) എന്നിവ നിയന്ത്രണ വിധേയമാക്കുകയും ഉൽപ്പാദന മുരടിപ്പ് ഇല്ലാതാക്കുകയും ചെയ്യുക. പഞ്ചായത്തടിസ്ഥാനത്തിലോ ബ്ളോക്ക്തലത്തിലോ സ്റ്റൈപ്പന്റോടുകൂടി ടാപ്പിംഗ് തൊഴിലാളികൾക്ക് വിദഗ്ധ പരിശീലനം നൽകുക. ഗുണമേന്മയേറിയ റബ്ബർ തൈകൾ വിതരണം ചെയ്യുന്നതിന് ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ഇത്തരം സ്ഥാപനങ്ങൾ പഞ്ചായത്തിന്റേയും കൃഷിഭവന്റേയും നിയന്ത്രണത്തിൽ കൊണ്ടുവരികയും ചെയ്യുക.

17 വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന പലയിനം മാവുകൾ, പുളി, പ്ലാവ് മുതലായവ കർഷകരുടെ കൃഷിസ്ഥലങ്ങളിൽ കൃഷിചെയ്യുന്നതിന് പ്രോത്സാഹിപ്പിക്കുകയും വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സർക്കാരാഫീസുകൾ, ദേവാലയങ്ങൾ എന്നിവയുടെ കാമ്പൗണ്ടുകളിലും റോഡുപുറമ്പോക്ക് ഭൂമികളിലും മേൽപ്പറഞ്ഞ വൃക്ഷങ്ങൾ നട്ടുപിടിപ്പിച്ച് സംരക്ഷിക്കുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കി നടപ്പിൽ വരുത്തുക.

18. മാമ്പഴം, കശുമാങ്ങ, ചക്ക, തുടങ്ങിയവയും പാഴായിപോകുന്ന നാളികേരത്തിന്റെ വെള്ളവും ശേഖരിച്ച് ശാസ്ത്രീയമായി സംസ്കരിച്ച് മേൽത്തരം ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനാവശ്യമായ യൂണിറ്റുകൾ സ്ഥാപിക്കുക.

19. കാർഷികോൽപ്പന്ന സംഭരണ സംസ്കരണ വിതരണ യൂണിറ്റുകൾ പഞ്ചായത്ത് തലത്തിൽ സ്ഥാപിക്കണം.

20. എലി, ചെല്ലി എന്നീ ക്ഷുദ്ര ജീവികളുടെ നശീകരണത്തിന് വാർഡുതലത്തിൽ കാമ്പയിനുകൾ സംഘടിപ്പിക്കണം.

21. നശിച്ചുകൊണ്ടിരിക്കുന്ന ഔഷധസസ്യങ്ങൾ വെച്ച്പിടിപ്പിച്ച് വ്യാപകമായതോതിൽ കൃഷിനടത്തുന്നതിന് സൗജന്യനിരക്കിൽ വേണ്ട സൗകര്യങ്ങൾ ചെയ്യണം. വിപണനസൗകര്യവും ഏർപ്പെടുത്തണം.

22. നവീന കൃഷി സമ്പ്രദായങ്ങളായ ഓർക്കിഡ് അന്തോറിയം തേനീച്ച വളർത്തൽ എന്നീ കൃഷികൾ നടത്തുന്നതിന് വേണ്ട പരിശീലനം നൽകുകയും മതിയായ സഹായം ഏർപ്പെടുത്തുകയും ചെയ്യുക.

23. കൂൺകൃഷി വ്യാപകമാക്കുകയും ആവശ്യമായ സാങ്കേതിക ഉപദേശങ്ങൾ നൽകുകയും വേണ്ടത്ര സ്പാൺ (വിത്ത്) സംഭരിച്ച് വിതരണം ചെയ്യുകയും ചെയ്യുക. സ്പാൺ നിർമ്മിക്കുന്നതിനാവശ്യമായ ഒരു യൂണിറ്റ് പഞ്ചായത്തിൽ സ്ഥാപിക്കുക.

24. ഒരു കീടനാശിനിഡിപ്പോ സ്ഥാപിക്കുകയും കീടങ്ങളെ നശിപ്പിക്കാൻ ജൈവകീടനാശിനികൾക്ക് കൂടുതൽ പ്രാധാന്യം നൽകുകയും ചെയ്യുക.

25. കൃഷിക്കാർക്ക് സൗകര്യപ്രദമായി വളം ലഭിക്കുന്നതിന് നിലമേൽ സർവ്വീസ് സഹകരണബാങ്കിന്റെ കീഴിൽ വേയ്ക്കൽ, വലിയവഴി എന്നിവിടങ്ങളിൽ രണ്ട് സബ്ഡിപ്പോകൾ സ്ഥാപിക്കുക.

26. മണ്ണൊലിപ്പ് തടയുന്നതിനാവശ്യമായ അതിരുകൾ നിർമ്മിക്കുന്നതിന് സൗജന്യനിരക്കിൽ വായ്പാ സൗകര്യങ്ങൾ ഏർപ്പെടുത്തുക.

27. മുഴുവൽ വിളകൾക്കും ഇൻഷുറൻസ് സൗജന്യമായി ഏർപ്പെടുത്തുക. രോഗങ്ങൾമൂലം നശിക്കുന്ന എല്ലാ വിളകൾക്കും ഇൻഷുറൻസ് ആനുകൂല്യം ബാധകമാക്കുക.

28. കൃഷിക്കാർക്കാവശ്യമായ മദ്ധ്യകാല-ദീർഘകാല വായ്പകൾ യഥാസമയം ലഭ്യമാക്കുക.

29. ഓരോകൃഷിക്കും പഞ്ചായത്ത് തലത്തിൽ വിള മൽസരം സംഘടിപ്പിക്കുകയും ഏറ്റവും നല്ല വിള ഉൽപ്പാദിപ്പിക്കുന്ന കർഷകന് ക്യാഷ് അവാർഡ് ഏർപ്പെടുത്തുകയും ചെയ്യുക.

30. പഞ്ചായത്ത് തലത്തിൽ വിപണന സഹകരണസംഘങ്ങൾ രൂപീകരിക്കുകയും ഉൽപ്പന്നങ്ങളുടെ സെക്യൂരിറ്റിയിൽ നിബന്ധനകൾക്ക് വിധേയമായി വായ്പാ സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുക.

31. കൈതച്ചക്കകൃഷി വ്യാപകമാക്കുന്നതിന് വേണ്ടുന്ന സഹായങ്ങൾ നൽകുക.

32. നെൽപ്പാടങ്ങൾ നികത്തുന്നത് കർശനമായി തടയുക. അതിനെതിരായി പ്രവർത്തിക്കുന്ന കർഷകരിൽ നിന്നും നഷ്ടപരിഹാരം ഈടാക്കുക. നെൽകൃഷിക്കുള്ള ഉല്പാദനബോണസ് ഓരോ പൂകൃഷിക്കും ഹെക്ടറിന് (അഞ്ഞൂറു) രൂപാവീതമെങ്കിലും കൃഷിക്കാർക്കു നൽകുക.

33. കൃഷിഭവന്റെ പ്രവർത്തനം കാര്യക്ഷമമാക്കുക. എലിക്കുന്നാംമുകളിൽ കൃഷിഭവൻ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കെട്ടിടത്തിൽ ഒരു കൃഷി അസിസ്റ്റന്റിന്റെ സേവനം ലഭ്യമാക്കുക. കൃഷിഭവൻ മുഖാന്തിരം വിതരണം ചെയ്യുന്ന സൗജന്യങ്ങൾ മുഴുവൻ

കൃഷിക്കാർക്കും ബാധകമാക്കുകയും യഥാസമയം ലഭ്യമാക്കുന്നതിന് വേണ്ടുന്ന നടപടികൾ സ്വീകരിക്കുകയും ചെയ്യുക. കൃഷിഭവനിൽ മതിയായ സ്റ്റാഫിനെ നിയമിക്കുക.

34. കാർഷികമേഖലയുടെ പൊതുവായ അഭിവൃദ്ധിക്ക് സഹകരണമേഖലയെ പരമാവധി പ്രയോജനപ്പെടുത്തുക.

35. ഉഴവുമാടുകളെ സൗജന്യനിരക്കിൽ കർഷകർക്ക് ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുക.

36. കൃഷിവകുപ്പിന്റെ സന്ദർശന പരിശീലന പരിപാടി പുനഃസ്ഥാപിക്കുകയും കർഷകർക്ക് യഥാസമയങ്ങളിൽ സാങ്കേതിക നിർദ്ദേശങ്ങൾ നൽകുകയും ആഗ്രോക്ലിനിക്ക് സമ്പ്രദായം പുനരാരംഭിക്കുകയും ചെയ്യുക.

37. നടീൽവസ്തുക്കളും വളവും യഥാസമയം ലഭ്യമാക്കുക.

**ജലസേചനം**

മഴയെ മാത്രം ആശ്രയിച്ചാണ് നാം ഓരോ കൃഷിയും നടത്തിവരുന്നത്. ശരാശരി 290 സെന്റീമീറ്റർ മഴ ലഭിക്കുന്നുണ്ടെന്നാണ് കണക്ക്. ഇതിൽ ഏറിയപങ്കും കാലവർഷമാണ്. ജൂൺ-ജൂലൈ മാസങ്ങളിലാണ് ഏറ്റവും കൂടുതൽ മഴകിട്ടുന്നത്. ഒരു വർഷത്തിൽ പകുതിയോളവും വേനൽ ആണ്. നമുക്ക് ജലത്തിന്റെ 10% ൽ താഴെ മാത്രമെ കൃഷിക്ക് ഉപയോഗിക്കാൻ കഴിയുന്നുള്ളു. ബാക്കിയുള്ള ജലം പാഴായി ഒഴുകിപ്പോകുന്നു. നഷ്ടപ്പെടുന്ന ജലത്തെ സംഭരിച്ചുനിർത്തി കൃഷിക്ക് ഉപയോഗ യോഗ്യമാക്കാനുള്ള സംവിധാനം ഇന്നില്ല. പ്രകൃതി ദത്തമായ തോടുകളും കൈത്തോടുകളും ചെറുകുളങ്ങളും കൃഷിക്ക് പ്രയോജനപ്രദമല്ലാത്ത നിലയിലുള്ള പാപ്പനംകോട് ചിറയും കൈതോട് വാര്യവീട് കുളവും മാത്രമാണ് ഇപ്പോഴുള്ള ജലസ്രോതസ്സുകൾ.

ആഴാന്തക്കുഴിയിൽ നിന്നാരംഭിച്ച് '6' (ആറു) 7, 8, 3, 4, 2, 1 എന്നീ വാർഡുകളിലൂടെ പത്തുകിലോ മീറ്ററിൽ അധികം സഞ്ചരിച്ച് ചടയമംഗലം പഞ്ചായത്തിലെ കല്ലൂർ ഭാഗത്തിലേയ്ക്ക് ഒഴുകുന്ന വേട്ടാംചിറ തോടും ഇടത്തറ നിന്നാരംഭിച്ച് അഞ്ചാം വാർഡിലൂടെ കുരിയോട് എത്തിചേർന്ന് ചടയമംഗലം പഞ്ചായത്തിലേയ്ക്കൊഴുകുന്ന തോടും ആലത്തറമലയിൽ നിന്നൊഴുകി ചടയമംഗലം പഞ്ചായത്തിലേക്കൊഴുകിപോകുന്ന തോടും കോട്ടൂർകോണത്ത് നിന്ന് തുടങ്ങി മൂന്ന്, ഒന്ന് വാർഡുകളിലൂടെ ഒഴുകി കാക്കോട് ഭാഗത്ത് എത്തിചേരുന്ന തോടുമാണ് നമ്മുടെ പഞ്ചായത്തിലെ പ്രധാനപ്പെട്ട തോടുകൾ. കൂടാതെ ഏലാകളിൽനിന്നും തുടങ്ങി വലിയ തോടുകളിൽ എത്തിച്ചേരുന്ന ചെറുതോടുകളും ഉണ്ട്.

**പ്രശ്നങ്ങൾ:-**

1. കാർഷിക ആവശ്യത്തിനുപയോഗിക്കുന്ന കുളങ്ങളുടെ പരിമിതി
2. ജനുവരിയോടെ നമ്മുടെ ജലസ്രോതസ്സുകൾ വറ്റുന്നു. തുടർന്ന് വരൾച്ചബാധിത പ്രദേശമായി മാറുന്നതിനാൽ വർഷത്തിൽ പകുതിയോളം കാർഷികമേഖല വരൾച്ചയെ നേരിടുന്നു.
3. നീർമറി വികസനപദ്ധതിയുടെ പരിമിതി മൂലം മണ്ണ് ജലസംരക്ഷണ പദ്ധതികൾ വേണ്ടത്ര നടപ്പാക്കാൻ ആകുന്നില്ല.
4. ചെറുകിട ഇറിഗേഷന്റെ പ്രവർത്തനമില്ലായ്മ
5. തോടുകളുടെ സംരക്ഷണമില്ലായ്മ
6. ലിഫ്റ്റിറിഗേഷന്റെ അഭാവം
7. കമ്മ്യൂണിറ്റി ഇറിഗേഷൻ സംവിധാനമില്ലായ്മ
8. ജലസേചനത്തിനാവശ്യമായ വൈദ്യുതിയുടെ അഭാവം
9. സോളാർ പമ്പുസെറ്റുപയോഗിച്ചുള്ള ജലസേചനത്തിന്റെ അഭാവം
10. പോർട്ടബിൾ പമ്പുസെറ്റുകളുടെ അഭാവം
11. കല്ലട ജലസേചനപദ്ധതികളുടെ പ്രോജക്ട് ഏരിയായിൽ ഉൾപ്പെടുത്തി സർവ്വെ നടത്തി കല്ലിട്ട ശേഷം പഞ്ചായത്തിൽ പദ്ധതി നടപ്പിലാക്കാതിരുന്നത്.
12. കണിക ജലസേചന പദ്ധതി വേണ്ടത്ര നടപ്പാക്കാത്ത സ്ഥിതി.

**നിർദേശങ്ങളും പരിഹാരമാർഗ്ഗങ്ങളും**

1. കാർഷികാവശ്യത്തിനായി വാര്യവീട് കുളം, പൂവത്തൂർ തലക്കുളം, കോട്ടൂർകോണം, പെരുമ്പള്ളിയിൽ ഏലാകളിൽ തലക്കുളം മാങ്കോട് തലക്കുളം കുരങ്ങുവയൽ, കുറമ്പള്ളൂർ ഏലാ, ചെറുകുടവൂർ പുതുശ്ശേരി, കൊല്ലോണം, വളയിടം, അമ്മണൻകോട്, കൊതക്കുഴി, പാണൻകോണം, ഈന്തലിൽ, കുണ്ടാംകുഴി എന്നീ സ്ഥലങ്ങളിൽ തലക്കുളങ്ങൾ നിർമ്മിച്ച് ജലസേചന സൗകര്യമുണ്ടാക്കുക. നിലവിലുള്ള പാപ്പനംകോട് കുളം ആഴവും വിസ്തീർണവും വർദ്ധിപ്പിച്ച് മതിയായ സംരക്ഷണം നൽകി പമ്പുസെറ്റും ടാങ്കും സ്ഥാപിച്ച് കൃഷിക്കും കുടിവെള്ളത്തിനും ഉപയോഗപ്പെടുത്തുക.

2. വെള്ളരി, കണ്ണൻ കോട്, കൊല്ലോണം എന്നി സ്ഥലങ്ങളിലെ തോട്ടിൽ ചെക്ക് ഡാം നിർമ്മിച്ച് സോളാർ പമ്പുസെറ്റ് സ്ഥാപിച്ച് ജലസേചന യോഗ്യമാക്കുക.

3 . ഇടത്തറ, കുരിയോട്, ചെറുകുന്നം, കണ്ണൻകോട് തുടങ്ങിയ സ്ഥലങ്ങളിലെ നിലവിലുള്ള ചീപ്പുകൾ പ്രവർത്തന യോഗ്യമാക്കുക.

4. നീർമറി വികസന പദ്ധതിയുടെ പ്രവർത്തനം വിപുലീകരിക്കുകയും മണ്ണ് ജലസംരക്ഷണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുകയും ചെയ്യുക.

5. മഴക്കാലങ്ങളിൽ വെള്ളപൊക്കവും വേനൽ കാലത്ത് വരൾച്ചയും വൻതോതിൽ നേരിടുന്ന കാർഷിക മേഖലയെ സംരക്ഷിക്കാൻ നിലവിലുള്ള തോടുകളുടെ ആഴവും വീതിയും വർദ്ധിപ്പിച്ച് വശങ്ങൾ കെട്ടി സംരക്ഷിക്കുക.

6. എല്ലാ വാർഡുകളിലും കമ്യൂണിറ്റി ഇറിഗേഷൻ സംവിധാനം നടപ്പിലാക്കുക. പദ്ധതിയെക്കുറിച്ച് കർഷകരെ ബോധവൽക്കരിക്കുക.

7. ജലസേചനത്തിനാവശ്യമായ വൈദ്യുതി സൗജന്യമായി നൽകുക.

8. ഓരോ വാർഡിലും ഓരോ പോർട്ടബിൾ പമ്പുസെറ്റെങ്കിലും സൗജന്യമായി നൽകുകയും അവ പാടശേഖര സമിതിയേയോ കേരവികസന സമിതിയെയോ ഏൽപിക്കുക.

9. കല്ലട ഇറിഗേഷൻ പദ്ധതി നമ്മുടെ പഞ്ചായത്തിൽ അടിയന്തിരമായി നടത്തുക.

10. നശിച്ചു കൊണ്ടിരിക്കുന്ന തെങ്ങുകൃഷിയെ ഉദ്ധരിക്കാൻ കണിക ജലസേചന പദ്ധതി വ്യാപകമായി നടപ്പാക്കുകയും ചുരുങ്ങിയത് 75% സബ്സിഡി ഏർപ്പെടുത്തുകയും ചെയ്യുക.

### നടപ്പുപദ്ധതികളുടെ അവലോകനം

1. മിനികിറ്റ് പദ്ധതി

പുതിയ ഇനം നെൽവിത്തുകൾ കൃഷിക്കാരുടെ ഇടയിൽ പ്രചരിപ്പിക്കുന്ന ലക്ഷ്യത്തോടുകൂടി രണ്ടു / നാലു കിലോഗ്രം വീതമുള്ള നെൽവിത്തിന്റെ കിറ്റുകൾ ഒരു രൂപാ നാമമാത്ര വില ഈടാക്കിക്കൊണ്ട് കൃഷിക്കാർക്ക് വിതരണം ചെയ്യുന്നു.

2. ഉല്പാദന ബോണസ്

ഓരോ പൂവിനും 250 രൂപാ നിരക്കിൽ (ഹെക്ടറിന്) നെൽകൃഷിക്ക് ഉൽപ്പാദന ബോണസ് നൽകുന്നു.

3. ഗ്രൂപ്പ് ഫാമിംഗ്

ഒൻപതു പാടശേഖര സമിതികൾ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കീടനാശിനികൾ, കുമ്മായം, സസ്യസംരക്ഷണഉപകരണങ്ങൾ, പവ്വർ ടില്ലർ, എന്നിവ സബ്സിഡി നിരക്കിൽ നൽകിയിട്ടുണ്ട്. ആഗ്രോക്ലിനിക്കുകൾ വഴി കർഷകർക്ക് അതതു സമയങ്ങളിൽ സാങ്കേതിക നിർദ്ദേശങ്ങൾ നൽകിയിരുന്നു. പാട ശേഖരസമിതിയുടെ പ്രവർത്തനം ഇന്ന് നിർജീവമാണ്.

4. സാമഗ്രനാളികേര വികസന പദ്ധതി

നാളികേരത്തിന്റെ ഉല്പാദനം പരമാവധി വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി ചുരുങ്ങിയത് 30 സെന്റ് സ്ഥലത്ത് നാളികേര കൃഷിനടത്തുന്ന കൃഷിക്കാർക്ക് ജലസേചനത്തിന് പുതിയ കിണർ നിർമ്മിച്ച് പമ്പുസെറ്റ് സ്ഥാപിക്കുന്നതിന് മൂന്നിൽ ഒന്ന് എന്ന നിരക്കിൽ പരമാവധി 2,500 രൂപാവീതം ധനസഹായം നൽകുന്നു. പത്തിലധികം കൃഷിക്കാരുടെ ഗ്രൂപ്പുകൾക്ക് ചുരുങ്ങിയത് അഞ്ചു ഹെക്ടർ സ്ഥലത്ത് നാളികേര കൃഷി ചെയ്യുന്നതിനുള്ള സാമൂഹ്യ ജലസേചന പദ്ധതി നടപ്പാക്കാൻ ഹെക്ടറിന് ഇരുപതിനായിരം രൂപാ നിരക്കിൽ ചെലവിന്റെ 85% സബ്സിഡി നൽകുന്നു. ഈ പദ്ധതി കുളം / കിണർ, ടാങ്ക് നിർമ്മാണം പമ്പുസെറ്റ് ഇവ ആവശ്യമായി വരുകയാണെങ്കിൽ അതിനുവേണ്ടുന്ന സ്ഥലം ഗുണഭോക്താക്കൾ കൃഷിവകുപ്പിന് കൈമാറ്റം ചെയ്യണം. മരുന്നു തളിയന്ത്രം വാങ്ങുവാൻ ആയിരം രൂപായും തെങ്ങുകയറ്റ യന്ത്രം വാങ്ങുന്നതിന് അഞ്ഞൂറു രൂപായും ജൈവ വളവിത്തുകൾക്ക് കിലോ ഗ്രാമിന് അഞ്ചു രൂപായും സബ്സിഡി നൽകുന്നു. കേര വികസന സമിതികളോ സർവ്വീസ് സഹകരണ ബാങ്കുകളോ കൊപ്രാ സംസ്ക്കരണ രംഗത്തു വന്നാൽ അവർക്ക് സംസ്ക്കരണശാല നിർമ്മിക്കുന്നതിന് ഇരുപത്തയ്യായിരം രൂപായും പട്ടിക ജാതി-പട്ടിക വർഗ്ഗക്കാർക്ക് ജലസേചന കിണർ കുഴിക്കുന്നതിന് പരമാവധി ആയിരം രൂപായും [illegible] മുതൽ [illegible] വരെ ഹെക്ടർ സ്ഥലമുള്ള കൃഷിക്കാർ [illegible] ഗ്രൂപ്പ് ഇറിഗേഷൻ [illegible] 50% സബ്സിഡി [illegible] പരമാവധി [illegible] രൂപ വരെയും [illegible].

5. [illegible]

നാളികേര [illegible] ഉല്പാദനം വർദ്ധിപ്പി[illegible] ലക്ഷ്യ[illegible] [illegible] പത്ത്, [illegible] കിറ്റുകൾ [illegible] കൃഷി [illegible] രൂപാ നിര[illegible]

6. [illegible]

നവ[illegible]

ഗുണമേന്മയുള്ള WCT, TXD, സെഗ്രിഗന്റ് എന്നീ ഇനം തെങ്ങിൻ തൈകൾ ഉല്പാദിപ്പിച്ച് കൃഷി വകുപ്പ് നിശ്ചയിക്കുന്ന വിലക്ക് കൃഷിക്കാർക്ക് നൽകുന്നു.

7. കുരുമുളക് വ്യാപനകൃഷി

കുരുമുളക് കൃഷി വ്യാപിപ്പിക്കുക എന്ന ലക്ഷ്യത്തോടെ മേൽത്തരം വേരുപിടിപ്പിച്ച കരിമുണ്ട ഇനത്തിൽപെട്ട വള്ളികൾ കൃഷിക്കാർക്ക് സൗജന്യമായി നൽകുന്നു. കുരുമുളക് തോട്ടങ്ങൾ വെച്ച് പിടിപ്പിക്കുന്നതിന് നടീൽ വസ്തുക്കൾ, രാസവളം, കീടനാശിനി ജൈവവളം എന്നിവയ്ക്ക് 50% സബ്സിഡി, പരമാവധി അയ്യായിരം രൂപാ ആദ്യവർഷവും മൂവായിരം രൂപ രണ്ടാം വർഷവും രണ്ടായിരം രൂപാ മൂന്നാം വർഷവും ഹെക്ടർ ഒന്നിന് നൽകുന്നു. കുരുമുളക് മാതൃകാ തോട്ടം നിർമ്മിക്കുന്നതിന് 50 താങ്ങുമരങ്ങളിൽ മുന്തിയ ഇനം നൂറുവള്ളികൾ വെച്ചു പിടിപ്പിക്കുന്നതിന് ചെലവിന്റെ 50% പരമാവധി 225 രൂപാ ആദ്യവർഷവും 140 രൂപാ രണ്ടാം വർഷവും 100 രൂപാ മൂന്നാം വർഷവും നൽകുന്നു.

8. സമഗ്ര സുഗന്ധ വ്യഞ്ജന വിള–

വികസന പദ്ധതി:–

നല്ലയിനം വിത്തുകൾ കൃഷിക്കാർക്ക് ലഭ്യമാക്കുക. ഇഞ്ചിയെ ബാധിക്കുന്ന രോഗങ്ങൾ തടയുക പുതിയ സ്ഥലത്തേക്ക് കൂടി ഈ കൃഷിയെ വ്യാപിപ്പിക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെ താഴെപറയുന്ന പദ്ധതികൾ നടപ്പാക്കി വരുന്നു.

a) 25 സെന്റ് സ്ഥലത്ത് പ്രദർശന തോട്ടങ്ങൾ സ്ഥാപിച്ച് വിത്ത് ഇരട്ടിപ്പിക്കുന്ന കർഷകന് 1,200 രൂപാ സബ്സിഡി നൽകുന്നു.

b) സസ്യ സംരക്ഷണം നടത്തുന്നതിന് ഹെക്ടറിന് 50% സബ്സിഡി നിരക്കിൽ പരമാവധി 1,000 രൂപാ നൽകുന്നു.

c) ഇഞ്ചികൃഷി പുതിയ സ്ഥലത്തേക്ക് വ്യാപിപ്പിക്കുന്നതിന് 25% സബ്സിഡി നിരക്കിൽ ഹെക്ടറിന് പരമാവധി 5,000 രൂപാ നൽകുന്നു.

d) മഞ്ഞൾ കൃഷിയുടെ മാതൃകാതോട്ടങ്ങൾ സ്ഥാപിച്ച് വിത്തുൽപ്പാദിപ്പിക്കുന്ന കർഷകന് (25 സെന്റ് സ്ഥലം) പരമാവധി 625 രൂപ സബ്സിഡി നൽകുന്നു.

e) പുതിയ സ്ഥലത്തേക്ക് മഞ്ഞൾ കൃഷി വ്യാപിപ്പിക്കുന്നതിന് 25% സബ്സിഡി നിരക്കിൽ പരമാവധി 4,000 രൂപ സബ്സിഡി നൽകുന്നു.

f) ജാതി, ഗ്രാമ്പു, കറുകപട്ട എന്നിവയുടെ മാതൃകാ തോട്ട പരിപാലനത്തിന് അഞ്ചു വർഷത്തേക്ക് ഉൽപ്പാദനച്ചെലവിന്റെ 33% (400 രൂപ) ആദ്യ വർഷവും 25% (170 രൂപ) രണ്ടാം വർഷവും 20% (150 രൂപ) തുടർന്നുള്ള മൂന്ന് വർഷങ്ങളിലും നൽകി വരുന്നു.

9. പച്ചക്കറി

വിദ്യാർത്ഥികൾക്കിടയിൽ കൃഷിയുടെ ആഭിമുഖ്യം വളർത്തുന്നതിന് വിത്ത്, വളം സസ്യസംരക്ഷണോപകരണങ്ങൾ എന്നിവ സൗജന്യമായി സ്കൂളുകൾക്ക് നൽകുന്നു. സ്ക്കൂൾ ഗാർഡന്റെ ചുമതലയുള്ള അധ്യാപകന് പരിശീലനം നൽകുന്നു. ഏറ്റവും നല്ല ഗാർഡന് ജില്ലാ- സംസ്ഥാന തല സമ്മാനങ്ങളും നൽകുന്നു. സംസ്ഥാന തലത്തിൽ സമ്മാനം ലഭിക്കുന്ന സ്ക്കൂൾ കുട്ടികൾ, അദ്ധ്യാപകർ, കൃഷി ആഫീസർ എന്നിവരെ അഖിലേന്ത്യാ തലത്തിൽ കാർഷിക ഗവേഷണ കേന്ദ്രങ്ങൾ സന്ദർശിക്കാനുള്ള സൗജന്യസഹായങ്ങൾ നൽകി വരുന്നു.

അപ്പർ പ്രൈമറി–ഹൈസ്ക്കൂൾ കുട്ടികളുടെ വീട്ടുവളപ്പിൽ പച്ചക്കറി കൃഷി ചെയ്യുന്നതിന് പച്ചക്കറി വിത്തു പായ്ക്കറ്റുകൾ സ്ക്കൂൾ വഴി സൗജന്യമായി നൽകുന്നു. ഏറ്റവും നല്ല തോട്ടങ്ങൾക്ക് സംസ്ഥാന–ജില്ലാ–ബ്ളോക്ക് തലസമ്മാനങ്ങളും നൽകുന്നു.

10. കിഴങ്ങുവിള വികസന പദ്ധതി:–

കിഴങ്ങുവർഗ്ഗങ്ങളുടെ മേൽത്തരം വിത്തുല്പാദിപ്പിക്കുക, പുതിയ സ്ഥലങ്ങളിലേയ്ക്ക് കൃഷി വ്യാപിപ്പിക്കുക എന്നീ ലക്ഷ്യത്തോടെ മരച്ചീനി, ചെറുകിഴങ്ങുവർഗ്ഗങ്ങൾ എന്നിവയുടെ പത്തു സെന്റ് സ്ഥലത്ത് കൃഷി ചെയ്യുന്നതിനാവശ്യമുള്ള നടീൽ വസ്തുക്കൾ കർഷകരിൽനിന്നും അഞ്ചു രൂപാ ടോക്കൺ ഫീസ് വാങ്ങി വിതരണം ചെയ്തു വരുന്നു.

11. വെറ്റിലക്കൊടി വികസനപദ്ധതി:–

മാതൃകാ തോട്ടങ്ങൾ സ്ഥാപിക്കുക. വെറ്റിലകൊടിക്ക് ജലസേചന സൗകര്യവും സസ്യസംരക്ഷണവും ഏർപ്പെടുത്തുക. എന്നീ ലക്ഷ്യത്തോടുകൂടി മാതൃകാ കൃഷി തോട്ടത്തിന് അഞ്ഞൂറു രൂപായും ജലസേചന സൗകര്യത്തിന് 1,500 രൂപായും കുറ്റിപമ്പു വാങ്ങുന്നതിന് 500 രൂപായും താങ്ങുകൾ ഏർപ്പെടുത്തി വള്ളി പടർത്തുന്നതിന് 750 രൂപായും സഹായധനമായി നൽകുന്നു.

12. കശുമാവുകൃഷി വികസനം:–

പുതുതായി കശുമാവു കൃഷി വ്യാപിപ്പിക്കുക, നിലവിലുള്ളവയുടെ ഉല്പാദനക്ഷമത ഉയർത്തുക എന്നീ ലക്ഷ്യത്തോടെ താഴെപറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

2. വെള്ളരി, കണ്ണൻ കോട്, കൊല്ലോണം എന്നീ സ്ഥലങ്ങളിലെ തോട്ടിൽ ചെക്ക് ഡാം നിർമ്മിച്ച് സോളാർ പമ്പുസെറ്റ് സ്ഥാപിച്ച് ജലസേചന യോഗ്യമാക്കുക.

3 . ഇടത്തറ, കുരിയോട്, ചെറുകുന്നം, കണ്ണൻകോട് തുടങ്ങിയ സ്ഥലങ്ങളിലെ നിലവിലുള്ള ചിപ്പുകൾ പ്രവർത്തന യോഗ്യമാക്കുക.

4. നീർമറി വികസന പദ്ധതിയുടെ പ്രവർത്തനം വിപുലീകരിക്കുകയും മണ്ണ് ജലസംരക്ഷണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുകയും ചെയ്യുക.

5. മഴക്കാലങ്ങളിൽ വെള്ളപൊക്കവും വേനൽ കാലത്ത് വരൾച്ചയും വൻതോതിൽ നേരിടുന്ന കാർഷിക മേഖലയെ സംരക്ഷിക്കാൻ നിലവിലുള്ള തോടുകളുടെ ആഴവും വീതിയും വർദ്ധിപ്പിച്ച് വശങ്ങൾ കെട്ടി സംരക്ഷിക്കുക.

6. എല്ലാ വാർഡുകളിലും കമ്യൂണിറ്റി ഇറിഗേഷൻ സംവിധാനം നടപ്പിലാക്കുക. പദ്ധതിയെക്കുറിച്ച് കർഷകരെ ബോധവൽക്കരിക്കുക.

7. ജലസേചനത്തിനാവശ്യമായ വൈദ്യുതി സൗജന്യമായി നൽകുക.

8. ഓരോ വാർഡിലും ഓരോ പോർട്ടബിൾ പമ്പുസെറ്റെങ്കിലും സൗജന്യമായി നൽകുകയും അവ പാടശേഖര സമിതിയേയോ കേരവികസന സമിതിയെയോ ഏൽപിക്കുക.

9. കല്ലട ഇറിഗേഷൻ പദ്ധതി നമ്മുടെ പഞ്ചായത്തിൽ അടിയന്തിരമായി നടത്തുക.

10. നശിച്ചു കൊണ്ടിരിക്കുന്ന തെങ്ങുകൃഷിയെ ഉദ്ധരിക്കാൻ കണിക ജലസേചന പദ്ധതി വ്യാപകമായി നടപ്പാക്കുകയും ചുരുങ്ങിയത് 75% സബ്സിഡി ഏർപ്പെടുത്തുകയും ചെയ്യുക.

## നടപ്പുപദ്ധതികളുടെ അവലോകനം

1. മിനികിറ്റ് പദ്ധതി

പുതിയ ഇനം നെൽവിത്തുകൾ കൃഷിക്കാരുടെ ഇടയിൽ പ്രചരിപ്പിക്കുന്ന ലക്ഷ്യത്തോടുകൂടി രണ്ടു / നാലു കിലോഗ്രാം വീതമുള്ള നെൽവിത്തിന്റെ കിറ്റുകൾ ഒരു രൂപാ നാമമാത്ര വില ഈടാക്കിക്കൊണ്ട് കൃഷിക്കാർക്ക് വിതരണം ചെയ്യുന്നു.

2. ഉല്പാദന ബോണസ്

ഓരോ പൂവിനും 250 രൂപാ നിരക്കിൽ (ഹെക്ടറിന്) നെൽകൃഷിക്ക് ഉൽപ്പാദന ബോണസ് നൽകുന്നു.

3. ഗ്രൂപ്പ് ഫാമിംഗ്

ഒൻപതു പാടശേഖര സമിതികൾ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കീടനാശിനികൾ, കുമ്മായം, സസ്യസംരക്ഷണഉപകരണങ്ങൾ, പവ്വർ ടില്ലർ, എന്നിവ സബ്സിഡി നിരക്കിൽ നൽകിയിട്ടുണ്ട്. ആഗ്രോക്ലിനിക്കുകൾ വഴി കർഷകർക്ക് അതതു സമയങ്ങളിൽ സാങ്കേതിക നിർദ്ദേശങ്ങൾ നൽകിയിരുന്നു. പാട ശേഖരസമിതിയുടെ പ്രവർത്തനം ഇന്ന് നിർജീവമാണ്.

4. സാമഗ്രനാളികേര വികസന പദ്ധതി

നാളികേരത്തിന്റെ ഉല്പാദനം പരമാവധി വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി ചുരുങ്ങിയത് 30 സെന്റ് സ്ഥലത്ത് നാളികേര കൃഷിനടത്തുന്ന കൃഷിക്കാർക്ക് ജലസേചനത്തിന് പുതിയ കിണർ നിർമ്മിച്ച് പമ്പുസെറ്റ് സ്ഥാപിക്കുന്നതിന് മൂന്നിൽ ഒന്ന് എന്ന നിരക്കിൽ പരമാവധി 2,500 രൂപാവീതം ധനസഹായം നൽകുന്നു. പത്തിലധികം കൃഷിക്കാരുടെ ഗ്രൂപ്പുകൾക്ക് ചുരുങ്ങിയത് അഞ്ചു ഹെക്ടർ സ്ഥലത്ത് നാളികേര കൃഷി ചെയ്യുന്നതിനുള്ള സാമൂഹ്യ ജലസേചന പദ്ധതി നടപ്പാക്കാൻ ഹെക്ടറിന് ഇരുപതിനായിരം രൂപാ നിരക്കിൽ ചെലവിന്റെ 85% സബ്സിഡി നൽകുന്നു. ഈ പദ്ധതി കുളം / കിണർ, ടാങ്ക് നിർമ്മാണം പമ്പുസെറ്റ് ഇവ ആവശ്യമായി വരുകയാണെങ്കിൽ അതിനുവേണ്ടുന്ന സ്ഥലം ഗുണഭോക്താക്കൾ കൃഷിവകുപ്പിന് കൈമാറ്റം ചെയ്യണം. മരുന്നു തളിയന്ത്രം വാങ്ങുവാൻ ആയിരം രൂപായും തെങ്ങുകയറ്റ യന്ത്രം വാങ്ങുന്നതിന് അഞ്ഞൂറു രൂപായും ജൈവ വളവിത്തുകൾക്ക് കിലോഗ്രാമിന് അഞ്ചു രൂപായും സബ്സിഡി നൽകുന്നു. കേര വികസന സമിതികളോ സർവ്വീസ് സഹകരണ ബാങ്കുകളോ കൊപ്രാ സംസ്ക്കരണ രംഗത്തു വന്നാൽ അവർക്ക് സംസ്ക്കരണശാല നിർമ്മിക്കുന്നതിന് ഇരുപത്തയ്യായിരം രൂപായും പട്ടിക ജാതി-പട്ടിക വർഗ്ഗക്കാർക്ക് ജലസേചന കിണർ കുഴിക്കുന്നതിന് പരമാവധി ആയിരം രൂപായും [illegible] മുതൽ [illegible]വരെ ഹെക്ടർ സ്ഥലമുള്ള കൃഷിക്കാർ [illegible] ഗ്രൂപ്പ് ഇറിഗേഷൻ [illegible] 50% സബ്സിഡി നിരക്കിൽ പരമാവധി [illegible] രൂപ വരെയും [illegible].

5. [illegible]

നാളികേരത്തിന്റെ [illegible] വർദ്ധിപ്പി[illegible] ലക്ഷ്യ[illegible] തെങ്ങ[illegible], [illegible] കിറ്റുകൾ [illegible] കൃഷി [illegible] രൂപാ നിര[illegible]

6. [illegible]

[illegible]

ഗുണമേന്മയുള്ള WCT, TXD, സെഗ്രിഗന്റ് എന്നീ ഇനം തെങ്ങിൻ തൈകൾ ഉല്പാദിപ്പിച്ച് കൃഷി വകുപ്പ് നിശ്ചയിക്കുന്ന വിലക്ക് കൃഷിക്കാർക്ക് നൽകുന്നു.

7. കുരുമുളക് വ്യാപനകൃഷി

കുരുമുളക് കൃഷി വ്യാപിപ്പിക്കുക എന്ന ലക്ഷ്യത്തോടെ മേൽത്തരം വേരുപിടിപ്പിച്ച കരിമുണ്ട ഇനത്തിൽപെട്ട വള്ളികൾ കൃഷിക്കാർക്ക് സൗജന്യമായി നൽകുന്നു. കുരുമുളക് തോട്ടങ്ങൾ വെച്ച് പിടിപ്പിക്കുന്നതിന് നടീൽ വസ്തുക്കൾ, രാസവളം, കീടനാശിനി ജൈവവളം എന്നിവയ്ക്ക് 50% സബ്സിഡി, പരമാവധി അയ്യായിരം രൂപാ ആദ്യവർഷവും മൂവായിരം രൂപ രണ്ടാം വർഷവും രണ്ടായിരം രൂപാ മൂന്നാം വർഷവും ഹെക്ടർ ഒന്നിന് നൽകുന്നു. കുരുമുളക് മാതൃകാ തോട്ടം നിർമ്മിക്കുന്നതിന് 50 താങ്ങുമരങ്ങളിൽ മുന്തിയ ഇനം നൂറുവള്ളികൾ വെച്ചു പിടിപ്പിക്കുന്നതിന് ചെലവിന്റെ 50% പരമാവധി 225 രൂപാ ആദ്യവർഷവും 140 രൂപാ രണ്ടാം വർഷവും 100 രൂപാ മൂന്നാം വർഷവും നൽകുന്നു.

8. സമഗ്ര സുഗന്ധ വ്യഞ്ജന വിള-

**വികസന പദ്ധതി:-**

നല്ലയിനം വിത്തുകൾ കൃഷിക്കാർക്ക് ലഭ്യമാക്കുക. ഇഞ്ചിയെ ബാധിക്കുന്ന രോഗങ്ങൾ തടയുക പുതിയ സ്ഥലത്തേക്ക് കൂടി ഈ കൃഷിയെ വ്യാപിപ്പിക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെ താഴെപറയുന്ന പദ്ധതികൾ നടപ്പാക്കി വരുന്നു.

a) 25 സെന്റ് സ്ഥലത്ത് പ്രദർശന തോട്ടങ്ങൾ സ്ഥാപിച്ച് വിത്ത് ഇരട്ടിപ്പിക്കുന്ന കർഷകന് 1,200 രൂപാ സബ്സിഡി നൽകുന്നു.

b) സസ്യ സംരക്ഷണം നടത്തുന്നതിന് ഹെക്ടറിന് 50% സബ്സിഡി നിരക്കിൽ പരമാവധി 1,000 രൂപാ നൽകുന്നു.

c) ഇഞ്ചികൃഷി പുതിയ സ്ഥലത്തേക്ക് വ്യാപിപ്പിക്കുന്നതിന് 25% സബ്സിഡി നിരക്കിൽ ഹെക്ടറിന് പരമാവധി 5,000 രൂപാ നൽകുന്നു.

d) മഞ്ഞൾ കൃഷിയുടെ മാതൃകാതോട്ടങ്ങൾ സ്ഥാപിച്ച് വിത്തുൽപ്പാദിപ്പിക്കുന്ന കർഷകന് (25 സെന്റ് സ്ഥലം) പരമാവധി 825 രൂപ സബ്സിഡി നൽകുന്നു.

e) പുതിയ സ്ഥലത്തേക്ക് മഞ്ഞൾ കൃഷി വ്യാപിപ്പിക്കുന്നതിന് 25% സബ്സിഡി നിരക്കിൽ പരമാവധി 4,000 രൂപ സബ്സിഡി നൽകുന്നു.

f) ജാതി, ഗ്രാമ്പു, കറുകപട്ട എന്നിവയുടെ മാതൃകാ തോട്ട പരിപാലനത്തിന് അഞ്ചു വർഷത്തേക്ക് ഉൽപ്പാദനച്ചെലവിന്റെ 33% (400 രൂപ) ആദ്യ വർഷവും 25% (170 രൂപ) രണ്ടാം വർഷവും 20% (150 രൂപ) തുടർന്നുള്ള മൂന്ന് വർഷങ്ങളിലും നൽകി വരുന്നു.

9. പച്ചക്കറി

വിദ്യാർത്ഥികൾക്കിടയിൽ കൃഷിയുടെ ആഭിമുഖ്യം വളർത്തുന്നതിന് വിത്ത്, വളം സസ്യസംരക്ഷണോപകരണങ്ങൾ എന്നിവ സൗജന്യമായി സ്കൂളുകൾക്ക് നൽകുന്നു. സ്ക്കൂൾ ഗാർഡന്റെ ചുമതലയുള്ള അധ്യാപകന് പരിശീലനം നൽകുന്നു. ഏറ്റവും നല്ല ഗാർഡന് ജില്ലാ- സംസ്ഥാന തല സമ്മാനങ്ങളും നൽകുന്നു. സംസ്ഥാന തലത്തിൽ സമ്മാനം ലഭിക്കുന്ന സ്ക്കൂൾ കുട്ടികൾ, അദ്ധ്യാപകർ, കൃഷി ആഫീസർ എന്നിവരെ അഖിലേന്ത്യാ തലത്തിൽ കാർഷിക ഗവേഷണ കേന്ദ്രങ്ങൾ സന്ദർശിക്കാനുള്ള സൗജന്യസഹായങ്ങൾ നൽകി വരുന്നു.

അപ്പർ പ്രൈമറി-ഹൈസ്ക്കൂൾ കുട്ടികളുടെ വീട്ടുവളപ്പിൽ പച്ചക്കറി കൃഷി ചെയ്യുന്നതിന് പച്ചക്കറി വിത്തു പായ്ക്കറ്റുകൾ സ്ക്കൂൾ വഴി സൗജന്യമായി നൽകുന്നു. ഏറ്റവും നല്ല തോട്ടങ്ങൾക്ക് സംസ്ഥാന-ജില്ലാ-ബ്ളോക്ക് തലസമ്മാനങ്ങളും നൽകുന്നു.

10. കിഴങ്ങുവിള വികസന പദ്ധതി:-

കിഴങ്ങുവർഗ്ഗങ്ങളുടെ മേൽത്തരം വിത്തുല്പാദിപ്പിക്കുക, പുതിയ സ്ഥലങ്ങളിലേയ്ക്ക് കൃഷി വ്യാപിപ്പിക്കുക എന്നീ ലക്ഷ്യത്തോടെ മരച്ചീനി, ചെറുകിഴങ്ങുവർഗ്ഗങ്ങൾ എന്നിവയുടെ പത്തു സെന്റ് സ്ഥലത്ത് കൃഷി ചെയ്യുന്നതിനാവശ്യമുള്ള നടീൽ വസ്തുക്കൾ കർഷകരിൽനിന്നും അഞ്ചു രൂപാ ടോക്കൺ ഫീസ് വാങ്ങി വിതരണം ചെയ്തു വരുന്നു.

11. വെറ്റിലക്കൊടി വികസനപദ്ധതി:-

മാതൃകാ തോട്ടങ്ങൾ സ്ഥാപിക്കുക. വെറ്റിലകൊടിക്ക് ജലസേചന സൗകര്യവും സസ്യസംരക്ഷണവും ഏർപ്പെടുത്തുക. എന്നീ ലക്ഷ്യത്തോടുകൂടി മാതൃകാ കൃഷി തോട്ടത്തിന് അഞ്ഞൂറു രൂപായും ജലസേചന സൗകര്യത്തിന് 1,500 രൂപായും കുറ്റിപമ്പു വാങ്ങുന്നതിന് 500 രൂപായും താങ്ങുകൾ ഏർപ്പെടുത്തി വള്ളി പടർത്തുന്നതിന് 750 രൂപായും സഹായധനമായി നൽകുന്നു.

12. കശുമാവുകൃഷി വികസനം:-

പുതുതായി കശുമാവു കൃഷി വ്യാപിപ്പിക്കുക, നിലവിലുള്ളവയുടെ ഉല്പാദനക്ഷമത ഉയർത്തുക എന്നീ ലക്ഷ്യത്തോടെ താഴെപറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

a. ഹെക്ടർ ഒന്നിന് 160 എണ്ണം വീതം ഗ്രാഫ്റ്റ് ചെയ്ത കശുമാവ് തൈകൾ സൗജന്യമായി നൽകുകയും അവ വെച്ചു പിടിപ്പിക്കാൻ തൈ ഒന്നിന് മൂന്ന് രൂപാ വീതവും നൽകുന്നു.

b. നിലവിലുള്ള തൈകളെ നന്നായി സംരക്ഷിക്കുന്നതിന് 10 മരങ്ങൾക്ക് വേണ്ട രാസവള കിറ്റുകൾ '29' രൂപാ '5' പൈസ സബ്സിഡി നിരക്കിൽ നൽകുന്നു.

c. നിലവിലുള്ള തോട്ട സംരക്ഷണത്തിന് ഹെക്ടറിന് രാസവളം കീട നാശിനി ജൈവവളം എന്നിവയ്ക്കായി 1,500 രൂപാ വീതം മൂന്നു വർഷം നൽകുന്നു.

d. വേര്, തടി, തളിര്, പൂങ്കുല എന്നിവയെ ബാധിക്കുന്ന രോഗകീട ബാധകളെ തടയുന്നതിന് മരുന്നു തളി നടത്താൻ ഹെക്ടറിന് മൂന്നൂറു രൂപാ വീതം സബ്സിഡി നൽകുന്നു.

13. ഫലവർഗ്ഗ വികസന പദ്ധതി:-

ഫലവർഗ്ഗ വികസന പദ്ധതി അനുസരിച്ച് മാവ്, പ്ലാവ്, നാരകം, പേര തുടങ്ങിയവയുടെ തൈകൾ കർഷകർക്കു സൗജന്യമായി നൽകുന്നു.

14. ജൈവവള വികസന പദ്ധതി

ജൈവ വളത്തിന്റെ പ്രാധാന്യവും ഉൽപ്പാദനവും കൃഷിക്കാരുടെ ഇടയിൽ വ്യാപിപ്പിക്കുന്നതിനു വേണ്ടി ജൈവവള സസ്യങ്ങളുടെ വിത്ത് കർഷക സംഘങ്ങൾ വഴി മൂന്നു രൂപാ സബ്സിഡി നിരക്കിൽ നൽകുന്നു. കമ്പോസ്റ്റ് നിർമ്മാണത്തിനായി കുഴി ഒന്നിന് 25 രൂപാ നിരക്കിൽ സബ്സിഡി നൽകുന്നു.

15. പയർകൃഷി വികസന പദ്ധതി

പയർകൃഷി വികസനത്തിനായി മെച്ചപ്പെട്ട വിത്തിനങ്ങൾ 50% സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നു. പ്രദർശന തോട്ടങ്ങൾ സസ്യ സംരക്ഷണോപകരണങ്ങൾ തുടങ്ങിയവയ്ക്ക് 50%. സബ്സിഡി നൽകുന്നു. നോമിനന്റ് ഫീ ഈടാക്കി കൊണ്ട് മിനി കിറ്റുകളും വിതരണം ചെയ്യുന്നു.

16. കണിക ജലസേചന പദ്ധതി

തെങ്ങ്, മറ്റിടവിള എന്നിവയെ സംരക്ഷിക്കുന്നതിനും ജലത്തിന്റെ ഉപയോഗം പരിമിതപ്പെടുത്തുന്നതിനും വേണ്ടി ഈ പദ്ധതി നടപ്പാക്കുന്നതിന് 50% സബ്സിഡി നിരക്കിൽ ഹെക്ടറിന് 15000 രൂപാ സബ്സിഡി നൽകുന്നു.

17. വിള ഇൻഷുറൻസ്

വരൾച്ച, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, മണ്ണിടിച്ചിൽ എന്നിവ മൂലം ഉണ്ടാകുന്ന കൃഷിനാശങ്ങൾക്ക് ഈ പദ്ധതിയിൽ പ്രീമിയം അടയ്ക്കുന്ന കൃഷിക്കാർക്ക് നഷ്ട പരിഹാരം നൽകുന്നു.

18. കൃഷിയിൽ പൊതു ജന പങ്കാളിത്തം

കാർഷിക പദ്ധതികളുടെ നടത്തിപ്പിൽ ജനപങ്കാളിത്തം ഉറപ്പാക്കുന്നതിനു വേണ്ടി രണ്ടു കാർഷിക വികസന സെമിനാറുകൾ സംഘടിപ്പിക്കുന്നതിന് 1000 രൂപായും അഞ്ചു കാർഷിക വികസന സമിതി യോഗം കൂടുന്നതിന് 200 രൂപായും പഞ്ചായത്ത് തലത്തിൽ കാർഷിക വിള മൽസരം നടത്തുന്നതിന് ഓരോ വിളയ്ക്കും 500 രൂപാ വീതവും സബ്സിഡി നൽകുന്നു.

19. കാർഷിക മേഖലയിൽ യുവജനങ്ങൾക്കുള്ള പ്രത്യേക തൊഴിൽ ദാന പദ്ധതി.

യുവാക്കളെ കൃഷിയിലേയ്ക്ക് ആകർഷിച്ചു നിറുത്തി ഉല്പാദനം വർദ്ധിപ്പിക്കുകയും സ്വയം തൊഴിൽ കണ്ടെത്തുകയും ചെയ്യുക എന്ന ലക്ഷ്യത്തോടു കൂടി ഇരുപതിനും മുപ്പത്തിയഞ്ചിനും ഇടയിൽ പ്രായമുള്ള യുവതീ യുവാക്കളെ ഈ പദ്ധതിയിൽ അംഗങ്ങളായി ചേർക്കുന്നു. ഈ പദ്ധതിയിൽ ചേരുന്നതിന് രജിസ്ട്രേഷൻ ഫീസ് 100 രൂപായും പദ്ധതി വിഹിതമായി 1000 രൂപായും തവണകളായോ ഒരുമിച്ചോ അടയ്ക്കാവുന്നതാണ്. പട്ടിക ജാതി പട്ടിക വർഗ്ഗ ക്കാർക്ക് രജിസ്ട്രേഷൻ ഫീസ് മാത്രം മതി. 60 വയസ്സ് പൂർത്തിയാകുമ്പോൾ മുപ്പതിനായിരം രൂപാ മുതൽ അറുപതിനായിരം രൂപാ വരെ ഗ്രാറ്റുവിറ്റിയും പ്രതിമാസം ആയിരം രൂപാ പെൻഷനും 60 വയസ്സ് കഴിഞ്ഞ് മരണപ്പെട്ടാൽ അവകാശിക്ക് ഒരു ലക്ഷം രൂപായും അതിനു മുമ്പ് മരണം സംഭവിച്ചാൽ 25,000 രൂപാ മുതൽ ഒരു ലക്ഷം രൂപാ വരെയും ലഭിക്കുന്നു. രോഗം മൂലമോ അപകടം മൂലമോ പൂർണമായി വികലാംഗനാകുകയാണെങ്കിൽ 200 രൂപാ മുതൽ 750 രൂപാ വരെ പെൻഷൻലഭിക്കും. ഈ പദ്ധതിയിൽ ഇവിടെ 88(എൺപത്തിയെട്ട്) പേർ അംഗങ്ങളായി ചേർന്നിട്ടുണ്ട്. റബ്ബർ റോളർ, വെറ്റില കൃഷി സസ്യസംരക്ഷണോപകരണം എന്നിവയ്ക്ക് യഥാക്രമം 5000, 3000, 2500 രൂപാ സബ്സിഡി നൽകിയിട്ടുണ്ട്.

20. പ്രത്യേക ഘടക പദ്ധതി.

പട്ടിക ജാതി പട്ടിക വർഗ്ഗ ക്കാരുടെ ഉന്നമനത്തിന് മുരുക്കുമൺ IHDP കോളനിയിൽ 35 MT ട്രാക്ടറും സ്പ്രേയിംഗ് സ്ക്വാഡിന് 5 ഗുണഭോക്താക്കൾക്ക് ഓരോ നാപ്സാക്ക് റോക്കർ സ്പ്രേയറും രാസവളം, നടീൽ വസ്തുക്കൾ എന്നിവയും നൽകിയിട്ടുണ്ട്. മറ്റു കോളനികളിലും രാസവളം, നടീൽ വസ്തുക്കൾ എന്നിവ നൽക്കുകയും ജലസേചനത്തിനായി നിലവിലുള്ള കിണറുകൾ പുനരുദ്ധരിക്കുകയും ചെയ്തിട്ടുണ്ട്. പുലിക്കോട് കോളനിയിൽ ഒരു സാമൂഹ്യ ജലസേചന യൂണിറ്റിന്റെ പണി പൂർത്തിയായി വരുന്നു.

21. നീർമറി വികസന പദ്ധതി.

പരിസ്ഥിതി പുനരുദ്ധാരണം, സംരക്ഷണം എന്നിവയ്ക്ക് ഊന്നൽ നൽകികൊണ്ട് പശ്ചിമഘട്ട വികസന പദ്ധതി പ്രകാരം വേട്ടാം ചിറ വാട്ടർ ഷെഡ് പ്രദേശത്തും ദേശീയ വാട്ടർ ഷെഡ് വികസന പദ്ധതിയനുസരിച്ച് ഇടത്തറ വാട്ടർ ഷെഡ് പ്രദേശത്തും മണ്ണു സംരക്ഷണം, ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, നടീൽ വസ്തുക്കളുടെ സൗജന്യ വിതരണം 50% സബ്സിഡി നിരക്കിൽ രാസവള വിതരണം എന്നിവയും ജലസേചനത്തിന് കിണർ കുഴിക്കുക, പമ്പ് സെറ്റ് സ്ഥാപിക്കുക എന്നിവയ്ക്ക് പരമാവധി 2000 രൂപാ വരെയും സബ്സിഡി നൽകിയിട്ടുണ്ട്.സസ്യ സംരക്ഷണ ഉപകരണങ്ങൾ വാങ്ങുന്നതിന് പരമാവധി 750 രൂപാ വരെയും സബ്സിഡി നൽകുന്നുണ്ട്.

22. പ്രകൃതി ക്ഷോഭ ദുരിതാശ്വാസ പദ്ധതി

കാലാകാലങ്ങളിലുണ്ടാകുന്ന വെള്ളപ്പൊക്കം, വരൾച്ച, ചുഴലിക്കാറ്റ്, ഇടിമിന്നൽ എന്നിവ മൂലം കാർഷിക വിളകൾക്കുണ്ടാകുന്ന നാശത്തിന് സർക്കാരിൽ നിന്നും ലഭിക്കുന്ന തുകയുടെ അടിസ്ഥാനത്തിൽ കൃഷി ഭവനിലൂടെ നഷ്ട പരിഹാരം നൽകി വരുന്നു.

നടപ്പു പദ്ധതിയിൽ ലഭിക്കുന്ന ആനുകൂല്യങ്ങൾ വളരെ കുറച്ചു കൃഷിക്കാർക്കു മാത്രമാണ് ലഭിക്കുന്നത്. ഈ പദ്ധതികളുടെ പ്രയോജനം കൂടുതൽ ഗുണഭോക്താക്കളെ കണ്ടെത്തി വിപുലീകരിക്കണം.

പട്ടിക-1

ഭൂമി സംബന്ധിച്ച വിവരങ്ങൾ

| ഇനം | വിസ്തീർണ്ണം |
|---|---|
| നിലം | 160.3 ഹെക്ടർ |
| പുരയിടം | 1591.2 ഹെക്ടർ |
| പുറമ്പോക്ക് | 104.1 ഹെക്ടർ |
| കൃഷിയോഗ്യതരിശ് | 20.2 ഹെക്ടർ |
| കൃഷിയോഗ്യമല്ലാത്ത തരിശ് | 27.6 ഹെക്ടർ |
| ആകെ | 1903.4 ഹെക്ടർ |

പട്ടിക-2

ഭൂ ഉടമകളെ സംബന്ധിച്ച വിവരങ്ങൾ

| 1-10 സെന്റ് | 11-25 സെന്റ് | 26-50 സെന്റ് | 51-100 സെന്റ് | 1-2 ഏക്കർ | 2-5 ഏക്കർ | 5 ഏക്കറിന് മുകളിൽ |
|---|---|---|---|---|---|---|
| 3133 | 1500 | 1330 | 2238 | 1201 | 148 | 22 |

പട്ടിക - 3

വിള - വിസ്തീർണ്ണവും ഉല്പാദനവും

| വിള | വിസ്തീർണ്ണ (ഹെക്ടറിൽ | മൊത്തം ഉത്പാദനം | ഉല്പാദന ക്ഷമത (ഹെക്ടറിൽ) |
|---|---|---|---|
| നെല്ല് ഒന്നാംവിള | 90 | 225000 കി.ഗ്രാം | 2500 കി.ഗ്രാം |
| നെല്ല് രണ്ടാംവിള | 90 | 189000 കി.ഗ്രാം | 2100 കി.ഗ്രാം |
| പയർ | 50 | 36000 കി.ഗ്രാം | 720 കി.ഗ്രാം |
| പച്ചക്കറി | 15 | 75000 കി.ഗ്രാം | 5000 കി.ഗ്രാം |
| വാഴ | 100 | 1000 ടൺ | 10 ടൺ |
| മരച്ചീനി | 75 | 1350 ടൺ | 18 ടൺ |
| തെങ്ങ് | 550 | 2406250 എണ്ണം | 4375 എണ്ണം |
| കമുക് | 30 | 158 ടൺ | 5.26 ടൺ |
| കുരുമുളക് | 65 | 13 ടൺ | 0.200 ടൺ |
| കശുമാവ് | 50 | 40 ടൺ | 0.800 ടൺ |
| റബ്ബർ | 1000 | 1000 ടൺ | 1.0 ടൺ |
| ഫലവർഗ്ഗവിള | 40 | - | - |
| ഇഞ്ചി, മഞ്ഞൾ | 5 | 15 ടൺ | 3 ടൺ |
| വെറ്റില | 1 | - | - |
| ഗ്രാമ്പൂ, ജാതി തുടങ്ങിയ സുഗന്ധവിള | 5 | - | - |
| പൈനാപ്പിൾ | 6 | 30 ടൺ | 5 ടൺ |
| മറ്റ് കിഴങ്ങ് വിളകൾ | 40 | 320 ടൺ | 8 ടൺ |

(അവലംബം - കൃഷിഭവൻ)

പട്ടിക - 4

രാസവള പ്രയോഗം

| വർഷം | അളവ് |
|---|---|
| 1993-94 | 108.684 ടൺ |
| 1994-95 | 207.0 ടൺ |
| 1995-96 | 312.769 ടൺ |

പട്ടിക – 6
പാടശേഖരസമിതിയും വിളക്രമങ്ങളും

| ക്രമ നം. | പാടശേഖരത്തിന്റെ പേര് | ഒന്നാംവിള | രണ്ടാംവിള | മൂന്നാംവിള |
|---|---|---|---|---|
| 1 | പൂവത്തൂർ | നെല്ല് | നെല്ല് | പയർ, മരച്ചീനി |
| 2 | കൈതോട് | " | " | പയർ, പച്ചക്കറി |
| 3 | വേയ്ക്കൽ | " | " | പയർ |
| 4 | വെള്ളരി | " | " | പയർ എള്ള് |
| 5 | മുളയക്കോണം | " | " | പയർ പച്ചക്കറി |
| 6 | കൈതക്കുഴി–കാവൂർകോണ | " | " | പച്ചക്കറി |
| 7 | നിലമേൽ–വാഴോട് | " | " | വാഴ |
| 8 | മുരുക്കുമൺ | " | " | പയർ പച്ചക്കറി |
| 9 | കൊല്ലോണം–ഇടത്തറ | " | " | പയർ പച്ചക്കറി |

പട്ടിക - 6
കുളങ്ങളെ സംബന്ധിച്ച വിവരം

| ക്രമ നം. | കുളം | ഉൾപ്പെടുന്ന വാർഡ് | സ്ഥിതി ചെയ്യുന്ന പ്രദേശം |
|---|---|---|---|
| 1 | വാര്യനാട് കുളം | | കൈതോട് |
| 2 | പാപ്പനംകോട് കുളം | I | നിലമേൽ |
| 3 | വാഴോട് കുളം | VII | വാഴോട് |
| 4 | മുരുക്കുമൺക്ഷേത്രക്കുളം | VII | മുരുക്കുമൺ |

പട്ടിക - 7
കാർഷിക ഉപകരണങ്ങൾ

| വാർഡ് | ഉഴവ് ഉപകരണങ്ങൾ | | | മരുന്ന തളി ഉപകരണങ്ങൾ | | തെങ്ങ് കയറ്റയന്ത്രം | പോർട്ടബിൾ പമ്പ്സെറ്റ് | മറ്റുള്ളവ |
|---|---|---|---|---|---|---|---|---|
| | ട്രാക്ടർ | ട്രില്ലർ | നാടൻ കലപ്പ | റോക്കർ സ്പ്രെയർ | നാപ്സാക്ക് സ്പ്രെയർ | | | |
| 1 | – | 1 | 15 | 1 | 3 | – | – | – |
| 2 | – | 1 | 5 | 1 | 2 | – | – | – |
| 3 | – | 1 | 14 | 1 | 3 | – | – | – |
| 4 | – | – | 10 | 1 | 2 | – | – | – |
| 5 | – | 1 | 8 | 6 | 6 | – | – | – |
| 6 | – | – | 3 | 2 | 1 | – | – | – |
| 7 | – | – | 2 | 1 | 2 | – | – | – |
| 8 | – | 1 | 4 | 2 | 3 | – | – | – |

പട്ടിക - 8
നടീൽ വസ്തുക്കളുടെ വിതരണം

| ഇനം | എണ്ണം | | |
|---|---|---|---|
| | 1993-94 | 1994-95 | 1995-96 |
| തെങ്ങ് | 2335 | 2065 | 1200 |
| കശുമാവ് | 2840 | 80 | 60 |
| കുരുമുളക് | 2000 | 3000 | 2000 |
| കമുക് | - | 8382 | 180 |
| പച്ചക്കറി വിത്ത് പാക്കറ്റ് | 4550 | 1680 | 1000 |
| നെല്ല് വിത്ത് | 1100 കിലോ | 610 കിലോ | 300 കിലോ |
| ജാതിത്തൈ | 2000 | 600 | 180 |
| ഒട്ടുമാവ് | 610 | 310 | 20 |
| ഒട്ടുപ്ലാവ് | 350 | 30 | 100 |
| പേരത്തൈ | 100 | - | 65 |
| നാരകംതൈ | 20 | - | - |
| ഗ്രാമ്പൂതൈ | - | 400 | - |
| വാഴവിത്ത് | - | 2000 | 2100 |
| കുറ്റിമുല്ല | 400 | - | - |
| പയർവിത്ത് | - | 764 കിലോ | 512 കിലോ |
| ഉഴുന്നുവിത്ത് | - | - | 120 കിലോ |
| കിഴങ്ങുവർഗ്ഗ മിനിക്കിറ്റ് | - | - | 100 കിറ്റ് |
| തേക്ക്തൈ | - | - | 3000 എണ്ണം |

(അവലംബം - കൃഷിഭവൻ)

## പട്ടിക - 9
## പ്രകൃതിക്ഷോഭ ദുരിതാശ്വാസ വിതരണം

| | പ്രശ്ന ബാധിത പ്രദേശത്തിന്റെ വിസ്തീർണ്ണം (ഹെക്ടർ) | | | | |
|---|---|---|---|---|---|
| വർഷം | വെള്ളപ്പൊക്കം | വരൾച്ച | കൊടുങ്കാറ്റ് | ധനസഹായം ലഭിച്ചവരുടെ എണ്ണം | വിതരണം ചെയ്ത തുക |
| 1993-94 | 25.3 | - | - | 725 | 131719 |
| 1994-95 | 13.46 | - | 9.65 | 76 | 16471 |
| 1995-96 | - | - | - | - | - |
| 1996-97 | - | - | 10.5 | 161 | 60181 |

(അവലംബം - കൃഷിഭവൻ)

## പട്ടിക - 10
## തെങ്ങ് കൃഷിയെ സംബന്ധിച്ച വിവരങ്ങൾ

| | തെങ്ങ് എണ്ണം | | | | രോഗം ബാധിച്ച തെങ്ങ് | | | | | |
|---|---|---|---|---|---|---|---|---|---|---|
| വാർഡ് നമ്പർ | തെങ്ങ് കൃഷി വിസ്തീർണ്ണം | കായ്ക്കാത്തത് | കായ്ക്കുന്നത് | ആകെ | റൂട്ട് വിൾ | ലീഫ് റോട്ട് | ബഡ് റോട്ട് | സ്റ്റെം ബ്ലീഡിംഗ് | മറ്റുള്ളവ | ആകെ |
| 1 | 84 | 6720 | 10080 | 16800 | 6388 | 200 | 32 | 100 | - | 6720 |
| 2 | 77 | 6160 | 9240 | 15400 | 5852 | 108 | 100 | 100 | - | 6160 |
| 3 | 81 | 6480 | 9720 | 16200 | 5670 | 200 | 100 | 24 | - | 5994 |
| 4 | 80 | 6400 | 9600 | 16000 | 5720 | 200 | 100 | 20 | - | 6040 |
| 5 | 61 | 4880 | 7320 | 12200 | 4270 | 124 | 100 | 20 | - | 4514 |
| 6 | 56 | 4480 | 6720 | 11200 | 4256 | 126 | 110 | 100 | - | 4592 |
| 7 | 55 | 4400 | 6600 | 11000 | 4180 | 200 | 50 | 65 | - | 4495 |
| 8 | 56 | 44800 | 6720 | 11200 | 3932 | 105 | 80 | 110 | - | 4227 |
| ആകെ | 550 | 44000 | 66000 | 110000 | 40628 | 1263 | 672 | 539 | - | 42742 |

(അവലംബം - കൃഷിഭവൻ)

പട്ടിക 11
ജലസ്രോതസ്സുകൾ

| | | |
|---|---|---|
| 1 | തോടുകൾ | 35 കിലോമീറ്റർ |
| 2 | പൊതുകുളങ്ങൾ | 4 എണ്ണം |
| 3 | മറ്റുസ്വകാര്യകുളങ്ങൾ | 37 എണ്ണം |
| 4 | കുഴൽകിണറുകൾ | 12 എണ്ണം |

# മൃഗസംരക്ഷണവും മത്സ്യബന്ധനവും

നിലമേൽ ഗ്രാമപഞ്ചായത്ത് കഴിഞ്ഞകാലങ്ങളിൽ മൃഗസംരക്ഷണത്തിൽ മുൻപന്തിയിലായിരുന്നു. കാലി വളർത്തൽ ഉപജീവന മാർഗമായി സ്വീകരിച്ചിരുന്ന ധാരാളം കുടുംബങ്ങൾ ഇവിടെ ഉണ്ടായിരുന്നു. പത്തു പതിനഞ്ചു വർഷങ്ങൾക്കു മുൻപുവരെ പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ തരിശുഭൂമിയും നെൽപാടങ്ങളും ഉണ്ടായിരുന്നു. എന്നാൽ ക്രമേണ കാർഷിക മേഖല മുരടിയ്ക്കുകയും നെൽപ്പാടങ്ങൾ വ്യാപകമായി നികത്തുകയും റബർകൃഷിയുൾപ്പെടെയുള്ള നാണ്യവിളകളുടെ വ്യാപനവും കാലിവളർത്തലിനുള്ള സൗകര്യങ്ങൾ ഇല്ലാതാക്കി. ഗ്രാമീണജനങ്ങളിൽ ആധുനികജീവിതരീതിയോടുള്ള ആസക്തിയും വിദേശത്ത് തൊഴിൽ തേടിപ്പോകാനുള്ള വാസനയും മൃഗസംരക്ഷണത്തോടുള്ള താല്പര്യമില്ലാതാക്കിയിട്ടുണ്ട്. ഇതുപറയുമ്പോൾ തീറ്റപ്പുല്ലിന്റെ കുറവ് വയ്ക്കോലിന്റെ അപര്യാപ്തത കാലിത്തീറ്റയുടെ അമിതവില തുടങ്ങിയവ മൃഗസംരക്ഷണത്തിലേർപ്പെടുന്നവരെ പ്രതിസന്ധിയിലാക്കുന്നുണ്ട്.

മുൻകാലങ്ങളിൽ നിലംഉഴുന്നതിനും വണ്ടി വലിക്കുന്നതിനും കാള, പോത്ത് എന്നിവയേ ധാരാളമായി ഉപയോഗിച്ചിരുന്നു. കാർഷികരംഗത്ത് യന്ത്രവൽകൃത സൗകര്യങ്ങൾ വന്നതും മോട്ടോർ വാഹനങ്ങൾ ഉണ്ടായതും കാർഷികാവശ്യങ്ങൾക്കുള്ള മൃഗങ്ങളുടെ വില വർദ്ധനവും മൃഗസംരക്ഷണത്തിൽ ജനങ്ങൾക്കുള്ള താല്പര്യത്തെക്കുറച്ചിട്ടുണ്ട്.

വളർത്തുമൃഗസംഖ്യ (94-95)

| വാർഡ് നമ്പർ | കാളനാടൻ | | കാളസങ്കരം | | പശുനാടൻ | | പശുസങ്കരം | | എരുമ | | പോത്ത് | ആട് | പട്ടി |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | വംശ വർദ്ധന | മറ്റുള്ള | വംശ വർദ്ധന | മറ്റുള്ള | കറവ ഉള്ളത് | കറവ ഇല്ലാത്തത് | കറവ ഉള്ളത് | കറവ ഇല്ലാത്തത് | കറവ ഉള്ളത് | കറവ ഇല്ലാത്തത് | | | |
| | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| I | – | 3 | – | 12 | | – | 955 | 450 | 5 | – | 48 | 916 | 250 |
| II | – | 22 | – | – | 5 | – | 275 | [illegible] | 3 | – | 32 | 515 | 150 |
| III | – | 24 | – | 5 | 8 | – | 242 | [illegible] | 5 | 1 | 24 | 422 | 200 |
| IV | – | 36 | – | 6 | 12 | – | 251 | [illegible] | – | – | 18 | 414 | 200 |
| V | – | 34 | – | 7 | 0 | – | 189 | 95 | – | – | 22 | 210 | 350 |
| VI | – | 26 | – | 4 | 7 | – | 221 | 112 | – | – | 16 | 112 | 200 |
| VII | – | 32 | – | 3 | 8 | – | 312 | 95 | – | – | 16 | 214 | 450 |
| VIII | – | 24 | – | 12 | 7 | – | 412 | 140 | – | – | 24 | 116 | 300 |

പഞ്ചായത്തിലെ 35%ത്തോളം ആളുകൾ കാലിവളർത്തുന്നവരാണ്. സ്വന്തം ആവശ്യങ്ങൾക്കുവേണ്ടി വളർത്തുന്നവരാണ് കൂടുതലും. വ്യാവസായികാടിസ്ഥാനത്തിൽ വളർത്തുന്നവർ ഇല്ലായെന്നു പറയാം. വളർത്തുന്നവയിൽ പകുതിയോളം സങ്കരയിനത്തിൽപ്പെട്ടവയാണ്. സങ്കരഇനം കാലികളെ വളർത്തുന്നതിനുള്ള ചെലവ് വളരെ കൂടുതലാണ്. ചെലവുകുറഞ്ഞ രീതിയിൽ വീട്ടിൽ വളർത്താൻ കഴിയുന്ന മൃഗം എന്ന നിലയിൽ കൂടുതലും ആടുവളർത്തലാണ്. നിലമേൽ പഞ്ചായത്തിൽ രണ്ട് പാൽ സൊസൈറ്റികൾ ഉണ്ടെങ്കിലും നമ്മുടെ പഞ്ചായത്തിന്റെ എല്ലാമേഖലകളിലും ഇതിന്റെ പ്രവർത്തനം എത്തുന്നില്ല. പഞ്ചായത്തിലേക്കാവശ്യമായ പാലുല്പാദനം ഇവിടെ നടക്കുന്നില്ല. മിൽമയെ ആശ്രയിക്കുന്നവരും ധാരാളമുണ്ട്. എന്നാൽ ഉല്പാദിപ്പിക്കുന്ന പാൽ യഥാസമയം ഉപഭോക്താക്കളിൽ എത്തുന്നതിനുള്ള സൗകര്യം കുറവാണ്. പാൽ സംഭരണം കൂടുതലുള്ളത് കൈതോട് ക്ഷീരസഹകരണസംഘമാണ്.

### ക്ഷീര സഹകരണസംഘങ്ങൾ

| ക്രമ നമ്പർ | മൊത്തം ശേഖരിക്കുന്നപാൽ | പഞ്ചായത്തി തന്നെ വിൽക്കുന്നത് | പുറത്തേക്കു അയക്കുന്നത് |
|---|---|---|---|
| | ലിറ്റർ | ലിറ്റർ | ലിറ്റർ |
| | 1 | 2 | 3 |
| 1 | നിലമേൽ ക്ഷീരസഹകരണസംഘം | | |
| | ദിവസവം 34 ലിറ്റർ മാസം 1020 ലിറ്റർ | 34 ലിറ്റർ മാസം 1020 ലിറ്റർ | ഇല്ല |
| 2 | കൈതോട് ക്ഷീരസഹകരണസംഘം | | |
| | ദിവസം 150 ലിറ്റർ മാസം 4500 ലിറ്റർ | 40 ലിറ്റർ 1200 ലിറ്റർ | 1110 ലിറ്റർ 3300 ലിറ്റർ |

ഈ പഞ്ചായത്തിലെ 90% ആളുകളും ഇറച്ചി ഉപയോഗിക്കുന്നവരാണ്. ഇതിനുവേണ്ടി പക്ഷിമൃഗാദികളെ അന്യദേശങ്ങളിൽ നിന്നുമാണ് കൊണ്ടുവരുന്നത്. വ്യാവസായികാടിസ്ഥാനത്തിൽ നമ്മുടെ പഞ്ചായത്തിൽ പക്ഷിമൃഗാദികളെ വളർത്തിയാൽ ഗുണമേന്മയുള്ള മാംസം കിട്ടുന്നതിനും സാധിക്കും. ഈ പഞ്ചായത്തിൽ ഒരു കശാപ്പു ശാലയുണ്ട്. വളരെക്കൂടുതൽ കശാപ്പുകൾ നടക്കുന്നതുകൊണ്ട് നിലവിലുള്ള അറവുശാലയും ടാങ്കും കുറച്ചു കൂടി വിപുലപ്പെടുത്തേണ്ടതും, കശാപ്പുശാലയും പരിസരവും വൃത്തിയാക്കുന്നതിനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കുകയും വേണം.

പഞ്ചായത്തിൽ വ്യാവസായികാടിസ്ഥാനത്തിൽ കോഴിവളർത്തൽ ഇല്ല. ഭൂരിഭാഗം വീടുകളിലും കോഴിവളർത്തലുണ്ട്. എന്നാൽ ഇറച്ചിക്കുവേണ്ടി വൻതോതിൽ കോഴികളെ അന്യപ്രദേശങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുന്ന സ്ഥിതിയാണുള്ളത്. കോഴിവളർത്തലിന് വൻസാധ്യതയുള്ള മേഖലയാണിത്. അപൂർവം വീടുകളിൽ മുട്ടയ്ക്കും ഇറച്ചിക്കും വേണ്ടി താറാവിനെ വളർത്തുന്നുണ്ട്. മുഖ്യമായും കൗതുകത്തിനുവേണ്ടിയാണ് മുയലിനെ വളർത്തുന്നത്. പ്രത്യുൽപ്പാദന നിരക്കിൽ വളരെക്കൂടുതലായതുകൊണ്ട് ഇറച്ചി ആവശ്യത്തിന് മുയലിനെ വളർത്തുന്നത് ലാഭകരമായിരുക്കും.

ഈ പഞ്ചായത്തിലെ മൃഗസംരക്ഷണ രംഗത്തെ സേവനങ്ങൾ നടപ്പിലാക്കുന്നതിന് വേണ്ടി ആകെയുള്ളത് ഒരു ആശുപത്രിയും രണ്ട് സബ്സെന്ററുകളുമാണ്. 1991 ലാണ് മൃഗാശുപത്രി സ്ഥാപിതമായത്. 1994 ൽ കൈതോട് ICDP സബ്സെന്ററും 1993ൽ മുരുക്കുമൺ ICDP സബ്സെന്ററും സ്ഥാപിതമായി.

മൃഗാശുപത്രി ആരംഭിച്ചിട്ട് അഞ്ചുവർഷമായെങ്കിലും ഇന്നും വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. കൃത്രിമ ബീജസങ്കലനം, കന്നുകാലികൾക്കും, പക്ഷികൾക്കുമുള്ള രോഗപ്രതിരോധ കുത്തിവയ്പുകൾ എന്നിവയ്ക്കുള്ള സൗകര്യം ഈ മൃഗാശുപത്രിയിലുണ്ട്. പേപ്പട്ടിശല്യം പലപ്പോഴും ഉണ്ടാകാറുണ്ട്. മൂന്നുമാസത്തിലൊരിക്കൽ അലഞ്ഞുതിരിഞ്ഞു നടക്കുന്ന പട്ടികളെ പിടിക്കുകയും അവയെ നശിപ്പിക്കുകയും ചെയ്യണം. വളർത്തുനായ്ക്കൾക്ക് ലൈസൻസിംഗ് സമ്പ്രദായം നിർബന്ധിതമാക്കണം.

കാലികളിൽ പൊതുവെ കണ്ടുവരുന്ന രോഗങ്ങൾ അകിടുവീക്കം, കുളമ്പുരോഗം, ഉദരരോഗം, പനി, വന്ധ്യത, ത്വക്കുരോഗം, ശ്വാസകോശസംബന്ധമായ രോഗങ്ങൾ, പകർച്ചവ്യാധികൾ എന്നിവയാണ്. രോഗപ്രതിരോധനടപടികളെ സംബന്ധിച്ചും, ശുചിത്വത്തെ സംബന്ധിച്ചും കാലി കർഷകരിൽ നിലനില്ക്കുന്ന അറിവില്ലായ്മ രോഗങ്ങൾ തുടക്കത്തിലേ ചികിത്സിച്ചു മാറ്റുന്നതിന് തടസ്സമാകുന്നു.

ഇരുപത്തഞ്ചോളം ഗോബർഗ്യാസ് പ്ലാന്റുകൾ പലഘട്ടങ്ങളിലായി ഈ പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുണ്ടെങ്കിലും പലതും പ്രവർത്തനക്ഷമമല്ല. കൂടുതൽ പ്ലാന്റു

കൾ സ്ഥാപിക്കുന്നതിനുള്ള സാധ്യത ഈ പഞ്ചായത്തിലുണ്ടെങ്കിലും കർഷകരിലെ ഇതു സംബന്ധിച്ച അജ്ഞതയാണ് പ്രധാന തടസ്സം. ഒരു വീട്ടിലെ പാചകത്തിന് വേണ്ടുന്ന ഇന്ധനത്തിന്റെ വലിയൊരു പങ്ക് ഇതുമൂലം സാധിക്കും. അതുപോലെ വെളിച്ചത്തിനുപകരിക്കുകയും ചെയ്യും.

കൃഷിക്കാവശ്യമായ ജൈവ വളത്തിന്റെ വലിയ പങ്ക് നിറവേറ്റാൻ കാലിവളർത്തലിലൂടെ കഴിയുമെങ്കിലും പൊതുവിൽ കൃഷി ആദായകരമല്ലാതായതോടെ കാലി കൃഷിക്കും മാന്ദ്യം സംഭവിച്ചു.

പ്രധാന പ്രശ്നങ്ങൾ

1. ഗുണനിലവാരമുള്ള തീറ്റയുടെ ദൗർലഭ്യവും അനിയന്ത്രിതമായ വിലയും.
2. മൃഗാശുപത്രയിലെ ചികിത്സാ സൗകര്യങ്ങളുടെ അപര്യാപ്തത.
3. ഭാരിച്ച ചികിത്സാ ചെലവ്.
4. വായ്പ നല്കുന്നതിനുള്ള ധനകാര്യസ്ഥാപനങ്ങളുടെ വിമുഖത.
5. ഇൻഷ്വറൻസ് പരിരക്ഷയുടെ അപര്യാപ്തത.
6. അശാസ്ത്രീയമായ മാംസോൽപ്പാദന വിപണന രീതി.
7. സമഗ്ര പേവിഷ നിയന്ത്രണത്തിന്റെ തുടർ പരിപാടിയുടെ ജഭാവം.
8. കുറഞ്ഞ വനിതാപങ്കാളിത്തം
9. സാങ്കേതിക പരിജ്ഞാനമില്ലാത്തവരുടെ മൃഗചികിത്സ.
10. കാലികളെ കുളിപ്പിക്കുന്നതിനുള്ള അസൗകര്യം.
11. ഗുണനിലവാരമുള്ള പക്ഷികളുടെ ദൗർലഭ്യം.
12. കന്നുകുട്ടിപരിപാലനപദ്ധതി നടപ്പിലാക്കുക.
13. ഗുണനിലവാരമുള്ള മാംസത്തിന്റെ അഭാവം
14. തീറ്റപ്പുൽ കൃഷിയുടെ ജനവിഷ്യം
15. കശാപ്പു ചെയ്യുന്നതിനുള്ള കാലികളുടെ പരിശോധനാ സമ്പ്രദായം ഇല്ലായ്മ.

സാധ്യതകൾ, നിർദ്ദേശങ്ങൾ

1 നിലമേൽ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് മൊത്തം പ്രവർത്തനാധികാരമുള്ള ക്ഷീരവ്യവസായ സഹകരണ സംഘം രൂപീകരിക്കുക. ഓരോ വാർഡിലും ഓരോ പാൽ വിപണന ശേഖരണകേന്ദ്രങ്ങൾ സ്ഥാപിക്കുക. ഉല്പാദിപ്പിക്കപ്പെടുന്ന മുഴുവൻ പാലും സംഭരിക്കുക. വിതരണത്തിനുശേഷം മിച്ചം വരുന്ന പാൽ ഉപയോഗിച്ച് ക്ഷീരോല്പന്നങ്ങൾ ഉണ്ടാക്കുകയും വിതരണം ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുകയും ചെയ്യുക.

2 മേൽ സൂചിപ്പിച്ച സഹകരണസംഘം മുഖേന കുറഞ്ഞ വിലയ്ക്ക് കാലിത്തീറ്റ ലഭ്യമാക്കുകയും തീറ്റപ്പുൽ കൃഷിക്ക് വിത്തും വളവും സൗജന്യനിരക്കിൽ ലഭ്യമാക്കുകയും ചെയ്യുക.

3 പഞ്ചായത്തിന്റെ വലിയ വഴി, ചാറയം, നെട്ടയം, പെരുങ്കുന്നം എന്നീ മേഖലകളിൽ ഓരോ ICDP സബ്സെന്റർ സ്ഥാപിക്കുക. മൃഗാശുപത്രിയിലും സബ്സെന്ററുകളിലും അവശ്യം മരുന്നുകൾ ലഭ്യമാക്കുകയും ജീവനക്കാരുടെ അപര്യാപ്തത പരിഹരിക്കുകയും ചെയ്യുക. ക്ഷീര സഹകരണ സംഘങ്ങളിൽ അംഗങ്ങളായിട്ടുള്ളവർക്ക് ചികിത്സാ ചെലവിന്റെ ഒരു ഭാഗം സഹായധനമായി നൽകിയാൽ ഈ രംഗത്ത് ചെലവ് കുറയ്ക്കാൻ കഴിയും.

4 സഹകരണാടിസ്ഥാനത്തിൽ കോഴികുഞ്ഞുൽപ്പാദന കേന്ദ്രം സ്ഥാപിക്കുക. DWCRA പോലുള്ള യൂണിറ്റുകളോ വനിതാസഹകരണ സംഘങ്ങളോ വഴി വനിതകൾക്ക് സാമ്പത്തിക സഹായവും ബോധവൽക്കരണവും നൽകി ഇത് നടത്താവുന്നതാണ്. ഇത് വനിതകൾക്ക് വരുമാനമുണ്ടാക്കുന്നതിന് സഹായകരമാകും.

5 ഗോരക്ഷാക്യാമ്പുകൾ ഫലപ്രദമായി നടത്തുക. കാലികൾക്കും പക്ഷികൾക്കും ഉണ്ടാകുന്ന രോഗത്തെക്കുറിച്ച് ജനങ്ങളിൽ ഫലപ്രദമായ രീതിയിൽ ബോധവൽക്കരണം നടത്തുക. ചർച്ചാക്ലാസുകളും സെമിനാറുകളും സംഘടിപ്പിക്കുക. കുളമ്പുപനി, ഉരുക്കൾക്കുണ്ടാകുന്ന പകർച്ചവ്യാധികൾ, കാലിവസന്ത, ചങ്കടപ്പൻ എന്നിവയ്ക്കെതിരെ യഥാസമയം കുത്തിവയ്പ്പുകൾ നടത്തുക.

6 മൃഗങ്ങളുടെ പരിചരണത്തെ ക്കറിച്ച് ജനങ്ങളെ ബോധവാന്മാരാക്കുക.

7 സങ്കരഇനം പശുക്കുട്ടികൾക്ക് സൗജന്യനിരക്കിൽ കാലിത്തീറ്റ മരുന്ന്, ഇൻഷ്വറൻസ് സൗകര്യം എന്നിവ നൽക്കുക.

8 എഗ്ഗർ നഴ്സറി: ഒരു ദിവസം പ്രായമുള്ള കോഴിക്കുഞ്ഞുങ്ങളെ സൗജന്യനിരക്കിൽ നല്ക്കുക.

9 ഇറച്ചി ആവശ്യത്തിന് മുയലിനെ വളർത്തുന്നതിന് വേണ്ടി സാമ്പത്തികസഹായം നല്ക്കുകയും മുയൽക്കുഞ്ഞുങ്ങളെ ലഭ്യമാക്കുകയും വേണം. സ്കൂൾ കുട്ടികൾ വഴി മുയൽക്കുഞ്ഞുങ്ങളെ നല്കിയും ഇത് നടപ്പാക്കാവുന്നതാണ്.

10 ഇറച്ചിക്കോഴി, താറാവ് എന്നിവ വളർത്തുന്നതിന് സാമ്പത്തിക സഹായവും പ്രോത്സാഹനവും നല്ക്കുക.

11 പൗൾട്രിഫാമുകൾ സ്ഥാപിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക.

12 കാലികളെ കശാപ്പുചെയ്യുന്നതിനുമുൻപ് പരിശോധനാ സമ്പ്രദായം ഏർപ്പെടുത്തുക. ഇതിനുള്ള അധികാരം പഞ്ചായത്തിന് നല്കുക.

13 അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന മൃഗങ്ങളിൽ രോഗ പ്രതിരോധ കുത്തിവയ്പ് നടത്തിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുക.

14. മൃഗാശുപത്രിയിൽ ആധുനിക ചികിത്സാസമ്പ്രദായം ഏർപ്പെടുത്തുക. 500 പശുക്കൾക്ക് ഒരു ICDP സബ്സെന്റർ വീതം സ്ഥാപിക്കുക.

15. ഭ്രൂണമാറ്റപദ്ധതി പഞ്ചായത്തിൽ നടപ്പിലാക്കുക. അകിടുവീക്ക നിയന്ത്രണസെൽ പഞ്ചായത്തിൽ രൂപീകരിക്കുക.

16. കോഴികൾക്കുള്ള പ്രതിരോധകുത്തിവയ്പ് മഹിളാസമാജങ്ങളിൽ കൂടിയും നടപ്പിലാക്കുക.

17. കന്നുകുട്ടി പരിപാലനപദ്ധതി നിലമേൽ പഞ്ചായത്തിൽ കൂടി നടപ്പിലാക്കുക.

18. വളർത്തുനായ്ക്കൾക്ക് ലൈസൻസിംഗ് സമ്പ്രദായം ഏർപ്പെടുത്തുക. അലഞ്ഞുതിരിയുന്ന നായ്ക്കളെ നശിപ്പിക്കുവാനുള്ള പരിപാടി സമഗ്രമായി നടപ്പിലാക്കുക. പേവിഷനിയന്ത്രണസെൽ പഞ്ചായത്തിൽ നടപ്പിലാക്കുക. ആടുവളർത്തൽ ഈ പഞ്ചായത്തിൽ ലാഭകരമായി നടത്താൻ കഴിയും. കോഴിവളർത്തൽ യൂണിറ്റുകൾ സഹകരണാടിസ്ഥാനത്തിൽ നടപ്പിലാക്കുക.

19. ബാങ്കുവായ്പാസൗകര്യം ഈ മേഖലയിൽ മെച്ചപ്പെടുത്തുക.

| No | പശു | 2017 |
|---|---|---|
| 1 | കറവയുള്ളത് | |
| 2 | കറവ ഇല്ലാത്തത് | 1275 |
| 3 | കന്നുകുട്ടികൾ | 1600 |
| 4 | എരുമ | 11 |
| 5 | കാള | 49 |
| 6 | ആട് | 2921 |
| 7 | കോഴി | 8397 |
| 8 | താറാവ് | 301 |
| 9 | പോത്ത് | 202 |

20. ശാസ്ത്രീയമായ കറവപരിശീലനം നല്കുക.

21. പ്രാകൃതവും ക്രൂരവുമായ അറവ് നിയന്ത്രിക്കുകയും, അശാസ്ത്രീയവും ബീഭത്സവുമായ വഴിയോര വില്പന അവസാനിപ്പിക്കുകയും ചെയ്യുക.

### വളർത്തുമൃഗങ്ങളും പക്ഷികളും

### മത്സ്യമേഖല

നിലമേൽ പഞ്ചായത്തിൽ പുഴകളോ കായലുകളോ കടലോ ഇല്ലാത്തതിനാൽ ഇവിടെ മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് ആരും തന്നെയില്ല. എന്നാൽ മത്സ്യവിപണനത്തിലേർപ്പെട്ട് പണിയെടുക്കുന്ന അസംഘടിതരായ ധാരാളം ആളുകൾ ഉണ്ട്.

ഉൾനാടൻ മത്സ്യകൃഷിക്ക് നമ്മുടെ പഞ്ചായത്തിൽ വളരെയധികം സാധ്യതകളുണ്ട്. പഞ്ചായത്തിന്റെയും വ്യക്തികളുടേതുമായ 40 കുളങ്ങളും ഒരു ചിറയുമുണ്ട്. സഹകരണാടിസ്ഥാനത്തിൽ മത്സ്യകൃഷി നടത്തുന്നത് പ്രയോജനകരമായിരിക്കും.

### സാധ്യതകളും നിർദ്ദേശങ്ങളും

1. ആവശ്യമായ മത്സ്യക്കുഞ്ഞുങ്ങളെ സൗജന്യമായി വിതരണം ചെയ്യുക.
2. മത്സ്യകൃഷിയെക്കുറിച്ചുള്ള ബോധവൽക്കരണം നടത്തുക.
3. ആവശ്യമായ സാമ്പത്തിക സഹായം നല്കുക.
4. പഞ്ചായത്തിലെ എല്ലാകുളങ്ങളിലും അത്യുൽപാദന ശേഷിയുള്ള മത്സ്യക്കുഞ്ഞുങ്ങളെ ഏകീകൃത രൂപത്തിൽ വളർത്തുക.
5. മത്സ്യക്കുഞ്ഞുങ്ങളെ പഞ്ചായത്തിന്റെ സഹായത്തോടുകൂടി സംഭരിച്ച് നല്കുക. മത്സ്യകൃഷിക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തുക. ഇതിന്റെ പകുതി തുക പഞ്ചായത്തും പകുതി ഉടമകളിൽ നിന്നും ഈടാക്കുക.
6. അസംഘടിതരായ മത്സ്യവിപണന തൊഴിലാളികളുടെ സഹകരണസംഘം രൂപീകരിച്ച് പ്രവർത്തനക്ഷമമാക്കുക.
7. ഇത് ഉപഭോക്താക്കളെ വലിയ മത്സ്യക്കച്ചവടക്കാരുടെ ചൂഷണത്തിൽ നിന്നും രക്ഷിക്കുവാനും കഴിയും.

# വ്യവസായം

നിലമേൽ ഗ്രാമപഞ്ചായത്ത് വ്യവസായികമായി വളരെ പിന്നോക്കം നില്ക്കുന്ന പ്രദേശമാണ്. വ്യവസായവല്കരണത്തിന്റെ പ്രാധാന്യം വേണ്ടത്ര ഉൾക്കൊള്ളാൻ കഴിയാതെ പോയതും വ്യവസായത്തെക്കുറിച്ചുള്ള ധാരണയില്ലായ്മയുമാണ് ഭൂരിപക്ഷത്തേയും ഈ മേഖലയിലേക്ക് ആകർഷിക്കാതിരുന്നത്. മറ്റൊരർത്ഥത്തിൽപ്പറഞ്ഞാൽ കാർഷിക മേഖലയേയാണ് അവർ കൂടുതൽ ശ്രദ്ധിച്ചിരുന്നത്. ഈ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് നമ്മുടെ പഞ്ചായത്തിന്റെ പ്രത്യേകതകൾ കണക്കിലെടുത്തുകൊണ്ടുള്ള പുത്തൻ വ്യവസായങ്ങൾ കഴിയുന്നത്ര തുടങ്ങുകയെന്നതാണ് നമ്മുടെ മുന്നിലെ അടിയന്തിരകടമ.

പരമ്പരാഗത വ്യവസായമേഖലയിൽ 30 വർഷങ്ങൾക്ക് മുമ്പ് ഒരു സ്വകാര്യവ്യക്തി ആരംഭിച്ച കശുവണ്ടി ഫാക്ടറിയും അടുത്ത കാലത്ത് ഈ രംഗത്താരംഭിച്ച മറ്റൊരെണ്ണവുമാണ് പഞ്ചായത്തിലെ പ്രധാനപ്പെട്ട വ്യവസായങ്ങൾ. ആധുനിക, ഇടത്തരം വ്യവസായങ്ങൾ ഒന്നും തന്നെയില്ല. ഏതാനും ചെറുകിടവ്യവസായങ്ങളും പഞ്ചായത്തിലുണ്ട്. (അവ പലതും SSI യൂണിറ്റോ – സ്വയം തൊഴിൽ സംരംഭങ്ങളോ ആണ്) വ്യവസായത്തെ സംബന്ധിച്ചുള്ള വിശദവിവരത്തിന് പട്ടിക നോക്കുക.

9–ാം പദ്ധതിയുമായി ബന്ധപ്പെട്ടു കൂടി മുഴുവൻ ഗ്രാമസഭകളിൽ വ്യവസായത്തെപ്പറ്റി വിശദവും പഠ

| ക്രമ നമ്പർ | ഇന വിവരം | എണ്ണം | തൊഴിലാളികൾ |
|---|---|---|---|
| 1 | കശുവണ്ടി ഫാക്ടറി | 2 | 350 |
| 2 | സാമിൽ | 3 | 12 |
| 3 | റൈസ് മിൽ | 9 | 9 |
| 4 | സർവ്വീസ് സ്റ്റേഷൻ | 1 | 4 |
| 5 | പ്രിന്റിംഗ് പ്രസ്സ് | 2 | 4 |
| 6 | ലെയിത്ത് | 3 | 15 |
| 7 | ആട്ടോവർക്ക് ഷോപ്പ് | 3 | 12 |
| 8 | മോട്ടോർ വാഹന ബോഡി | 1 | 5 |
| | നിർമ്മാണ യൂണിറ്റ് | 1 | 5 |
| 9 | ആട്ടോ ഇലക്ട്രിക്കൽ | 1 | 7 |
| 10 | ടയർ റീട്രേഡിംഗ് | 1 | 3 |
| 11 | ചുടുകട്ട വ്യവസായം | 2 | 15 |
| 12 | ഫർണീച്ചർ യൂണിറ്റ് | 3 | 6 |
| 13 | പർപ്പട യൂണിറ്റ് | 1 | 4 |
| 14 | ഇഞ്ചിനിയറിംഗ് | 1 | 3 |
| 15 | റബർ ബാന്റ് നിർമ്മാണം | 1 | പ്രവർത്തിക്കുന്നില്ല |

നാർഹവുമായ ചർച്ചകൾ നടക്കുകയുണ്ടായി. വ്യവസായത്തിന്റെ ആവശ്യകതയെക്കുറിച്ചും അതിലൂടെ കൈവരിക്കാൻ കഴിയുന്ന പുരോഗതിയെക്കുറിച്ചു ജനങ്ങൾ മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ രൂപപ്പെട്ട ചില സംഗതികളാണ് ചുവടെ ചേർക്കുന്നത്.

### പ്രശ്നങ്ങൾ

വ്യവസായവല്ക്കരണത്തിൽ പഞ്ചായത്ത് വളർച്ച പ്രാപിക്കാത്തതിന്റെ ചില പ്രധാന കാരണങ്ങൾ താഴെ പ്പറയുന്നവയാണ്.

1. പഞ്ചായത്തിൽ ഏറ്റവും കൂടുതൽ ഉല്പാദിക്കപ്പെടുന്ന റബ്ബർകൊണ്ടുള്ള വ്യവസായങ്ങൾ (റബ്ബറധിഷ്ഠിത) ഒന്നും തന്നെയില്ല.
2. തോട്ടണ്ടിയുടെ ലഭ്യതക്കുറവുകാരണം കശുവണ്ടി ഫാക്ടറികൾ മിക്കപ്പോഴും പ്രവർത്തിക്കുന്നില്ല.
3. സുലഭമായി ലഭിക്കുന്ന നാളികേരമുപയോഗിച്ച് ഏതെങ്കിലും വ്യവസായം ആരംഭിക്കാൻ കഴിയാത്തത്.
4. വ്യവസായത്തിനാവശ്യമായ വൈദ്യുതിയുടെ അഭാവം പവർക്കട്ട്, ലോഡ്ഷെഡ്ഡിംഗ്, വോൾട്ടേജ് ക്ഷാമം ഉൾപ്പടെയുള്ള ഊർജ്ജ പ്രതിസന്ധി.
5. പാരമ്പര്യ കുടിൽ വ്യവസായങ്ങളുടെ തകർച്ച. ഉദാ: (മൺപാത്രനിർമ്മാണം, പനമ്പ് - തഴപ്പായനെയ്ത്ത്, ഈറ്റ, മുള തുടങ്ങിയ കൊണ്ടുള്ള ഉല്പന്നങ്ങൾ)
6. വനിതകളുടെ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കാൻ കഴിയാത്തത്.
7. ഗതാഗതരംഗത്തെ ശോച്യാവസ്ഥയും വിപണന സാദ്ധ്യത കുറവും.
8. ശാസ്ത്രീയമായ ബോധവല്ക്കരണത്തിന്റെ അപര്യാപ്തതയും സാങ്കേതിപരിജ്ഞാനത്തിന്റെ കുറവും.
9. വ്യവസായസംരംഭകർക്ക് ഗവ: വിവിധ ഏജൻസികളും ഷെഡ്യൂൾസ്, കോമേഴ്സ്യൽ, സഹകരണ ബാങ്കുകളും വായ്പകൾ നല്കാറുണ്ടെങ്കിലും ഇതു നേടിയെടുക്കാനുള്ള കാലതാമസവും ഉയർന്ന പലിശനിരക്കും.
10. ലൈസൻസിംഗ് സമ്പ്രദായത്തിലെ സാങ്കേതിക ബുദ്ധിമുട്ടുകൾ
11. പല കാരണങ്ങളാൽ മുടങ്ങിപ്പോകുന്ന വ്യവസായങ്ങൾ പുന: സംഘടിപ്പിക്കാൻ കഴിയാത്തത്.
12. അഭ്യസ്തവിദ്യരായ നൂറുകണക്കിനു യുവതീയുവാക്കൾ പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിലുണ്ടെങ്കിലും സഹകരണാടിസ്ഥാനത്തിലോ, ഖാദി വില്ലേജ് ഇൻഡസ്ട്രീസുമായി ബന്ധപ്പെട്ടോ - ഒരു വ്യവസായം പോലും പഞ്ചായത്തിലില്ല.
13. ഗൾഫ് പണത്തിന്റെ ചെറിയ ശതമാനം പോലും വ്യവസായത്തിനായി വിനിയോഗിക്കാൻ കഴിയാത്തത്.

### സാദ്ധ്യതകൾ

#### റബ്ബറധിഷ്ഠിത വ്യവസായം

പഞ്ചായത്തിൽ ഏറ്റവും കൂടുതൽ ഉല്പാദിപ്പിക്കുന്നത് റബ്ബറാണ്. അതുകൊണ്ട് തന്നെ റബ്ബറധിഷ്ഠിത വ്യവസായം തുടങ്ങുന്നതിനാവശ്യമായ അസംസ്കൃത വസ്തുക്കൾ പഞ്ചായത്തു തലത്തിൽ ധാരാളം ലഭ്യമാണ്. ഏകദേശം 300 ഹെക്ടറിൽ റബ്ബർ ഉല്പാദിപ്പിക്കപ്പെടുന്നു. വ്യവസായിക രംഗത്തു പുതിയ മുന്നേറ്റം കുറിക്കുന്നതിന് റബ്ബറും അതിന്റെ ഉപോല്പന്നങ്ങളെയും ബന്ധപ്പെടുത്തിയുള്ള വ്യവസായം തുടങ്ങുവാൻ എല്ലാവിധ സാഹചര്യങ്ങളുമുണ്ട്. റബ്ബർ തടി ആവശ്യാനുസരണം ലഭ്യമാക്കുന്നതിനാൽ റബ്ബർ തടി സംസ്കരണ യൂണിറ്റ് തുടങ്ങാവുന്നതാണ്. സ്ക്രാപ്പ് സംസ്കരിച്ച് ക്രീപ്പും, ക്രമ്പും നിർമ്മിക്കുന്നതിനു കഴിയും. ഇത് ടയർ വ്യവസായത്തിനും, റബ്ബർ ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിനും അത്യാവശ്യ ഘടകമാണ്.

#### കൊപ്രാ സംഭരണം സംസ്ക്കരണം

നാളികേരം ധാരാളമായി ലഭിക്കുന്നതിനാൽ വ്യവസായികാടിസ്ഥാനത്തിൽ കൊപ്രാ പിണ്ണാക്ക് കൊണ്ട് കാലിത്തീറ്റ, കോഴിത്തീറ്റ എന്നിവ ഉല്പാദിപ്പിക്കുന്നതിന് കഴിയും. ഈ പ്രദേശത്തെ ജനങ്ങൾക്ക് ആവശ്യമായ വെളിച്ചണ്ണ ഉല്പാദിപ്പിക്കുന്നതിനും ഇതുമൂലം സാധിക്കും. കൂടാതെ ചിരട്ട കൊണ്ട് കരകൗശലവസ്തുക്കൾ ഉണ്ടാക്കുന്നതിനും തേങ്ങാവെള്ളത്തിൽ നിന്നും ശീതളപാനീയം നിർമ്മിക്കുന്നതിനും സാധിക്കുന്നതാണ്. റബ്ബർ കഴിഞ്ഞാൽ ഈ പ്രദേശത്ത് ഏറ്റവും കൂടുതൽ തെങ്ങുകളാണുള്ളത്, അതിനാൽ ഒരു നാളീകേര കോപ്ലക്സിനുള്ള സാധ്യതയും തള്ളിക്കളയാവുന്നതല്ല.

#### അടയ്ക്ക സംഭരണം സംസ്ക്കരണം

ധാരാളമായി കമുക് കൃഷി ചെയ്തിരുന്ന പ്രദേശമാണിത്. എന്നാൽ ഇന്ന് അവയെല്ലാം അന്യം നിന്നുപോകുന്ന സ്ഥിതിയിലായിട്ടുണ്ട്. എങ്കിലും ഒരു അടയ്ക്കാ സംസ്ക്കരണ യൂണിറ്റ് പഞ്ചായത്തടിസ്ഥാനത്തിൽ ആരംഭിക്കാവുന്നതാണ്. അടയ്ക്കയിൽ നിന്നും ലഭിക്കുന്ന നീര് വ്യാപകമായ രീതിയിൽ പെയിന്റ് നിർമ്മാണത്തിനാവശ്യമാണ്. കൂടാതെ അടയ്ക്കയുടെ നീരെടുത്ത ശേഷമുള്ള ഭാഗം വാസനപാക്ക് (റോജാ

പാക്ക് പോലെ) നിർമ്മാണത്തിനും ഉപയോനിക്കാവുന്നതാണ്.

**കശുവണ്ടി**

വ്യാവസായികാടിസ്ഥാനത്തിൽ കശുമാവ് കൃഷി പ്രോത്സാഹിപ്പിക്കേണ്ടതാവശ്യമാണ്. ധാരാളം കശുമാവുകൾ ഉണ്ടായിരുന്ന പ്രദേശമായിരുന്നിവിടം. റബ്ബറിന്റെ കടന്നു കയറ്റത്തിൽ അവ കാലഹരണപ്പെട്ടുപോയി. കശുവണ്ടി മേഖലയുടെ നിലനില്പ് പരുങ്ങലിലായിരിക്കുകയാണ്. അനേകം തൊഴിലാളികൾ പണിയെടുത്തുകൊണ്ടിരുന്ന ഒരു മേഖലയാണിത്. അതിനാൽ കശുമാവ് കൃഷി വ്യാപകമാക്കി കശുവണ്ടി മേഖലയെ സംരക്ഷിക്കുന്നതിനും അതിലൂടെ ഗ്രാമപ്രദേശങ്ങളിലുള്ള സ്ത്രീകൾക്ക് തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിനും സാധിക്കും.

**ജൈവവള നിർമ്മാണം**

കൃഷിക്ക് പ്രാമുഖ്യംകൊടുക്കുന്ന പ്രദേശമായതിനാൽ ചിലവുകുറഞ്ഞ രീതിയിൽ ജൈവവളം നിർമ്മിക്കുകയും വിതരണം ചെയ്യുകയും ചെയ്താൽ കർഷകർക്ക് അതൊരാശ്വാസമാകുന്നതാണ്. രാസവളത്തിന്റെ വർദ്ധിച്ച വില നിലവാരം മൂലം കർഷകർ വളരെയേറെ ബുദ്ധിമുട്ടനുഭവപ്പെടുന്ന ഈ അവസ്ഥയിൽ പഞ്ചായത്തടിസ്ഥാനത്തിൽ ഒരു ജൈവവളം നിർമ്മാണശാല അത്യാവശ്യമാണ്. ഈ പ്രദേശത്തു നിന്നും ലഭിക്കുന്ന ഉപയോഗശൂന്യമായ പാഴ്‌വസ്തുക്കൾ കൊണ്ട് യഥേഷ്ടം ജൈവവളം നിർമ്മിക്കുവാൻ സാധിക്കും.

**ചെറുകിട വ്യാവസായിക സംരംഭം**

ഈ പഞ്ചായത്തിൽ അനേകം വിദഗ്ദരായ ആൾക്കാർ (പല ജോലികളിലും വിദഗ്ദരായവർ ഉദാ: ITi, ITC, POLY എന്നിവയിൽ പഠിച്ചു പുറത്തുവന്നവർ) ഉള്ളതിനാൽ സ്വയം തൊഴിൽ സംരംഭമെന്ന നിലയിൽ ഒരു MINI Industrial Estate സ്ഥാപിച്ചാൽ അവർക്ക് ധാരാളം തൊഴിലവസരങ്ങൾ ലഭ്യമാകുകയും അതു മുഖേന തൊഴിലില്ലായ്മയ്ക്ക് പരിഹാരം കാണുന്നതിനും സാധിക്കും.

**റെഡിമെയ്ഡ് വസ്ത്രനിർമ്മാണം**

തൊഴിലില്ലാത്ത അനേകം സ്ത്രീകൾ-തയ്യൽ അറിയാവുന്നവർ-ഈ പഞ്ചായത്തിലുണ്ട്. അവർക്ക് സഹായകമെന്ന നിലയിൽ കയറ്റുമതിലാക്കോടു കൂടിയ റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം ഇവിടെ ആരംഭിക്കാവുന്നതാണ്.

**പാറക്വാറി**

ധാരാളം തൊഴിൽ സാധ്യതയുള്ള മറ്റൊരു മേഖലയാണ് പാറക്വാറി. പഞ്ചായത്തിന്റെ മിക്ക ഭാഗങ്ങളിലും പാറധാരാളം ലഭ്യമാണ്. അതിനാൽ ഇതോടനുബന്ധിച്ച് ക്രഷർ യൂണിറ്റ് തുടങ്ങാനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും കഴിയുന്നതാണ്. പാറ പാളികളാക്കി മാർബിൾ നിർമ്മിക്കാം. സിമന്റിന്റെ വില കുതിച്ചു കയറുന്ന ഈ കാലത്ത് പാറപ്പൊടി ഉപയോഗിക്കുകയും സിമന്റിന്റെ ഉപഭോഗം കുറയ്ക്കുകയും ചെയ്യാം. ഏറ്റവും കുറഞ്ഞ മുതൽ മുടക്കിൽ നൂറുകണക്കിനാളുകൾക്ക് വർഷങ്ങളോളം തൊഴിൽ ലഭ്യമാക്കാനും കഴിയും.

**പരമ്പരാഗത കുടിൽ വ്യവസായത്തെ പ്രോത്സാഹിപ്പിക്കുക**

നാശോന്മുഖമായി കൊണ്ടിരിക്കുന്ന മൺപാത്ര നിർമ്മാണം, പനമ്പ് നിർമ്മാണം, തഴപ്പായ നെയ്ത്ത്, ഈറ്റ, മുള എന്നിവ ഉപയോഗിച്ചുകൊണ്ടുള്ള ഗാർഹിക ഉപകരണങ്ങളുടേയും കൗതുക വസ്തുക്കളുടേയും നിർമ്മാണത്തെ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി, ഈ തൊഴിൽ ചെയ്യുന്നവർക്ക് അസംസ്കൃത സാധനങ്ങൾ എത്തിച്ചുകൊടുക്കുക സബ്സിഡി റേറ്റിൽ വായ്പകൾ അനുവദിക്കുക, അവരുടെ ഉല്പന്നങ്ങൾക്ക് ആഭ്യന്തര വിപണി കണ്ടെത്തുക, പുതിയ തലമുറയെ ഈ തൊഴിലിലേക്ക് ആകർഷിക്കുക തുടങ്ങിയ പരിപാടികൾ സ്ഥിരമായി സംഘടിപ്പിച്ചാൽ വ്യാവസായികമായി വലിയനേട്ടം കൈവരിക്കാൻ കഴിയും.

**സ്ത്രീകളുടെ തൊഴിൽസാദ്ധ്യത വർദ്ധിപ്പിക്കുക**

തൊഴിലെടുക്കാൻ അഭ്യസ്ത വിദ്യരും അല്ലാത്തവരുമായ ഒട്ടേറെ സ്ത്രീകൾ നമ്മുടെ പഞ്ചായത്തിലുണ്ട്. ഇവരെ സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിച്ചുകൊണ്ട് സർവ്വോദയ-ഖാദി പ്രസ്ഥാനങ്ങളുടെ സഹായത്തോടെ നിരവധി ചെറുകിട വ്യവസസായ സംരംഭങ്ങൾ തുടങ്ങാവുന്നതാണ്. ഉദാ: തീപ്പെട്ടി നിർമ്മാണം, സോപ്പുനിർമ്മാണം, പഴവർഗ്ഗസംസ്കര കേന്ദ്രം അച്ചാർ, കറിപൗഡർ, കലാ-കൗതുക വസ്തുക്കളുടെ നിർമ്മാണം തുടങ്ങിയവ.

**കുടിൽ വ്യവസായങ്ങൾ വ്യാപകമാക്കുക**

സ്ത്രീകളുടെ തൊഴിൽ സാദ്ധ്യതകൾ വർദ്ധിപ്പിക്കാൻ കഴിയുന്ന കുടിൽ വ്യവസായങ്ങൾക്ക് കൂടുതൽ ഊന്നൽ കൊടുക്കണം. ഉദാ: മെഴുകുതിരി നിർമ്മാണം, ബീഡി, ചിപ്പ്സ് (വറ്റൽ), ചന്ദനത്തിരി, വിനാഗിരി ഉല്പാദനം മത്സ്യ സംസ്കരണം പർപ്പടനിർമ്മാണം, തേനീച്ച വളർത്തൽ etc.

ഇഞ്ചിനിയറിംഗ് & ഇലക്ട്രോണിക്സ് വ്യവസായം വമ്പിച്ച സാദ്ധ്യത ഈ വ്യവസായങ്ങൾക്കുണ്ട്. ശാസ്ത്ര സാങ്കേതിക രംഗത്തും മേൽപ്പറഞ്ഞ പ്രത്യേക വിഷയ

ങ്ങളിലും നല്ല അറിവും പ്രായോഗിക അനുഭവങ്ങളുമുള്ള നിരവധിയാളുകൾ പഞ്ചായത്തിലുണ്ട്. അവരെ ഈ രംഗത്ത് വ്യാവസായം തുടങ്ങാൻ പ്രേരിപ്പിക്കുകയും അവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കി കൊടുക്കുകയും വേണം. ഉദാ: ആട്ടോമോബൈൽ, ലെയ്ത്ത്, റേഡിയോ–T.V. അസംബ്ലിംഗ് etc.

**ഗതാഗതസൗകര്യം മെച്ചപ്പെടുത്തുക**

സ്റ്റേറ്റ്ഹൈവേ, മടത്തറ–പാരിപ്പള്ളി റോഡ് എന്നിവയുമായി ബന്ധിപ്പിക്കുന്ന ഒട്ടേറെ പഞ്ചായത്തു റോഡുകൾ ഉണ്ടെങ്കിലും വ്യാവസായിക വളർച്ചയ്ക്കു സഹായകരമായി ഗതാഗതയോഗ്യമാക്കണം.

**ഊർജ്ജക്ഷാമം പരിഹരിക്കുക**

ഗാർഹികാവശ്യത്തിന് വേണ്ടിവരുന്ന വൈദ്യുതി പോലും ലഭ്യമല്ലാത്ത സാഹചര്യമാണ് ഇന്ന് നിലനില്ക്കുന്നത് ഈ പരിതഃസ്ഥിതിയിൽ വ്യവസായങ്ങൾക്കാവശ്യമുള്ള വൈദ്യുതി ലഭ്യമാക്കുക എന്നത് ശ്രമകരമാണ്. ഇക്കാര്യത്തിൽ സർക്കാരിന്റേയും KSEB, ANERT തുടങ്ങിയവയുടെ സഹായം അടിയന്തിരമായി ലഭിക്കേണ്ടതായിട്ടുണ്ട്. ഊർജ്ജോല്പാദന രംഗത്ത് സ്വകാര്യ മുതൽമുടക്കുകാരെ കണ്ടെത്താനും വിദേശമലയാളികളുടെ നിക്ഷേപം ഈ രംഗത്ത് വിനിയോഗിച്ചും വൈദ്യുതിക്ഷാമം ഒരു പരിധിവരെ പരിഹരിക്കാൻ കഴിയും.

**വ്യവസായത്തിലെ നിക്ഷേപം വർദ്ധിപ്പിക്കുക.**

സർക്കാർ ഏജൻസികളും ബാങ്കുകളും വായ്പതുക വർദ്ധിപ്പിക്കുക, വായ്പരീതി ലഘൂകരിക്കുക, പലിശനിരക്ക് കുറയ്ക്കുക, സബ്സിഡി വർദ്ധിപ്പിക്കുക, തിരിച്ചടവിന്റെ കാലദൈർഘ്യം വർദ്ധിപ്പിക്കുക തുടങ്ങിയവയിൽ പ്രത്യേകം ശ്രദ്ധിക്കണം. ചാരിറ്റബിൾ സൊസൈറ്റികൾ– വ്യവസായസഹകരണസംഘങ്ങൾ എന്നിവയുടെ കാര്യക്ഷമമായ പ്രവർത്തനം ഉറപ്പുവരുത്തണം. സ്വകാര്യനിക്ഷേപകരെ ആകർഷിക്കാൻ കഴിയണം. വ്യവസായങ്ങൾ സംരക്ഷിക്കുന്നതിലും ലാഭകരമായി പ്രവർത്തിപ്പിക്കുന്നതിലും തൊഴിലാളികൾക്കും ട്രേഡ്യൂണിയനുകൾക്കുമുള്ള പങ്കും വളരെ പ്രധാനമാണെന്നു മനസ്സിലാക്കണം.

**ബോധവല്ക്കരണം–പരസ്യപ്രചാരണവും.**

നാട്ടുമ്പുറങ്ങളിൽ ഒരു വ്യവസായാന്തരീക്ഷം നിലനിർത്താൻ കഴിയുന്ന ബോധവല്കരണപരിപാടി കൂടെക്കൂടെ സംഘടിപ്പിക്കണം. ബഹുരാഷ്ട്ര–നാടൻ കുത്തകകളുടെ പരസ്യകോലാഹലങ്ങളിൽ നിന്നും മുക്തമാകാനും തങ്ങളുടെ പ്രദേശങ്ങളിലെ ഉല്പന്നങ്ങൾ കഴിയുന്നത്ര ഉപയോഗിക്കാനും പരിശീലിപ്പിക്കണം.

പഞ്ചായത്തിന്റെ പൊതുസ്ഥിതി, പ്രശ്നങ്ങൾ, സാദ്ധ്യതകൾ എന്നിവയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ രേഖയാണ് ഇവിടെ സമർപ്പിക്കുന്നത്. ഇതിൽപ്പറയുന്ന വ്യവസായങ്ങൾ ആരംഭിക്കാനും ഉള്ള വ്യവസായങ്ങൾ സംരക്ഷിക്കാനും കഴിഞ്ഞാൽ നമ്മുടെ നിലവിലുള്ള പിന്നോക്കാവസ്ഥ ഒരു പരിധിവരെ തരണം ചെയ്യാൻ കഴിയും. ഇതിനാവശ്യമായ ബോധവല്ക്കരണം, ശാസ്ത്രീയവും സാങ്കേതികവുമായ അദ്ധ്വാനശേഷിയും വിവിധ മാർഗ്ഗങ്ങളിൽ നിക്ഷേപിക്കാൻ കഴിയുന്ന സമ്പത്തും ഫലപ്രദമായി വിനിയോഗിച്ചു നമ്മൾക്ക് വ്യാവസായിക വളർച്ച കൈവരിക്കാം.

# വിദ്യാഭ്യാസം

നിലമേൽ ഗ്രാമപഞ്ചായത്ത് കൊല്ലം ജില്ലയിൽ മലയോരപ്രദേശത്തോട് തൊട്ടുകിടക്കുന്ന ഒരു കൊച്ചു പഞ്ചായത്താണ്. തൊഴിലാളികളും കർഷകരും കൊച്ചു കൊച്ചുകച്ചവടക്കാരും പട്ടികജാതിയിൽപ്പെട്ട കോളനി നിവാസികളുമാണ് ഈ പഞ്ചായത്തിലെ ബഹുഭൂരിപക്ഷം ജനങ്ങളും. പൊതുവേ എല്ലാവരും സാക്ഷരരാണെന്നു പറയാമെങ്കിലും വിദ്യാഭ്യാസപരമായി ഈ പഞ്ചായത്ത് വളരെ പിന്നോക്കാവസ്ഥയിലാണെന്ന് രേഖപ്പെടുത്താതെ നിർവ്വാഹമില്ല. ഒപ്പം ചേർത്തിരിക്കുന്ന ഉന്നതവിദ്യാഭ്യാസം നേടിയവരുടെ പട്ടിക നോക്കൂ. [പട്ടിക ഒന്ന്]. ശാസ്ത്രസാങ്കേതിക വിദ്യാഭ്യാസത്തിൽ ഡോക്റ്ററേറ്റ് നേടിയ ഒരാളേ ഈ പഞ്ചായത്തിലുള്ളൂ- ശ്രീ. ആർ. ജീനു. യെൻസി. നിലമേൽ. അതുപോലെ തന്നെ കലയും സാഹിത്യവും കൈകാര്യം ചെയ്യുന്നവരുടെ കാര്യവും. വരും തലമുറയിലെങ്കിലും ഈ ശോചനീയാവസ്ഥയിൽ നിന്ന് മോചനം നേടണമെങ്കിൽ പ്രാഥമിക വിദ്യാഭ്യാസം മുതൽ കാളേജുവിദ്യാഭ്യാസം വരെയുള്ള കാര്യത്തിൽ ഈ പഞ്ചായത്ത് അടിയന്തിരമായി ശ്രദ്ധപതിപ്പിക്കേണ്ടിയിരിക്കുന്നു.

ഇവിടെ N.S.S. മാനേജുമെന്റിലുള്ള ഒരു കോളേജും പ്രൈവറ്റ് മാനേജ്മെന്റിൽ പ്രവർത്തിക്കുന്ന ഒരു ഹൈസ്ക്കൂളുമുണ്ട്. നാല് യൂ. പി. സ്കൂളുകളുള്ളതിൽ 3 എണ്ണം L. P. വിഭാഗം കൂടി ചേർന്നതാണ്. അതിൽ ഒന്നു മാത്രമേ ഗവ: മേഖലയിലുള്ളൂ. അവിടെ L. P. വിഭാഗം കൂടാതെ ഒരു പ്രീ. പ്രൈമറി ക്ലാസ്സുകൂടി നടത്തിപ്പോരുന്നു. ലോവർ പ്രൈമറി സ്കൂളുകൾ രണ്ടെണ്ണമേയുള്ളൂ. ഒന്ന് ഗവൺമെന്റും മറ്റതു പ്രൈവറ്റും. കൂടാതെ പ്രൈവറ്റു മേഖലയിലുള്ള രണ്ട് നേഴ്സറി എൽ. പി. സ്കൂളുകൾക്കൂടിയുണ്ട്. അവിടെ അധ്യയന മാധ്യമമായി ഇംഗ്ലീഷും മലയാളവും ഉപയോഗിക്കുന്നു. രണ്ടു ശിശുമന്ദിരങ്ങളും കൂടി ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്.

രണ്ടു ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളും രണ്ടു കാമ്പ്യൂട്ടർ കോച്ചിംഗ് സെന്ററുകളുമാണ്. ഈ പഞ്ചായത്തിൽ ആകെക്കൂടിയുള്ളത്. പ്രൈവറ്റ് മേഖലയിലുള്ളവയാണ് അവയെല്ലാം. അവിടുള്ള സൗകര്യങ്ങളും പരിമിതമാണ്.

അതുപോലെ കുറെയേറെ വലുതും ചെറുതുമായ ട്യൂട്ടോറിയലുകൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. പഞ്ചായത്തിനു പുറത്തുള്ള സ്ഥലങ്ങളിൽ നിന്നു വരുന്ന കുട്ടികളാണ് അധികം ഈ സ്ഥാപനങ്ങളിൽ അധ്യയനം നടത്തുന്നത്. ഒരു തരം മത്സര ബുദ്ധിയോടെ അവരും ഈ രംഗത്തു പ്രവർത്തിക്കുന്നു.

ഒരു കോളേജുള്ളതിൽ I P.D.C മുതൽ M.A വരെയുള്ള ക്ലാസ്സുകളുണ്ട്. എല്ലാം കൂടി 2602 വിദ്യാർത്ഥികൾ ഇവിടെ പഠിക്കുന്നു. അധ്യാപകരായി 80 പേർ ജോലി നോക്കുന്നു. പൊതുവേ BA, BSC ക്ലാസ്സുകളിൽ നല്ല വിജയശതമാനമാണ്. മറ്റു പലസ്ഥലങ്ങളിൽ നിന്ന് വന്നു പഠിക്കുന്ന കുട്ടികളാണ് അധികവും. ഈ പഞ്ചായത്തിലുള്ള കുട്ടികളും ഇവിടെ പഠിക്കുന്നു.

H.S, L.P, U.P ഈ വിഭാഗങ്ങളിലായി പ്രവർത്തിക്കുന്ന സ്ക്കൂളുകളിലെ കുട്ടികളുടെ എണ്ണത്തെക്കുറിച്ചും അവിടുള്ള അധ്യാപകരുടെ എണ്ണത്തെക്കുറിച്ചും മറ്റും മനസ്സിലാക്കുന്നതിന് ഒപ്പം ചേർത്തിരിക്കുന്ന പട്ടിക 2 നോക്കുക.

പൊതുവേ സ്കൂളുകളിലെ ഭൗതീക സാഹചര്യത്തിന്റെ കാര്യത്തിലും ദൃശ്യ ശ്രാവ്യ ഉപകരണങ്ങളുടെ കാര്യത്തിലും നമ്മുടെ വിദ്യാലയങ്ങൾക്ക് വളരെയേറെ കുറവുണ്ട്. എല്ലാ സ്കൂളുകളിലേയും കുട്ടികളുടെ പഠനനിലവാരം തൃപ്തികരമല്ല. കളിസ്ഥലങ്ങളുടെ കുറവും കുട്ടികളുടെ കായികവും കലാപരവുമായ കഴിവുകൾ വളർത്തിയെടുക്കുന്ന കാര്യത്തിലും എല്ലാ സ്കൂളുകളും പിന്നോക്കം നിൽക്കുന്നു. മൂത്രപ്പുരകളുടേയും കക്കൂസിന്റെയും കുറവു എല്ലാ സ്കൂളുകളിലുമുണ്ട്. ഒന്നു രണ്ടു സ്കൂളുകളൊഴിച്ചാൽ ശുദ്ധജല വിതരണത്തിലുള്ള അപര്യാപ്തതയും ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. ലൈബ്രറിയുള്ള സ്കൂളുകളിലും പുസ്തകവിതരണത്തിലോ കുട്ടികളുടെ വായനാശീലം വളർത്തിക്കൊണ്ടു വരുന്ന

തിലോ ആരും ശ്രദ്ധിച്ചു കാണുന്നില്ല.

എല്ലാ സ്കൂളുകളിലും മാതൃസംഗമവും P.T.A.യുടെ പ്രവർത്തനവുമുണ്ട്. സ്കൂളിന്റെ ഭൗതികസാഹചര്യങ്ങളും കുട്ടികളുടെ പഠനനിലവാരവും മെച്ചപ്പെടുത്തുന്നതിന് ഇവയുടെ പ്രവർത്തനങ്ങൾ എത്ര കണ്ട് പ്രയോജനപ്പെടുന്നു എന്ന് നോക്കേണ്ടതാണ്. ഇക്കഴിഞ്ഞ യുവജനോത്സവത്തോടനുബന്ധിച്ചുള്ള പ്രവർത്തനത്തിന്റെ ഭാഗമായി സ്കൂളിനു വേണ്ടി ഒരു മൈക്ക് സെറ്റും കർട്ടനും കുട്ടികൾക്ക് ഉച്ചക്കഞ്ഞി കുടിക്കാനുള്ള പാത്രങ്ങളും വ്യക്തികളിൽ നിന്നു സംഭാവനയായി സ്കൂളിനു നേടിക്കൊടുക്കുവാൻ നമ്മുടെ ഗവ: യു.പി.എസ്സിലെ P.T.Aയ്ക്കു കഴിഞ്ഞു. ഇത് മറ്റു വിദ്യാലയങ്ങൾക്കും മാതൃകയാക്കാവുന്നതാണ്. നമ്മുടെ കുട്ടികളുടെ വിദ്യാഭ്യാസ നിലവാരമുയർത്താൻ നമുക്കു വളരെയേറെ കാര്യങ്ങൾ ചെയ്യേണ്ടിയിരിക്കുന്നു.

ഈ പഞ്ചായത്തിൽ ഓരോ സ്റ്റാന്റേർഡിലും പഠിക്കുന്ന മൊത്തം കുട്ടികളുടെ കണക്കു നോക്കു:

| | | | |
|---|---|---|---|
| I | 292 | VI | 235 |
| II | 391 | VII | 323 |
| III | 351 | VIII | 245 |
| IV | 367 | IX | 230 |
| V | 304 | X | 209 |

കുട്ടികൾ കൊഴിഞ്ഞു പോകുന്നതായോ മറ്റു വിദ്യാലങ്ങളിലേയ്ക്ക് പോകുന്നതായോ ബോധ്യപ്പെടുന്നില്ല. നമ്മുടെ പഞ്ചായത്തിൽ നിന്ന് മടവൂർ, തട്ടത്തുമല, കടയ്ക്കൽ, ചടയമംഗലം ഇവിടങ്ങളിലുള്ള ഹൈസ്ക്കൂളുകളിലേയ്ക്ക് കുട്ടികൾ പോകുന്നു എന്നതൊരുവസ്തുതയാണ്.

കൂടെ ഈ പഞ്ചായത്തിലെ ഏകഹൈസ്ക്കൂളായ M.M.H.S ലെ 92–93 മുതൽ തുടർച്ചയായുള്ള നാലു വർഷത്തെ S.S.L.C. വിജയശതമാനംകൂടി ഇവിടെ ചേർക്കട്ടെ.

92–93 – 36%  94–95 40%

93–94 – 36%  95–96 40%

ഈ സാഹചര്യത്തിൽ ആകെക്കൂടി ഈ പഞ്ചായത്തിലെ വിദ്യാഭ്യാസനിലവാരം ഉയർത്താനുള്ള കുറെ നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

1. നിലവിലുള്ള നിലമേൽ ഗവ: യു.പി.എസ്സ്. അപ്ഗ്രേഡ് ചെയ്തു ഒരു ഹൈസ്ക്കൂളാക്കി ഉയർത്തുക.
2. വലിയവഴി, മണലയം, ചാറയം എന്നിവിടങ്ങളിൽ ഓരോ L.P. സ്ക്കൂളുകൾ ഗവ: ഉടമയിൽ ആരംഭിക്കുക.
3. നിലമേൽ, കൈതോട്, മുരുക്കുമൺ, ആഴാന്തക്കുടി തുടങ്ങിയ സ്ഥലങ്ങളിൽ ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, കമ്പ്യൂട്ടർ കോച്ചിംഗ് സെന്റർ, ITI തുടങ്ങിയ സാങ്കേതിക വിദ്യാഭ്യാസസ്ഥാപനങ്ങൾ തുടങ്ങുക.
4. നിലമേൽ പഞ്ചായത്തിൽ ഒരു സർക്കാർ അംഗീകൃത തയ്യൽസ്ക്കൂൾ ആരംഭിക്കാൻ നടപടിയെടുക്കണം.
5. ശിശുമന്ദിരങ്ങളും ബാലവാടികളും വേണ്ടത്രസൗകര്യങ്ങളോടുകൂടി ഒരു വാർഡിൽ ഒന്നെങ്കിലുമെന്ന കണക്കിന് ആവശ്യമെന്നു തോന്നുന്ന ഭാഗങ്ങളിൽ ആരംഭിക്കുക.
6. ശുദ്ധജലം ലഭ്യമല്ലാത്ത സ്ക്കൂളുകളിൽ അതുലഭ്യമാക്കാൻ ആവശ്യമായ സംവിധാനമുണ്ടാക്കണം.
7. എല്ലാവിദ്യാലയങ്ങളിലും കളിസ്ഥലം നിർമ്മിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുക.
8. ആവശ്യത്തിന് മൂത്രപ്പുരയും കക്കൂസും ഇല്ലാത്ത പള്ളിക്കൂടങ്ങളിൽ അവ നിർമ്മിക്കുക.
9. വിദ്യാലയങ്ങളിൽ ഉച്ചക്കഞ്ഞിക്കു വേണ്ടിവരുന്ന സാധനങ്ങൾ മാവേലി സ്റ്റോർ വ[illegible]ുക. കുട്ടികൾക്ക് കഞ്ഞി കുടിക്കാനുള്ള പാത്രങ്ങൾ സംഘടിപ്പിക്കുക.
10. പാവപ്പെട്ടകുട്ടികൾക്കു കൂടി പ്രീ–പ്രൈമറി വിദ്യാഭ്യാസം ലഭ്യമാക്കുന്നതിന് എല്ലാ L.P., U.P. സ്ക്കൂളുകളിലും പ്രീ- പ്രൈമറിക്ലാസ്സുകൾ കൂടി ആരംഭിക്കുക.
11. വൈദ്യുതിയില്ലാത്ത സ്ക്കൂളുകൾ അടിയന്തിരമായി വൈദ്യുതീകരിക്കാൻ നടപടി സ്വീകരിക്കുക.
12. ദൃശ്യശ്രാവ്യ ഉപകരണങ്ങൾ എല്ലാവിദ്യാലയങ്ങൾക്കും ലഭ്യമാക്കുക.
13. എല്ലാവിദ്യാലയങ്ങളിലും കായിക സംഗീതചിത്രകലാ അധ്യാപകരെ നിയമിച്ചുകിട്ടാൻ നടപടിയെടുക്കുക.
14. പഞ്ചായത്തിലെ വിദ്യാഭ്യാസകാര്യങ്ങൾ ശ്രദ്ധിക്കുന്നതിന് വിദ്യാഭ്യാഭ്യാസവിചക്ഷണന്മാരെയും മറ്റു പ്രമുഖവ്യക്തികളെയും സംഘടിപ്പിച്ചുകൊണ്ടു ഒരു കർമ്മസമിതി രൂപീകരിക്കുക.
15. കർമ്മസമിതിയുടെ മേൽനോട്ടത്തിൽ ഹൈസ്ക്കൂളുകളെ കേന്ദ്രീകരിച്ചുകൊണ്ട് മറ്റുവിദ്യാലയങ്ങളിലെയും പഠനക്രമങ്ങൾക്ക് ഒരു ഏകോപനസ്വഭാവമുണ്ടാക്കാൻ ശ്രമിക്കണം.

16. അധ്യാപകർക്ക് കൂടെക്കൂടെ ഇൻസർവ്വീസ് കോഴ്സ് നടത്താൻ നടപടിയെടുക്കണം.

17. പഞ്ചായത്തിന്റെ വിവിധമേഖലകളിൽ നല്ല ലൈബ്രറി സ്ഥാപിക്കുകയും സ്ക്കൂളിലേയും മറ്റു ലൈബ്രറികളിലേയും പുസ്തകങ്ങൾ എല്ലാ വിദ്യാർത്ഥികൾക്കും വിതരണം ചെയ്യുന്നതിനും പാഠ്യേതരപുസ്തകങ്ങൾ കൂടി വായിക്കാനുള്ള താല്പര്യം കുട്ടികളിലുണ്ടാക്കിയെടുക്കുന്നതിനും അങ്ങനെ വിദ്യാലയ വിദ്യാഭ്യാസത്തോടൊപ്പം നവീനാശയങ്ങളും അറിവുകളും കുട്ടികൾക്കുണ്ടാക്കുന്നതിനും കർമ്മസമിതി ശ്രദ്ധിക്കുക.

18. അധ്യാപകരെക്കൊണ്ടുതന്നെ ചോദ്യക്കടലാസ് തയ്യാറാക്കിച്ച് 4-ാം തരത്തിലും 7-ാം തരത്തിലും പൊതുപരീക്ഷകൾ നടത്തി കുട്ടികളുടെ പഠനനിലവാരം പരിശോധിക്കുക.

19. മാസത്തിലൊരിക്കലോ അവധിക്കാലങ്ങളിലോ കുട്ടികളെ ഒന്നിച്ചുകൂട്ടി സാങ്കേതിക വിദഗ്ദ്ധരുടെ മേൽനോട്ടത്തിൽ പഠനോപകരണങ്ങൾ, കരകൗശലവസ്തുക്കൾ, നോട്ടുബുക്കുകൾ എന്നിവ നിർമ്മിക്കാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്തുനടപ്പിലാക്കുക.

20. പഠിത്തത്തിൽ ശരാശരി നിലവാരത്തിനും താഴെ വരുന്ന കുട്ടികൾക്ക് സ്ക്കൂളുകളിൽ തന്നെ സ്പെഷ്യൽ ക്ലാസ്സുകൾ കൊടുക്കാൻ ഏർപ്പാടുണ്ടാക്കുക.

21. കായികവും കലാപരവുമായ കഴിവുകളുള്ള കുട്ടികളെ കണ്ടെത്തി അവരുടെ നൈസർഗ്ഗികവാസനകൾ വളർത്തിക്കൊണ്ടുവരാനുള്ള സൗകര്യങ്ങൾ വിദ്യാലയങ്ങളിലുണ്ടാക്കാൻ ശ്രദ്ധിക്കുക.

22. പരമാവധി കുട്ടികളെ സംഘടിപ്പിച്ചുകൊണ്ട് വർഷത്തിലൊരിക്കൽ എല്ലാ വിദ്യാലയങ്ങളും പഠനയാത്രകൾ നടത്തുന്നതിന് തയ്യാറാകുക.

**നിലമേൽ ഗ്രാമപഞ്ചായത്ത്**

**ഉന്നതവിദ്യാഭ്യാസം നേടിയവർ**

| ക്രമ നമ്പർ | തസ്തിക | എണ്ണം |
|---|---|---|
| 1 | ഡോക്ടറേറ്റ് നേടിയ സയന്റിസ്റ്റ് | 1 |
| 2 | അലോപ്പതി | 4 |
| 3 | ആയുർവ്വേദം | 2 |
| 4 | ഹോമിയോ | 3 |
| 5 | എഞ്ചിനീയർമാർ | 18 |
| 6 | കോളേജധ്യാപകർ | 8 |
| 7 | അഡ്വക്കേററുമാർ | 5 |
| 8 | എം.ബി.എ. | 3 |
| 9 | പി.എച്ച്.ഡി. | 2 |

## പട്ടിക II
## സ്കൂളുകളെക്കുറിച്ചുള്ള വിവരങ്ങൾ

| സ്കൂളിന്റെ പേര് | അധ്യാപകർ | | | കുട്ടികൾ | | | SC | | | ഭൗതികസാഹചര്യം | | | | അക്കാഡമി സൗകര്യം | മറ്റു പ്രത്യേകതകൾ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | വൈദ്യുതി | മൂത്രപ്പുര | കക്കൂസ് | ചുറ്റുമതിൽ | | |
| M.M.H.S Private | 9 | 20 | 29 | 280 | 330 | 610 | 55 | 54 | 109 | ഉണ്ട് | 2 | 1 | ഇല്ല | തൃപ്തികരമല്ല | പി.റ്റി. മാതൃ ഉണ്ട് |
| Gov. U.P.S Govt. | 7 | 8 | 15 | 226 | 234 | 460 | 41 | 51 | 92 | ഉണ്ട് | 1 | ഇല്ല | ഇല്ല | 1 മൈക്ക് സെറ്റുണ്ട് | Do |
| മുരുമൺ യു.പി.എ പ്രൈവറ്റ് | 5 | 16 | 21 | 313 | 287 | 600 | 59 | 63 | 122 | ഉണ്ട് | 1 | 1 | ഇല്ല | ദൃശ്യ ശ്രവ്യ ഉപകരണ ഇല്ല | Do |
| L.M.U.P.S Private | 4 | 14 | 18 | 217 | 225 | 442 | 41 | 34 | 75 | ഉണ്ട് | 1 | 1 | ഇല്ല | ദൃശ്യ ശ്രവ്യ ഉപകരണ ഇല്ല | Do |
| IPM U.P.S Private | 3 | 7 | 10 | 100 | 102 | 202 | 12 | 25 | 37 | ഇല്ല | 1 | 1 | ഇല്ല | അപര്യാപ്ത ഉണ്ട് | Do. |
| Thara Eng & Mal medium | 1 | 15 | 16 | 133 | 152 | 285 | – | – | – | ഉണ്ട് | 2 | – | – | ദൃശ്യ ശ്രവ്യ ഉപകരണ ഇല്ല | Do |
| Kamalahri Eng & Mal Medium | 2 | 7 | 9 | 80 | 61 | 141 | 1 | – | 1 | ഉണ്ട് | 2 | – | ഭാഗിക | ദൃശ്യ ശ്രവ്യ ഉപകരണ ഇല്ല | Do |
| L.P.S Ottakal Govt | 4 | 4 | 8 | 137 | 118 | 255 | 20 | 13 | 33 | സ്വന്തമായി ഭൂമിയില്ല | | | | അപര്യാപ്ത | Do |
| Poovatho L.P.S Private | 1 | 4 | 5 | 70 | 44 | 114 | 4 | 1 | 5 | ഇല്ല | ഇല്ല | – | ഇല്ല | ഇല്ല | Do |

# കുടിവെള്ളം, പൊതുജനാരോഗ്യം

ആരോഗ്യ സമ്പൂർണ്ണമായ ഒരു ജന സമൂഹത്തിന് ശുദ്ധവായു, ശുദ്ധജലം, ശുചിത്വമുള്ള പരിസരം, ആവശ്യം വേണ്ടുന്ന പോഷകാഹാരം വാസയോഗ്യമായ പാർപ്പിടം എന്നിവ അത്യാന്താപേക്ഷിതമാണ്. നിലമേൽ ഗ്രാമപഞ്ചായത്തിലെ ജനങ്ങളുടെ ജീവിത നിലവാരം പരിശോധിക്കുമ്പോൾ അധികം പേരും അനാരോഗ്യകരമായ ചുറ്റുപാടിൽ കഴിഞ്ഞുകൂടുന്നവരാണെന്ന് ബോദ്ധ്യപ്പെടും.

നമ്മുടെ പ്രദേശങ്ങളിലെ ജനങ്ങൾ കുടിവെള്ളത്തിനായി കിണറുകളെയാണ് പ്രധാനമായും ആശ്രയിക്കുന്നത്. വേനൽക്കാലം ആരംഭിക്കുന്നതോടെ മിക്ക കിണറുകളും വറ്റി പോകുന്നവയാണ്. ഈ സമയത്ത് പഞ്ചായത്തിന്റെ മിക്ക ഭാഗങ്ങളിലും കുടിവെള്ളക്ഷാമം അതിരൂക്ഷമാണ്. പഞ്ചായത്താസ്ഥാനമായ നിലമേൽ ജംഗ്ഷനിൽ ശുദ്ധജലം ലഭ്യമല്ലാത്ത സ്ഥിതിയാണ്. വേനൽക്കാലത്തേക്കാൾ മഴക്കാലത്ത് ഇവിടത്തെ വെള്ളം മലിനപ്പെടാനുള്ള സാദ്ധ്യത വളരെ കൂടുതലാണ്. ഹോട്ടൽ, റ്റീഷോപ്പുകൾ, മറ്റു കടകൾ ഇവിടെ നിന്നും ലഭിക്കുന്ന ഭക്ഷണ പദാർത്ഥങ്ങളും പാനീയങ്ങളും ശുദ്ധജലത്തിൽ തയ്യാറാക്കാൻ കഴിയാത്തത്-ഭാവിയിൽ ഒരു ആരോഗ്യ പ്രശ്നമായി മാറാവുന്നതാണ്. പഞ്ചായത്തിൽ 18 പൊതു കിണറുകളും 9 കുഴൽ കിണറുകളുമാണുള്ളത്. കുടിവെള്ളത്തിനുപയോഗിക്കുന്ന പൊതു കുളങ്ങൾ ഇല്ലെന്നു പറയാം.

### പ്രശ്നങ്ങൾ

1. നിലമേൽ പ്രൈമറി ഹെൽത്തു സെന്ററിൽ ശുദ്ധജല ദൗർലഭ്യം നിലനില്ക്കുന്നതിനാൽ രോഗികൾ, ശുശ്രൂഷകർ, ആശുപത്രി ജീവനക്കാർ തുടങ്ങിയവർ വളരെയേറെ ബുദ്ധിമുട്ടനുഭവിക്കുന്നു.

2. ഗ്രാമപഞ്ചായത്തിലെ 30% ത്തോളം കുടുംബങ്ങൾ അന്യരുടെ കിണറുകളെയും, പൊതു കിണറുകളെയും (അപൂർവ്വമായി) കുഴൽ കിണറുകളെയുമാണ് ആശ്രയിക്കുന്നത്.

3. വേനൽക്കാലത്ത് കുടിവെള്ള സ്രോതസ്സുകൾ വറ്റിപ്പോകുന്ന സ്ഥിതിയാണെങ്കിൽ മഴക്കാലത്ത് കിഴക്കൻ മലയോരങ്ങളിൽ നിന്നും കുന്നുകളിൽ നിന്നും ഒഴുകിയെത്തുന്ന കലക്കവെള്ളം തോടുകൾ, കുളങ്ങൾ, കിണറുകൾ എന്നിവയെ മലിനപ്പെടുത്താറുണ്ട്.

### കുടിവെള്ളക്ഷാമം കൂടുതലായി അനുഭവപ്പെടുന്ന പ്രദേശങ്ങൾ

തൊട്ടുവള്ളി, ഊന്നിൻപാറ, മുണ്ടപ്പാമൂട്, വേയ്ക്കൽ പള്ളിക്കുന്നംപുറം. ആലുംകുന്ന്, നേവയിൽ, കരിക്കകം, പുള്ളിപ്പച്ച, (വേയ്ക്കൽ) പാറക്കുന്ന്, വട്ടപ്പാറ, വേയ്ക്കൽ ലക്ഷംവീട്, ശാസ്താംകോണം-കുന്നംപുറം, പുലിക്കോട് കോളനി, മുരുക്കുമൺ കുന്നുംപുറം, നെട്ടയം, വളയിടം, ചാറയം, പ്ലാച്ചിയോട് കുന്നുംപുറം വാഴോട്, വള്ളംവെട്ടി, കൈതക്കുഴി, കാവൂർകോണം, മരോട്ടിപൊയ്ക, തുടങ്ങിയ പ്രദേശങ്ങൾ

### സാദ്ധ്യതകൾ

ചിതറാ ജലസേചന പദ്ധതി എത്രയും വേഗം കമ്മീഷൻ ചെയ്യുക.

നിലമേൽ ജംഗ്ഷൻ, ബംഗ്ലാംകുന്ന് ഗവഃആശുപത്രി എന്നിവിടങ്ങളിലേക്ക് മാത്രമായി ഒരു ജല വിതരണ പദ്ധതി ആവിഷ്കരിച്ചു നടപ്പാക്കുക. (ഇതിനായി പാപ്പനംകോടു ചിറ ഉപയോഗപ്പെടുത്താം) ഇത് നിലമേൽ ഗ്രാമപഞ്ചായത്തിന് വാട്ടർ അതോറിട്ടിയുടെ സഹായത്താൽ ചെയ്യാവുന്നതാണ്.

ഗ്രാമപഞ്ചായത്ത്, ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിലേക്ക് ഇന്നുള്ളതിനേക്കാൾ കൂടുതൽ തുക നീക്കിവയ്ക്കുകയും രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങൾ കണ്ടെത്തി പൊതുകിണർ, കുടിവെള്ളയോഗ്യമായ കുഴൽകിണർ, ഇവയ്ക്ക് പുറമേ, പൈപ്പുലൈൻ സ്ഥാപിച്ചും ശുദ്ധജല ദൗർലഭ്യം പരിഹരിക്കാൻ കഴിയും.

വ്യക്തികൾ (സ്വന്തം നിലയിലും) ആരോഗ്യരംഗത്ത് പ്രവർത്തിക്കുന്നവരും സന്നദ്ധ സംഘടനകളും, കുടിവെള്ളം മലിനപ്പെടാതിരിക്കാനും കിണറുകൾ, കുഴൽക്കിണർ, പൈപ്പുകൾ എന്നിവ സംരക്ഷിക്കാനും പ്രത്യേകം ശ്രദ്ധിക്കുകയും സാധാരണ ജനങ്ങൾക്കിടയിൽ ഇതിനാവശ്യമായ ബോധവൽക്കരണം നടത്തുകയും വേണം.

**പൊതുജനാരോഗ്യം**

കാൽനൂറ്റാണ്ടിനു മുമ്പുവരെ ഗ്രാമപഞ്ചായത്തിലെ ആരോഗ്യ പരിപാലനം ഏതാനും പാരമ്പര്യ വൈദ്യന്മാരെ ആശ്രയിച്ചാണ് നടന്നു വന്നിരുന്നത്. ആധുനിക ചികിത്സാസൗകര്യങ്ങളൊന്നും ലഭ്യമായിരുന്നില്ല. അന്ധവിശ്വാസങ്ങൾ ഏറെക്കുറേ വ്യാപകമായിരുന്നു. മരുന്നിനും ചികിത്സയ്ക്കുമുള്ളതിനേക്കാൾ പ്രാധാന്യം 'മന്ത്രവാദത്തിനും' കല്പിക്കുന്ന ചിലരെങ്കിലും ഇപ്പോഴുമുണ്ട്.

അറുപതുകളുടെ മദ്ധ്യത്തോടെയാണ് പഞ്ചായത്തിൽ ആധുനിക ചികിത്സാ സമ്പ്രദായം ആരംഭിക്കുന്നത്. നിലമേൽ ബംഗ്ലാംകുന്നിൽ 1968 ആരംഭിച്ച ഗവ: ഡിസ്പെൻസറിയും കുരിയോട് ഉണ്ടായിരുന്ന (ഗുരുകുലം) സ്വകാര്യ ആശുപത്രിയുമാണ് ആദ്യകാലങ്ങളിലെ അലോപ്പതി ചികിത്സാ കേന്ദ്രങ്ങൾ. ഇപ്പോൾ സ്വകാര്യ മേഖലയിൽ രണ്ട് അലോപ്പതി ആശുപത്രികളും, രണ്ട് ആയുർവേദ ഡിസ്പെൻസറികളും, ഒരു ഹോമിയോ ആശുപത്രിയും പ്രവർത്തിക്കുന്നു. നിലമേൽ ഗവ: ആശുപത്രി പ്രാഥമികാരോഗ്യ കേന്ദ്രമായി ഉയർത്തിയിട്ടുണ്ടെങ്കിലും, ചികിത്സാരംഗത്ത് അത്യാധുനിക സൗകര്യങ്ങളോ വിദഗ്ദ്ധ ഡോക്ടർമാരോ, മറ്റ് സംവിധാനങ്ങളോ ഇല്ലാത്തതിനാൽ വിദഗ്ധ ചികിത്സക്കായി പലപ്പോഴും മറ്റ് പ്രദേശങ്ങളിലെ ആശുപത്രികളെ ശരണം പ്രാപിക്കേണ്ട സ്ഥിതിവിശേഷമാണ് നിലനില്ക്കുന്നത്.

**പ്രശ്നങ്ങൾ**

1. നിലമേൽ പ്രൈമറി ഹെൽത്തു സെന്ററിൽ 3 ഡോക്ടർമാരും സ്റ്റാഫു നെഴ്സുമുൾപ്പെടെ 14 ജീവനക്കാരുമാണുള്ളത്. ഗർഭിണികൾ, കുട്ടികൾ, കിടത്തി ചികിത്സിക്കേണ്ടിവരുന്ന രോഗികളുടെ എണ്ണം തുടങ്ങിയവ കണക്കാക്കുമ്പോൾ ജീവനക്കാരുടെ സംഖ്യ തൃപ്തികരമല്ല. രോഗികളുടെ (In Patient) വർദ്ധനവിനനുസരിച്ച് കിടക്കകളോ മറ്റു സൗകര്യങ്ങളോ ഇല്ല. അത്യാവശ്യം വേണ്ട കക്കൂസുകളോ, സാനിട്ടേഷൻ സംവിധാനങ്ങളോ ഇല്ല. ആശുപത്രിയും പരിസരവും വൃത്തിയോടും വെടിപ്പോടും സംരക്ഷിക്കപ്പെടുന്നില്ല. വലിയവഴി, ചേറാട്ടുകുഴി, പുവത്തൂർ എന്നിവിടങ്ങളിലെ ഹെൽത്തുസെന്ററുകൾ ഫലപ്രദമല്ല.

2. ഗവ: മേഖലയിൽ, ആയുർവേദ-ഹോമിയോ ആശുപത്രികൾ ഇല്ല.

3. പ്രതിരോധകുത്തിവെയ്പുകൾ യഥാസമയം നല്കാൻ കഴിയാത്ത സാഹചര്യം

**സാദ്ധ്യതകൾ**

1. (a) താഴ്ന്ന വരുമാനക്കാരായ മഹാഭൂരിപക്ഷത്തിനും ആശ്രയിക്കാൻ കഴിയുന്ന പഞ്ചായത്തിലെ ഏക സർക്കാർ ആശുപത്രിയായ ബംഗ്ലാംകുന്ന് PH സെന്റർ ഒരു കമ്മ്യൂണിറ്റി ഹെൽത്തു സെന്ററായി അപ്ഗ്രേഡ് ചെയ്യുക.

b. പ്രസവരക്ഷയ്ക്കും തുടർന്ന് നടക്കുന്ന ശസ്ത്രക്രിയയ്ക്കും മറ്റും സൗകര്യമുണ്ടെങ്കിലും അത് കൂടുതൽ മെച്ചപ്പെടുത്തുന്നതിനോടൊപ്പം പുതിയ ഒരു ഓപ്പറേഷൻ തീയേറ്ററും എക്സ്റേ യൂണിറ്റു ലബോറട്ടറി സൗകര്യവും ഏർപ്പെടുത്തുക. വൈദ്യുതി തകരാറു പരിഹരിക്കാൻ ഒരു ജനറേറ്റർ സംഘടിപ്പിക്കുക.

c. കൂടുതൽ കിടക്കകളും ആവശ്യാനുസരണം ഡോക്ടർമാരേയും മറ്റ് ജീവനക്കാരേയും നിയമിക്കുകയും ചെയ്യുക.

d. കുടിവെള്ളമുൾപ്പെടെ ജലക്ഷാമം അടിയന്തിരമായി പരിഹരിക്കാൻ ഗ്രാമപഞ്ചായത്തും ബ്ലോക്ക് പഞ്ചായത്തും മുൻകയ്യെടുക്കുക.

e. അവശ്യം വേണ്ടിവരുന്ന കക്കൂസുകൾ നിർമ്മിക്കുക.

f. സാനിട്ടേഷൻ സൗകര്യങ്ങൾ മെച്ചപ്പെടുത്താനും ആശുപത്രിയും പരിസരവും ശുചിയായി സൂക്ഷിക്കാനും പ്രത്യേകമാളുകളെ നിയോഗിക്കുക.

g. നിലവിലുള്ള ഹെൽത്തു സെന്ററുകൾ കാര്യക്ഷമമാക്കാൻ ആഴ്ചയിൽ ഒരു ഡോക്ടറുടെ സേവനം ഉറപ്പുവരുത്തുകയും ഒരു സ്റ്റാഫ് നേഴ്സിന്റെ പ്രവർത്തനം സ്ഥിരമായി കൊടുക്കുകയും വേണം. വട്ടപ്പാറ, നെട്ടയം, മുരുക്കുമൺ കുന്നുംപുറം എന്നിവിടങ്ങളിൽ പുതുതായി ഹെൽത്ത് സെന്റർ സ്ഥാപിക്കണം.

h. ആശുപത്രി വികസന സമിതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.

II ഒരു സർക്കാർ ആയുർവേദാശുപത്രി സ്ഥാപിക്കുക.

III ഗവ: ഹോമിയോ ഡിസ്പൻസറി സ്ഥാപിക്കുക.

IV അപകടരഹിതവും ഫലപ്രദവുമായ നാട്ടുചികിത്സാരീതിയെ പ്രോത്സാഹിപ്പിക്കുക.

V കർഷകതൊഴിലാളികൾ ഉൾപ്പെടെയുള്ള ദരിദ്ര ജനവിഭാഗങ്ങളിൽ കണ്ടുവരുന്ന (പ്രായമായവരിൽ)

ക്ഷയരോഗചികിത്സയ്ക്ക് ഗവ: ആശുപത്രിയിൽ പ്രത്യേകസംവിധാനം ഏർപ്പെടുത്തുക.

VI ഭക്ഷണപദാർത്ഥങ്ങളിലും പാനീയങ്ങളിലും മിഠായികളിലും, മായംചേർക്കുന്നത് കർശനമായി തടയുക.

VII ഹെൽത്തു വിസിറ്റർമ്മാരുടെ ഭവന സന്ദർശനം നിർബന്ധമാക്കുക.

VIII മദ്യത്തിനും മയക്കുമരുന്നിനും മറ്റ് ലഹരിപദാർത്ഥങ്ങൾക്കും അടിമപ്പെട്ടവരെ അതിൽ നിന്നു വിമുക്തമാക്കാനുപകരിക്കുന്ന പരിപാടികൾ പതിവായി സംഘടിപ്പിക്കുക.

(പൊതുജനാരോഗ്യത്തെ സംബന്ധിച്ചുള്ള പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.)

**പരിസരശുചിത്വം**

നിലമേൽ ഗ്രാമപഞ്ചായത്തിലെ പരിസരശുചീകരണ പ്രവർത്തനങ്ങൾ അപര്യാപ്തമാണ്. അഴുക്കുചാലുകൾ, ഫലപ്രദമായി ഉപയോഗപ്പെടുത്താത്തതിനാൽ കൊതുകുശല്യവും അതുമായി ബന്ധപ്പെട്ട അസുഖങ്ങളും വർദ്ധിച്ചുവരുന്നു. ടൗണിൽ പൊതു കക്കൂസും മൂത്രപ്പുരയും, അത്യാവശ്യമാണ്. ഇവ ശുചിയാക്കി സൂക്ഷിക്കുവാൻ ആവശ്യത്തിന് ജീവനക്കാരേയും നിയമിക്കേണ്ടതാണ്. അറവുശാല, മത്സ്യമാർക്കറ്റ്, പച്ചക്കറികടകൾ, ഹോട്ടലുകൾ മുതലായവയിലെ മാലിന്യങ്ങൾ നിക്ഷേപിക്കാൻ സൗകര്യങ്ങൾ ഏർപ്പെടുത്തണം. ഹോട്ടലുകളിലും, ശീതളപാനീയശാലകളിലും വിൽക്കപ്പെടുന്ന പദാർത്ഥങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തേണ്ടതാണ്. ഇവിടങ്ങളിൽ ജോലിചെയ്യുന്നവർക്ക് ഹെൽത്ത് കാർഡുസമ്പ്രദായം നടപ്പിലാക്കണം. സ്കൂൾ പരിസരങ്ങളിലും, പെട്ടിക്കടകളിലും, ആരോഗ്യത്തിനു ഹാനികരമായ മിഠായികൾ തുടങ്ങിയവയുടെ വില്പന നിരോധിക്കേണ്ടതാണ്. കച്ചവടക്കാരെ ബോധവൽക്കരിച്ച് തെരുവ് വൃത്തിയായി സൂക്ഷിക്കുകയും അതു പാലിക്കാത്തവരിൽ നിന്ന് പിഴ ഈടാക്കുകയും ചെയ്യേണ്ടതാണ്. അറവുശാലയിൽ അറവുമാടുകളുടെ നിലവാരം തിട്ടപ്പെടുത്തി സീൽ ചെയ്തുകൊടുക്കേണ്ടതാണ്. മഴക്കാലത്തും വേനൽക്കാലത്തും പകർച്ചവ്യാധികൾ പടർന്നുപിടിക്കുന്നു. ഇതിനെതിരേ കിണറുകളിലെ ക്ലോറിനേഷൻ, ഊച്ചനശീകരണം, കൊതുകുനശീകരണം എന്നിവ ഫലപ്രദമായി നടപ്പിലാക്കണം. ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥരേയും സന്നദ്ധസംഘടനാ പ്രവർത്തകരേയും ഉപയോഗപ്പെടുത്തി വീടുകളും പരിസരവും ശുചിയാക്കി സൂക്ഷിക്കുന്നതിന് ജനങ്ങളിൽ ബോധവൽക്കരണം നടത്തേണ്ടതാണ്.

**കുട്ടികളുടെ ആരോഗ്യപോഷണ നിലവാരം**

| പ്രായം | നോർമൽ | | 1-ാം ഗ്രേഡ് | | 2-ാം ഗ്രേഡ് | | 3-ാം ഗ്രേഡ് | |
|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ |
| 1 വയസിൽ താഴെ | 301 | 200 | 105 | 112 | 40 | 43 | 40 | 45 |
| 1-3 വയസ് | 226 | 302 | 110 | 119 | 70 | 86 | 41 | 50 |
| 3-6 വയസ് | 235 | 286 | 140 | 150 | 45 | 50 | 45 | 55 |

## കുട്ടികളുടെ പ്രതിരോധകുത്തിവയ്പ്പ്

| കുട്ടികൾ | ബി.സി. ജി | ഡി. പി. റ്റി. | | | | പോളിയോ | | | | ഡിറ്റി | | | | മീസിൽസ് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | 1d | 2d | 3d | bd | 1d | 2d | 3d | bd | 1d | 2d | 3d | bd | |
| 1 വയസ്സിന് താഴെ | 796 | 855 | 901 | 971 | - | 859 | 903 | 971 | - | - | - | - | - | 838 |
| 1-3 വയസ്സ് | - | - | - | - | 719 | - | - | - | 719 | - | - | - | - | - |
| 3-6 വയസ്സ് | - | - | - | - | - | - | - | - | - | 72 | 752 | - | - | - |

### ടെറ്റനസ് ടോക്സോയിഡ് (T.T)

| | 1d | 2d | 3d |
|---|---|---|---|
| ഗർഭിണികൾ | 636 | 619 | 31 |

### ജനന മരണ വിവരങ്ങൾ

| വർഷം | ജനനം | മരണം | ചാപിള്ള ജനനം |
|---|---|---|---|
| 1 | 2 | 3 | 4 |
| 1993-94 | 156 | 31 | 3 |
| 1994-95 | 121 | 29 | - |
| 1995-96 | 104 | 33 | - |

### പകർച്ച വ്യാധികൾ സംബന്ധിച്ച വിവരങ്ങൾ

| വർഷം | ജലജന്യ രോഗങ്ങൾ | വായു ജന്യരോഗങ്ങൾ | പ്രാണിജ ന്യരോഗങ്ങൾ | മറ്റുള്ളവ |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 1993-94 | 10 | 44 | 9 | 37 |
| 1994-95 | 7 | 35 | 8 | 50 |
| 1995-96 | 5 | 20 | 12 | 63 |

### രോഗികളെ സംബന്ധിച്ച വിവരങ്ങൾ

| വർഷം | ഇൻ പേഷ്യന്റ് എണ്ണം | ഔട്ട് പേഷ്യന്റിന്റെ എണ്ണം | രോഗങ്ങൾ സംബന്ധിച്ച വിവരം | | | | | |
|---|---|---|---|---|---|---|---|---|
| | | | ത്വക്ക് രോഗം | വാത രോഗം | പകർച്ച വ്യാധികൾക്ക് | വിഷ ചികിത്സ | മറ്റുള്ള രോഗങ്ങൾ | ആകെ |
| 1992- 93 | 3475 | 28525 | 851 | 196 | 3920 | - | 26574 | 63541 |
| 1993- 94 | 3357 | 29731 | 930 | 159 | 4060 | - | 28425 | 66662 |
| 1994- 95 | 4102 | 30358 | 986 | 147 | 3980 | - | 27125 | 66698 |
| 1995- 96 | 4364 | 29724 | 810 | 133 | 3726 | - | 28120 | 66877 |
| ആകെ | 15298 | 118338 | 3577 | 635 | 15689 | - | 110244 | 263778 |

### സ്ഥായിയായ രോഗബാധിതർ

| രക്ത സമ്മർദ്ദം | പ്രമേയം | കാൻസർ | കുഷ്ഠം | ക്ഷയം | ഹൃദ്രോഗം | ആകെ |
|---|---|---|---|---|---|---|
| 871 | 865 | 50 | 12 | 921 | 120 | 2839 |

# ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

ഗതാഗതം:

1. നാടിന്റേയും സമൂഹത്തിന്റേയും സമഗ്രമായ വികസനത്തിന് നിദാനമായ ഘടകങ്ങളിലൊന്ന് കൂട്ടായ്മയാണ്. ഈ കൂട്ടായ്മയാണ് നിലമേലിന്റെ ഇന്നു കാണുന്ന വികസനത്തിനടിസ്ഥാനം. റോഡുനിർമ്മാണം അടക്കമുള്ള സാമൂഹ്യകടമകളും കർമ്മങ്ങളും ഇവിടെ ജനങ്ങളുടെ കൂട്ടായ്മയിലൂടെ നിർവ്വഹിച്ചിരുന്നു. എന്നാൽ കുറച്ചുകാലമായി കാലത്തിന്റെ ആവശ്യകതകൾക്കനുസരിച്ചും സമീപപ്രദേശങ്ങൾക്കൊപ്പവും, മുന്നേറാൻ നമുക്കുകഴിഞ്ഞിട്ടില്ല. ഇതിന്റെ ഫലമായി ആരോഗ്യ വിദ്യാഭ്യാസ സാമൂഹ്യസാംസ്കാരിക മേഖലകളിലെല്ലാം തന്നെ മുരടിപ്പനുഭവപ്പെട്ടു. ഇടപഴകാനും സംസ്കൃതികൾ തമ്മിൽ കൂടിക്കലരാനും, പുത്തനുണർവ്വുനേടാനും അടിസ്ഥാനപരമായി വേണ്ട റോഡു ഗതാഗതവികസനം കാലത്തിനൊത്ത് നടക്കാത്തതാണിതിന്റെ മുഖ്യകാരണങ്ങളിലൊന്ന്.

നിലവിലുള്ള പഞ്ചായത്തു റോഡുകൾക്കാവശ്യമായ ഓവുചാലുകളുടേയും കലുങ്കുകളുടേയും അഭാവം, നേരിടുന്ന മുഖ്യപ്രശ്നങ്ങളിലൊന്നാണ്. റോഡുകളുടെ ശോച്യാവസ്ഥയെപ്പറ്റിയുള്ള പരാതികൾ ഗ്രാമസഭകളിൽ വ്യാപകമായി ഉയർന്നുവന്നിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിലെ ജനങ്ങൾ മറ്റു ജില്ലകളിലെ പ്രധാന പട്ടണങ്ങളുമായി ബന്ധപ്പെടുന്നത് S.H- I-ൽ (M.C. Road) കൂടിയാണ്. കൂടാതെ ജംഗ്ഷനുമായി ബന്ധപ്പെട്ടാൽ ഏറെ സഹായിക്കുന്നത് പാരിപ്പള്ളിമടത്തറ റോഡാണ്. ഈ പഞ്ചായത്തിൽ 14സാ ജണഉ ടാർ ചെയ്ത റോഡുകളാണുള്ളത്. (6km - SH1, 6km പാരിപ്പള്ളിമടത്തറ 2Km കൈതോട്തങ്കക്കല്ല്) ഇതിൽ പാരിപ്പള്ളി മടത്തറ റോഡാകട്ടെ മുഴുവൻ കുണ്ടും കുഴിയുമായി കാൽനട യാത്രയ്ക്കുപോലും അസൗകര്യം സൃഷ്ടിക്കുന്ന നിലയിലാണ്. പഞ്ചായത്തിലെ മുഴുവൻ ജനങ്ങൾക്ക് കാർഷിക ഉൽപന്നങ്ങൾ മാർക്കറ്റിലെത്തിക്കാൻ സഹായിക്കുന്ന ഈ റോഡിന്റെ അറ്റകുറ്റപണി ജണഉ എത്രയും വേഗം പൂർത്തിയാക്കേണ്ടതാണ്.

നിലവിലുള്ള പഞ്ചായത്തു റോഡുകൾ ഏകദേശം 90സാ_വരും. ഇവയിലൊന്നു പോലും പൂർണ്ണമായി ടാറോ മെറ്റലോ ചെയ്തിട്ടില്ല. നിലവിലുള്ളതും, ഇനി ആവശ്യമുള്ളതുമായ റോഡുകളുടെ വിവരം പട്ടിക [ABCD] ഇതോടൊപ്പം കൊടുത്തിരിക്കുന്നു.

തങ്കക്കല്ല്വട്ടപ്പാറ, മുരുക്കുമൺഇടത്തറ എന്നീ റോഡുകളാണ് ബസ് സർവീസുള്ള പഞ്ചായത്തുറോഡുകൾ. കൈതോട്മണലയം, കൈതോട്കുരിയോട്, കരുന്തലക്കോട്പരുത്തി എന്നീ റോഡുകൾ നിലമേൽ പഞ്ചായത്തിലെ 2 വാർഡുകളിൽക്കൂടി കടന്നു പോകുന്നതും, ചടയമംഗലം പഞ്ചായത്തുമായി ബന്ധിപ്പിക്കുന്ന പ്രധാന റോഡുമാണ്. അതുപോലെ തന്നെ കണ്ണംകോട് വട്ടപ്പാറ, വേയ്ക്കൽവട്ടപ്പാറ, ബംഗ്ലാംകുന്ന്വട്ടപ്പാറ, എന്നീ റോഡുകൾ കിളിമാനൂർ പഞ്ചായത്തുമായി ബന്ധിപ്പിക്കുന്നതും 8 മീറ്റർ വീതിയുള്ളതുമായ ഈ മൺറോഡുകൾ ഒന്നുംതന്നെ ജണഉ ഏറ്റെടുത്തിട്ടില്ല. എത്രയും പെട്ടെന്ന് ഈ റോഡുകൾ ജണഉ ഏറ്റെടുത്തു പണിപൂർത്തീകരിക്കേണ്ടതാണ്. ഇതിൽ കൈതോട് മണലയം റോഡിന്റെ 110 ാ. നീളം പഞ്ചായത്ത് കോൺക്രീറ്റു ചെയ്തതൊഴിച്ചാൽ ഈ റോഡിന്റെ മറ്റുള്ള ഭാഗത്ത് യാതൊരു പണിയും ചെയ്തിട്ടില്ല. കൈതോട് കുരിയോട് റോഡ് ചടയമംഗലം ബ്ലോക്ക് 1987ൽ ഞഘഋഏജ സ്കീമിൽ നിർമ്മിച്ചതാണ്. ഈ റോഡിൽ നിർമ്മിച്ചിരുന്ന വെള്ളരിപ്പാലം 1992 ലെ വെള്ളപ്പൊക്കത്തിൽ തകർന്നു. അതിനുശേഷം ഈ പ്രദേശത്തെ ജനങ്ങൾക്കു മറ്റു സ്ഥലങ്ങളുമായി ബന്ധപ്പെടുവാൻ കഴിയാതെ ഒറ്റപ്പെട്ടു കഴിയേണ്ടിവരുന്നു. പഞ്ചായത്തിലെ പ്രധാന കാർഷിക മേഖലയിലൊന്നായി അറിയപ്പെടുന്ന ഈ പ്രദേശത്തെ പാലം എത്രയും പെട്ടെന്നു നിർമ്മിച്ചു റോഡു ടാറിട്ടു സഞ്ചാരയോഗ്യമാക്കണം. കടയ്ക്കൽ പഞ്ചായത്തുമായി ബന്ധിപ്പിക്കുന്ന പ്രധാന പഞ്ചായത്തു റോഡായ വെള്ളാംപാറ മിഷ്യൻ കുന്ന് 70% പണിപൂർത്തിയായ നിലയിലാണ്. ഓടകെട്ടിയും മറ്റും ചെയ്തു സഞ്ചാരയോഗ്യമാക്കണം.

## നിലവിലുള്ള റോഡുകൾ

### A

| വാർഡ് | റോഡിന്റെ പേര് | ദൂരം കി.മി | വിതി മി | മെറ്റൽ ആവശ്യമുള്ളത് | ഓടയുള്ളത് | ഓടവേണ്ടത് | കലുങ്ക് ഉള്ളത് | കലുങ്ക് വേണ്ടത് | അറ്റകുറ്റപ്പണി | കോൺക്രീറ്റ് ചെയ്തത് | പാലം |
|---|---|---|---|---|---|---|---|---|---|---|---|
| 1, 2 | കൈതോട്-മണലയം | 1¾ | 8 | | | ✓ | | | | | |
| 2, 4 | കൈതോട്-കുരിയോട് | 3½ | 8 | ✓ | | | | ✓ | | | ✓ |
| 3 | വേയ്ക്കൽ – വട്ടപ്പാറ | 3 | 8 | ✓ | | ✓ | | | | | |
| 4 | കരുന്തലക്കോട്-പരുത്തി | 3 | 8 | ✓ | | ✓ | | | | | |
| 5 | മുരുക്കുമൺ-കാര്യ(ഇടത്തറ) | ¾ | 8 | ✓ | | | | | | | |
| 6 | എൻ.എസ്.എസ്. കോളേജ്-നെട്ടയം | 1½ | 8 | | | | | | | | |
| 7 | കണ്ണൻകോട്-വട്ടപ്പാറ | 3 | 8 | ✓ | | | | | | | |
| 8 | ബംഗ്ലാംകുന്ന്-വട്ടപ്പാറ | 3½ | 8 | | | ✓ | | ✓ | | | ✓ |
| 8 | ആലയിൽ-കാവൂർക്കോണം | 1.5 | 4 | | | ✓ | | | | | |
| 7 | കണ്ണൻകോട്-ചേറാട്ടുകുഴി | 1 | 5 | | | ✓ | | | | | |
| 5 | നിലമേൽ-പാണംകോണം | 1 | 3.5 | | | ✓ | | ✓ | | | |
| 6 | കുണ്ടാംകുഴി-ചാറയം | 2 | 4 | | | ✓ | | | | | |
| 4 | മൂപ്പൻമുക്ക്-വലിയവഴി | 2 | 4 | | | ✓ | | ✓ | | | |
| 3 | കൊപ്പത്തിൽ-തേവയിൽ | 1.5 | 4.5 | | | ✓ | | | | | |
| 2 | വലിയവഴി-ഊന്നൻപാറ-ആറ്റൂർക്കോണം | 1 | 4.5 | | | ✓ | | | ✓ | | |
| 4,5 | ബംഗ്ലാംകുന്ന്-കുന്നുംപുറം | 3 | 4.5 | | | ✓ | | ✓ | | | |
| 1 | ഓലൂർക്കോണം-കാക്കോട് | 2 | 4 | | | ✓ | | ✓ | | | |
| 5 | വെള്ളാംപാറ-ആയിരവല്ലി | 1.5 | 4 | | | ✓ | | ✓ | | | |

| വാർഡ് നമ്പർ | റോഡിന്റെ പേര് | ദൂരം കി. മീ | വീതി മീ. | മെറ്റൽ ചെയ്ത് | ഓടയുള്ളത് | ഓട വേണ്ടത് | കലുങ്കുള്ളത് | കലുങ്ക് വേണ്ടത് | അറ്റകുറ്റപ്പണി | കോൺക്രീറ്റ് | പാലം വേണ്ടത് |
|---|---|---|---|---|---|---|---|---|---|---|---|
| 1 | എലിക്കുന്നാംമുകൾ പൂവച്ചൽ | 2 | 4 | | | ✓ | | ✓ | | | |
| 3 | വേയ്ക്കൽ കാവൂർക്കോണം | 1.5 | 4.5 | | | ✓ | | ✓ | | | |
| 8 | എൽ എം പി യു എസ് മതേട്ടിപൊയ്ക്ക | 1.5 | 4 | | | ✓ | | | | | |
| 7, 6 | വൈദ്യശാവ വാദുൽക്കൽ ചെറോട്ടുക്കുഴി | 2.5 | 6 | | | ✓ | | | | | |
| 5 | കുരിയോട് കണിയാംകോണം | 1 | 3 | | | ✓ | | ✓ | | | ✓ |
| 4 | മൂപ്പൻമൂക്ക് പുതുവൽ വേയ്ക്കൽ | 1 | 4 | | | ✓ | | | | | |
| 3 | കൈതോട് - കോട്ടൂർക്കോണം | 1.75 | 3.5 | | | ✓ | | ✓ | | | |
| 2 | ഊഞ്ഞാൻ പാറ -മൂപ്ലാമൂട് | 1 | 4 | | | ✓ | | | | | |
| 1 | കുരിയാണിക്കര - മുള്ളുംമൂട് | 1.5 | 4 | | | ✓ | | | | | |
| 8 | കൈത്തക്കുഴി - ആലയിൽ | 1 | 4 | | | ✓ | | ✓ | | | ✓ |
| 5 | ആട്ടിയൽ - ഇടത്തറ | 3.5 | 3.5 | | | ✓ | | | | | |
| 4 | വൈയ്ക്കോൽ - മാവിൻമൂട് | 0.5 | 5 | | | ✓ | | | | | |
| 6 | പഞ്ചാക് ജംഗ്ഷൻ - പറയരുകോണം | 1.5 | 4 | | | ✓ | | | | | |
| 1 | പെരിഞ്ചിരക്കോണം - എലിക്കുന്നാംമുകൾ | 1 | 3.5 | | | ✓ | | | | | |
| 2 | ഈരൂട്ടിമൂട് ഇടപ്പള്ളി | 1 | 4 | | | ✓ | | | | | |
| 3 | വട്ടപ്പാറ-തേവയിൽ-തങ്കപ്പാറ | 3 | 8 | | | ✓ | | | | | ✓ |
| 8 | കാഷ്യൂഫാം ഫാക്ടറി - കുരുത്തലക്കോട് | 1 | 4 | | | ✓ | | | | | |
| 7 | വാഴോട്-പറയാംകുന്ന് വട്ടപ്പാറ | 3 | 3 | | | | | | | | |

| വാർഡ് | റോഡിന്റെ പേര് | ദൂരം കി. മീ | വീതി മീ. | മെറ്റൽ ചെയ്തത് | ഓടയുള്ളത് | ഓട വേണ്ടത് | കലുങ്കുള്ളത് | കലുങ്ക് വേണ്ടത് | അറ്റകുറ്റപ്പണി | കോൺക്രീറ്റ് | പാലം വേണ്ടത് |
|---|---|---|---|---|---|---|---|---|---|---|---|
| 2 | വലിയവഴി-കുരങ്ങുവയൽ ഹരിജൻകോളനി | 0.5 | 7 | | | ✓ | | | | | |
| 5 | മുരുക്കുമൺ-കമ്പനിമല | 0.5 | 3.5 | | | ✓ | | | | | |
| 6 | വെള്ളാംപാറ-മിഷ്യൻകുന്ന് | 0.7 | 8 | | | ✓ | | | | | |
| 1 | എലിക്കുന്നംമുകൾ-തൊട്ടുവള്ളി | 0.7 | 4 | | | ✓ | | | | | |
| 3 | ആലുംകുന്നിൽ-പെരുസില്ലിറോഡ് | 6.6 | 4 | | | ✓ | | ✓ | | | |
| 4 | കരുത്തലക്കോട്-കളിയിലിൽ | 2 | 3.5 | | | | | | | | ✓ |
| 87 | ബംഗ്ലാംകുന്ന്-ഈന്നലിൽ-പ്ലാച്ചിയോട് | 2 | 3.5 | | | ✓ | | | | | |
| 7 | ഈന്നലിൽ-പൊത്തനിലമേൽ വള്ളി-കണ്ണൻകോട് | 0.6 | 5 | | | ✓ | | | | | ✓ |
| 2 | വേയ്ക്കൽ-പുറ്റുംമൂട് | 1 | 3.5 | | | ✓ | | | | | |
| 5 | മുരുക്കുമൺ-അറുപറമൂലകോളനി | 3.3 | 3.5 | | | ✓ | | ✓ | | | |
| 6 | നെട്ടയം-അമ്മണൻകോട് | 5.5 | 3.5 | | | ✓ | | | | | |
| 1 | തൊട്ടുവള്ളി-വെള്ളരി | 0.6 | 4 | | | ✓ | | | | | |
| 3 | മാറാംകുഴി-ഏലാറോഡ് | 0.3 | 4 | | | ✓ | | ✓ | | | |
| 8 | കൊടിക്കോണം-തോട്ടിൻകര | 1 | 3.5 | | | ✓ | | | | | |
| 7 | വാഴോട്-വള്ളംവട്ടി | 6.8 | 3 | | | ✓ | | | | | |
| 2 | കോഴിപ്പുറം-വട്ടക്കൈത | 0.5 | 5 | | | | | | | | |
| 5 | മുരുക്കുമൺ-കുന്നുംപുറം | 0.3 | 4 | | | | | | | | |
| 4 | കുന്നുംപുറം-മൂളയിക്കോണം | 4.7 | 3.5 | | | | | | | | |
| 4 | കുന്നുംപുറം-കടയിൽ | 7.3 | 3.5 | | | ✓ | | | | | |
| 6 | ചേറാട്ടുകുഴി-ചാറയം | 1 | 3.5 | | | ✓ | | | | | |
| 1 | എലിക്കുന്നാംമുകൾ-മുള്ളുംമൂട് | 1 | 4 | | | ✓ | | | | | |
| 3 | കൊപ്പത്തിൽ-വിരിഞ്ഞിക്കോണം | 3.5 | 3 | | | ✓ | | | | | |
| 8 | ഈത്തലിൽ-പോറ്റിവീട് | 1 | 3.5 | | | ✓ | | | | | |

| വാർഡ് | റോഡിന്റെ പേര് | ദൂരം കി. മി | വീതി മീ | മെറ്റൽ ചെയ്ത് | ഓടയുള്ളത് | ഓട വേണ്ടത് | കലുങ്കുള്ളത് | കലുങ്ക് വേണ്ടത് | അറ്റകുറ്റപ്പണി |
|---|---|---|---|---|---|---|---|---|---|
| 5 | മുരുക്കുമൺ യു.പി.എസ്-മുട്ടത്തുകോണം | 0.5 | 4 | | ✓ | | | | |
| 1 | മുള്ളുംമൂട്-മൂന്നാംകോണം | 1 | 4 | | ✓ | | | | |
| 2 | കൊടിപച്ച-തൂമ്പറ | 4075 | 4 | | ✓ | | | | |
| 4 | പുതുവലിൽ-പുലിയ്ക്കോട്ട് | 0.4 | 3.5 | | ✓ | | | | |
| 5 | അക്കരവിള-ചെറുപുന്നക്കോണം | 0.21 | 3.5 | | ✓ | | | | |
| 7 | തോട്ടക്കടവാതുക്കൽ-വളയിടം | 0.85 | 3.5 | | ✓ | | | | |
| 5 | അട്ടി-അക്കരവിള | 0.13 | 2.5 | | ✓ | | | | |
| 5 | കുരിയോട് ജംഗ്ഷൻ-അട്ടിയിൽ | 1.5 | 8 | | ✓ | | | | |
| 5 | ബംഗ്ലാംകുന്ന്-പാണംകോണം | 0.31 | 4 | | | | | ✓ | |
| 4 | മാങ്കോട്-ഇടപ്പള്ളി ഈട്ടിമൂട് | 11 | 4 | | ✓ | | | ✓ | |
| 4 | നെല്ലിക്കാട്-രവിമുക്ക് | 0.65 | 3.5 | | | | | | |
| 4 | കെ.ആർ. ജംഗ്ഷൻ-കുരുത്തലക്കോട് | 0.39 | 4 | | | | | | |
| 5 | ദിവാകരന്റെ വീട്-ഇടത്തറഹരിജൻകോളനി | 0.182 | 3.5 | | | | | | |
| 1 | എലിക്കുന്നംമുകൾ-മുള്ളുംമൂട് | 0.8 | 3 | | ✓ | | | ✓ | |
| 7 | ചേറാട്ടുകുഴി-വാഴോട് | 0.81 | 4 | | ✓ | | | | |
| 2 | പരുത്തി-മഞ്ഞനാട് | 1 | 3 | | ✓ | | | | |

## പഞ്ചായത്തിലെ മെറ്റൽ ചെയ്യേണ്ട റോഡുകൾ

| വാർഡ് | റോഡിന്റെ പേര് | ദൂരം കി.മീ. | വീതി മീറ്റർ | വാർഡ് | റോഡിന്റെ പേര് | ദൂരം കി.മീ. | വീതി മീറ്റർ |
|---|---|---|---|---|---|---|---|
| 12 | കൈതോട്-മണലയം | 2.00 | 8.00 | 1 | ഓല്യൂർകോണം-കാക്കോട് | 2.00 | 4.00 |
| 24 | കൈതോട്-കുരിയോട് | 3.50 | 8.00 | 8 | ആലയിൽ-കാവൂർകോണം | 1.50 | 4.00 |
| 3 | വേയ്ക്കൽ-വട്ടപ്പാറ | 3.00 | 8.00 | 7 | പൊത്തവള്ളി-ഈന്തലിൽ കുന്നുംപുരം | 0.60 | 5.00 |
| 4 | കരുന്തലക്കോട്-പരുത്തി | 3.00 | 8.00 | 3 | കൊപ്പത്തിൽ-തേവയിൽ | 1.50 | 4.50 |
| 5 | മുരുക്കുമൺ-ഇടത്തറ (കാര്യം) | 0.75 | 8.00 | 2 | വലിയവഴി-കുരങ്ങായൽ ഹരിജൻകോളനി | 0.50 | 7.00 |
| 6 | എൻ. എസ്. എസ്. കോളേജ് നെട്ടയം | 1.50 | 8.00 | 5 | കുരിയോട്, കണിയാംകോണം | 1.00 | 3.00 |
| 7 | കണ്ണൻകോട്-വട്ടപ്പാറ | 3.00 | 6.00 | 4 | മുപ്പൻമുക്കു-മുളയക്കോണം-വലിയവഴി | 2.00 | 4.00 |
| 6 | ബംഗ്ലാംകുന്ന്-വട്ടപ്പാറ | 3.50 | 8.00 | 7 | കുണ്ടാംകുഴി-ചാറയം | 2.00 | 4.00 |
| 5 | കുരിയോട് ജംഗ്ഷൻ-അട്ടി | 1.50 | 8.00 | 6 | വെള്ളാംപാറ-ആയിരവല്ലി | 1.50 | 4.00 |
| 6 | വെള്ളാംപാറ-മിഷ്യൻകുന്ന് | 0.70 | 8.00 | 24 | ഈട്ടിമൂടു-ഇടപ്പള്ളി | 1.00 | 4.00 |
| 7 | കണ്ണനകോട്-ചേറാട്ടുകുഴി | 1.00 | 5.00 | 3 | കൈതോടു-കോട്ടൂർകോണം. | 1.75 | 3.50 |
| 4 | വേയ്ക്കൽ മാവിന്റെമൂട്-ലക്ഷംവീട് | 0.50 | 5.00 | 4 | മുപ്പൻമുക്കു-പുതുവലിൽ-വേയ്ക്കൽ | 1.00 | 4.00 |
| 1 | എലിക്കുന്നാമുകൾ-പുവത്തൂർ | 2.00 | 4.00 | 76 | വൈദ്യശാലവാതുക്കൽ-ചേറാട്ടുകുഴി | 2.50 | 6.00 |
| 3 | വേയ്ക്കൽ-കവൂർക്കോണം | 1.50 | 4.50 | 1 | കുറിയാണിക്കര-മുള്ളുംമൂടു | 1.50 | 4.00 |
| 8 | കാഷ്യൂഫാക്ടറി-കരുന്തലക്കോട് | 1.00 | 4.00 | 2 | വലിയവഴി-ഊന്നാംപാറ-ആറ്റൂർക്കോണം | 1.50 | 4.50 |
| 2 | ഊന്നൻപാറ-മുണ്ടപ്ലാമൂട് ഹരിജൻ കോളനി | 1 കി മീ | 4.00 | 2 | കൊടിപ്പച്ച-തുമ്പറ | 0.75 | 4.00 |
| 4 | ബംഗ്ലാംകുന്ന്-കുന്നുംപുറം | 3.00 | 4.50 | 6 | ചേറാട്ടുകുഴി-ചാറയം | 1.00 | 3.50 |
| 5 | മുരുക്കുമൺ യു. പി. സ്കൂൾ | 4.00 | 4.00 | 8 | കാഷ്യൂഫാക്ടറി-കരുന്തലക്കോട് | 1.00 | 4.00 |

## പുതുതായി നിർമ്മിക്കേണ്ട മൺറോഡുകൾ

| വാർഡ് | നിർദ്ദേശിക്കുന്ന പേര് | ദൂരം (കി.മി) |
|---|---|---|
| 1 | മുള്ളുംമൂട്-മൂന്നാംകോണം | 1.00 |
| 1 | മൂന്നാംകോണം-കാക്കോട് | 2.00 |
| 2 | ഇടപ്പള്ളി- വേയ്ക്കൽ | 0.75 |
| 3 | പെരുമ്പിള്ളി ഏല-വേയ്ക്കൽ | 1.00 |
| 2 | മുണ്ടപ്ലാമൂട്-കല്ലുമല | 0.50 |
| 3 | കൈതോട്-കോട്ടൂർകോണം ആലയിൽ | |
| 3 | കാവൂർകോണം-തോട്ടംറോഡ് | 0.50 |
| 2 | കരിക്കകത്തിൽ മുണ്ടപ്ലാമൂട്-കുരങ്ങ് വയൽ | 0.50 |
| 3 | തേവയിൽ-മീഞ്ഞാറ | 0.50 |
| 4 | പുലിക്കോട് ഹരിജൻകോളനി | 0.20 |
| 4 | കൊരട്ടിയോട്-പൊയ്കവിള | 0.10 |
| 5 | മുരക്കുമൺ ജംഗ്ഷൻ-അറുപറമൂലകോളനി-കുന്നുംപുറം | 0.75 |
| 2 | കൊടിപ്പച്ച-മണലയം (പാലം ഉൾപ്പെടെ) | 1.00 |
| 54 | മുരുക്കുമൺകുന്നുംപുറം-ചെറുകടവൂർ | 0.50 |
| 5 | മുരുക്കുമൺ യു. പു. എസ്.-കോളച്ചിറക്കോണം | 0.50 |
| 5 | അട്ടി-ഇടത്തറ-മുരുക്കുമൺ | 0.25 |
| 6 | ആഴാന്തക്കുഴി-വടക്കേകുന്ന് | 0.50 |
| 6 | കാരോട്-അമ്മണംകോട് | 0.25 |
| 7 | നിലമേൽ-പ്ലാച്ചിയോട് കുന്നുംപുറം | 0.75 |
| 7 | കണ്ണൻകോട്-ഇടയൻകോണം-ചേറാട്ടുകുഴി | 0.50 |
| 6 | പാലമൂട്-കണ്ണുവെട്ടാൻകുഴി | 0.25 |
| 3 | പുള്ളിപ്പച്ച-ഇലവംമൂട് | 0.50 |
| 7 | പഴയമാർക്കറ്റ്-കണ്ണൻകോട് | 0.50 |
| 7 | ചേറാട്ടുകുഴി-ചാറയം | 0.50 |

### പുതുതായി നിർമ്മിക്കേണ്ട പാലങ്ങൾ

| വാർഡ് | നിർദ്ദേശിക്കുന്ന സ്ഥലം |
|---|---|
| 2 | വെള്ളരി |
| 8 | കരുന്തലക്കോട് |
| 5 | കണിയാംകോണം |
| 1 | തൊട്ടുവള്ളിക്ഷേത്രത്തിന് സമീപം |
| 1 | കല്ലൂർ |

### പുതുതായി നിർമ്മിക്കേണ്ട നടപ്പാലങ്ങൾ

| വാർഡ് | നിർദ്ദേശിക്കുന്ന സ്ഥലം |
|---|---|
| 5 | ഞാറയിൽകോണം ഏലായും മുരുക്കുമൺ ഏലായും ബന്ധിക്കുന്ന സ്ഥലം |
| 2 | ആറ്റൂർക്കോണം-ഈട്ടിപ്പണ (വലിയതോട്ടിൽ) |
| 2 | ഇടപ്പള്ളി ഏല-ചെറിയതോട്ടിൽ |
| 4 | നെടുമ്പച്ച ഏല-ചെറിയതോട് (നെടുമ്പച്ച പാറയ്ക്ക് താഴെ) |
| 4 | മൂളയിക്കോണം-കടമ്പറ താഴെമൂഴിയിൽ |
| 3 | പെരുമ്പിള്ളി ഏലായിൽ-പുള്ളിമൂട് വാതുക്കൽ |
| 1 | ചെറുകുന്നം ഭാഗത്ത് 2 എണ്ണം |
| 1 | കാക്കോട് |

### പുതുതായി നിർമ്മിക്കേണ്ട റോഡുകൾ

| വാർഡ് | നിർദ്ദേശിക്കുന്ന പേര് | ദൂരം കി. മീ. |
|---|---|---|
| 2 | ചെട്ടിവിള -വെള്ളരിഏല | 0.75 |
| 7 | ചേറാട്ടുകുഴി ഒരു സെന്റ്-വാഴോട് | 0.5 |
| 1 | പൂവത്തൂർ സ്കൂൾമുതൽ-മുട്ടത്തുകോണം | 0.8 |
| 83 | ബംഗ്ലാംകുന്ന്-തങ്കക്കല്ല് (എം. എൽ. എ. റോഡ്) | 5 |

| വാർഡ് | പുതുതായി നിർമ്മിക്കേണ്ട നടപ്പാതകൾ | ദൂരം (കി. മീ.) |
|---|---|---|
| 8 | ആഴാന്തക്കുഴി-വടക്കേക്കുന്ന് | |
| 6 | വെള്ളാംപാറ-വളയിടം-പാറയം | |
| 5 | മുരുക്കുമൺ യു. പി. സ്കൂളിൽ നിന്നും-മുരുക്കുമൺ ഇടത്തററോഡിലേക്ക് | |
| 7 | ഉടയൻകോണം-അമ്പഴത്താം മുറി | |
| 5 | അട്ടി-ഇടത്തറഏലാ-മൈലക്കൽ | |
| 2 | കരിക്കകത്തിൽ-ദർപ്പവിളവഴി-കുരങ്ങുവയൽ കോളനി | |
| 2 | ഈട്ടിമൂട്-കുരങ്ങുവയൽകോളനി-മുണ്ടപ്ലാമൂട് | |
| 5 | അറുപറമൂലഹരിജൻകോളനി വഴി കുന്നുംപുറം | |
| 2 | പുളിമൂട്-പാങ്ങോട് വഴി മേയ്ക്കൽ | |

### പഞ്ചായത്തിലെ ടാർ റോഡുകൾ

| നമ്പർ | റോഡിന്റെ പേര് | ഉടമസ്ഥത | വീതി മീറ്റർ | ദൂരം കി.മീ. |
|---|---|---|---|---|
| 1 | തങ്കക്കല്ല്-വട്ടപ്പാറ | പഞ്ചായത്ത് | 6 മീ. | 2 കി.മീ. |
| 2 | എൻ. എസ്. എസ്. കോളേജ്-നെട്ടയം | പഞ്ചായത്ത് | 8 മീ. | 350 മീ. |
| 3 | കണ്ണംകോട് ചേറാട്ടുകുഴി | പഞ്ചായത്ത് | 8മീ. | 350 മീ. |

| വാർഡ് | നിലവലുള്ള നടപ്പാതകൾ. | ദൂരം |
|---|---|---|
| 7 | കണ്ണൻകോട്–<br>കൊച്ചിനാംകുഴി | |
| 7 | വൈദ്യശാല–<br>ആലുവിള | |
| 7 | വാഴോട് ഏല–<br>പാറയടി–ചെറാട്ടുകുഴി | |
| 7 | വാഴോട് വളവിൽ | |
| 5 | പോളച്ചിറക്കോണം–<br>കുന്നുംപുറം | |
| 3 | വേയ്ക്കൽ–മാറാംകുഴി<br>(നടവരമ്പ്) | |
| 2 | വേയ്ക്കൽ–ഇടപ്പള്ളി,<br>വെള്ളരി, ഈട്ടിപ്പണ<br>തോട്ടുവരമ്പ്. | |
| 1 | എലിക്കുന്നാംമുകൾ<br>ബ്രൂക്ക്ലാന്റ് എസ്റ്റേറ്റിന്റെ<br>തെക്ക് ഭാഗത്ത് | |

നാട്ടുകാരുടെ ശ്രമഫലമായി ബഹുജന പങ്കാളിത്തത്തോടു കൂടി നിർമ്മിച്ച നിലമേൽപാണംകോണം, മാറ്റാപ്പള്ളി മജീദ് റോഡെന്നറിയപ്പെടുന്ന ബംഗ്ലാംകുന്ന് കുന്നുംപുറം, കുരിയോട്കണിയാംകോണം, കുണ്ടാംകുഴിചാറയം, വെള്ളാംപാറആയിരവല്ലി, വലിയവഴി ഊന്നൻപാറആറ്റൂർക്കോണം, വേയ്ക്കൽ മാവിൻമുടു ലക്ഷം വീടുകോളനി, കൈതോട്കോട്ടൂർക്കോണം, വെള്ളരി തോട്ടുവഞ്ചി, മുള്ളുംമൂട്മൂന്നാംകോണം എന്നീ റോഡുകൾ എത്രയും പെട്ടെന്നു പഞ്ചായത്ത് ഏറ്റെടുത്ത് പണികൾ പൂർത്തിയാക്കേണ്ടതാണ്.

ഓലൂർക്കോണംകാക്കോട്, വേയ്ക്കൽ കാവൂർകോണം, ആലയിൽ കാവൂർകോണം എന്നീ പഞ്ചായത്തു റോഡുകളിൽ ആവശ്യമുള്ള ഭാഗങ്ങളിൽ കലുങ്കുകൾ നിർമ്മിച്ചും റോഡ് നിരപ്പാക്കിയും ഗതാഗത യോഗ്യമാക്കേണ്ടതാണ്.

പഞ്ചായത്തിന്റെ പ്രധാനമേഖലകളെ ബന്ധിപ്പിക്കുന്ന പഞ്ചായത്തുറോഡുകൾ ആവശ്യത്തിന്റെ 60% നിർമ്മിക്കപ്പെട്ടു കഴിഞ്ഞിട്ടുണ്ട്. ഇനിയും ആവശ്യമുള്ള റോഡുകളുടെ വിവരം പട്ടിക (C) യിൽ കൊടുത്തിട്ടുണ്ട്. പഞ്ചായത്തു റോഡുകളുടെ കാലാകാലങ്ങളിലുള്ള സംരക്ഷണം അതത് പ്രദേശങ്ങളിലെ ജനകീയ സമിതി ഏറ്റെടുക്കേണ്ടതാണ് അങ്ങനെയായാൽ റോഡുസംരക്ഷണം ഫലപ്രദമായും പഞ്ചായത്തുഫണ്ട് ദുരുപയോഗപ്പെടാതെ അവ മറ്റു നിർമ്മാണ മേഖലകളിലേക്കു തിരിച്ചുവിടുവാൻ കഴിയും.

**ആവശ്യമുള്ള ബസ്സ് വെയിറ്റിംഗ് ഷെഡുകൾ**

| ക്രമ: നം: | വാർഡ് നമ്പർ | ആവശ്യമുള്ള സ്ഥലങ്ങൾ | എണ്ണം |
|---|---|---|---|
| 1 | 123 | കൈതോട് | |
| 2 | 43 | വേയ്ക്കൽ | 1 |
| 3 | 7 | കണ്ണൻകോട് | 1 |
| 4 | 5 | മുരുക്കമോൺ | 1 |
| 5 | 4 | കരുന്തലക്കോട് | 1 |
| 6 | 5 | കുരിയോട് | 1 |
| 7 | 7 | ആഴാന്തകുഴി | 1 |
| 8 | 6 | വെള്ളാംപാറ | 1 |
| 9 | 1 | എലിക്കുന്നാം മുകൾ | 1 |

പഞ്ചായത്തു പ്രദേശത്ത് അത്യാവശ്യം വേണ്ടവെയിറ്റിംഗ് ഷെഡ്ഡിന്റെ ലിസ്റ്റും പട്ടിക (D)യിൽ കൊടുത്തിട്ടുണ്ട്. PWD റോഡിന്റെ സൈഡിൽ അനധികൃതമായി കുടിയേറി പാർക്കുന്നവരെ ഒഴിപ്പിച്ചും, റോഡിന്റെ സുരക്ഷിതത്വം നഷ്ടപ്പെടുന്ന വിധം ഓടകൾ നികത്തുന്ന വ്യക്തികൾക്കെതിരേ കർശന നടപടികൾ സ്വീകരിയ്ക്കുകയും ചെയ്യേണ്ടതാണ്. KSRTC ബസ്സുകൾ ട്രിപ്പുകൾ മുടക്കാതിരിക്കാനും സമയക്ലിപ്തത പാലിക്കാനും പഞ്ചായത്തിൽ മേൽനോട്ടത്തിനുള്ള സംവിധാനം ഉണ്ടാകണം. പഞ്ചായത്ത് നിലമേൽ ജംഗഷനിൽ നിർമ്മിച്ചിരിക്കുന്ന വെയിറ്റിംഗ് ഷെഡ്ഡിനു മുന്നിൽ നിന്നും ടാക്സികൾ മാറ്റി പാർക്കുചെയ്യേണ്ടതാണ്. റോഡു വികസനത്തിനു തടസ്സം നില്കത്തക്ക വിധം കെട്ടിട നിർമ്മാണം, മതിൽക്കെട്ടു നിർമ്മാണം എന്നിവ ഉണ്ടാകാതിരിക്കാൻ പഞ്ചായത്തു ശ്രദ്ധിക്കേണ്ടതാണ്.

കൊല്ലംഓയൂർ, കിളിമാനൂർതിരുവനന്തപുരം റൂട്ടിലേയ്ക്കു പരിഗണിച്ചു വരുന്ന പുതിയ റെയിൽവേ ലൈൻ ഓയൂർനിലമേൽകൈതോട് കിളിമാനൂർ എന്ന രീതിയിൽ മാറ്റി നിശ്ചയിക്കാൻ ബന്ധപ്പെട്ട അധികാരികളോട് സമ്മർദ്ദം ചെലുത്താൻ ഗ്രാമസഭകളിൽ നിന്നു നിർദ്ദേശം വന്നിട്ടുണ്ട്. നിർദ്ദിഷ്ട M.L.A റോഡായ ബംഗ്ലാംകുന്ന്തങ്കക്കല്ല് റോഡിന് സ്ഥലം PWD സ്ഥലം

സറണ്ടർ ചെയ്തിട്ട് പത്തു വർഷത്തിലധികമായി എങ്കിലും റോഡിന്റെ പണി ഇത്രയും കാലമായിട്ടും തുടങ്ങിയിട്ടില്ല. ഈ റോഡിന് വേണ്ടി സ്ഥലം വിട്ടു കൊടുത്തവർക്ക് ഇന്ന് ഭൂമിയോ റോഡോ ഇല്ലാത്ത അവസ്ഥയാണ്. എത്രയും വേഗം ഇതിന്റെ പ്രവർത്തനം ആരംഭിയ്ക്കേണ്ടതാണ്.

നിലമേൽ ജംഗ്ഷനിൽ PWD സ്ഥലം തിരിച്ച് റോഡിന് വീതികൂട്ടി ജംഗ്ഷനിൽ ഒരു ട്രാഫിക്സിസ്റ്റം സ്ഥാപിക്കണം.

റോഡുകളുടെ വികസനത്തിന് നമുക്ക് കൈ മുതലായി ഉള്ളത് ജനശക്തിയാണ്. ശ്രമദാനം മൂലം പുതിയ റോഡുകൾ നിർമ്മാണം നടത്താൻ കഴിയണം. പഞ്ചായത്തിന്റെ പരിമിതമായ ധനശേഷിയും ഭീമമായ ഫണ്ടിന്റെ ആവശ്യകതയും നിലനില്ക്കുന്നെങ്കിലും സുലഭമായി ആൾബലം പ്രയോജനപ്പെടുത്തി നമ്മുടെ ലക്ഷ്യം സാക്ഷാൽക്കരിക്കാം.

**2. ഊർജ്ജം**

ആധുനിക ലോകത്തിന്റെ ജീവശ്വാസമാണ് വൈദ്യുതി. ഇത് വികസനോന്മുഖമായും വികേന്ദ്രീകൃതമായും ജനപങ്കാളിത്തത്തോടെയും നടത്തേണ്ടത് അനിവാര്യമാണ്.

നിലമേൽ പഞ്ചായത്തിൽ ആദ്യം കിളിമാനൂർ സെക്ഷന്റെ കീഴിലായിരുന്നു കണക്ഷൻ ലഭിച്ചത്. തുടർന്നു ആയൂർ സെക്ഷന്റെ കീഴിലും, കടയ്ക്കൽ ഇലക്ട്രിക്കൽ സെക്ഷൻ വന്നതോടു കൂടി അവിടെ നിന്നും കൂടുതൽ പേർക്കു കണക്ഷൻ ലഭിച്ചു. ഇപ്പോൾ കടയ്ക്കൽ ആയൂർ, മടവൂർ, കിളിമാനൂർ എന്നീ സെക്ഷനുകളിൽ നിന്നും വൈദ്യുതി ലഭിക്കുന്നു.

കടയ്ക്കൽ സെക്ഷൻ മേജർ സെക്ഷനായും നിലമേൽ കേന്ദ്രമാക്കി പുതിയൊരു ഇലക്ട്രിക് സെക്ഷൻ നിലവിൽ വന്നാൽ ഇവിടത്തെ ഊർജ്ജ പ്രതിസന്ധി ഒട്ടു വളരെ പരിഹരിക്കാൻ കഴിയും. കടയ്ക്കൽ 1300 ന് മേലും, മടവൂർ 250, ആയൂർ 250നു മേലും കിളിമാനൂർ 150ന് മേലും കൺസ്യൂമേഴ്സ് ഉണ്ടു. (ഇലക്ട്രിസിറ്റി ബോർഡിന്റെ ഏകദേശ കണക്കാണിത്) പഞ്ചായത്ത് പ്രദേശത്ത് സ്ഥാപിച്ചിട്ടുള്ള ട്രാൻസ്ഫോമറുടെ വിശദവിവരം ചുവടെ ചേർത്തിട്ടുണ്ട്.

**പ്രശ്നങ്ങൾ**

1. പഞ്ചായത്തിലെ ഒരു വാർഡിലും മുഴുവൻ പ്രദേശത്തും വൈദ്യുതി എത്തിയിട്ടില്ല.

2. വൈദ്യുതി ബോർഡിന്റെ പല ഓഫീസ്സുകളുടെ പരിധിയിൽ സ്ഥിതി ചെയ്യുന്ന പഞ്ചായത്തായതിനാൽ ഉപഭോക്താക്കൾക്കുണ്ടാകുന്ന വിഷമങ്ങൾക്കു പുറമേ ജനപ്രതിനിധികൾക്കും സാമൂഹ്യ പ്രവർത്തകർക്കും പ്രശ്നങ്ങൾക്കു പരിഹാരം കാണാൻ വിഷമം ഉണ്ടാകുന്നു.

3. പട്ടികജാതി-പട്ടികവർഗ്ഗ കോളനികളിൽ പലതും ഇനിയും വൈദ്യുതീകരിച്ചിട്ടില്ല.

4. പ്രേഷണ വിതരണ രംഗങ്ങളിൽ ബോർഡിന്റെ അനാസ്ഥ പ്രത്യേകിച്ചു മരച്ചില്ലകളും മറ്റും മുറിച്ചു മാറ്റാത്തത് ഒരുസ്ഥിരം പ്രശ്നമായി അവശേഷിക്കുന്നു.

5. തെരുവു വിളക്കുകളുടെ എണ്ണം വളരെ കുറവാണ്. ചില വാർഡുകളിൽ ഇല്ല.

6. പാചക ഇന്ധനങ്ങളുടെ ലഭ്യത കാര്യക്ഷമമല്ല.

7. ഗാർഹിക ഉപഭോക്താക്കളിൽ ഭൂരിഭാഗവും വോൾട്ടേജ് കുറവിനെ സംബന്ധിച്ചു പരാതിയുള്ളവരാണ്. മിക്ക ഗ്രാമസഭകളും അക്കാര്യം ചൂണ്ടികാണിച്ചിട്ടുണ്ട്.

8. നിലമേൽ പഞ്ചായത്തിൽ ഒരു ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ്സ് സ്ഥാപിക്കുന്നതിന് ബന്ധപ്പെട്ട അധികാരികളെ കാണുക.

**പ്രശ്നപരിഹാര മാർഗ്ഗങ്ങൾ**

1. ഈ പഞ്ചായത്തിലെ ഉപഭോക്താക്കൾക്ക് ആയൂർ, മടവൂർ, കടയ്ക്കൽ, കിളിമാനൂർ സെക്ഷനുകളിൽ നിന്നാണ് സപ്ലൈ ലഭിക്കുന്നത്. ഇത് പണം അടയ്ക്കുന്നതിനും പുതിയ കണക്ഷനുവേണ്ടിയും പൊതു ജനങ്ങൾക്കു ബുദ്ധിമുട്ടുണ്ട്. അതുകൊണ്ട് ഒരു പുതിയ സെക്ഷൻ ഓഫീസ് തുടങ്ങുക.

2. നിലമേൽ പഞ്ചായത്തിലെ ഉപഭോക്താൾ ഒരു സെക്ഷന്റെ കീഴിലായാൽ കൂടുതൽ പേർക്കു വൈദ്യുതി കണക്ഷൻ ലഭിക്കും. ജനങ്ങളുടെ ബുദ്ധിമുട്ടുകൾ കുറക്കാൻ കഴിയും. ഊർജ്ജ പ്രതിസന്ധി പരിഹരിക്കാൻ കഴിയും

3. ലൈൻ എക്സ്റ്റൻഷൻ നടത്തിയും ത്രീഫേസ് സ്ഥാപിച്ചും വൈദ്യുതി എത്താത്തിടങ്ങളിൽ വൈദ്യുതി എത്തിയ്ക്കുക.

4. ഗാർഹിക ആവശ്യങ്ങൾക്കു പുറമേ കാർഷികാവശ്യങ്ങൾക്കും വൈദ്യുതി കണക്ഷൻ നല്കുക നടപടിക്രമങ്ങൾ ലഘൂകരിക്കുക.

5. നിലവിലുള്ള മീറ്റർ റീഡിംഗ് സമ്പ്രദായം മാറ്റി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ മാസംതോറും റീഡിംഗ് നടത്തി ബിൽ തയ്യാറാക്കുക.

6. വൈദ്യുതി എത്താത്ത മേഖലകളിൽ പാവപ്പെട്ടവർക്കു സോളാർ വിളക്കുകൾ സൗജന്യമായി നല്കുക.

7. പഞ്ചായത്ത് പ്രദേശത്ത് അവശേഷിക്കുന്ന ഹരിജൻ കോളനികൾ ഉടൻ വൈദ്യുതീകരിക്കുക.

8. മിനിമം ഗ്യാരണ്ടിവച്ചിട്ടുള്ള മേഖലകളിൽ വൈദ്യുതി കണക്ഷൻ വേഗത്തിൽ ലഭിക്കുന്നതിന് ബന്ധപ്പെട്ടവരോട് ആഭ്യർത്ഥിക്കുക.

9. തെരുവു വിളക്കുകൾക്കു പ്രതിവർഷം Rs. 35772/- രൂപ കറണ്ടു ചാർജ്ജു ഇനത്തിൽ അടയ്ക്കുന്നു. ആകെ വരുമാനത്തിന്റെ 3.5% ആണ് ഇത്. തെരുവു വിളക്കുകളുടെ ഉപയോഗം ഉറപ്പുവരുത്തുക.

10. പഞ്ചായത്ത് റോഡുകൾ PWD റോഡുകൾ എന്നിവിടങ്ങളിൽ അപകടനിലയിൽ കാണുന്ന പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുക.

11. വളരെ കൂടുതൽ കർഷകരുള്ള ഈ പഞ്ചായത്തിൽ കാർഷിക ആവശ്യത്തിന് വേണ്ടി മിനിമം ഗ്യാരണ്ടി വച്ചിട്ടുള്ളവർ കണക്ഷൻ കിട്ടാൻ കാത്തിരിക്കുന്നവർ ധാരാളം. സാമ്പത്തികമായി പിന്നോക്കം നില്ക്കുന്നവരാണ് ഇവരിൽ പലരും. പഞ്ചായത്ത് 50% വിഹിതം അടച്ചു കാർഷിക ആവശ്യത്തിന് വൈദ്യുതി ലഭ്യമാക്കണം.

## സ്ട്രീറ്റ് ലൈറ്റുകൾ ആവശ്യമായ പ്രദേശങ്ങൾ

| Ward No | പേപ്പർലാമ്പു ആവശ്യമായ സ്ഥലങ്ങൾ | ട്യൂബുലൈറ്റുകൾ ആവശ്യം | ലൈൻ എക്സ്റ്റൻഷൻ ചെയ്തു തെരുവു വിളക്കുകൾ സ്ഥാപിക്കാനുള്ള റോഡുകൾ |
|---|---|---|---|
| 1 | 1. കൈതോട്-ജംഗ്ഷൻ<br>2. എലിക്കുന്നാം മുകൾ | 1. മൂന്നാംകോണം<br>2. മണലയം<br>3. പൂവത്തൂർ | 1. എലിക്കുന്നാംമുകൾ-പൂവത്തൂർ<br>2. കൈതോട്-മണലയം<br>3. എലിക്കുന്നാംമുകൾ |
| 2 | 1. വലിയവഴി | 1. പരുത്തിയിൽ<br>2. വലിയവഴി<br>3. വെള്ളരി | 1. കുരിയോട്-കൈതോട്<br>2. വെയ്ക്കൽ-ഇടപ്പള്ളി-ഈട്ടിമൂടു<br>3. വലിയവഴി-ആറ്റൂർകോണം |
| 3 | - | - | 1. വേയ്ക്കൽ-പുള്ളിപ്പച്ച<br>2. വേയ്ക്കൽ-വട്ടപ്പാറ<br>3. കൊപ്പം-തുണ്ടുപച്ച<br>4. കൈതോട്-തങ്കക്കല്ലു |
| 4 | - | 1. പുലിക്കോട്<br>2. മുളയക്കോണം | 1. കരുന്തലക്കോട്-മുളയക്കോണം<br>2. വേയ്ക്കൽ-ഇടപ്പള്ളി-ഈട്ടിമൂടു |
| 5 | മുരുക്കുമൺ | 1. കുരിയോട് (അട്ടിയിൽ)<br>2. ഇടത്തറ | 1. ബംഗ്ലാംകുന്നു-കുന്നംപുറം<br>2. കുരിയോട്-അട്ടി<br>3. മുരുക്കുമൺ-ഇടത്തറ |
| 6 | - | - | 1. എൻ.എസ്.എസ് കോളേജ്-നെട്ടയം പാലക്കാട് |
| 7 | 1. നിലമേൽ ടൗൺ<br>2. കണ്ണൻകോട് | - | 1. കണ്ണംകോടു-വട്ടപ്പാറ<br>2. കണ്ണംകോടു-ജില്ലാഅതൃത്തി<br>3. വൈദ്യശാല-വളയിടം |
| 8 | 1. ബംഗ്ലാംകുന്നു<br>2. ആശുപത്രി കാമ്പൗണ്ട് | - | 1.ബംഗ്ലാംകുന്നു-വട്ടപ്പാറ |

### മാർക്കറ്റ്

വർഷങ്ങൾക്കു മുൻപ് നിലമേൽ ജംഗ്ഷനു സമീപം പടിഞ്ഞാറു ഭാഗത്തായി സ്വകാര്യവ്യക്തിയുടെ സ്ഥലത്താണ് മാർക്കറ്റ് പ്രവർത്തിച്ചിരുന്നത്. പ്രധാനമായും അന്തിചന്തയായിട്ടാണു നടന്നിരുന്നത്. മത്സ്യവും, പച്ചക്കറികളും വിപണിയിലുണ്ടായിരുന്നു. ഇതിനു പുറമേ ആണ്ടുതോറും കുംഭമാസം 17, 18, 19 തീയതികളിൽ വിപുലമായി മൂന്നു ദിവസം നീണ്ടുനില്ക്കുന്ന കന്നുകാലി ചന്ത പ്രവർത്തിച്ചിരുന്നു. ആയിരക്കണക്കിന് ഉരുക്കളെ വിറ്റഴിക്കാനും വാങ്ങാനും കഴിഞ്ഞിരുന്നു. നാടൻ കന്നു കാലികൾക്കു പുറമേ അന്യസംസ്ഥാനമായ തമിഴ് നാട്ടിൽ നിന്നും പാണ്ടിക്കുട്ടങ്ങളും ഇവിടെ എത്തിയിരുന്നു. ഇപ്പോൾ വർഷങ്ങളായി കന്നുകാലി ചന്ത നടക്കുന്നില്ല. അവ പുനരാരംഭിക്കുകയാണെങ്കിൽ പഞ്ചായത്തിന് നല്ലൊരു വരുമാന മാർഗമായിരിക്കും.

പഞ്ചായത്തിന് സ്വന്തമായി ഒരു പബ്ലിക് മാർക്കറ്റ് ഇന്നുണ്ട്. 60 സെന്റ് സ്ഥലം വിലയ്ക്കു വാങ്ങി കാമ്പൗണ്ട് തിരിച്ചു ഇട്ടിട്ടുണ്ട്. ആഴ്ചയിൽ 2 ദിവസം (ശനി, ബുധൻ) പ്രധാന ചന്ത ദിവസമാണ്. ഈ ചന്തയുടെ പുരോഗതിയ്ക്കു വേണ്ടി നടപടികൾ കമ്മിറ്റി കൈക്കൊള്ളേണ്ടതാണ്. നമ്മുടെ കാർഷിക വിളകൾ വിറ്റഴിക്കുന്നത് സമീപ പ്രദേശത്തെ പ്രധാനപ്പെട്ട മാർക്കറ്റായ കടയ്ക്കൽ, അഞ്ചൽ, കിളിമാനൂർ എന്നിവിടങ്ങളിലാണ്. ഇറച്ചിസ്റ്റാൾ ലേലത്തിലൂടെയാണ് ലാഭകരമായി വരുമാനം ലഭിക്കുന്നത്. അവശിഷ്ടങ്ങൾ സംസ്ക്കരിക്കുന്നതിനാവശ്യമായ സംവിധാനങ്ങൾ ഉണ്ടാക്കിയാൽ പരിസരമലിനീകരണം ഒരു പരിധിവരെ തടയാൻ കഴിയും.

ഈ മാർക്കറ്റിന്റെ ശോച്യാവസ്ഥ അടിയന്തിരമായി പരിഹരിക്കണം. മഴക്കാലമായാൽ മാർക്കറ്റിനുള്ളിൽ കടക്കാൻ തന്നെ വളരെ പ്രയാസമാണ്. പബ്ലിക് മാർക്കറ്റിനു പുറമേ ഒരു സ്വകാര്യ വ്യക്തിയുടെ സ്ഥലത്തു കൈ തോട് ജംഗ്ഷനിൽ ഒരു ചന്ത പ്രവർത്തിക്കുന്നുണ്ട്. രാവിലെ 9 മുതൽ 10 വരെ സമയങ്ങളിൽ കൂടുന്ന, മത്സ്യവിപണനം നല്ല രീതിയിൽ നടക്കുന്ന ഒരു ചന്തയാണിത്. ഈ പ്രദേശത്ത് പഞ്ചായത്തു വക മിനി മാർക്കറ്റും തുടങ്ങേണ്ടതാണ്. മിനിമാർക്കറ്റ് ആവശ്യമെന്നു തോന്നുന്ന പ്രധാനസ്ഥലങ്ങൾ ചുവടെ ചേർക്കുന്നു.

1. കൈത്തോട്
2. പരുത്തിയിൽ,
3. കുരിയോട് ജംഗ്ഷൻ.

നാളികേരം, അടക്ക, കുരുമുളക്, കശുവണ്ടി, നെല്ല്, റബ്ബർ, ഇഞ്ചി എന്നിവയാണു പ്രധാന കാർഷിക വിളകൾ. ഇവയെല്ലാം തന്നെ കർഷകർ നേരിട്ടു വിപണന രംഗത്തേയ്ക്കെത്തിക്കുന്നു. ഉല്പന്നങ്ങൾക്കു ന്യായ വില ലഭിക്കുന്ന സംവിധാനം ഉണ്ടാക്കേണ്ടിയിരിക്കുന്നു. ഇതിനായി സിവിൽ സപ്ലൈസ് കോർപറേഷന്റെ ഒരു സഹകരണസ്റ്റോർ പഞ്ചായത്തിൽ പ്രവർത്തനം തുടങ്ങണം. ഒരു റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റി സ്ഥാപിച്ച് നമ്മുടെ പ്രദേശത്തെ റബ്ബർ മുഴുവൻ സംഭരിക്കാനും അതു വഴി കൃഷിക്കാരെ പരമാവധി സഹായിക്കാനും ഉള്ള സൗകര്യങ്ങൾ ഉണ്ടാക്കണം. സഞ്ചരിക്കുന്ന ഒരു മാവേലിസ്റ്റോർ ആരംഭിക്കുക. എല്ലാ വ്യാപാര സ്ഥാപനങ്ങളിലും വില വിവരപ്പട്ടിക പ്രദർശിപ്പിയ്ക്കണം. റേഷൻ കടകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കുക.

**11 KV ലൈൻ, ട്രാൻസ്ഫോമർ**

| | 11 KV ലൈൻ | ദൂരം | ട്രാൻസ്ഫോമർ എണ്ണം, കപ്പാസിറ്റി |
|---|---|---|---|
| 1 | വാഞ്ഞോട് ജില്ലാ തൃത്തികുരിയോട്. | 6 km | 1. നിലമേൽ ജംഗ്ഷൻ 160 |
| 2 | നിലമേൽ N S S കോളേജ് വഴി കടയ്ക്കലേയ്ക്ക് | 2 km | 2. നിലമേൽ ജംഗ്ഷൻ 100 |
| 3. | നിലമേൽ – വേയ്ക്കൽ | 2 km | 3. വേയ്ക്കൽ 100 |
| 4. | കുരിയോട് പരുത്തിയിൽ | 1 km | 4. പരുത്തിയൽ 100 |
| 5. | എലിക്കുന്നം മുകൾ മൂന്നാംകോണം | .75 km | 5. മൂന്നാംകോണം 100 |
| 6. | മൂന്നാംകോണം – തൊട്ടുവള്ളി | .50 km | 6. തൊട്ടുവള്ളി 100 |
| 7. | കണ്ണം കോട് (ചേറാട്ടുകുഴി) | – | 7. കണ്ണംകോട് (ചേറാട്ടകുഴി) |

## വൈദ്യുതി വിതരണത്തിന് മേലിൽ ആവശ്യമായ പ്രദേശങ്ങൾ, വിവരങ്ങൾ etc

| വാർഡ് നമ്പർ | ട്രാൻസ്ഫോർമർ ആവശ്യമായ സ്ഥലങ്ങൾ | വോൾട്ടേജ് ക്ഷാമം രൂക്ഷം സ്ഥലങ്ങൾ | വൈദ്യുതി എത്താത്ത സ്ഥലങ്ങൾ | വൈദ്യുതി എത്താത്ത ഹരിജൻ | ലൈൻ എക്സ്റ്റൻഷൻ ചെയ്തു or ഉള്ളലൈനിൽ സ്ടീറ്റ് ലൈറ്റ് വേണ്ട സ്ഥലങ്ങൾ |
|---|---|---|---|---|---|
| 1 | 1 കൈതോട് ജംഗ്ഷൻ | 1. കൈതോട് | 1. ഓലൂർകോണം മത്തമാട് തൊട്ടുവള്ളി കുന്നുംപുറം | തൊട്ടുവള്ളി മണലയം കൈതപ്പൊയ്ക | 1. കൈതോട്-തായക്കല്ല് 2. കൈതോട്-മണലയം 3. |
| 2 | 1. വലിയവഴി OR ആറ്റൂർകോണം | 1. കൈതോട് 2. വെള്ളരി 3. ഇടപ്പള്ളി | 1.കൊടിപ്പച്ചയിൽ 2. ആറ്റൂർകോണം 3. മുണ്ടപ്പാംമൂട് | 1.കുരങ്ങുവയൽ 2. മണലയം 3. ഇടപ്പള്ളി തുണ്ടുവിള | 1. കുരുയോട്-കൈതോട് |
| 3 | 1. കൈതോട് 2. വേയ്ക്കൽ | 1. വേയക്കൽ 2. കൈതോട് 3. പെരുമ്പില്ലിൽ | 1. വട്ടപ്പാറ-ഇലപ്പാമൂട് 2. കാവൂർ കോണം | 1. പുള്ളപ്പച്ച 2. മുളവിള 3. കോട്ടൂർ കോണം | 1. വേയ്ക്കൽ-വട്ടപ്പാറ |
| 4 | | 1.കരുന്തലക്കോട് | 1. മങ്കോട് 2. കുറുമ്പള്ളൂർ 3. ശാസ്താം കോണം | 1.ചുരലികോണം 2. മാങ്കോട് | 1.ബംഗ്ലാംകുന്ന്-കുന്നുംപുറം 2.കുരുലക്കോട്- വരുതിയിൽ |
| 5 | 1. കുരിയോട് ജംഗ്ഷൻ | കുരിയോട് അട്ടി | | കാരോട്-ഹരിജൻ കോളനി | 1. കുരിയോട് ജംഗ്ഷൻ അട്ടി 2. മുരുക്കുമൺ-ഇടത്തറ |
| 6 | 1. വൈദ്യശാല വാതുക്കൽ 2. വെള്ളാംപാറ | – | 1.വെള്ളാംപാറ 2.ഐരവല്ലി-അമ്മനംകോണം 3. കാരോട് | 1. ലക്ഷംവീടു കോളനി 2. ചാറയം കുണ്ടാംകുഴി | 1. NSS കോളേജ്-നെട്ടയം പാലമൂട് ജംഗ്ഷൻ |
| 7 | 1. വളയിടം | 1. വളയിടം | 1. M.C. റോഡിൽ വാഴോട് ഖി. 2. കൊച്ചിനാം കുഴി 3. മൈലകുന്നു 4. കുഞ്ചുലി-കോണം 5. ചേറാട്ടുകുഴി | – | 1. കണ്ണംകോട്-വട്ടപ്പാറ |
| 8 | 1.ബംഗ്ലാംകുന്ന് | 1.ബംഗ്ലാംകുന്ന് | – | 1.കാവൂർകോണം കൈതക്കുഴി 2. ഈന്തലിൽ | 1. ബംഗ്ലാംകുന്നു-വട്ടപ്പാറ |

# പാർപ്പിടവും സാമൂഹ്യ ക്ഷേമവും

**പാർപ്പിടം**

മനുഷ്യന്റെ ഏറ്റവും വലിയ സ്വപ്നങ്ങളിലൊന്നാണ് അന്തിയുറങ്ങാനൊരു കൂര. എല്ലാ ജീവജാലങ്ങൾക്കും അതതിന്റേതായ താവളങ്ങളുണ്ട്. ആഹാരവും വസ്ത്രവും പാർപ്പിടവുമുണ്ടെങ്കിൽ ശരാശരി മനുഷ്യൻ തൃപ്തനാണ്. വിസ്തൃതമായ നമ്മുടെ രാജ്യം അഭിമുഖീകരിക്കുന്ന സങ്കീർണ്ണമായ പ്രശ്നമാണ് 'എല്ലാവർക്കും പാർപ്പിടം'-എന്നത്.

പ്രാചീന മനുഷ്യൻ പ്രകൃതിയുമായി ഇഴുകിച്ചേർന്നു ജീവിച്ചിരുന്നു. മരവുരിയും മരത്തണലും ഫലമൂലാദികളും മാത്രം കൊണ്ട് അവന്റെ ജീവിതം സംതൃപ്തമായി. പിൽക്കാലത്തു പാർപ്പിടത്തെ സംബന്ധിച്ച അവന്റെ ഭാവനയിൽ പുത്തൻ മാനങ്ങളുണ്ടായി. ഫലമോ? അംബര ചുംബികളായ നിർമ്മിതികൾ! ഇന്നത് ധൂർത്തിന്റേയും മിഥ്യാഭിമാനത്തിന്റേയും പര്യായങ്ങളായിരിക്കുന്നു. മാർബിൾ ഭവനങ്ങളിൽ കുറഞ്ഞൊന്നും തൃപ്തിനല്കാത്ത അവസ്ഥയിലെത്തിയിരിക്കുന്നു.

പാർപ്പിട സങ്കൽപ്പത്തെക്കുറിച്ചു സമഗ്രമായ പുനർവിചിന്തനം നടക്കുകയാണിപ്പോൾ. ആർഭാടരഹിതമായ, താമസയോഗ്യമായ, ചെലവുകുറഞ്ഞ വീടുകളെപ്പറ്റി ആലോചിക്കാൻ തുടങ്ങിയിരിക്കുന്നതു ശുഭോദർക്കമാണ്. ആസൂത്രണം ജനങ്ങളുടേതാകാൻ പോകുന്ന ഇത്തരുണത്തിൽ ഈ വഴിക്കുള്ള ചിന്തയുടെ പ്രസക്തിയേറുന്നു. ജനസംഖ്യാ വർദ്ധനയുടെ ഫലമായി പാർപ്പിട പ്രശ്നം കൂടുതൽ രൂക്ഷമാവുകയും ഗവണ്മെന്റിന്റെ മുമ്പിൽ ഏറ്റവും വലിയ വെല്ലുവിളിയാവുകയും ചെയ്തു. ചേരികളിൽ വസിക്കുന്ന ലക്ഷക്കണക്കിനു പാവപ്പെട്ടവരുടെയും ഇന്നും സമൂഹത്തിന്റെ താഴേത്തട്ടിലുള്ള പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെയും പുനരധിവാസം രാഷ്ട്രത്തിന്റെ വർദ്ധിച്ച ബാധ്യതയായി.

പാർപ്പിട പ്രശ്നം വിലയിരുത്തുമ്പോൾ പഞ്ചായത്തിലെ പൊതുസ്ഥിതി നോക്കേണ്ടതുണ്ട്. എട്ടുവാർഡുകളിലായി ആകെ 3680 വീടുകളാണു നിലവിലുള്ളത്. (കുടിലുകൾ ഉൾപ്പെടെ). പുതുതായി നിർമ്മാണം നടന്നുവരുന്ന ഭവനങ്ങൾ ഈ പട്ടികയിൽ ഉൾപ്പെടുന്നില്ല. അത് നൂറിലധികം വരുമെന്നു പ്രതീക്ഷിക്കുന്നു.

ചേരി നിവാസികളില്ല. എന്നാൽ പുറമ്പോക്കിൽ താമസിക്കുന്നവരുണ്ട്. നാലാം വാർഡിലും (മുളയക്കോണം-വേയ്ക്കൽ) ആറാം വാർഡിലും (കോളേജ് വാർഡ്) ഓരോ ലക്ഷം വീടു കോളനിയും (രണ്ടിലും കൂടി 64- ഓളം കുടുംബങ്ങൾ) അഞ്ചാം വാർഡിലും (മുരുക്കുമൺ) എട്ടാം വാർഡിലും (ബംഗ്ലാംകുന്ന്) ഓരോ IHDP കോളനിയും എല്ലാവാർഡുകളിലും ഹരിജൻ കോളനികളുമുണ്ട്. ഭൂരിപക്ഷം കോളനികളിലും താമസിക്കുന്ന കർഷകത്തൊഴിലാളികളുടെ വീടുകൾ ചെറ്റക്കുടിലുകളാണ്. സർക്കാർ സഹായത്തോടെ നിർമ്മിച്ചിട്ടുള്ള കുറെ ഭവനങ്ങളുമുണ്ട്.

ഇതിനൊരു മറുവശം കൂടിയുണ്ട്. തികച്ചും താമസയോഗ്യമായ വീടുകൾ ഇടിച്ചുപൊളിച്ച് ഗൾഫ് പണത്തിന്റെ പ്രൗഢിപ്രകടിപ്പിക്കാൻ രമ്യഹർമ്മ്യങ്ങൾ നിർമ്മിച്ചിട്ടുണ്ട്. PWD പൊതുനിരത്തിനു സമീപം വേണമെന്ന ആവേശത്തിൽ നെൽപാടങ്ങൾ നികത്തി നിർമ്മിച്ചിട്ടുള്ളവയാണ് കുറേയധികം വീടുകൾ. ഇതുമൂലം പഞ്ചായത്തിലെ നെൽപാടങ്ങളുടെ വിസ്തൃതി ഗണ്യമായി കുറഞ്ഞിട്ടുണ്ട്. ഈ പ്രവണത വെള്ളപ്പൊക്കമുണ്ടാക്കാനുള്ള സാധ്യത വർദ്ധിപ്പിക്കും. ഭൂജല സ്രോതസ്സുകളേയും ഇതു പരോക്ഷമായി ബാധിക്കും.

**പ്രശ്നങ്ങൾ**

1. സ്വന്തമായി ഭൂമിയും വീടുമില്ലാത്തവർ പഞ്ചായത്തിൽ ധാരാളമുണ്ട്.
2. പുറമ്പോക്കിൽ താമസിക്കുന്ന ഏതാനും കുടുംബങ്ങളുണ്ട്.
3. ഭവന നിർമ്മാണ സഹകരണ സംഘം പഞ്ചായത്തിലില്ല.
4. ഗവണ്മെന്റ് ആവിഷ്ക്കരിക്കുന്ന വിവിധ പദ്ധതികളെപ്പറ്റി സാമാന്യജനങ്ങൾക്കറിവില്ല.

5. ഭവന നിർമ്മാണ സാമഗ്രികൾ (സിമന്റ്, മണൽ, ഇഷ്ടിക മുതലായവ) വിദൂര സ്ഥലങ്ങളിൽ നിന്നു കൊണ്ടുവരേണ്ടതുണ്ട്. ഇത് നിർമ്മാണച്ചെലവു വർദ്ധിക്കാൻ കാരണമാകുന്നു.

6. നിർമ്മാണത്തൊഴിലാളികളിൽ നല്ല പങ്ക് അന്യപ്രദേശങ്ങളിൽ നിന്നുള്ളവരാണ്.

7. നിർമ്മാണത്തൊഴിലാളികൾ, മരപ്പണിക്കാർ എന്നിവരുടെ കൂലി പഞ്ചായത്തിന്റെ പലഭാഗത്തും പല തരത്തിലാണ്.

8. പഞ്ചായത്തിന്റെ പലഭാഗത്തും വൈദ്യുതി എത്തിയിട്ടില്ല. ഇതിൽ പഞ്ചായത്തു റോഡുകൾ സ്ഥിതി ചെയ്യുന്ന സ്ഥലങ്ങളും ഉൾപ്പെടുന്നു.

9. പാടം നികത്തി ഭവനങ്ങൾ നിർമ്മിക്കുന്ന പ്രവണത ഏറി വരുന്നു.

പരിഹാര നിർദ്ദേശങ്ങൾ

1. സ്വന്തമായ ഭൂമിയും വീടുമില്ലാത്തവരുടെ സമഗ്രമായ സർവ്വേ നടത്തി അർഹരായവർക്കു വീടു നിർമ്മിക്കാൻ സഹായം നല്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തുക.

2. ഭവനനിർമ്മാണ സഹകരണ സംഘത്തിന്റെ പ്രവർത്തനം പഞ്ചായത്തിലെ ഗുണഭോക്താക്കൾക്കും പ്രയോജനപ്പെടത്തക്കവിധത്തിൽ വ്യാപകമാക്കുക.

3. ഭവന വായ്പകൾ സാധാരണക്കാരനു പ്രാപ്യമാകത്തക്കവിധത്തിൽ വായ്പാ വ്യവസ്ഥകൾ ഉദാരമാക്കുക. അതിനു താഴെപറയുന്ന രീതി സ്വീകരിക്കാവുന്നതാണ്.

   (a) നിർമ്മിക്കുന്ന വീട് ഈടായി സ്വീകരിച്ച് വായ്പ ലഭ്യമാക്കുക.

   (b) പലിശ നിരക്കു ലഘൂകരിക്കുക.

   (c) പ്ലോട്ട് അടിസ്ഥാനത്തിൽ വീടുകൾ നിർമ്മിച്ച് തവണ വ്യവസ്ഥയിൽ നല്കുക.

   (d) സഹകരണ സംഘം, കൊമേഴ്സ്യൽ ബാങ്ക് എന്നിവ വഴി ഭവനനിർമ്മാണ വായ്പ നല്കുക.

   (e) മൈത്രീഭവന നിർമ്മാണ പദ്ധതിയുടെ പ്രവർത്തനം ജില്ലാ കേന്ദ്രത്തിലോ, താലൂക്കു കേന്ദ്രത്തിലോ ആക്കുക.

   (f) നിർമ്മിതി വീടുകളുടെ പ്രവർത്തനത്തെക്കുറിച്ചുള്ള ബോധവല്ക്കരണം നടത്തുക.

4. ലോൺ, മറ്റു സാമ്പത്തിക സഹായം എന്നിവ എത്രയും പെട്ടെന്നു ആവശ്യക്കാർക്കു ലഭിക്കുവാൻ ബന്ധപ്പെട്ട ബാങ്കുകളെയും സാമ്പത്തിക സ്ഥാപനങ്ങളെയും പ്രേരിപ്പിക്കുക.

5. IRDP, IAY, രാജീവ് ഭവന പദ്ധതി, നാലുസെന്റു പദ്ധതി എന്നിവ പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കും അതോടൊപ്പം ഭൂരഹിതരും ഭവന രഹിതരുമായ മറ്റുവിഭാഗക്കാർക്കും അനുവദിക്കുകയും തോതു വർദ്ധിപ്പിക്കുകയും ചെയ്യുക.

6. മേൽപറഞ്ഞ പദ്ധതികൾക്കുള്ള വായ്പാതുക ഇന്നുള്ളതിന്റെ ഇരട്ടിയായി വർദ്ധിപ്പിക്കുക.

7. പഞ്ചായത്തിലെ തൊഴിൽ രഹിതരായ ചെറുപ്പക്കാരെ സംഘടിപ്പിച്ച് കെട്ടിടനിർമ്മാണത്തിൽ പരിശീലനം നല്കുകയും, അതിലേയ്ക്ക് പരിശീലന കേന്ദ്രം സ്ഥാപിക്കുകയും ചെയ്യുക. കൂടുതൽ തൊഴിൽ സാധ്യത ലഭിക്കുന്നതോടൊപ്പം അന്യ പ്രദേശങ്ങളിൽ നിന്നുള്ളവരുടെ തള്ളിക്കയറ്റം നിയന്ത്രിക്കാനും ഇതുമൂലം സാധിക്കും.

8. ഹൈസ്ക്കൂളുകളോടനുബന്ധിച്ച് മരപ്പണി പരിശീലിപ്പിക്കുന്നതിനുള്ള കോഴ്സുകൾ ആരംഭിക്കാൻ സാവിധാനമുണ്ടാക്കുക.

9. പാടം നികത്തി കെട്ടിടം നിർമ്മിക്കുന്നതു തടയുക.

10. ആഡംബര ഭവനങ്ങളുടെ നിർമ്മാണം നിരുത്സാഹപ്പെടുത്തി ഗൾഫുപണം മറ്റാവശ്യങ്ങൾക്കു വിനിയോഗിക്കാനുള്ള പ്രായോഗിക സമീപനം കൈക്കൊള്ളുക.

11. നിർമ്മാണപ്രവർത്തനങ്ങൾക്കു പൊതുനിരത്തിൽ നിന്നുള്ള അകലം പാലിക്കുന്നുണ്ടോ എന്നു പരിശോധിക്കുക. നിരത്തുകളുടെ ഭാവി വികസനത്തിന് ഇതാവശ്യമാണ്.

12. നിർമ്മാണത്തൊഴിലാളികളുടെ കൂലി ഏകീകരിക്കുക.

13. കെട്ടിടനിർമ്മാണ സാമഗ്രികളുടെ നിർമ്മാണത്തിനും വിതരണത്തിനും വേണ്ടി നിർമ്മിതി കേന്ദ്രം പഞ്ചായത്തിൽ സ്ഥാപിക്കുക.

14. നിർമ്മാണച്ചെലവിനു പരിധി ഏർപ്പെടുത്തുക.

15. സ്റ്റേജ് സർട്ടിഫിക്കറ്റ് നല്കാനുള്ള അധികാരം പഞ്ചായത്തിനു നല്കുക

16. പ്രകൃതിക്ഷോഭ പുനരധിവാസത്തിനുള്ള തുക കുറഞ്ഞത് 25000 രൂപയാക്കുക.

17. ചെലവു കുറഞ്ഞ വീടുകൾക്കു പ്രചാരം നല്കുക. ചെലവു കുറഞ്ഞ വീടുകളുടെ രണ്ടോ മൂന്നോ തരത്തിലുള്ള പൊതു മാതൃക (ഡിസൈൻ) പഞ്ചായത്തിൽ പ്രേരിപ്പിക്കുക. ഭവന നിർമ്മാണ പ്രവർത്ത

നങ്ങൾക്ക് ഏകീകൃത സ്വഭാവം കൈവരാൻ ഇതു സഹായിക്കും.

18. "ചെറിയകുടുംബം-ചെറിയഭവനം"- ഇതായിരിക്കട്ടെ നമ്മുടെ പഞ്ചായത്തിന്റെ മുദ്രാവാക്യം!!

പട്ടിക – 1

പാർപ്പിടങ്ങളുടെ വിവരം

| വാർഡ് | ആകെ വീട് | പട്ടികജാതി വീടുകൾ | കുടിലുകൾ | ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബം | റിമാർക്സ് |
|---|---|---|---|---|---|
| I | 411 | 40 | 23 | 151 | |
| II | 448 | 19 | 19 | 134 | |
| III | 421 | 57 | 16 | 127 | |
| IV | 475 | 43 | 22 | 165 | |
| V | 525 | 49 | 19 | 141 | |
| VI | 538 | 80 | 15 | 132 | |
| VII | 452 | 42 | 20 | 149 | |
| VIII | 410 | 85 | 21 | 150 | |
| ആകെ | 3680 | 415 | 155 | 1149 | |

പട്ടിക - 2

1992-96 വർഷങ്ങളിൽ IRDP സർവ്വേ പ്രകാരം അനുവദിച്ച വീടുകൾ

| വാർഡ് | അനുവദിച്ചവീടുകൾ | | | | കക്കൂസുകൾ | | | | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|
| | 1992-93 | 1993-94 | 1994-95 | 1995-96 | 1992-93 | 1993-94 | 1994-95 | 1995-96 | |
| I | - | - | - | 2 | - | 4 | 1 | - | |
| II | - | - | 1 | 1 | - | 8 | 7 | 1 | |
| III | - | - | 2 | 1 | - | - | - | - | |
| IV | - | - | - | - | - | 1 | - | 1 | |
| V | 3 | 4 | 1 | 3 | - | - | 1 | 1 | |
| VI | 7 | 4 | 1 | 2 | - | - | - | 2 | |
| VII | 1 | - | - | 1 | - | - | - | 1 | |
| VIII | - | - | 1 | 2 | - | - | 1 | 2 | |
| ആകെ | 11 | 8 | 6 | 12 | - | 13 | 10 | 8 | |

### സാമൂഹ്യക്ഷേമം

ഉപഭോക്തൃ സംസ്ഥാനമെന്ന പേർ കേരളത്തിനു ലഭിച്ച സാഹചര്യം വിലയിരുത്തേണ്ട സമയമായിരിക്കുന്നു. നിത്യോപയോഗ സാധനങ്ങളെല്ലാം തന്നെ അന്യ സംസ്ഥാനങ്ങളിൽ നിന്നു ശേഖരിക്കേണ്ട അവസ്ഥയിലാണു നാം. സമ്പൂർണ്ണ സാക്ഷരതയും വിദഗ്ധ മാനവശേഷിയും കൈ മുതലായുള്ള നമുക്ക് എന്തു കൊണ്ട് ഈ അവസ്ഥ? അന്യരാജ്യങ്ങളിൽ അഭിമാനാർഹമായ സേവനം നടത്തുന്ന കേരളീയർ സ്വന്തം സംസ്ഥാനത്ത് അലസതയുടെയും ആർജ്ജവരാഹിത്യത്തിന്റെയും പ്രതിനിധികളായി മാറുന്നു। തൊഴിലില്ലായ്മയുണ്ടെങ്കിലും ഉള്ള തൊഴിലിനോട് ആത്മാർത്ഥത പുലർത്താൻ വിമുഖത കാട്ടുന്നില്ലേ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. അധ്വാനത്തിന്റെ മധുരഫലങ്ങൾ

രുചിക്കാത്തതുപോലെയുള്ള മനോഭാവം! സ്വന്തം ഭൂമിയിൽ അധ്വാനിക്കുന്നില്ല. സ്വയം തൊഴിൽ കണ്ടെത്താനുള്ള സന്മനസ്സില്ല. എവിടെയും കുറുക്കുവഴികൾ തേടാനും, നാമമാത്രമായ ആനുകൂല്യങ്ങൾ നേടിയെടുക്കാനുമുള്ള പ്രവണത ഏറിവരുന്നു. തൊഴിലവസരം കുറവാണ് എന്ന ന്യായമുണ്ട്. എങ്കിലും കൂട്ടായ പ്രയത്നത്തിനും അതുവഴി സമൂഹത്തിന്റെ ഉയർച്ചയ്ക്കും കാരണക്കാരാകാനുള്ള വിമുഖതയ്ക്കാണു മുൻതൂക്കം. തൊഴിലില്ലായ്മ വേതനവും അതുപോലുള്ള മറ്റ് ആനുകൂല്യങ്ങളും ജീവിതകാലം മുഴുവൻ ലഭിക്കണമെന്ന മാനസികാവസ്ഥയിലാണിന്നു കേരളീയ യുവത്വം. ഈ മനോഭാവം മാറണം. തീർച്ചയായും ഗവൺമെന്റിന് ഇത്തരം ആനുകൂല്യങ്ങൾ നല്കേണ്ട ബാധ്യതയുണ്ട്. എങ്കിൽ പോലും എന്തിനും ഏതിനും ഗവൺമെന്റിനെ ആശ്രയിക്കുന്ന പതിവു രീതിയ്ക്കു മാറ്റം വന്നെങ്കിൽ മാത്രമേ സാമൂഹ്യമായ അസമത്വങ്ങൾ അവസാനിപ്പിക്കാൻ സ്ഥായിയായ പരിശ്രമം നടത്താൻ കഴിയൂ.

സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങൾക്കും പ്രയോജനകരമായ പ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തോടെ നടപ്പാക്കാൻ കഴിഞ്ഞാലേ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ വിജയിക്കുകയുള്ളൂ.

ദുർബ്ബല വിഭാഗങ്ങളുടെ ഉന്നമനം ലക്ഷ്യമാക്കുമ്പോൾ അത്രയും ദുർബ്ബലരല്ലാത്തവരുടെ കാര്യത്തിലും ശ്രദ്ധിക്കേണ്ടതുണ്ട്. സമൂഹത്തിന്റെ പൊതുവായ ക്ഷേമവും അതുവഴി ആകമാനമുള്ള സാമൂഹ്യ പുരോഗതിയും ലക്ഷ്യമാക്കേണ്ടതുണ്ട്.

സ്ത്രീകൾക്കു സമൂഹത്തിൽ അർഹമായ സ്ഥാനവും അംഗീകാരവും ഭരണവിഷയത്തിൽ സമതുലിതമായ പങ്കാളിത്തവും ഉറപ്പു വരുത്തേണ്ടതുണ്ട്. നയരൂപീകരണത്തിലും മറ്റും, കുടുംബമെന്ന അടിസ്ഥാന സമൂഹക്രമത്തിൽ സ്ത്രീകൾക്കുള്ള അനുഭവജ്ഞാനം പ്രയോജനപ്പെടും.

തൊഴിൽ രഹിതരായ സ്ത്രീ-പുരുഷന്മാരുടെ കഴിവുകൾ ക്രിയാത്മകമായി തിരിച്ചു വിടാനുള്ള ആസൂത്രണം നടത്തുക; പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെയും മറ്റു ദുർബ്ബല വിഭാഗങ്ങളുടെയും ക്ഷേമപ്രവർത്തനങ്ങൾക്കു ഊന്നൽ നല്കുക, വികലാംഗർ, വിധവകൾ എന്നിവരുടെയും വിവിധ തുറകളിൽ പണിയെടുക്കുന്ന വിദഗ്ധ അവിദഗ്ധ തൊഴിലാളികളുടെയും, കൃഷിക്കാർ, ചെറുകിട കച്ചവടക്കാർ, അദ്ധ്യാപകർ തുടങ്ങി സമൂഹത്തിലെ എല്ലാവരുടെയും ക്ഷേമത്തിനു വേണ്ടിയുള്ള ഏകോപിതമായ പ്രവർത്തനം കൊണ്ടു മാത്രമേ 'സാമൂഹ്യക്ഷേമം' എന്ന ആശയം സാക്ഷാൽകരിക്കാൻ കഴിയുകയുള്ളൂ.

പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം അതിന്റെ പരിധിയിലുള്ള സമൂഹത്തിന്റെ ക്ഷേമകാര്യങ്ങൾ നിർവ്വഹിക്കുന്നതിന് മാറിയ സാഹചര്യത്തിൽ വളരെയേറെ ശ്രദ്ധിക്കേണ്ടതുണ്ട്. പഞ്ചായത്തതൃത്തിയിലുള്ള വിവിധ ഡിപ്പാർട്ടുമെന്റുകളിലെ ഉദ്യോഗസ്ഥരുടെ സേവനം ഏകോപിപ്പിച്ച് സമൂഹത്തിനു മാർഗ്ഗ നിർദ്ദേശം നല്കേണ്ട ചുമതലയും പഞ്ചായത്തിനത്രേ.

താഴെപറയുന്ന മേഖലകളിൽ പഞ്ചായത്തിലെ സന്നദ്ധ സംഘടനകൾക്കു കാര്യമായ പ്രവർത്തനം കാഴ്ചവയ്ക്കാൻ കഴിയും. വിവിധ ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടികൾ സംഘടിപ്പിക്കുന്നതിനും അവ ജനപങ്കാളിത്തത്തോടെ നടപ്പാക്കുന്നതിനും രജിസ്റ്റർ ചെയ്ത സന്നദ്ധ സംഘടനകളുടെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. അവർക്കു പ്രവർത്തിക്കാവുന്ന മേഖലകളിൽ ചിലത്-

**കാർഷിക വികസനം-** മലക്കറി കൃഷി പ്രോത്സാഹനം, ചെറുകിട കർഷകർക്കു സാമൂഹ്യ ജലസേചന പദ്ധതി, പൊതു നഴ്സറികൾ, കൂട്ടുവളം ഉത്പാദനം, മുയൽ വളർത്തൽ, പാൽ ഉൽപ്പന്നങ്ങളുടെ നിർമ്മാണം, മിനി ഡയറി, കോഴിവളർത്തൽ, തരിശുഭൂമി വനവൽക്കരണം, സോഷ്യൽ ഫോറസ്ട്രി, പരിസ്ഥിതി സംരക്ഷണം.

**ഗ്രാമവ്യവസായം-** നെയ്ത്ത്, ബീഡിനിർമ്മാണം, ബുക്ക് ബയന്റിംഗ്, കാർഷികോല്പന്നങ്ങളുടെ സംസ്ക്കരണത്തിനുള്ള ചെറു വ്യവസായങ്ങൾ, ഗാർമെന്റ് മേക്കിംഗ്.

**പരിശീലനവും, തൊഴിലും-** വികസനോന്മുഖമായ പ്രോജക്ടുകളിൽ ഗ്രാമീണ നേതൃത്വ പരിശീലനം, സന്നദ്ധ സംഘടനാ പ്രവർത്തകർക്കു പരിശീലനം, യുവാക്കൾക്കു തൊഴിൽ പരിശീലനവും സ്വയം തൊഴിലും

**സാമൂഹ്യക്ഷേമം-** വികലാംഗരുടെയും ഭൂരഹിതരുടെയും പുനരധിവാസം, അന്ധ-ബധിരർക്കു വിദ്യാഭ്യാസം, തൊഴിലെടുക്കുന്ന സ്ത്രീകളുടെ കുട്ടികൾക്കു ക്രഷേ, ബാലവാടി, പോഷകാഹാര കേന്ദ്രം എന്നിവ.

**സാങ്കേതിക വിദ്യയുടെ പ്രചാരണം-** സന്നദ്ധ സംഘടനകളുടെ പ്രവർത്തന പരിധിയിൽ കൊണ്ടുവരാവുന്ന മറ്റൊരു മേഖലയാണിത്. ഗ്രാമവികസനപ്രവർത്തനങ്ങൾക്കു പുതിയ സാങ്കേതിക വിദ്യകൾ ലഭ്യമാക്കാനും നടപ്പിലാക്കാനും സഹായിക്കുക, പുതിയ പദ്ധതികൾ കണ്ടുപിടിക്കുക.

**പ്രശ്നങ്ങൾ**

1. ഗവൺമെന്റ് നടപ്പാക്കുന്ന സാമൂഹ്യക്ഷേമ പദ്ധതികളെപ്പറ്റി സാമാന്യജനങ്ങൾക്ക്, പ്രത്യേകിച്ചു ഗുണഭോക്താക്കൾക്കു വേണ്ടത്ര അറിവില്ല.

2. പഞ്ചായത്തിൽ ഫലപ്രദമായി പ്രവർത്തിക്കുന്ന ഗ്രന്ഥശാലകളും വായനശാലകളുമില്ല.
3. പഞ്ചായത്തു തലത്തിൽ വിവിധ പ്രദേശങ്ങളിൽ വാർത്താമാധ്യമങ്ങൾ (T.V./റേഡിയോ) എന്നിവയില്ല.
4. സമൂഹത്തിൽ നിലനില്ക്കുന്ന പല അനാചാരങ്ങൾക്കുമെതിരെ ബോധവൽക്കരണം നടത്തുന്നതിനുള്ള സംവിധാനമില്ല.
5. ശുചിത്വത്തെപറ്റിയും അന്തരീക്ഷ മലിനീകരണത്തെപ്പറ്റിയും, പരിസ്ഥിതി സംരക്ഷണത്തെപ്പറ്റിയും മറ്റും ജനങ്ങൾക്കുള്ള അറിവു കുറവാണ്.
6. ക്ഷേമപ്രവർത്തനങ്ങളുടെ ഭാഗമായി നടപ്പാക്കിയിട്ടുള്ള വിവിധ പെൻഷൻ പദ്ധതികൾ യഥാസമയം ലഭിക്കുന്നില്ല.
7. കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനുള്ള ഫലപ്രദമായ ശുദ്ധജല വിതരണ പദ്ധതികളുടെ അഭാവമുണ്ട്.
8. ഗ്രാമീണ കൈത്തൊഴിലുകൾ പ്രോത്സാഹിപ്പിക്കാനുള്ള സംവിധാനങ്ങളില്ല.
9. ടെലിഫോൺ സൗകര്യം പരിമിതം.
10. വികസിച്ചു വരുന്ന പ്രദേശങ്ങളിൽ ജനങ്ങളുടെ പ്രാഥമികാവശ്യങ്ങൾ നിർവ്വഹിക്കാനുള്ള സംവിധാനങ്ങളില്ല.
11. വഴിവിളക്കുകൾ ശരിയായി പ്രവർത്തിക്കുന്നില്ല.
12. ഭൂരഹിതരുടെയും വികലാംഗരുടെയും മന്ദബുദ്ധികളുടെയും പുനരധിവാസത്തിനു പരിപാടികളില്ല.
13. പൊതുശ്മശാനമില്ല, പട്ടികജാതിക്കാർക്കായുള്ള ശ്മശാനം തീരെ സൗകര്യം കുറഞ്ഞതാണ്.
14. പഞ്ചായത്തിൽ വടക്കു, പടിഞ്ഞാറു മേഖലകളിൽ ICDP സെന്ററുകളില്ലാത്തത് മൃഗസംരക്ഷണ രംഗത്തു പ്രതിസന്ധിയുണ്ടാക്കുന്നു.
15. അംഗൻവാടി, മാതൃ-ശിശു സംരക്ഷണ കേന്ദ്രം, മഹിളാസമാജം, വൃദ്ധജനങ്ങൾക്കു വിശ്രമകേന്ദ്രം എന്നിവയില്ല. രണ്ടു മഹിളാ സമാജങ്ങളുള്ളതു ഫലപ്രദമായി പ്രവർത്തിക്കുന്നില്ല.
16. വൈദ്യുതി ബില്ലടയ്ക്കാൻ നാലുകിലോമീറ്ററിൽക്കൂടുതൽ സഞ്ചരിക്കേണ്ടിയിരിക്കുന്നു.
17. ഒരു ഫസ്റ്റ് ഗ്രേഡുകോളേജും, അനേകം പാരലൽ കോളേജുകളും പ്രവർത്തിക്കുന്ന പഞ്ചായത്തിലെ വിദ്യാർഥികൾക്ക് വിവരങ്ങൾ അറിയാൻ യൂണിവേഴ്സിറ്റി ഇൻഫർമേഷൻ സെന്റർ ഇല്ല.
18. ട്രാഫിക് സംവിധാനം അപര്യാപ്തമായതിനാൽ അപകടങ്ങൾ നിത്യസംഭവമായിരിക്കുന്നു.
19. പ്രൈമറി ഹെൽത്തുസെന്ററും പ്രൈവറ്റ് ആശുപത്രികളും പ്രവർത്തിക്കുന്ന പഞ്ചായത്തിൽ ആംബുലൻസ് സർവീസില്ല.
20. വിദ്യാഭ്യാസ സൗകര്യം കുറവുള്ള വലിയ വഴിപ്രദേശത്ത് ഒരു L.P സ്കൂൾ പോലുമില്ല.
21. ധാരാളം പട്ടികജാതിക്കാരുള്ള പഞ്ചായത്തിൽ അവർക്കു പരമ്പരാഗത തൊഴിൽ നല്കുന്നതിനുള്ള പ്രവർത്തനങ്ങളൊന്നുമില്ല.
22. DWCRA, ട്രൈസം മുതലായ പദ്ധതികൾ ഫലപ്രദമല്ല.

സാധ്യതകളും പരിഹാരങ്ങളും

1. വിവിധ ക്ഷേമപ്രവർത്തനങ്ങളെപ്പറ്റി ഗുണഭോക്താക്കൾക്ക് വിവരങ്ങളറിയാൻ നിലമേൽ കേന്ദ്രമാക്കി ഒരു ഇൻഫർമേഷൻ സെന്റർ ആരംഭിക്കുക. ആവശ്യമായ ഫാറങ്ങളും മറ്റും ഈ സെന്റർ വഴി വിതരണം ചെയ്യാനുള്ള ക്രമീകരണമുണ്ടാക്കുക.
2. സമഗ്രമായ ഒരു കുടുംബ സർവേ നടത്തി പഞ്ചായത്തിലെ കുടുംബങ്ങളെപ്പറ്റി സത്യസന്ധമായ ഒരു രേഖയുണ്ടാക്കുക. ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ളവരെ കണ്ടെത്തി ക്ഷേമപ്രവർത്തനങ്ങളെ പറ്റി ബോധവാന്മാരാക്കുക.
3. പഞ്ചായത്തിലെ വിവധഭാഗങ്ങളിൽ പൊതു T.V/ റേഡിയോ സെറ്റുകൾ പ്രവർത്തിപ്പിക്കാനുള്ള നടപടികളെടുക്കുക.
4. വിദ്യാലയങ്ങളിലും മറ്റും സമൂഹത്തിലെ അനാചാരങ്ങൾക്കെതിരെ ബോധവൽക്കരണം നടത്തുന്നതിന് സംവിധാനമുണ്ടാക്കുക. സന്നദ്ധസംഘടനകളുടെയും സാമൂഹ്യപ്രവർത്തകരുടെയും സേവനം ലഭ്യമാക്കാവുന്നതാണ്.
5. ശുചിത്വം, പരിസ്ഥിതി, അന്തരീക്ഷ മലിനീകരണം എന്നിവയെക്കുറിച്ചും ബോധവൽക്കരണം നടത്തുന്നതിന് ഏർപ്പാടുണ്ടാക്കണം.
6. ജനങ്ങൾക്ക് ആശ്വാസം പകരുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള വിവിധ പെൻഷനുകൾ യഥാസമയം ലഭ്യമാക്കുന്നതിനുള്ള നടപടികൾ കൈകൊള്ളണം.
7. ചിതറ ശുദ്ധജലവിതരണ പദ്ധതിയുടെ പ്രയോജനം എത്രയുംവേഗം ലഭ്യമാക്കുന്നതിനു പഞ്ചായത്തുതലത്തിൽ ഫലപ്രദമായ സമ്മർദ്ദം ചെലുത്തണം. റൂറൽ വാട്ടർസപ്ലൈ പദ്ധതിയ്ക്കു രൂപം കൊടുത്ത് ആവശ്യമായ സ്ഥലങ്ങളിൽ കുഴൽകിണറുകൾ സ്ഥാപിച്ചും പൊതു കിണറുകൾ സ്ഥാപിച്ചും കുടിവെള്ള പ്രശ്നം പരിഹരിക്കാൻ സത്വര നടപടി കൈക്കൊള്ളണം.

8. കുട്ട നെയ്ത്, പ്ളാസ്റ്റിക് വർക്സ്, തയ്യൽ, ചർക്കയിൽ നൂൽനൂൽപ് മുതലായ കൈത്തൊഴിലുകൾ പ്രോത്സാഹിപ്പിക്കാവുന്നതാണ്. ചെറുകിട തൊഴിലുകളിൽ പരിശീലനം നൽകാനുള്ള സംവിധാനമുണ്ടാക്കണം.

9. ടെലിഫോൺ സൗകര്യം വർദ്ധിപ്പിക്കണം.

10. ജനങ്ങളുടെ പ്രാഥമികാവശ്യങ്ങൾ നിർവഹിക്കുന്നതിന് പബ്ളിക് കംഫർട്ടുസ്റ്റേഷനുകൾ നിർമിക്കണം.

11. വഴിവിളക്കുകൾ ശരിയായി പ്രവർത്തിപ്പിക്കണം. മുഖ്യകവലകളിലും അത്യാവശ്യം വേണ്ടുന്ന മറ്റു സ്ഥലങ്ങളിലും സോഡിയം വേപ്പർ വിളക്കുകൾ സ്ഥാപിക്കണം. വഴിവിളക്കുകൾ കൂടുതൽ മേഖലകളിലേയ്ക്കു വ്യാപിപ്പിക്കണം.

12. വികലാംഗരേയും മന്ദബുദ്ധികളെയും പുനരധിവസിപ്പിക്കുന്നതിനു പരിപാടി തയാറാക്കണം. തൊഴിലെടുക്കുന്ന സ്ത്രീകളുടെ കുട്ടികൾക്കു ക്രഷേ, ബാലവാടി, പോഷകാഹാരകേന്ദ്രം എന്നിവ സ്ഥാപിക്കണം.

13. പട്ടികജാതിക്കാർക്കുള്ള ശ്മശാനം വിസ്തൃതി കുറഞ്ഞിരിക്കുന്നു. കൈവശപ്പെടുത്തിയിട്ടുള്ള ഭാഗങ്ങൾ തിരിച്ചെടുത്തു സംരക്ഷിക്കാൻ നടപടിയുണ്ടാവണം. പൊതു ശ്മശാനത്തിന്റെ ആവശ്യകത ഏറിവരുന്നതിനാൽ പഞ്ചായത്തിൽ സൗകര്യപ്രദമായ സ്ഥാനം കണ്ടെത്തി ഒരു വൈദ്യുത ശ്മശാനം സ്ഥാപിക്കാനുള്ള ശ്രമമുണ്ടാകണം.

14. മൃഗസംരക്ഷണത്തിന്റെ ഭാഗമായി പഞ്ചായത്തിന്റെ വടക്ക്, പടിഞ്ഞാറുഭാഗങ്ങളിൽ ICDP സെന്ററുകൾ ആരംഭിക്കണം.

15. എല്ലാ വാർഡുകളിലും അംഗൻവാടികൾ സ്ഥാപിക്കണം. മഹിളാ സമാജങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കണം.

16. വൈദ്യുതിബില്ലടയ്ക്കുന്നതിനു നാലുകിലോമീറ്ററിലധികം സഞ്ചരിക്കേണ്ടിയിരിക്കുന്നതിനാൽ ദിവസവും ബില്ലടയ്ക്കുന്നതിനുള്ള സൗകര്യമുണ്ടാക്കണം. വോൾട്ടേജ് ക്ഷാമം രൂക്ഷമായിരിക്കുന്ന പ്രദേശമായതിനാൽ പഞ്ചായത്തിൽ ഒരു വൈദ്യുതി സെക്ഷൻ ആഫീസ് സ്ഥാപിക്കാനുള്ള മുൻകൈയെടുക്കണം.

17. യൂണിവേഴ്സിറ്റി ഇൻഫർമേഷൻ സെന്റർ, വൺമാൻ ട്രഷറി, സബ്രജിസ്ട്രാർ ആഫീസ് എന്നിവ സ്ഥാപിക്കാൻ നടപടിയുണ്ടാവണം.

18. ടൗണിൽ ട്രാഫിക് സംവിധാനം തകരാറിലാണ്. ഇടുങ്ങിയ റോഡിനിരുവശത്തും വാഹനങ്ങൾ പാർക്കുചെയ്യുന്നതു ഒഴിവാക്കണം. ട്രാഫിക് സിഗ്നലുകൾ സ്ഥാപിക്കുക, വിദഗ്ധരുടെ സഹായത്തോടെ ഡ്രൈവർമാർക്ക് ബോധവൽക്കരണം നടത്തുക.

19. പഞ്ചായത്തു വകയായി ഒരു ആംബുലൻസ് സർവ്വീസ് ഏർപ്പെടുത്തുക.

20. വലിയവഴിപ്രദേശത്തു ഒരു എൽ. പി. സ്കൂൾ സ്ഥാപിക്കുക.

21. 40 ചതുരശ്രകിലോമീറ്ററിനകത്തു ഫയർസ്റ്റേഷനില്ല. നാലു ദിക്കിലേക്കുള്ള റോഡുകൾ സന്ധിക്കുന്ന നിലമേൽ ഒരു ഫയർസ്റ്റേഷൻ സ്ഥാപിക്കുക.

22. ഒരു ബസ് സ്റ്റാന്റും ടാക്സിസ്റ്റാന്റും സ്ഥാപിക്കുക.

23. ന്യായവിലയ്ക്ക് പച്ചക്കറി ലഭിക്കുന്നതിനുള്ള സ്റ്റാൾ തുടങ്ങുക.

24. മാവേലിസ്റ്റോർ സ്ഥാപിക്കുക വഴി കുറഞ്ഞ വിലയ്ക്കു നിത്യോപയോഗസാധനങ്ങൾ ലഭ്യമാക്കുക.

25. റേഷൻകടകൾ വഴി അത്യാവശ്യ നിത്യോപയോഗസാധനങ്ങൾ വിതരണം ചെയ്യാനുള്ള സംവിധാനം ഏർപ്പെടുത്തുക.

26. പ്രൈമറഹി ഹെൽത്തുസെന്റർ മുഖേന മാതൃ-ശിശുസംരക്ഷണപ്രവർത്തനങ്ങൾക്ക് ഫീൽഡുസ്റ്റാഫിന്റെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുക.

27. റോഡ് സേഫ്ടി, ആരോഗ്യപ്രശ്നങ്ങൾ, മാരകരോഗങ്ങളും പ്രതിരോധനടപടികളും തുടങ്ങിയവയെക്കുറിച്ച് ബോധവൽക്കരണം നടത്തുന്നതിന് വിദഗ്ധരടങ്ങിയ കമ്മിറ്റിയെ നിയമിക്കുകയും സ്കൂൾ തലത്തിലും മറ്റും പ്രവർത്തനം നടത്തുകയും ചെയ്യുക.

28. ജനങ്ങളിൽ സമ്പാദ്യശീലം വളർത്താൻ പരിപാടികൾ ആവിഷ്കരിക്കുക.

29. ദാരിദ്ര്യരേഖയുടെ പരിധി 25000-രൂപയാക്കി ഉയർത്തുക.

30. ഒരു കരിയർ ഗൈഡൻസ് സെന്റർ ആരംഭിക്കുക.

31. V.E.O. യുടെ പ്രവർത്തനത്തിന് ക്ഷേമപ്രവർത്തനങ്ങളിൽ കൂടുതൽ ഊന്നൽ നല്കണം.

32. കുടുംബക്ഷേമപ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കണം.

33. ദുർബ്ബലവിഭാഗങ്ങൾക്കു കക്കൂസുകൾ നിർമ്മിച്ചു കൊടുക്കാൻ നടപടിവേണം. ഇവർ ഏകദേശം ആയിരത്തോളം വരും.

34. ഗ്രന്ഥശാലയോടുകൂടിയ സാസ്കാരികനിലയം

നിർമ്മിക്കണം.

35. നിലമേൽ P.H.C. യിൽ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുക്യും ആവശ്യമായ മരുന്നു ലഭ്യമാക്കുകയും ചെയ്യുക. ഈ ഹെൽത്തുസെന്റർ കമ്മ്യൂണിറ്റി സെന്ററായി ഉയർത്താനുള്ള പ്രവർത്തനം നടത്തണം.

36. പ്രധാന കവലകളിൽ വെയിറ്റിംഗ് ഷെഡ്ഡുകൾ നിർമ്മിക്കുക.

പട്ടിക 1

**തൊഴിൽ സംരംഭങ്ങൾ**

| വാർഡ് | യൂണിറ്റ് | DWCRA | | യൂണിറ്റ് | ട്രൈസം | | | | |
|---|---|---|---|---|---|---|---|---|---|
| | | 1994–95 | 1995–96 | | 1992–93 | 93–94 | 94–95 | 95–96 | 96–97 |
| I | പശുവളർത്തൽ | 3 | 7 | വെൽഡിംഗ് | – | – | – | 1 | – |
| | | | | കെയിൻവർക്ക് | – | – | – | – | 1 |
| II | Do | 7 | 3 | – | – | – | – | – | – |
| III | – | – | – | – | – | – | – | – | – |
| IV | – | – | – | വയർമാൻ | – | 1 | – | – | – |
| V | – | – | – | പ്രിന്റിംഗ് & കമ്പോസിംഗ് | 1 | – | – | – | – |
| VI | – | – | – | – | – | – | – | – | – |
| VII | – | – | – | – | – | – | – | – | – |
| VII | – | – | – | – | – | – | – | – | – |
| VIII | – | – | – | – | – | – | – | – | – |

**പട്ടിക – 2 സാമൂഹിക ആസ്തികളുടെ വിവരം**

| വാർഡ് | സ്കൂൾ കെട്ടിടങ്ങൾ | ആശുപത്രി കെട്ടിടങ്ങൾ | കുളങ്ങൾ | കുടിവെള്ള കിണർ | റോഡുകൾ (കി.മീ.) | | ആവശ്യമായ മറ്റു നിർമ്മാണ പ്രവർത്തനങ്ങൾ |
|---|---|---|---|---|---|---|---|
| | | | | | ടാർ ചെയ്ത | ടാർ ചെയ്യാത്ത | |
| I | 2 | – | 1 | 390 | 3 | 10 | കൽവർട്ട്, സൈഡുവാൾ, ഓട, ടി.വി./റേഡിയോ. |
| II | – | – | – | 428 | 1.5 | 12 | പാലം, കൽവർട്ട്, സൈഡുവാൾ, ഓട, എൽ.പി. സ്കൂൾ, ടി.വി/റേഡിയോ |
| III | 3 | – | – | 385 | 1.5 | 9 | കൽവർട്ട്, സൈഡുവാൾ, ഓട, ടി.വി |
| IV | 4 | – | – | 440 | 1 | 10 | Do |
| V | 5 | 3 | – | 500 | 3 | 10 | ആശുപത്രിക്കു കെട്ടിടം, സൈഡുവാൾ, ഓട, ടി.വി./റേഡിയോ |
| VI | 9(കോളേജ് | – | – | 490 | 2.5 | 12 | കൽവർട്ട്, ഓട, ടി.വി./റേഡിയോ |
| VII | – | – | 2 | 420 | 3.5 | 6 | Do |
| VIII | 3 | – | – | 323 | 2 | 9 | Do |

പട്ടിക 3

പൊതുവിതരണ വിവരം

| റേഷൻ കടകൾ | മാവേലി സ്റ്റോർ | പച്ചക്കറി സ്റ്റാൾ | റേഷൻ കാർഡിന്റെ എണ്ണം | | | മണ്ണെണ്ണ സ്പെഷ്യൽ പെർമിറ്റ് | എൽ.പി.ജി ഗ്യാസ് ഏജൻസി |
|---|---|---|---|---|---|---|---|
| | | | NE | E | ആകെ | | |
| 9 | ഇല്ല | ഇല്ല | 1685 | 1259 | 2944 | 41 | ഇല്ല |

# സംസ്കാരം

ഒരു നാടിന്റെ സംസ്കാരം അവിടത്തെ ജനതയെ ആശ്രയിച്ചിരിക്കുന്നു. സ്നേഹത്തിന്റെയും ആദ്ധ്യാത്മികതയുടെയും അസ്ഥിവാരത്തിലുറപ്പിച്ചതായിരുന്നു ആർഷഭാരതസംസ്കാരം. അനാചാരങ്ങളെന്ന് ആധുനികർ വിധിയെഴുതുന്ന പലതും, ഒരു പക്ഷെ പൂർവ്വകാല സാഹചര്യത്തിൽ സാധൂകരണമുള്ളതായിരുന്നിരിക്കാം. ചാതുർവർണ്യവും ജാതിവ്യവസ്ഥയുമൊക്കെ അന്നത്തെ സാഹചര്യത്തിനനുസൃതമായി സൃഷ്ടിക്കപ്പെട്ടതാവണം. ഇതിനിടയിലും 'നാനാത്വത്തിലെ ഏകത്വം' ദർശിക്കാൻ നമുക്കു കഴിയും. വൈദേശിക സമ്മർദ്ദങ്ങൾ ഏറെ അനുഭവിക്കേണ്ടി വന്നിട്ടും ഭാരതത്തിന്റെ സാംസ്കാരിക മന:സാക്ഷിക്കു കാര്യമായ പോറലേറ്റിട്ടില്ല എന്നു നമുക്കു കാണാം.

കേരളത്തെ സംബന്ധിച്ചിടത്തോളം ഭൗതിക സമൃദ്ധിയുടെ വളർച്ചയുടെ ഘട്ടത്തിൽ സാംസ്കാരികമായ ഉണർവിന്റേയും സർഗ്ഗശക്തിയുടെയും ഭാഗത്ത് അല്പം തളർച്ച അനുഭവപ്പെട്ടിട്ടുണ്ട് എന്നതു സത്യമാണ്. നവോത്ഥാനകാലത്ത് സമൂഹത്തിലുടനീളം പ്രസരിച്ച സമത്വത്തിന്റെ മൂല്യങ്ങളും പഴഞ്ചനെന്നു മുദ്രകുത്തപ്പെടുന്ന ഒരു സമീപനമുണ്ടായിട്ടുണ്ട്. കമ്പോളവൽക്കരണത്തിന്റെ നീരാളിപ്പിടുത്തത്തിൽ നിന്നു മോചനം നേടാനുള്ള ബോധപൂർവ്വമായ ശ്രമം ഉണ്ടായെങ്കിൽ മാത്രമേ നമുക്കു നമ്മുടെ സനാതനമൂല്യങ്ങൾ സംരക്ഷിക്കാൻ കഴിയൂ.

ദേശത്തിന്റെ തനതായ കലയും സാഹിത്യവും സർഗ്ഗപ്രതിഭയും കായിക പ്രതിഭയുമൊക്കെ സംസ്കാരത്തിന്റെ സ്പന്ദമാപിനികളാണ്. വിദ്യാഭ്യാസവും ശുചിത്വബോധവും വേഷവും ഭാഷയുമെല്ലാം സംസ്കാരത്തെ സംഗ്രഹിക്കാനുള്ള അളവുകോലുകൾ തന്നെ. കർത്തവ്യബോധവും സേവനതല്പരതയും സംസ്കാരമുള്ള മനസ്സുകൾക്കു സ്വന്തമാണ്. നിക്ഷിപ്ത താല്പര്യങ്ങൾ മാറ്റിവച്ച്, സമൂഹത്തെയാകെ ഒന്നായി കാണാനുള്ള മാനസികാവസ്ഥയെ നമുക്കു 'സംസ്കാര'മെന്നു നിർവ്വചിക്കാം.

ക്ലാസ്സിക്കുകളും ആധുനിക സാഹിത്യകൃതികളും ദേശീയപ്രാദേശിക കലകളും കലാരൂപങ്ങളും, നാട്ടിൽ നിലനില്ക്കുന്ന ആചാരങ്ങൾ, സംഘടിത രൂപത്തിലല്ലാതെ തന്നെ പ്രചാരത്തിലുള്ള നാടൻ കലാരൂപങ്ങളും നാട്ടറിവുകളും, കൂടാതെ ആചാര്യന്മാരുടെയും സാഹിത്യ നായകന്മാരുടേയും ഉദ്ബോധനങ്ങളുമൊക്കെ സാംസ്കാരിക ബോധത്തെ ഊട്ടിയുറപ്പിക്കുന്നവയത്രേ.

ഈ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം സാംസ്കാരിക രംഗത്ത് എടുത്തു പറയത്തക്ക സവിശേഷതകൾ വിരളമാണ്. കർഷകത്തൊഴിലാളികൾ ഉൾപ്പെട്ട വിഭാഗം പ്രത്യേകമായി കാത്തു സൂക്ഷിച്ചിരുന്ന ഞാറ്റുപാട്ട്, യാരിപ്പ് മുതലായ കലാരൂപങ്ങൾ ഏതാണ്ട് അന്യം നിന്നതുപോലെയാണ്. പഴമക്കാർക്ക് അറിയാമെങ്കിൽപോലും പുതിയതലമുറ അത് ആത്മാർത്ഥതയോടെ പിൻപറ്റാൻ വിമുഖരാണ്. കമ്പടികളി, കോൽകളി എന്നിവ ഇപ്പോഴും അപൂർവ്വമായി സംഘടിപ്പിക്കുന്നുണ്ട്.

സാഹിത്യാഭിരുചിയുള്ളവരുണ്ടെങ്കിലും അവരുടെ കഴിവുകൾ [illegible]പ്പെടുകയോ പ്രോത്സാഹിപ്പിക്കപ്പെടുകയോ [illegible]ള്ള അവസരമില്ലാത്തത് ദുഃഖ[illegible] [illegible] ശേഷിക്കുന്നു. ഏതാണ്ടൊരു [illegible] പഞ്ചായത്തിന്റെ വിവിധഭാഗ[illegible] [illegible]അവതരിപ്പിക്കപ്പെട്ടിരുന്നു. ഇപ്പോൾ [illegible]കൊണ്ടാവാം അമച്വർ സംഘടന[illegible] [illegible] ഒതുങ്ങിനില്ക്കുന്നു.

കലാസാംസ്കാരിക രംഗത്തു പ്രവർത്തിക്കുന്ന ധാരാളം സംഘടനകൾ ഈ പഞ്ചായത്തിലുണ്ട്. അത്യാവശ്യം സാമൂഹ്യപ്രവർത്തനങ്ങളിലും, വാർഷികാഘോഷങ്ങളിലും അവരുടെ പ്രവർത്തനങ്ങൾ ഒതുങ്ങിനില്ക്കുന്നു. സാമ്പത്തിക വിഷമതകളാവാം മുഖ്യകാരണം.

1949 മുതൽ പ്രവർത്തിക്കുന്ന നിലമേലിലെ 'സൗഹാർദ്ദ സമിതി' ഗ്രന്ഥശാലയ്ക്ക് മുൻകാലങ്ങളിൽ

ഫലപ്രദമായി സാംസ്ക്കാരികരംഗത്തു പ്രവർത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്. ജനങ്ങളിൽ സാംസ്ക്കാരികബോധം വളർത്തിയെടുക്കാനും വായനാശീലമുണ്ടാക്കാനും വായനശാലകളും ഗ്രന്ഥശാലകളും നേതൃത്വം കൊടുക്കേണ്ടതുണ്ട്.

ജനങ്ങളുടെ സാംസ്ക്കാരികബോധത്തെ മലീമസമാക്കുന്ന പ്രസിദ്ധീകരണങ്ങളും പ്രചാരണവും, മറ്റു മാധ്യമങ്ങളുടെ സ്വാധീനം മൂലം അധ:പതിച്ചുകൊണ്ടിരിക്കുന്ന സാംസ്ക്കാരിക രംഗത്തെ, ശരിയായ പാതയിൽ ഉറപ്പിച്ചു നിറുത്തുന്നതിനുള്ള ബോധ പൂർവ്വമായ ശ്രമം നടത്തേണ്ടിയിരിക്കുന്നു. ഇതിനായി നിലവിലുള്ള സാംസ്ക്കാരിക സ്ഥാപനങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടതുണ്ട്.

പ്രശ്നങ്ങൾ

1. നാട്ടിൽ നിലനിന്നിരുന്ന പ്രാചീന കലാരൂപങ്ങൾ സംരക്ഷിക്കുവാൻ കഴിഞ്ഞിട്ടില്ല. പലതും അന്യം നിന്നു പോകുന്ന അവസ്ഥയിലായിട്ടുണ്ട്.
2. ഏതാണ്ട് 50 വർഷമായി നിലനില്ക്കുന്ന 'സൗഹാർദ്ദസമിതി' വായനശാലയുടെ പ്രവർത്തനത്തിൽ മാന്ദ്യതയുണ്ട്. പഞ്ചായത്തിന്റെ പ്രധാന കേന്ദ്രങ്ങളിൽ ഗ്രന്ഥശാലകളും വായനശാലകളുമില്ല.
3. പൊതു T.V, റേഡിയോ തുടങ്ങിയ വാർത്താമാധ്യമങ്ങളുടെ അഭാവം.
4. കായികകലാ പ്രതിഭകളെ കണ്ടെത്താൻ സംവിധാനമില്ല. കളിക്കളങ്ങളും സാംസ്ക്കാരികകേന്ദ്രങ്ങളുമില്ല.
5. ജനങ്ങൾക്കു വിജ്ഞാനം പകരുന്നതിനും വിവിധ വിഷയങ്ങളിൽ ബോധവൽക്കരണം നടത്തുന്നതിനുമുള്ള സംവിധാനങ്ങളില്ല.
6. യുവജനമേളകൾ കാര്യക്ഷമമായി സംഘടിപ്പിക്കപ്പെടുന്നില്ല.

സാധ്യതകളും പരിഹാര നിർദ്ദേശങ്ങളും

1. വേരറ്റു പൊയ്ക്കൊണ്ടിരിക്കുന്ന നാടൻ കലാരൂപങ്ങളായ കമ്പടികളി, കോൽക്കളി, നാടൻപാട്ട്, ഞാറ്റുപാട്ട്, യാരിപ്പ് എന്നിവ സംരക്ഷിക്കാനുള്ള സംവിധാനമേർപ്പെടുത്തുക. ഈ രംഗത്ത് അവശേഷിക്കുന്ന കലാകാരന്മാരെ സംഘടിപ്പിച്ചു പുതുതലമുറയ്ക്ക് പാഠം പകർന്നു കൊടുക്കാൻ സഹായിക്കണം. നാടൻ പാട്ട്, ഞാറ്റു പാട്ട് എന്നിവ റക്കോർഡു ചെയ്തു സൂക്ഷിക്കുക. ഇക്കാര്യത്തിൽ ഗവേഷണം നടത്താൻ തയ്യാറുള്ള വ്യക്തികൾക്കോ സംഘടനകൾക്കോ സാമ്പത്തിക സഹായം നല്കി സഹായിക്കുക.

2. നിലമേൽ 'സൗഹാർദ്ദസമിതി' ഗ്രന്ഥശാല പഞ്ചായത്ത് ഏറ്റെടുത്ത് വികസിപ്പിക്കുക. അത് സെൻട്രൽ ലൈബ്രറിയാക്കി അതിന്റെ ശാഖകളായോ, സ്വതന്ത്രമായോ പഞ്ചായത്തിന്റെ മറ്റുകേന്ദ്രങ്ങളിൽ ഗ്രന്ഥശാലകളും വായനശാലകളും സ്ഥാപിക്കാൻ നടപടിയെടുക്കുക.

3. പഞ്ചായത്തിന്റെ എല്ലാ വാർഡിലും ആവശ്യമായിടത്ത് T.V, റേഡിയോ സെറ്റുകൾ സ്ഥാപിക്കുക.

4. കായികകലാ പ്രതിഭകളെ സ്ക്കൂൾ തലത്തിൽ കണ്ടെത്താനുള്ള സംവിധാനമുണ്ടാക്കുക. ബാലകലോത്സവങ്ങളിലും, യുവജനമേളകളിലും, സ്ക്കൂൾ വാരഷികങ്ങളിലും മറ്റും മികവു കാട്ടുന്നു കുട്ടികളെ പ്രോത്സാഹിപ്പിക്കാൻ നടപടിയുണ്ടാകണം. കുട്ടികളുടെ വാസന കണ്ടെത്തുന്നതിന് സ്ക്കൂൾ അധികൃതരെ പ്രേരിപ്പിക്കണം.

5. മിനിസ്റ്റേഡിയവും, കളിക്കളങ്ങളും, സാംസ്ക്കാരികകേന്ദ്രങ്ങളും നിർമ്മിക്കുക. ശിശുമന്ദിരങ്ങളോടനുബന്ധിച്ച് കുട്ടികൾക്കും മുതിർന്നവർക്കും വായനശാലകൾ സ്ഥാപിക്കുക. അവ സാംസ്ക്കാരിക കേന്ദ്രങ്ങളായി മാറ്റിയെടുക്കാൻ കഴിയണം.

6. വിദഗ്ധരെ പങ്കെടുപ്പിച്ച് സെമിനാറുകളും, സിമ്പോസിയങ്ങളും, വിവിധവിഷയങ്ങളിൽ പഠന ബോധവൽക്കരണ ക്ലാസ്സുകളും സംഘടിപ്പിക്കുക..

7. മേൽ പറഞ്ഞ പല കാര്യങ്ങളിൽ നേതൃത്വം കൊടുക്കുന്നതിന് സ്ഥലത്തു പ്രവർത്തിക്കുന്ന അംഗീകൃത കലാകായികസാംസ്ക്കാരിക സംഘടനകളുടെ സഹായം തേടാവുന്നതാണ്.

8. പഞ്ചായത്ത് ആ സ്ഥാനത്ത് ആധുനിക സൗകര്യങ്ങളോടെ ഒരു ഇൻഫർമേഷൻ സെന്റർ ആരംഭിക്കുക.

9. സാക്ഷരതാ പ്രവർത്തനങ്ങൾ പുനരുജ്ജീവിപ്പിക്കുക.

10. കലാസാംസ്ക്കാരിക പ്രവർത്തനങ്ങൾക്കു മേൽനോട്ടം വഹിക്കുന്നതിനും, മാർഗ്ഗനിർദ്ദേശങ്ങൾ നല്കുന്നതിനുമായി പഞ്ചായത്തിലെ ഒന്നോ രണ്ടോ മെമ്പർമാരെ ചുമതലയേല്പിക്കുക. സാംസ്ക്കാരികസംഘടനാ പ്രതിനിധികളെക്കൂടി ഉൾപ്പെടുത്തി ഒരു കോഓർഡിനേഷൻ കമ്മിറ്റിയുണ്ടാക്കുന്നതും നന്നായിരിക്കും.

ജീവിതത്തിന്റെ സമസ്തമേഖലകളിലും മൂല്യശോഷണം സംഭവിച്ചു കൊണ്ടിരിക്കുന്ന കാലഘട്ടമാണിത്. നാനാജാതിമതസ്ഥർ ഏകോദര സഹോദരങ്ങളെപ്പോലെ ജീവിക്കുന്ന നമ്മുടെ കൊച്ചുഗ്രാമത്തിന്റെ സാംസ്കാരികൈക്യം കാത്തു സൂക്ഷിക്കേണ്ടതുണ്ട്. വളർന്നു വരുന്ന തലമുറയിലൂടെ ഈ ഐക്യത്തിന്റെ ദീപശിഖ കെടാതെ നിലനിർത്തേണ്ട ബാധ്യത നാം ഏറ്റെടുക്കുക.

**(സംസ്ക്കാരം) നിലമേൽ പഞ്ചായത്ത്**

**പട്ടിക I**

| കലാ-കായിക ക്ലബുകൾ | ഗ്രന്ഥശാല | പഞ്ചായത്തു ലൈബ്രറി | ടി. വി. | റേഡിയോ |
|---|---|---|---|---|
| 1. നാസ്സ് | സൗഹാർദ സമിതി | ഇല്ല | ഇല്ല | നാസ് |
| 2. വിശ്വദർശന | - | - | - | വേയ്ക്കൽ |
| 3. നാദം | - | - | - | - |
| 4. ഏഥൻസ് | - | - | - | - |
| 5. ബ്രദേഴ്സ് | - | - | - | - |
| 6. കാസ്ക് | - | - | - | - |
| 7. പുലരി | - | - | - | - |
| 8. ശ്രുതി ഫൈൻ ആർട്സ് സൊസൈറ്റി | - | - | - | - |

# വനിത

"ന സ്ത്രീ സ്വാതന്ത്ര്യമർഹതി" എന്ന മനുസ്മൃതി ഭാഷ്യം പല തരത്തിൽ വ്യാഖ്യാനിക്കപ്പെട്ടിട്ടുണ്ടെങ്കിലും ഭാരതത്തിലെ സ്ത്രീകൾ സമൂഹത്തിൽ എന്നും സംപൂജ്യരായിരുന്നു. അവരുടെ സംരക്ഷ സമൂഹത്തിന്റെയും ഭരണാധികാരികളുടെയും ധാർമ്മിക ചുമതലയായി കരുതപ്പെട്ടിരുന്നു. എന്നാൽ പാശ്ചാത്യ സാംസ്ക്കാരത്തിന്റെ തിരത്തള്ളലിൽപ്പെട്ട് മറ്റു പലതിനെയും പോലെ സ്ത്രീയുടെ അസ്തിത്വവും ഒട്ടൊക്കെ ചോർന്നു പോയിരിക്കുന്നു. വനിതാ വിമോചന പ്രസ്ഥാനങ്ങൾ നാടെങ്ങും സജീവമായിരിക്കുമ്പോഴും ഗ്രാമീണ സ്ത്രീകൾ ഇതൊന്നുമറിയാതെ ഒതുങ്ങിക്കൂടുന്നു.

പൂജിക്കപ്പെട്ടിരുന്ന സ്ത്രീക്ക് ആദ്യകാലത്ത് വിലക്കുകൾ ഏറെയായിരുന്നു കുടിപ്പള്ളിക്കൂടത്തിനപ്പുറത്തുള്ള വിദ്യാഭ്യാസം സ്ത്രീകൾക്ക് അനുവദിച്ചിരുന്നില്ല. എല്ലാ ജാതിമതത്തിലും പെട്ടവർക്ക് ഇവിടെ പ്രവേശനമുണ്ടായിരുന്നില്ല. സാമൂഹ്യപ്രവർത്തന മേഖലകളിൽ പഴയ കാലത്ത് അവരുടെ പങ്കാളിത്തം കുറവായിരുന്നു. ശൈശവ വിവാഹത്തിലൂടെ ബാല്യത്തിൽ തന്നെ അവർ അസ്വതന്ത്രരാക്കപ്പെട്ടിരുന്നു.

ഇപ്പോൾ രാജ്യത്ത് പൊതുവെയുണ്ടായ മാറ്റങ്ങൾ നമ്മുടെ പഞ്ചായത്തിലും അനുഭവവേദ്യമായിട്ടുണ്ട്. സാക്ഷരതയിലും വിദ്യാഭ്യാസത്തിലും സ്ത്രീകൾ മുന്നേറിക്കൊണ്ടിരിക്കുന്നു. സാമൂഹ്യരാഷ്ട്രീയ സാംസ്ക്കാരിക മണ്ഡലങ്ങളിലും വനിതകളുടെ സജീവ സാന്നിദ്ധ്യമുണ്ട്. പഞ്ചായത്തിലെ എട്ടു വാർഡുകളിൽ പകുതി വനിതാ മെമ്പർമാർ പ്രതിനിധാനം ചെയ്യുന്നു. പഞ്ചായത്തു പ്രസിഡന്റ്, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ എന്നിവർ വനിതകളാണ്. വനിതാമെമ്പർമാരിൽ ഒരാൾ മുൻപ്രസിഡന്റും, ഒരാൾ ബിരുദാനന്തര ബിരുദധാരിയുമാണ്. പഞ്ചായത്തു പ്രദേശത്ത് ബിരുദവും ബിരുദാനന്തര ബിരുദവും നേടിയ ധാരാളം വനിതകളുണ്ട്.

പഞ്ചായത്തിലെ ജോലിയുള്ള വനിതകളിൽ ഭൂരിഭാഗവും കശുവണ്ടി, കാർഷികമേഖലകളിലാണ്. അദ്ധ്യാപന രംഗത്തും സ്ത്രീകൾ കൂടുതലായുണ്ട്. സ്വയം തൊഴിൽ കണ്ടെത്തിയ വനിതകൾ തുലോം കുറവാണ്.

ഈ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം സാമൂഹ്യ, രാഷ്ട്രീയ, സാംസ്ക്കാരിക രംഗങ്ങളിൽ സ്ത്രീകളുടെ പ്രാതിനിധ്യം കുറവാണ്. രാഷ്ട്രീയ പാർട്ടികളിൽ വനിതകൾക്കും പ്രാതിനിധ്യമുണ്ടെങ്കിലും നേതൃത്വപരമായ പ്രവർത്തനം പരിമിതമാണ്. പഞ്ചായത്തിലെ ഗ്രാമീണ പശ്ചാത്തലമാകാം കാരണം.

മഹിളാസമാജങ്ങളുടെ പ്രവർത്തനം ഇല്ലെന്നു തന്നെ പറയണം. ബ്ലോക്കുകളുടെ നേതൃത്വത്തിൽ മഹിളാ സമാജങ്ങൾ രൂപപ്പെട്ടിരുന്നെങ്കിലും ഇപ്പോൾ അവയൊക്കെ കടലാസ് സമാജങ്ങളായി ശേഷിക്കുന്നതേയുള്ളൂ; മഹിളാസമാജങ്ങളുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തിയാൽ മാത്രമേ കാലഘട്ടത്തിന്റെ ആവശ്യങ്ങളറിയാനും പ്രതികരിക്കാനുമുള്ള അവസരം വനിതകൾക്കു ലഭ്യമാകൂ. ഭർത്താവിനെയും കുട്ടികളെയും ശുശ്രൂഷിക്കുക, ഗാർഹികമായ മറ്റു ജോലികളിലേർപ്പെടുക എന്നതിൽ കവിഞ്ഞൊന്നും സാധാരണ വനിതകൾ ചെയ്യാറില്ല. ബാക്കി കിട്ടുന്ന സമയം വൃഥാ ചെലവഴിക്കുന്നു. T.V യിലെ സിനിമ മാത്രമാണു പ്രധാന വിനോദോപാധി.

അഭ്യസ്തവിദ്യരായ വനിതകൾ ധാരാളമുണ്ടെങ്കിലും ഭൂരിഭാഗവും തൊഴിൽ രഹിതരാണ്. അവരെ തൊഴിൽ രംഗത്തേക്കാകർഷിക്കാൻ പല പരിപാടികളും ആവിഷ്ക്കരിക്കപ്പെട്ടിട്ടുണ്ടെങ്കിലും അവയെ പറ്റിയുള്ള അറിവില്ലായ്മയും ആനുകൂല്യങ്ങൾ നേടുന്നതിലുള്ള നൂലാമാലകളും സ്ത്രീകളെ അതിൽ നിന്ന് പിൻതിരിപ്പിക്കുന്നു. ശരിയായ മാർഗ്ഗനിർദ്ദേശം യഥാസമയം ലഭിക്കാത്തതുകൊണ്ട് പല പദ്ധതികളുടെയും പ്രയോജനം ലഭിക്കാതെ പോകുന്നു. സന്നദ്ധ സംഘടനകളും രാഷ്ട്രീയ പാർട്ടികളും ആത്മാർത്ഥമായി ശ്രമിച്ചാൽ ഈ പോരായ്മ പരിഹരിക്കാൻ കഴിയും.

ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും പോഷകാഹാരക്കുറവ് നികത്തുന്നതിനുള്ള മാർഗ്ഗങ്ങ

ളെപ്പറ്റി ബോധവൽക്കരണം പരിമിതമായി നടക്കുന്നുണ്ട്. കമ്പോളവൽക്കരണത്തിന്റെ ഭാഗമായുള്ള പരസ്യങ്ങൾ ഒരളവുവരെ സമൂഹത്തെ വഴിതെറ്റിക്കുന്നില്ലേ എന്നു സംശയിക്കണം. വിലകൂടിയ വസ്തുക്കളിലൂടെ മാത്രമേ പോഷകം ലഭിക്കൂ എന്ന തെറ്റായ ധാരണപരത്താൻ ഈ പരസ്യങ്ങൾ സാധാരണക്കാരെ നിർബന്ധിതരാക്കുന്നു. നാട്ടിൽ സുലഭമായി ലഭിക്കുന്ന വസ്തുക്കളെക്കുറിച്ച് ലളിതമായി മനസ്സിലാക്കിക്കൊടുക്കാൻ സംവിധാനം വേണം. വസ്തുക്കളുടെ ശാസ്ത്രീയ നാമവും 'കലോറി' കണക്കും പറയാതെ, എതൊക്കെ ഭക്ഷണ സാധനങ്ങളും പച്ചക്കറികളും കഴിച്ചാലാണ് പോഷകഗുണമുള്ളതെന്ന് പറഞ്ഞു മനസ്സിലാക്കണം. ആരോഗ്യ പരിപാലനത്തിനു കൂടുതൽ ശ്രദ്ധ ചെലുത്താൻ വനിതകൾക്കു കഴിയും. കുറേനാൾ മുമ്പുവരെ ആരോഗ്യ പ്രവർത്തകർ വീടുകൾ സന്ദർശിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുമായിരുന്നു. എന്നാൽ ഇന്നു ഫീൽഡ്‌വർക്ക് മിക്കവാറും ആശുപത്രികളിൽ തന്നെ ഒതുങ്ങുന്നു.

വനിതകളുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനു അവരുടേതായ തൊഴിൽ സംരംഭങ്ങളും സഹകരണ സംഘങ്ങളും ആരംഭിക്കുന്നതിനെ പറ്റി ആലോചിക്കാവുന്നതാണ്. നമ്മുടെ പഞ്ചായത്തിൽ സുലഭമായി ലഭിക്കുന്ന നാളികേരം, കശുമാങ്ങ, പഴവർഗ്ഗങ്ങൾ എന്നിവ ഉപയോഗിച്ച് സ്ത്രീകൾക്കായി നടത്താവുന്ന ചെറുകിട യൂണിറ്റുകൾക്കു സാധ്യതയുണ്ട്. റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം, ചിരട്ട, പ്ലാസ്റ്റിക്ക് എന്നിവ കൊണ്ടുള്ള കൗതുക വസ്തുക്കൾ നിർമ്മിക്കൽ എന്നിവ പരീക്ഷിക്കാവുന്നതാണ്. പൂന്തോട്ടം പച്ചക്കറി അടുക്കളത്തോട്ടങ്ങൾ എന്നിവയ്ക്കു സ്ത്രീകൾക്കു നേതൃത്വം നൽകാൻ കഴിയും, അച്ചാർ നിർമ്മാണം വറ്റൽ ഉണ്ടാക്കൽ എന്നിവ സ്ത്രീകൾക്ക് ചെറുകിട യൂണിറ്റായി ചെയ്യാൻ കഴിയും.

**പ്രശ്നങ്ങൾ:**

1. തൊഴിൽ മേഖലയിൽ പൊതുവെ അവഗണന നേരിടുന്നു. വിദ്യാഭ്യാസ മേഖലമാത്രമാണ് ആശ്വാസം.
2. സ്വയം തൊഴിൽ രംഗത്ത് വേണ്ടത്ര താല്പര്യം കാട്ടുന്നില്ല.
3. തൊഴിൽ പരമായ വിദ്യാഭ്യാസമോ പരിശീലനമോ ലഭിക്കുന്നില്ല.
4. ഒരേ ജോലിചെയ്യുന്ന സ്ത്രീക്കും പുരുഷനും വ്യത്യസ്ഥ കൂലിനിരക്കാണ് നിലവിലുള്ളത്.
5. സർക്കാരിന്റെ തൊഴിൽ സഹായ പദ്ധതികളെപ്പറ്റി വ്യക്തമായ ധാരണയില്ലായ്മ.
6. പാഠ്യേതര കായിക വിഷയങ്ങളിൽ പെൺകുട്ടികൾ പൊതുവേ വിമുഖത കാണിക്കുന്നു.
7. ശാസ്ത്രീയ ബോധം കുറവായതിനാൽ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും സ്ത്രീകളിൽ ധാരാളമായി കാണപ്പെടുന്നു.
8. രാഷ്ട്രീയസാമൂഹികരംഗത്ത് ധീരമായി പ്രവർത്തിക്കുന്നതിനുള്ള പരിമിതികൾ.
9. സമൂഹത്തിൽ സ്ത്രീകളെക്കുറിച്ചു നിലനിൽക്കുന്ന പഴഞ്ചൻ ധാരണകൾ.
10. മഹിളാ സമാജങ്ങൾ ശരിയായി പ്രവർത്തിക്കുന്നില്ല.
11. പുരുഷമേധാവിത്വത്തിനെതിരേ ശക്തമായി പ്രതികരിക്കാനാവാത്ത സാമൂഹ്യപശ്ചാത്തലം.
12. സ്ത്രീകളുടെ വിശ്രമസമയം ചെലവഴിക്കുന്നതിനു ചെറുകിട വ്യവസായ യൂണിറ്റുകളുടെ അഭാവം.
13. സ്ത്രീധന സമ്പ്രദായത്തിനെതിരായ ബോധവൽക്കരണത്തിന്റെ അഭാവം.

**പരിഹാര നിർദ്ദേശങ്ങൾ:**

1. സ്വയം തൊഴിൽ മേഖലയിൽ പ്രത്യേക പരിഗണന നൽകി സ്ത്രീകൾക്കു വേണ്ടുന്ന പ്രോത്സാഹനം നൽകാനുള്ള പദ്ധതികൾ ആവിഷ്കരിക്കുക.

2. ഇലക്ട്രോണിക്സ് വ്യവസായ യൂണിറ്റുകൾ ആരംഭിച്ച് അഭ്യസ്തവിദ്യരായ സ്ത്രീകൾക്കു പരിശീലനം നൽകി വീടുകളിൽ ഉൽപ്പന്നങ്ങൾക്കാവശ്യമായ ഘടകങ്ങൾ നിർമ്മിക്കുന്നതിനോ അസംബിൾ ചെയ്യുന്നതിനോ സൗകര്യമുണ്ടാക്കുക.

3. കുടുംബത്തിൽ ഒരു വനിതയ്ക്കെങ്കിലും തൊഴിൽ നൽകാനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുക.

4. ജോലിക്കു നൽകുന്ന കൂലിനിരക്കിലെ അപാകത പരിഹരിക്കുന്നതിനു നടപടിയുണ്ടാവണം.

5. സ്കൂളുകളിൽ പാഠ്യേതര വിഷയങ്ങളിൽ പെൺകുട്ടികളുടെ പങ്കാളിത്തം ഉറപ്പുവരുത്തുകയും സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ സേവനം മെച്ചപ്പെടുത്തുകയും ചെയ്യുക. പല വിദ്യാലയങ്ങളിലും തയ്യൽ, ഡ്രോയിംഗ്, മ്യൂസിക്, മുതലായ വിഷയങ്ങളുണ്ടെങ്കിലും ഫലപ്രദമായ അദ്ധ്യാപനം ഈ രംഗത്തില്ല. തൊഴിൽപരമായ സാധ്യത മുന്നിൽ കണ്ട് ഈ വിഷയങ്ങൾ ഫലപ്രദമാക്കണം.

6. മഹിളാ സമാജങ്ങൾ കടലാസ്സു സംഘങ്ങളാകാതെ ക്രിയാത്മകമായ പരിപാടികൾ ആവിഷ്കരിച്ചു നടപ്പലക്കാനുള്ള വേദിയാക്കി മാറ്റണം.

7. അംഗൻ വാടിയിലെ അദ്ധ്യാപികമാർക്കു മാന്യമായ വേതനം ലഭ്യമാക്കണം.

8. അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരേ ബോധവൽക്കരണം നടത്തണം. മഹിളാ സംഘടനകൾക്ക് ഈ രംഗത്തു ഫലപ്രദമായി പ്രവർത്തിക്കാൻ കഴിയും.

9. സാമൂഹിക രംഗത്ത് സ്ത്രീകൾക്കു കൂടുതലായി പ്രവർത്തിക്കാനുള്ള സ്വാതന്ത്ര്യവും അവസരവും നല്കണം.

10. സ്ത്രീപീഡനത്തിനെതിരെ ശക്തമായ നടപടികൾ ഉണ്ടാകണം.

11. മാതൃശിശു ക്ഷേമം ഉറപ്പാക്കാൻ ഓരോ വാർഡിലും സബ്സെന്ററുകൾ തുടങ്ങുകയും ഹെൽത്തുവർക്കേഴ്സിന്റെ സേവനം ഫലപ്രദമാക്കുകയും വേണം.

12. വികലാംഗരായ വനിതകൾക്ക് പ്രത്യേക പരിഗണന നൽകുക.

13. വിധവകളുടെ കുടുംബ സർവ്വേ നടത്തി അവരുടെ പ്രശ്നങ്ങൾക്കു സത്വര പരിഹാരം കാണാൻ പഞ്ചായത്തിൽ പ്രത്യേക സംവിധാനമുണ്ടാക്കുക.

14. റബ്ബർ ടാപ്പിംഗിൽ സ്ത്രീകൾക്കു പരിശീലനം കൊടുക്കാൻ ഏർപ്പാടുണ്ടാക്കുക.

15. എല്ലാ മതവിഭാഗത്തിൽപ്പെട്ടവരുടേയും വിവാഹം രജിസ്റ്റർ ചെയ്യുന്നതിനുള്ള നിയമം ശക്തമാക്കുക. വിധവാപെൻഷനും മറ്റും സർട്ടിഫിക്കറ്റാവശ്യമായി വരുമ്പോൾ ഇതു പ്രയോജനപ്പെടും.

16. പച്ചക്കറി അടുക്കളത്തോട്ടം നിർമ്മാണത്തിനു സ്ത്രീകൾക്കു പരിശീലനവും സഹായങ്ങളും നൽകുക.

17. സ്ത്രീകൾക്കു ഒഴിവു സമയം വിനിയോഗിക്കാൻ അടുക്കളത്തോട്ടം നിർമ്മാണം പോലെതന്നെ പുഷ്പകൃഷിയിലും സഹായം നൽകണം.

18. സ്ത്രീകളുടെ ആവലാതികൾ കേൾക്കാനും പരിഹാരമുണ്ടാക്കാനും സ്ത്രീകളും മറ്റു സാമൂഹ്യരാഷ്ട്രീയരംഗത്തു പ്രവർത്തിക്കുന്നവരുമടങ്ങുന്ന ഒരു പ്രശ്നപരിഹാരസമിതി പഞ്ചായത്തു തലത്തിൽ രൂപീകരിക്കണം.

19. സർക്കാരിന്റെ വിവിധ പദ്ധതികളെക്കുറിച്ചും ക്ഷേമപ്രവർത്തനങ്ങളെക്കുറിച്ചും അറിവു നൽകുന്നതിന് പഞ്ചായത്തിൽ ഒരു എൻക്വയറി കൗണ്ടർ തുറക്കുക. ആവശ്യമായ ഫാറങ്ങളും മറ്റും പഞ്ചായത്തിൽ നിന്നു വിതരണം ചെയ്യുക.

20. അസംബ്ലി, പാർലമെന്റ് ഉൾപ്പെടെയുള്ള നിയമനിർമ്മാണസഭകളിൽ 1/3 സംവരണം സ്ത്രീകൾക്കായി അടിയന്തിരമായി നടപ്പിലാക്കുക.

21. വനിതകൾക്കായി തയ്യൽസ്ക്കൂൾ സ്ഥാപിക്കുക.

■ വ്യവസായ പരിശീലനം നൽകുകയും പരിശീലനം ലഭ്യമായവർക്ക് വ്യവസായം തുടങ്ങുവാൻ ആവശ്യമായ വായ്പ സബ്സിഡി രീതിയിൽ അനുവദിക്കുകയും ചെയ്യുക. വായ്പകൾ ഉദ്ദേശിച്ച കാര്യത്തിന് ഉപയോഗിക്കുന്നുണ്ടോ എന്ന പരിശോധനയ്ക്കും-വായ്പകൾ ദുരുപയോഗം ചെയ്യുന്നത് തടയുന്നതിനുള്ള അധികാരം ഗ്രാമപഞ്ചായത്തിന് നിക്ഷിപ്തമാക്കുക.

■ സ്ത്രീകൾക്ക് തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിന് സഹകരണ മേഖലയിൽ റെഡിമെയ്ഡ് ചന്ദനത്തിരി നിർമ്മാണം, ക്രഷർയൂണിറ്റ്, മെഴുക്തിരി നിർമ്മാണം എന്നിവ ആരംഭിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുക.

■ പട്ടികജാതി സർവീസ് സഹകരണസംഘം വഴി ഈ വിഭാഗത്തിന്റെ തൊഴിൽ സംരംഭങ്ങൾ വർദ്ധിപ്പിക്കാനാവശ്യമായ പദ്ധതികൾ നടപ്പിലാക്കുക.

■ പഞ്ചായത്തിൽ പട്ടികജാതി സ്ത്രീകളെ ഉൾപ്പെടുത്തി പാട്ടവ്യവസ്ഥയിൽ കൃഷിഭൂമി വാങ്ങി പച്ചക്കറി തോട്ടങ്ങൾ ഉണ്ടാക്കുകയും അത് വിറ്റഴിക്കുന്നതിന് സൗകര്യം ഉണ്ടാക്കുകയും ചെയ്യുക.

■ വീടു നിർമ്മാണത്തിനുള്ള ധനസഹായം വർദ്ധിപ്പിക്കുക, വീട് വയ്ക്കുന്നതോടൊപ്പം വീടിന്റെ സൗകര്യം വർദ്ധിപ്പിക്കുന്നതിന് ഉപഭോക്താക്കൾക്ക് അനുവാദം നൽകുക.

■ എല്ലാ പദ്ധതികൾക്കും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് പഞ്ചായത്ത് സമിതികളെ ചുമതലപ്പെടുത്തുകയും മേൽനോട്ടത്തിന് സംവിധാനം ഉണ്ടാക്കുകയും ചെയ്യുക.

■ വീട് പുതുക്കി പണിയുന്നതിനും അറ്റകുറ്റ പണികൾക്കും പലിശ രഹിത വായ്പകൾ ലളിതമായ വ്യവസ്ഥയിൽ നടപ്പിലാക്കുക.

■ പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന ഭൂരഹിത- ഭവനരഹിത-പുനരധിവാസ പദ്ധതിപ്രകാരം നിലവിൻസ്ഥലവും വീടും മുഴുവൻ കുടുംബങ്ങളെയും അടിയന്തിരമായി സഹായിക്കണം.

■ വേയ്ക്കൽ ലക്ഷം വീട് കോളനിയിലേക്കുള്ള റോഡ് നിർമ്മിച്ച് ഗതാഗതയോഗ്യമാക്കണം.

■ മുരുക്കുമൺ അറപറമ്പ കോളനിയിലേക്ക് ഗതാഗതയോഗ്യമായ റോഡ് നിർമ്മിക്കണം.

■ നെട്ടയം കോളനിറോഡ് ടാർ ചെയ്യണം.

■ ഈന്തലിക്കോണം കോളനിറോഡ് സഞ്ചാരയോഗ്യമാക്കണം.

■ കൈതക്കുഴി കോളനിറോഡ് ഗതാഗതയോഗ്യമാക്കണം

■ പുലിക്കോട് കോളനിയിലേക്കുള്ള റോഡ് നിർമ്മിക്കണം.

■ കുന്നത്തഴികം, കാവൂർകോണം, തൊട്ടുവള്ളി ഈ കോളനികളിലേക്ക് റോഡുകൾ നിർമ്മിക്കണം.

■ 8-ാം വാർഡിൽ കളജ കോളനിയിലേക്കുള്ള റോഡ് സഞ്ചാരയോഗ്യമാക്കണം.

■ ഇടക്കരിക്കകം, കോട്ടൂർകോണം, തൊട്ടുവള്ളി-മണലയം, കുരങ്ങുവയൽ കോളനി, പുലിക്കോട്ടുകോളനി, കാവൂർക്കോണം-കൈതക്കുഴി കോളനി എന്നീ കോളനികൾ കളജ കോളനികളാക്കുക.

■ പട്ടികജാതി പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് സ്വയം തൊഴിൽ പരിശീലനത്തിനായി ഒരു തയ്യൽ സ്ക്കൂളും, ഇൻഡസ്ട്രിയൽ ട്രെയിനിംഗ് സെന്ററും ആരംഭിക്കുക.

**9. ചെങ്കൽ കരിങ്കൽ തൊഴിലാളി സഹകരണ സംഘം**

നമ്മുടെ പഞ്ചായത്തിൽ ഈ മേഖലയിൽ പണിയെടുക്കുന്ന ചിതറിക്കിടക്കുന്ന തൊഴിലാളികളെ സംഘടിപ്പിച്ചു ഇത്തരം ഒരു സഹകരണസംഘം ഉണ്ടാക്കുന്നത് നല്ലതാണ്.

**10. മാർക്കറ്റിംഗ് സൊസൈറ്റി.**

നമ്മുടെ പഞ്ചായത്തിൽ കർഷകർ ഉല്പാദിപ്പിക്കുന്ന കാർഷികവിളകൾ സംഭരിച്ച് മിതമായ വിലയ്ക്ക് വില്ക്കുന്നതിന് ഒരു മാർക്കറ്റിംഗ് സൊസൈറ്റി രൂപീകരിക്കണം.

**നിലമേൽ സർവ്വീസ് സഹകരണബാങ്ക് നിർദ്ദേശങ്ങൾ.**

1. പഞ്ചായത്തിലെ പ്രായപൂർത്തിയായ മുഴുവൻ ജനങ്ങളേയും ബാങ്കിൽ അംഗങ്ങളാക്കുക.

2. നിക്ഷേപം പരമാവധി വർദ്ധിപ്പിച്ച് ബാങ്കിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തി കർഷകർക്കാവശ്യമായ വായ്പ യഥാസമയം നൽകുക.

3. ഹയർപർച്ചെസ് വായ്പ ജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ വിതരണം ചെയ്യുന്നതിന് ഒരു ഷോറൂം തുറക്കുക.

4. മൂന്നുമൂന്നു മാസം കൂടുമ്പോൾ പുതിയ ചിട്ടികൾ തുടങ്ങുക.

5. ബാങ്കിൽ നിന്നുമെടുക്കുന്ന വായ്പകൾ കൃത്യമായി തിരിച്ചടയ്ക്കാൻ അംഗങ്ങളെ ബോധവൽക്കരിക്കുക.

6. ഓരോ കർഷകനും ഒരു വർഷത്തേയ്ക്ക് ആവശ്യമായ കാർഷിക വായ്പ വർഷാരംഭത്തിനു മുമ്പു തന്നെ പാസാക്കി ക്രഡിറ്റ് കാർഡ് സമ്പ്രദായത്തിലൂടെ വിതരണം ചെയ്യണം.

7. ഒരു സെന്റ് വസ്തുവിന് കാർഷികപരിധി 150രൂ. എന്നത് 250രൂപയാക്കി വർദ്ധിപ്പിക്കണം.

8. സർക്കാരിൽനിന്ന് അനുവദിച്ചുകിട്ടുന്ന പലിശസബ്സിഡി യഥാകാലം വായ്പക്കാർക്ക് കിട്ടുന്നില്ല. അതു ലഭിക്കുന്നതിനുള്ള അടിയന്തിര നടപടി സർക്കാർതലത്തിലും ബാങ്കുതലത്തിലും സ്വീകരിക്കണം.

9. കാർഷികോപകരണങ്ങൾ വിതരണം ചെയ്യാനും കാർഷികോല്പന്നങ്ങൾ സംഭരിക്കാനും ഈ ബാങ്കിൽ സംവിധാനമുണ്ടാക്കണം.

10. ഇപ്പോൾ രണ്ടു വളഡിപ്പോയാണ് ബാങ്കിന്റെ കീഴിൽ പ്രവർത്തിക്കുന്നത്. അത് നാലാക്കി ഉയർത്തണം.

11. ഓഹരി മൂലധനം വർദ്ധിപ്പിക്കാൻ നടപടിയുണ്ടവണം.

12. കൈതോറ്റ് ഒരു ബ്രാഞ്ച് തുടങ്ങുന്നതിനുള്ള നടപടിസ്വീകരിക്കണം.

13. സമയാസമയങ്ങളിൽ അംഗങ്ങളുടെ ബോധവൽക്കരണത്തിനായി സെമിനാറുകളും ചർച്ചകളും സംഘടിപ്പിക്കണം.

14. ഒരു വർഷത്തലൊരിക്കൽ ജനറൽബോഡി വിളിച്ച് വരവുചെലവുകണക്കുകൾ അവതരിപ്പിക്കണം.

15. ബാങ്കിനുവേണ്ടി വാങ്ങിയ 40സെന്റ് സ്ഥലത്ത് ബാങ്ക് ഓഫീസും ഷോപ്പിംഗ് കോംപ്ലക്സും പെട്ടെന്നു സ്ഥാപിക്കണം.

16. ഹാൻടെക്സിന്റെ ഇന്നത്തെ സ്ഥിതി മാറ്റി രാവിലെ 8മണി മുതൽ രാത്രി 8മണി വരെ പ്രവർത്തിപ്പിക്കണം.

17. വസ്തുപണയത്തിന്മേൽ അനുവദിക്കുന്ന കാർഷിക കാർഷികേതര വായ്പകൾ കാലാനുസൃതമായി വർദ്ധിപ്പിക്കേണ്ടതാണ്.

**പട്ടിക I നിലമേൽ സർവീസ് സഹകരണബാങ്ക്**

| പ്രവർത്ത ആരംഭിച്ച വർഷം | പ്രവർത്ത പരിധി | അംഗത്വം | ഓഹരി മൂലധനം | കടം | നിക്ഷേപം. | പ്രവർത്ത മൂലധനം | ലാഭമോ നഷ്ടമോ | സ്ഥിരം ജീവനക്കാർ | മറ്റുള്ളവർ |
|---|---|---|---|---|---|---|---|---|---|
| 1984 | നിലമേൽ പഞ്ചായ | 5409 | 100000 പത്തുലക്ഷം | 356960 | 9970818 തൊണ്ണൂറ്റി ഒമ്പതുലക്ഷത്തി എഴുപതിനായിരത്തി എണ്ണൂറ്റിപതിനെട്ട് | 11200000 1 കോടി 12 ലക്ഷം | ലാഭം 308035 | 6 | 5 |

**ഹരിജൻ സഹകരണസംഘം നിർദ്ദേശങ്ങൾ.**

1. പഞ്ചായത്തിലുള്ള SC/ST, വിഭാഗത്തിലെ പ്രായപൂർത്തിയായവരെ മുഴുവനും അംഗങ്ങളാക്കുക.

2. അംഗങ്ങളെ ബോധവൽക്കരിക്കുന്നതിനു ചർച്ചകളും സെമിനാറുകളും സംഘടിപ്പിക്കുക.

3. ലോൺ കൊടുത്തവകയിലുള്ള മുഴുവൻ കുടശ്ശികയും പിരിച്ചെടുക്കുന്നതിന് അംഗങ്ങളെ തല്പരരാക്കുക.

4. വസ്തു വാങ്ങുന്നതിന് അനുവദിച്ചുകിട്ടിയ 50000 രൂപയും പ്രയോജനപ്പെടുത്തുക.

5. വസ്തു വാങ്ങി കെട്ടിടം പണി ആരംഭിക്കണം.

**ക്ഷീരസഹകരണസംഘം**

**നിർദ്ദേശങ്ങൾ**

1. സംഘങ്ങൾ അടുത്ത 5 വർഷത്തിനുള്ളിൽ പ്രതിദിനം സംഭരിക്കാൻ ഉദ്ദേശിക്കുന്ന പാലിൽ നിലമേൽ പഞ്ചായത്തിലെ വിതരണം കഴിച്ച് ബാക്കി കേടുകൂടാതെ സംഭരിച്ചു സൂക്ഷിക്കുവാനും സംസ്കരിക്കുവാനും വേണ്ട സൗകര്യങ്ങൾ ഏതെങ്കിലും ഒരു സംഘത്തിൽ ഉണ്ടാക്കണം. അതിനാവശ്യമായ മൂലധനം അനുവദിക്കണം.

2. കാലിത്തീറ്റ വിതരണത്തിനായി ഓരോ സംഘത്തിലും സംവിധാനം ഉണ്ടാക്കണം.

3. നല്ലയിനം കറവമാടുകളെ അംഗങ്ങൾക്കു ലഭിക്കുന്നതിനുള്ള സംവിധാനം സംഘങ്ങൾ ചെയ്തു കൊടുക്കണം.

4. കന്നുകാലികളുടെ സംരക്ഷണത്തിന് മൃഗസംരക്ഷണ ഉദ്യോഗസ്ഥന്മാരുടെ സേവനം തക്കസമയത്തു ലഭ്യമാക്കണം.

5. പഞ്ചായത്തുതലത്തിലും ധനകാര്യസ്ഥാപനങ്ങളിൽ നിന്നും ക്ഷീരവികസനത്തിനു ലഭ്യമാക്കുന്ന ആനുകൂല്യങ്ങൾ ക്ഷീരസംഘങ്ങൾ മുഖേന നൽകേണ്ടതാണ്.

**സ്കൂൾ കോളേജ് സഹകരണ സംഘം**

**നിർദ്ദേശങ്ങൾ**

1. വിദ്യാർത്ഥികൾക്ക് ആവശ്യമായ യൂണിഫോം വിതരണം ചെയ്യണം.

2. കോസ്മെട്രിക്ക-സ്റ്റേഷനറി സാധനങ്ങൾ വിതരണം ചെയ്യണം

3. സ്കൂളുകളിലേയും കാളേജിലേയും അധ്യാപകരുടേയും വിദ്യാർത്ഥികളേയും നോൺ ടീച്ചിംഗ് സ്റ്റാഫിനേയും സംഘത്തിൽ അംഗങ്ങളാക്കണം.

4. ഈ സ്ഥാപനത്തിന് സെക്രട്ടറിയായി പ്രവർത്തിക്കുന്ന അദ്ധ്യാപകന് പ്രത്യേക അലവൻസും അധ്യാപക ജോലിയിൽ ഇളവും അനുവദിക്കേണ്ടതാണ്.

**പട്ടിക II**

**ഹരിജൻ സർവ്വീസ് സഹകരണസംഘം**

| പ്രവർത്തനം ആരംഭിച്ച വർഷം | പ്രവർത്തന പരിധി | അംഗത്വം | ഓഹരി മൂലധനം | പ്രവർത്തന മൂലധനം | ലോൺ കൊടുക്കാത്തത് | കുടിശ്ശിക | നിക്ഷേപം | സ്ഥിരം | ജീവനക്കാർ മറ്റുള്ളവർ |
|---|---|---|---|---|---|---|---|---|---|
| 1988 | നിലമേൽ പഞ്ചായത്ത് | 332 | 37501 | 40000 | 61701 | 61701 | ഇല്ല | 1 | ഇല്ല |

## പട്ടിക III

## ക്ഷീരസഹകരണസംഘങ്ങൾ

| സംഘത്തിന്റെ പേര് | പ്രവർത്തനം ആരംഭിച്ച വർഷം | പ്രവർത്തന പരിധി | അംഗങ്ങൾ | നിക്ഷേപം | ഓഹരി മൂലധന | പ്രവർത്തന മൂലധനം | വ്യാപാര ഇടപാടുകൾ | ലാഭം/ നഷ്ടം | ജീവനക്കാർ | |
|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | സ്ഥിരം | – |
| കൈതോട് കെ.വി.സി.എസ് ക്യൂ.180 ഡിപിസി ഡിഎസ് | 1987 | വാർഡ് 1.കൈതോട് 2.വെള്ളരി 3.വേക്കൽ 4.മുളയി ക്കോണം | 220 | 35600 | 2200 | 10600 | 1 ദിവസം 160 ലിറ്റർ | ലാഭം 6000 | 3 | – |
| നിലമേൽ കെ.വി.സി.എസ് ക്യൂ.33 ഡിപിസി ഡിഎസ് | 1977 | 5.മുരുക്കു മൺ 6.കോളജ് 7.ടൗൺ 8.ബംഗ്ലാം കുന്ന് | 287 | ഇല്ല | 2870 | 3130 | 1 ദിവസം 34 ലിറ്റർ | ലാഭം 1000 | 1 | – |

## പട്ടിക IV വാർഡുകളിലെ റിപ്പോർട്ടിൽ ഉയർന്നു വന്ന ആവശ്യങ്ങൾ

| വാർഡ് | നമ്പർ | വനിതാ സഹകരണ സംഘം സ്ഥലം | നമ്പർ | മഹിളാസമാജം സ്ഥലം | നമ്പർ | മാർക്കറ്റിംഗ് സൊസൈറ്റി സ്ഥലം | നമ്പർ | സ്വയംതൊഴിൽ യൂണിറ്റുകൾ സ്ഥലം |
|---|---|---|---|---|---|---|---|---|
| 1 | 2 | പുവത്തൂർ കൈതോറ്റ് | 1 | എലിക്കുന്നാം മുകൾ | 1 | കൈതോട് | 2 | പുവത്തൂർ കൈതോട് |
| 2 | 2 | വെള്ളരി വലിയവഴി | 1 | ഊന്നംപാറ | 1 | പരുത്തി | 2 | പരുത്തി വലിയവഴി |
| 3 | 2 | തേവയിൽ വേക്കൽ | 1 | വട്ടപ്പാറ | 1 | വേയ്ക്കൽ | 2 | തേവയിൽ വട്ടപ്പാറ |
| 4 | 2 | മുളയിൽകോണം കുന്നുംപുറം | 1 | മുളയിൽകോണം | 1 | കരുന്തല ക്കോട് | 2 | വേക്കൽ ലക്ഷംവീട് കുന്നുംപുറം |
| 5 | 2 | മുകേക്കുമൺ കുര്യോറ്റ് | 1 | മുകേക്കുമൺ | 1 | കുരിയോട് | 2 | അട്ടിയിൽ പാണംകോണം |
| 6 | 2 | നെട്ടയം ആഴാന്തക്കുഴി | 1 | വളയിടം | 1 | നിലമേൽ ടൗൺ | 2 | ആയിരവല്ലി വളയിടം |
| 7 | 1 | കണ്ണൻകോട് | 1 | ചേറാട്ടുകുഴി | 1 | കണ്ണൻ കോട് | 2 | ചേറാട്ടുകുഴി വാഴോട് |
| 8 | 1 | കൈതക്കുഴി | 1 | മരവെട്ടി പൊയ്ക | 1 | ബംഗ്ലാം കുന്ന് | 4 | വട്ടപ്പാറ ആലയിൽ മരോട്ടിപൊയ്ക പ്ലാച്ചിയോട് |

# പട്ടികജാതി - പട്ടികവർഗ്ഗക്ഷേമം

നിലമേൽ ഗ്രാമപഞ്ചായത്തിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 415 കുടുംബങ്ങളും പട്ടികവർഗ്ഗത്തിൽപ്പെട്ട 6 കുടുംബങ്ങളും ഉണ്ട്. ഏറ്റവും കൂടുതൽ കുടുംബങ്ങൾ ഉള്ളത് ഢകകക-ാം വാർഡിലും (ബംഗ്ലാംക്കുന്ന്) ഏറ്റവും കുറവുള്ളത് കക-ാം വാർഡിലുമാണ് (വെളളരി) ചരിത്രപരവും. സാമൂഹ്യപരവുമായ കാരണങ്ങളാൽ താഴ്ന്ന ജീവിത നിലവാരം തുടരുന്നവരാണ് മഹാഭൂരിപക്ഷവും.

നാടുവാഴിത്ത ഫ്യൂഡൽ വാഴ്ചയുടെ മാർദ്ദനങ്ങൾക്കും ചൂഷണങ്ങൾക്കും ഇരയായി കൊണ്ടിരുന്ന ഈ വിഭാഗം ഇന്ന് അത്തരത്തിലുള്ള പീഡനങ്ങൽ അനുഭവിക്കുന്നില്ല. എങ്കിലും സാമൂഹ്യ സാമ്പത്തിക രംഗങ്ങളിൽ മറ്റുവിഭാഗങ്ങളെ അപേക്ഷിച്ചു വളരെ പിന്നിലാണ്. ഈ വിഭാഗത്തിന്റെ ഉയർച്ചക്ക് വേണ്ടി സർക്കാർ നടപ്പിലാക്കി വരുന്ന പല പദ്ധതികളെ സംബന്ധിച്ചും വേണ്ടത്ര അറിവ് ഇല്ലാത്തത് കൊണ്ടും പദ്ധതികളുടെ പ്രയാസമേറിയ നിബന്ധനകൾ കൊണ്ടും പദ്ധതികൾ ഫലപ്രദമായി ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. എന്നാൽ സർക്കാർ നൽകുന്ന നിരവധി സൗജന്യങ്ങൾ ഈ വിഭാഗത്തിന് ഭാഗികമായ നേട്ടങ്ങൽ കൈവരിക്കുന്നതിന് സഹായകമായിട്ടുണ്ട്. ഇതിൽ കൂടുതൽ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുളളത് കോളനി നിവാസികൾക്കാണ്. എന്നാൽ നിരവധി പ്രശ്നങ്ങൾ പരിഹരിക്കപ്പെടാതെ നിലനിൽക്കുന്നുണ്ട്.

### ജനസംഖ്യ

നിലമേൽ ഗ്രാമപഞ്ചായത്തിൽ പട്ടികജാതിവിഭാഗത്തിൽപ്പെട്ട 1649 പേരും (അവലംബം: 1991ലെ സെൻസസ്) പട്ടികവർഗ്ഗത്തിൽപ്പെട്ട 22 പേരും ഉണ്ട്. ഇത് പഞ്ചായത്തിന്റെ ആകെ ജനസംഖ്യയുടെ 12% ആണ്. ആകെ 13 കോളനികൾ അംഗീകൃതകോളനികളാണ് ഇതിൽ 2. കഒളജ കോളനികളുണ്ട് മുരുക്കുമൺ അരുവാമുല", പ്ലാമ്പിയോടു എന്നിവയാണ്. കോളനികളുടെ വിവരം ക-ാം പട്ടികയിൽ ചേർക്കുന്നു.

### വിദ്യാഭ്യാസം

ജനസംഖ്യയിൽ കൂടുതലും നിരക്ഷരരാണ്. സമീപകാലത്താണ് കുട്ടികളെ സ്ക്കൂളിൽ അയക്കുന്ന കാര്യത്തിൽ രക്ഷിതാക്കൾക്ക് താൽപര്യം ഉണ്ടായിട്ടുള്ളത്. പ്രാഥമിക വിദ്യാഭ്യാസം മുതൽ ബിരുദാനന്തര ബിരുദം വരെയുളള വിദ്യാഭ്യാസത്തിന് സൗകര്യമുളള പഞ്ചായത്താണ് എങ്കിലും പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ വിദ്യാഭ്യാസനിലവാരം ഇപ്പോഴും മെച്ചപ്പെട്ടില്ല. ഹൈസ്ക്കൂൾ തലം വച്ചുതന്നെ വിദ്യാഭ്യാസത്തിൽ ഭൂരിഭാഗപേരും വിദ്യാഭ്യാസം അവസാനിപ്പിക്കുകയാണ്. ഒരു സീനിയർ കോളേജ് പഞ്ചായത്തിൽ ഉണ്ടെങ്കിലും കോളേജ് വിദ്യാഭ്യാസം സിദ്ധിച്ചിട്ടുളളത് നാമമാത്രമാണ് ബിരുദധാരികളുടെ എണ്ണം വിരലെണ്ണാവുന്നത്രയുമാണ്. പട്ടികജാതിവിഭാഗത്തിന്റെ വിദ്യാഭ്യാസത്തിന്റെ പിന്നോക്കവസ്ഥയ്ക്ക് കാരണങ്ങൾ നിരവധിയാണ്. ഈ കുടുംബങ്ങളുടെ സാമ്പത്തികമായ ബുദ്ധിമുട്ടും രക്ഷിതാക്കളുടെ ജാഗ്രതകുറവും പൊതുവിൽ കണ്ടു വരുന്ന സാംസ്ക്കാരിക നിലവാരമില്ലായ്മയുമാണ്. കൂടാതെ കുടുംബ ബാദ്ധ്യത ഏറ്റെടുക്കേണ്ടിവരുന്നതിനാൽ പഠനം നിർത്തേണ്ടി വന്ന നിരവധി കുട്ടികൾ ഉണ്ട്. വിദ്യാഭ്യാസത്തിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്നതിന് വിദ്യാസമ്പന്നരായ ആളുകളെ ഉപയോഗപ്പെടുത്തി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കേണ്ടതുണ്ട്. ഇതിന് പുറമെ സാക്ഷരത തുടർപരിപാടികൾ സംഘടിപ്പിച്ചും ഫലപ്രദമായി നടപ്പിലാക്കാൻ കഴിഞ്ഞാൽ നിരക്ഷരത ഒരു പരിധിവരെ ഒഴിവാക്കാൻ കഴിയും ഇക്കാര്യത്തിൽ ജനകീയ സമിതികൾ കാര്യമായി ശ്രദ്ധിക്കണം.

### പാർപ്പിടം

സ്വന്തം നിലയിൽ വാസയോഗ്യമായ വീടുള്ളവർ നാമമാത്രമാണ്. സർക്കാരിന്റെ വിവിധ ഏജൻസികൾ മുഖേനയുള്ള സഹായധനം കൊണ്ട് ഒരു പരിധിവരെ സഹായമായിട്ടുണ്ട്. കഷ്ടിച്ച് കഴിഞ്ഞുകൂടാനുള്ള താമസസൗകര്യം മാത്രമേയുള്ളൂ. ആദ്യകാലത്ത് നൽകിയി

ട്ടുള്ള വീടുകളിൽ ഭൂരിഭാഗവും വീണ്ടും പുതുക്കിപ്പണിയേണ്ട അവസ്ഥയിലാണ്. ചെറ്റക്കുടിലിൽ താമസിക്കുന്നവർ 100 ഉം. വീടില്ലാത്തവർ 100 കുടുംബങ്ങളും പഞ്ചായത്തിലുണ്ട്. 120-ഓളം വീടുകൾ ഓലമേഞ്ഞതും മൺചുമര് കൊണ്ടുള്ളതുമായ വീടുകളാണ് അധികവും. സർക്കാർ ധനസഹായത്തോടു കൂടി മാത്രമേ ഈ വിഭാഗത്തിൽപ്പെട്ടവർക്ക് ഓട് മേഞ്ഞ വീട് നിർമ്മിക്കാൻ സാധിക്കുകയുള്ളു. വീടുനിർമ്മിക്കാൻ ലഭിക്കുന്ന തുക അപര്യാപ്തമാണ്. സാധന സാമഗ്രികൾക്ക് വില കൂടുതലും നിർമ്മാണ ചിലവും വർദ്ധിച്ചിട്ടുള്ളത് മനസ്സിലാക്കി ഗുണഭോക്താക്കൾക്ക് മെച്ചപ്പെട്ട സഹായം നൽകേണ്ടതായിട്ടുണ്ട്. കുറേയധികം പേർക്കും കൈവശഭൂമിക്ക് രേഖയില്ലാത്തതുകൊണ്ട് വീടും മറ്റ് ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്ന സാഹചര്യം നിലനിൽക്കുന്നു. അനുവദിക്കുന്ന തുകയുടെ അപര്യാപ്തതകാരണം പലവീടുകളും പൂർത്തീകരിക്കാതെ കിടക്കുന്നുണ്ട്. വീടുവയ്ക്കാൻ സ്ഥലമില്ലാത്ത കുടുംബങ്ങൾക്ക് വീടുവയ്ക്കാനാവശ്യമായ സ്ഥലവും വീടിനുള്ള ധനസഹായവും പുനരധിവാസ പദ്ധതി പ്രകാരം അനുവദിച്ചു കൊടുത്തെങ്കിൽ മാത്രമേ ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കുകയുള്ളു. ഒന്നിലധികം കുടുംബങ്ങൾ ഒരുമിച്ച് താമസിക്കുന്ന കുടുംബങ്ങൾക്ക് പുതിയ പദ്ധതി ആവിഷ്കരിച്ചു പ്രത്യേകം വീടുകൾ നിർമ്മിച്ച് കൊടുക്കേണ്ടതാണ്. പല കോളനികളിലും കുടുംബങ്ങൾക്ക് കക്കൂസ് ഇല്ല. ഓരോ വീടിനും ഓരോ കക്കൂസ് നിർബന്ധമായി അനുവദിച്ചു കൊടുത്ത് ഈ പ്രശ്നം പരിഹരിക്കപെടേണ്ടതാണ്.

**തൊഴിൽ**

പട്ടികജാതി കുടുംബങ്ങളിൽ 85% പേർ കാർഷിക മേഖലയിലാണ് തൊഴിലെടുക്കുന്നത്. ബാക്കിയുള്ളവർ പാറപ്പണി, കശുവണ്ടി, നിർമ്മാണ പ്രവർത്തനം, ചുമട്, പ്ലാന്റേഷൻ എന്നീ മേഖലയിലും തൊഴിലെടുക്കുന്നവരാണ്. സർക്കാർ അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ നാമമാത്രമായി പണിയെടുക്കുന്നുമുണ്ട്. ഈ വിഭാഗം നേരിടുന്ന മറ്റൊരു പ്രശ്നമാണ് തൊഴിലില്ലായ്മ ഇതിനു കാരണം കാർഷിക മേഖലയിൽ കുറഞ്ഞു കൊണ്ടിരിക്കുന്ന തൊഴിൽ ദിനങ്ങൾ ഇവരുടെ വരുമാനത്തിലും സാരമായി ബാധിച്ചിട്ടുണ്ട്. കാർഷിക മേഖലയിലെ തകർച്ച ഈ വിഭാഗത്തിന്റെ തൊഴിൽ നഷ്ടപ്പെടുത്തുകയും ജീവിക്കാനുള്ള തൊഴിലിനു വേണ്ടി മറ്റു മേഖലകളിലേയ്ക്ക് പോവാൻ നിർബന്ധിതരാകുകയും ചെയ്യുന്നു. മറ്റു മേഖലകളിൽ തൃപ്തികരമായി കൂലി ലഭിക്കുന്നു. എന്ന കാരണത്താൽ പുതിയ തലമുറ പൂർണ്ണമായും കാർഷിക മേഖലയിൽ നിന്നും മാറിയതുകൊണ്ട് കാർഷിക മേഖലയിൽ തൊഴിലാളികളെ കിട്ടാൻ വളരെ പ്രയാസമാണ്. തൊഴിൽ എന്നതിലുപരി ഭക്ഷ്യധാന്യ ഉല്പാദന വർദ്ധനവിന്റെ ആവശ്യകത കണക്കിലെടുത്ത് ഈ മേഖലകളിലേക്ക് കൂടുതൽ തൊഴിലാളികളെ ആകർഷിക്കുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതായിട്ടുണ്ട്.

മാത്രമല്ല കൂലി വേല ചെയ്തു മാത്ര ഉപജീവന നടത്തിവരുന്ന ഈ വിഭാഗത്തിന് തൊഴിൽ ഉറപ്പുവരുത്തുകയും പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുകയും ചെയ്യേണ്ടതുണ്ട്.

**പ്രശ്നങ്ങൾ**

1.വിദ്യാഭ്യാസ പുരോഗതി കൈവരിച്ചിട്ടില്ല, കോളനികളിൽ നിരക്ഷരത നിലനിൽക്കുന്ന, വിദ്യാർത്ഥികൾ കൊഴിഞ്ഞു പോകുന്നു.

2. കാർഷിക മേഖലയിൽ തൊഴിൽ കുറഞ്ഞുവരുന്നു. കാർഷിക മേഖലയിൽ നിന്നു തൊഴിലാളികൾ ഒഴിഞ്ഞു. തൊഴിൽ സാധ്യത കുറഞ്ഞുവരുന്നു. ജീവിത കൂടുതൽ പ്രതിസന്ധിയിലേയ്ക്ക് നീങ്ങുന്നു.

3. എല്ലാവർക്കും സ്വന്തമായി വീടില്ല. വീടുവയ്ക്കാൻ സ്ഥലമില്ല.

4. കോളനികളിൽ കുടവെള്ളവും വൈദ്യുതിയും ആവശ്യത്തിനില്ല.

5. എല്ലാ കോളനികളിലും പൊതുശ്മശാനം ഇല്ല.

6. കൈവശഭൂമിക്ക് പട്ടയം ലഭിച്ചിട്ടില്ല.

7. ആരോഗ്യസംവിധാനം മെച്ചപ്പെട്ടതല്ല.

8. നിർദ്ധന കുടുംബത്തിലെ അംഗങ്ങളുടെ ചികിത്സക്കും പെൺ മക്കളുടെ വിവാഹത്തിനും മതിയായ സഹായം ലഭിക്കുന്നില്ല.

9. ഐ. ആർ. ഡി. പി. മറ്റ് പദ്ധതികളും ഫലപ്രദമായി ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല.

10. പട്ടികജാതി വർഗ്ഗത്തിന്റെ ക്ഷേമത്തിനായി നടപ്പിലാക്കുന്ന പദ്ധതികളെ സംബന്ധിച്ചു അറിവ് വേണ്ടത്രയില്ല.

11. കട കെണിയിൽപ്പെട്ടു പോകുന്നു.

**സാദ്ധ്യതകൾ**

വൈദ്യുതി:- പഞ്ചായത്തിലെ അറുപറമ്പ കോളനി, നെട്ടയം, പ്ലാമ്പിയോട് എന്നീ കോളനികൾ വൈദ്യുതികരിച്ചിട്ടുണ്ട് മറ്റു കോളനികൾ വൈദ്യുതികരിക്കാൻ ആവശ്യമായ പദ്ധതികൾക്ക് രൂപ നൽകണം.

പട്ടിക II ശ്രദ്ധിക്കുക.

കുടിവെള്ളം:- കോളനികളിൽ കുടിവെള്ള പ്രശ്ന അതിരൂക്ഷമാണ്. ഇത് പരിഹരിക്കുന്നതിന് വേണ്ടി

### പട്ടിക I

| ക്രമ നമ്പർ വാർഡ് | കോളനിയുടെ പേര് | വീടുകളുടെ എണ്ണം | അംഗങ്ങളുടെ എണ്ണം |
|---|---|---|---|
| 1 I | തൊട്ടുവള്ളി-മണലയം | 20 | 102 |
| 2 II | കുരങ്ങുവയൽ | 18 | 56 |
| 3 III | കോട്ടൂർകോണം | 24 | 66 |
| 4 III | ഇടക്കരിക്കകം | 22 | 103 |
| 5 IV | ലക്ഷംവീട്, വേയ്ക്കൽ | 15 | 70 |
| 6 IV | പുലിക്കോട് | 15 | 60 |
| 7 V | മുരുക്കുമൺ ഐഎച്ച്ഡിപി | 35 | 94 |
| 8 VI | നെട്ടയം | 34 | 120 |
| 9 VII | ഈന്തലി കോണം | 15 | 76 |
| 10 VIII | പ്ലാമ്പിയോട് ഐഎച്ച്ഡിപി | 38 | 140 |
| 11 VIII | കൈതക്കുഴി | 22 | 77 |
| 12 VIII | കാവുർക്കോണം പുള്ളിപ്പച്ച | 22 | 86 |
| 13 VI | പറയരുകോണം | 25 | 66 |

കോളനിയായി അംഗീകാരം ലഭിക്കേണ്ടവ

| | | | |
|---|---|---|---|
| 1 I | കൈതപൊയ്ക | 8 | 43 |
| 2 VIII | മരോട്ടിപൊയ്ക | 11 | 58 |
| 3 IV | മുളയകോണം | 10 | 47 |
| 4 VII | കുഞ്ചുവേലി കോണം | 8 | 36 |
| 5 I | ഈട്ടിമൂട് | 5 | 19 |
| 6 V | കാരോട്ട് | 10 | 5 |

### പട്ടിക II

| ക്രമ നമ്പർ | കോളനിയുടെ പേര് | റോഡുകൾ | | | വൈദ്യുതി | | കുടിവെള്ളം | | |
|---|---|---|---|---|---|---|---|---|---|
| | | ഗതാഗത യോഗ്യമായത് | ഗതാഗത യോഗ്യമല്ലാത്തത് | ഇല്ലാത്തവ | വൈദ്യുതീകരണം | തുടങ്ങിയത് ഉള്ളത് | കിണർ | ടാപ്പ് | പൊതുകക്കൂസ് |
| 1 | തൊട്ടുവള്ളി മണലയം | ഇല്ല | - | - | ഇല്ല | - | ഉണ്ട് | ഇല്ല | ഇല്ല |
| 2 | കുരങ്ങുവയൽ | ഇല്ല | ഇല്ല | - | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല |
| 3 | കോട്ടൂർ കോണം | ഇല്ല | ഉണ്ട് | - | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല |
| 4 | ലക്ഷംവീട് വേയ്ക്കൽ | | ഉണ്ട് | - | - | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല |
| 5 | പുലിക്കോട് | ഉണ്ട് | - | - | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല |
| 6 | മുരുക്കുമൺ അറുപറമുള | - | - | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല |
| 7 | നെട്ടയം | ഉണ്ട് | ഉണ്ട് | - | ഉണ്ട് | - | ഉണ്ട് | ഇല്ല | ഇല്ല |
| 8 | ഈന്തലി കോണം | ഇല്ല | - | ഉണ്ട് | ഇല്ല | - | ഉണ്ട് | ഇല്ല | ഇല്ല |
| 9 | പ്ലാച്ചിയോട് | ഇല്ല | ഉണ്ട് | | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല |
| 10 | കൈതക്കുഴി | | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല |
| 11 | കാവുർകോണംപുള്ളിപ്പച്ച | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല |
| 12 | ഇടക്കരിക്കകം | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല |
| | കോളനിയായി അംഗീകാരം ലഭിക്കേണ്ടവ | | | | | | | | |
| 1 | കൈത പൊയ്ക | ഇല്ല | ഉണ്ട് | - | ഇല്ല | - | ഇല്ല | - | ഇല്ല |
| 2 | മരോട്ടി പൊയ്ക | ഇല്ല | ഇല്ല | ഉണ്ട് | - | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല |
| 3 | മുളയങ്കോണം | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | - | - | ഇല്ല | ഇല്ല |
| 4 | കുഞ്ചുവേലി കോണം | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | - | - | - | ഇല്ല |

## പട്ടിക III

ഒറ്റപ്പെട്ടുകിടക്കുന്ന പട്ടികജാതി കുടുംബങ്ങൾ

| | സ്ഥലം | വീടുകളുടെ എണ്ണം | കുടുംബങ്ങളുടെ എണ്ണം | അംഗങ്ങളുടെ എണ്ണം |
|---|---|---|---|---|
| 1 | ശാസ്താംകോണം | 3 | 3 | 11 |
| 2 | വളയിടം | 8 | 8 | 38 |
| 3 | ചാറയം | 2 | 3 | 9 |
| 4 | കണ്ണൻകോട് | 3 | 4 | 18 |
| 5 | വാണോട് | 8 | 8 | 42 |
| 6 | കുന്നത്തഴികം | 8 | 9 | 53 |
| 7 | വട്ടപ്പാറ | 3 | 4 | 14 |

## പട്ടിക IV

| വാർഡ് | ടാപ്പുകൾ സ്ഥാപിക്കാനുള്ള കോളനികൾ | വാർഡ് | ജനപങ്കാളിത്തത്തോടുകൂടി ജലസേചന പദ്ധതികൾ നടപ്പിലാക്കാവുന്ന കോളനികൾ | ചെറുകിട ജലസേചന പദ്ധതി അനുവദിച്ചിട്ടുള്ളത് |
|---|---|---|---|---|
| I | കൈതപൊയ്ക | II | കുരങ്ങുവയൽ | കാവൂർകോണം ആലയിൽ |
| IV | ലക്ഷംവീട് വേയ്ക്കൽ | VI | നെട്ടയം | പുലിക്കോട് |
| III | കോളൂർകോണം | | | |
| I | മണലയം | | | |
| V | മുരുക്കുമൺ അറുപറമുല | | | |
| VII | കൈതക്കുഴി | | | |

പഞ്ചായത്ത്, ബ്ലോക്ക്. കിണറുകളും കുഴൽകിണറുകളും സ്ഥാപിച്ചിട്ടുണ്ടെങ്കിലും പലതും ഉപയോഗ്യശൂന്യമാണ് ടാപ്പുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും കോളനികളിൽ ഇതുവരെ പ്രവർത്തനം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. ഇതിന് പരിഹാരം കാണാൻ പുതിയ പദ്ധതികൾ കണ്ടെത്തണം ചിലസാദ്ധ്യതകൾ പട്ടിക IV-ൽ ചേർത്തിട്ടുണ്ട്.

### നിർദ്ദേശങ്ങൾ

■ കാർഷിക മേഖല അഭിവൃദ്ധിപ്പെടുത്തി തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുക.

■ പഞ്ചായത്തിലെ കോളനികളിലെ പെൺകുട്ടികൾക്ക് കൈതൊഴിൽ പരിശീലിപ്പിക്കുകയും അവരുടെ സഹകരണ സംഘങ്ങൾ രൂപീകരിക്കുകയും ചെയ്യുക ഇതിന് എല്ലാവിധ സഹായവും നൽകുക.

■ കുടിവെള്ള പ്രശ്നം പരിഹരിക്കുക.

■ സഹകരണ മേഖലയിൽ ഹോളോബ്രിക്സ് നിർമ്മാണ യൂണിറ്റ് ആരംഭിക്കുക.

■ അഭ്യസ്ഥ വിദ്യർക്ക് ഇന്ന് സർക്കാർ ഏജൻസികൾ നൽകിവരുന്ന (പട്ടികജാതി വികസന കോർപ്പറേഷൻ) വായ്പകളും സഹായധനങ്ങളും ഏകോപിച്ച് പഞ്ചായത്ത് മുഖേന വിതരണ ചെയ്യുകയും വായ്പയുടെ മാനദണ്ഡങ്ങൾ ലഘൂകരിച്ചു മേൽനോട്ടം ഗ്രാമപഞ്ചായത്തിനെ ഏൽപ്പിക്കുകയും ചെയ്യുക.

■ കോളനികളിലെ പുരയിടത്തിലെ മണ്ണൊലിപ്പ് തടയുന്നതിന് ആവശ്യമായ നടപടികൾക്ക് രൂപം നൽകുക.

■ നാലുസെന്റ് കോളനികളിലും ലക്ഷംവീട് കോളനികളിലും വീട് പുതുക്കിപണിയുന്നതിനും ഓട് മേയുന്നതിനും ധനസഹായം നൽകുക.

■ എല്ലാ കോളനികളിലും ശ്മശാനം നിർമ്മിക്കുക.

■ പട്ടികജാതി വികസനവകുപ്പ് നടപ്പിലാക്കി വരുന്ന 3 മുതൽ 5 വരെ പ്രായമുള്ള കുട്ടികൾക്ക് ബാലവാടികളും നഴ്സറികളും രണ്ടോ-മൂന്നോ കോളനികൾക്ക് സംയുക്തമായി ഏർപ്പെടുത്തുക.

■ കോളനികളിൽ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക.

■ വായനശാലകൾ സ്ഥാപിക്കുക.

■ എസ്സ്.എസ്സ്.എൽ.സി. വരെയും തുടർന്ന് പഠനം നടത്തുന്നതിന് പ്രോൽസാഹനം നൽകുന്നതിന് ആവശ്യമായ പദ്ധതികൾ ഗ്രാമപഞ്ചായത്തുകൾ ആസൂത്രണം ചെയ്യുക.

■ ബോധവൽക്കരണത്തിന്റെ ഭാഗമായി കോളനികളിൽ ടി.വി. സെറ്റുകൾ സ്ഥാപിക്കുക.

■ പഞ്ചായത്തിലെ കോളനികളിലേക്കുള്ള റോഡുകൾ സഞ്ചാരയോഗ്യമാക്കുക. (പട്ടിക-II ശ്രദ്ധിക്കുക)

■ I-ാം വാർഡിൽ കൈതപൊയ്ക കോളനിയിലേക്ക് റോഡ് നിർമ്മിക്കുക.

■ 2-ാം വാർഡിൽ കുരങ്ങുവയൽ കോളനിറോഡു ഗതാഗതയോഗ്യമാക്കുക.

■ 3-ാം വാർഡിൽ ഇടക്കരിക്കകം കോളനിയിലേക്ക് വേയ്ക്കൽനിന്നും റോഡു നിർമ്മാണം നടത്തുക.

■ മാങ്കോട് കോളനിയിലേക്ക് സഞ്ചാരയോഗ്യമായ റോഡ് നിർമ്മിക്കണം.

കരിച്ചു. ഈ സ്ഥാപനത്തിൽ ഇന്ന് 332 അംഗങ്ങളുണ്ട്. വ്യക്തിഗത ഷയർ 27501 രൂപയും ഗവൺമെന്റ് ഷയർ 10000 രൂപയുമാണ്. ഈ സംഘത്തിന്റെ പ്രവർത്തന മൂലധനം 90000 രൂപയാണ്. Loan outstanding 61701 രൂപ. ലോൺ കുടിശ്ശിക 61701 രൂപ അംഗങ്ങൾ കൃത്യസമയത്ത് കുടിശ്ശിക അടയ്ക്കാത്തതുകൊണ്ട് സംഘത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ കഴിയുന്നില്ല. ഗവൺമെന്റിൽ നിന്ന് വസ്തു വാങ്ങുന്നതിന് 50000 രൂ. ഗ്രാന്റ് അനുവദിച്ചിട്ടുണ്ടെങ്കിലും സൗകര്യമായി വസ്തു കിട്ടാത്തതിനാൽ സംഘത്തിന് ഇതുവരെയും വസ്തു വാങ്ങാൻ കഴിഞ്ഞിട്ടില്ല. സംഘത്തിന് സ്വന്തമായി കെട്ടിടമില്ല.

**ക്ഷീരസഹകരണസംഘം**

നിലമേലും കൈതോടുമായി രണ്ടു ക്ഷീരസഹകരണസംഘങ്ങൾ പ്രവർത്തിക്കുന്നു. ഈ പ്രദേശങ്ങളിലെ പാൽ സംഭരണം ഈ സംഘങ്ങൾ മുഖേനയാണ്. നിലമേൽ സംഘം ഒരുദിവസം 34 ലിറ്റർ പാലാണ് ശേഖരിക്കുന്നത്. നാലുവാർഡുകളുടെ മധ്യഭാഗത്താണ് ഈ സംഘം പ്രവർത്തിക്കുന്നത്. എന്നാലും പാൽ ശേഖരണം പുറകോട്ടാണ്. ശേഖരിക്കുന്ന പാൽ പഞ്ചായത്തിൽ തന്നെ വിതരണം നടത്തുന്നു. കൈതോടു സംഘത്തിൽ ഒരു ദിവസം 150 ലിറ്റർ പാൽ ശേഖരിക്കുന്നു. പഞ്ചായത്തിലെ 1, 2, 3, 4 ഈ വാർഡുകളുടെ മധ്യഭാഗത്താണ് ഈ സംഘം പ്രവർത്തിക്കുന്നത്. 40 ലിറ്റർ പാൽ ഈ പ്രദേശത്ത് വിതരണം നടത്തുന്നു. ബാക്കി 110 ലിറ്റർ പാൽ പുറത്തേയ്ക്ക് അയയ്ക്കുന്നു. നിലമേൽ ഒരു സെക്രട്ടറിയും കൈതോട് ഒരു സെക്രട്ടറിയും ഒരു അറ്റൻഡറും ഉണ്ട്.

**സ്കൂൾകാളേജ് സഹകരണസംഘം**

നിലമേൽ പഞ്ചായത്തിൽ ഒരു കാളേജും രണ്ടു സ്കൂൾ സഹകരണസംഘവും നിലവിലുണ്ട്. ഈ മൂന്നു സഹകരണ സംഘങ്ങളും പുസ്തകങ്ങൾ മാത്രം വിതരണം ചെയ്യുന്ന സ്ഥാപനങ്ങളാണ്.

പഞ്ചായത്തിലെ 1 മുതൽ 8 വരെയുള്ള ഗ്രാമ സഭകളിലെ ചർച്ചകളിൽ ഉരുത്തിരിഞ്ഞുവന്ന പ്രധാന നിർദ്ദേശം താഴെപറയുന്ന സഹകരണസ്ഥാപനങ്ങൾ പഞ്ചായത്തിൽ സ്ഥാപിച്ചാൽ വർദ്ധിച്ചു വരുന്ന തൊഴിലില്ലായ്മയ്ക്കു ആശ്വാസം കാണാൻ കഴിയുമെന്നുള്ളതാണ്.

**കോഴിവളർത്തൽ സഹകരണസംഘം**

കേരളത്തിന്റെ വരുമാ[illegible]

ഇറച്ചിക്കോഴി കോഴിമുട്ട [illegible]

അന്യസംസ്ഥാനങ്ങളിലേയ്ക്ക് ഒഴുകുന്നു. അതുകൊണ്ട് ഒരു കോഴി വളർത്തൽ സഹകരണസംഘം പഞ്ചായത്തുതലത്തിൽ ആരംഭിക്കുക. പഞ്ചായത്തിലെ ഓരോ വീടുകളിലും ഈ സംഘംമുഖേന ചെറിയ യൂണിറ്റുകൾ രൂപീകരിച്ച് കോഴിവളർത്തൽ നടത്തുകയും മൃഗസംരക്ഷണ ഉദ്യോഗസ്ഥന്മാരുടെ സേവനം അവർക്ക് ലഭ്യമാക്കുകയും ചെയ്യുക.

**2. വനിതാസഹകരണസംഘം.**

ഇങ്ങനെ സംഘം രൂപീകരിച്ചാൽ ഇതിന്റെ കീഴിൽ റെഡിമെയ്ഡ് വസ്ത്രം, നോട്ടുബുക്ക്, കറിപൗഡർ, അച്ചാറ്, സൂപ്പർവൈറ്റ്, മെഴുകുതിരി, കുട എന്നിവകളുടെ നിർമ്മാണത്തുലൂടെ അഭ്യസ്തവിദ്യരായ അനവധി വനിതകൾക്ക് തൊഴിൽ നല്കാൻ കഴിയും.

**3. ലേബർ കോൺട്രാക്റ്റ് സൊസൈറ്റി.**

പഞ്ചായത്തിലെ നിർമ്മാണപ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്താൻ ഇത്തരം ഒരു സൊസൈറ്റിക്കുകഴിയും. ഒട്ടേറെ തൊഴിലവസരങ്ങൾ അങ്ങനെ സൃഷ്ടിക്കാം.

**4. ഹൗസിംഗ് സൊസൈറ്റി**

വീടുനിർമ്മിക്കുന്നതിനാവശ്യമായ സാമ്പത്തികസഹായങ്ങൾ കിട്ടാൻ ഇന്ന് പഞ്ചായത്തലെജനങ്ങൾ കൊട്ടാരക്കര താലൂക്ക് ഹൗസിംഗ് സൊസൈറ്റിയെയാണ് ആശ്രയിക്കുന്നത്. ഇത് ജനങ്ങൾക്ക് ധനനഷ്ടവും സമയനഷ്ടവും ഉണ്ടാക്കുന്നു. ഇതുപരിഹരിക്കാൻ പഞ്ചായത്തിൽ ഒരു ഹൗസിംഗ് സൊസൈറ്റി ആരംഭിക്കേണ്ടതാണ്.

5. ഖാദിഗ്രാമവ്യവസായ സഹകരണസംഘം.

ഖാദിഗ്രാമവ്യവസായ രംഗത്ത് ഒരു സഹകരണ സംഘം ഉണ്ടാകുന്നത് വളരെ അത്യാവശ്യമായ കാര്യമാണ്.

6. നെയ്ത്തു സഹകരണസംഘം.

ഇത്തരം ഒരുസംഘം സ്ഥാപിച്ച് പ്രവർത്തനം തുടങ്ങുന്നത് തൊഴിലില്ലായ്മയ്ക്ക് പരിഹാരമാണ്.

7. പ്രിന്റിംഗ് പ്രസ്.

ഈ പഞ്ചായത്തിൽ പൊതുമേഖലയിൽ ഒരു പ്രിന്റിംഗ് പ്രസ് ആരംഭിക്കുന്നത് തൊഴിലവസരം സൃഷ്ടിക്കാൻ സഹായകമാണ്.

8. മത്സ്യത്തൊഴിലാളി സഹകരണസംഘം

നമ്മുടെ പഞ്ചായത്തിൽ ഒരു മത്സ്യത്തൊഴിലാളി സഹകരണസംഘം [illegible]

[illegible]

മുള്ളത്. ഒരു നിശ്ചിത സമയക്രമത്തിൽ നികുതി 'കോമ്പൗണ്ട്' ചെയ്ത് പ്രതിമാസം 5000 രൂപ വരെ വരുമാനമുണ്ടാക്കാം. ടിക്കറ്റ് നിരക്ക് കൂടുന്നതിനനുസരിച്ച് ഈ തുകയിലും മാറ്റം വരുത്താം. ആഡിറ്റോറിയങ്ങളിൽ നിന്നും പ്രതിമാസ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ നികുതി ഈടാക്കണം

**നാഷണൽ സേവിംഗ് സ്കീം**

നാഷണൽ സേവിംഗ്സിൽ പണം നിക്ഷേപിക്കാൻ കഴിഞ്ഞാൽ അതിൽ നിന്നും കമ്മീഷൻ ഇനത്തിൽ കാര്യമായ വരുമാനം ഉണ്ടാക്കാം. ജനങ്ങളെ ബോധവല്ക്കരിക്കുകയാണ് ആദ്യം വേണ്ടത്. ആസൂത്രിതവും സംഘടിതവുമായ ശ്രമത്തിലൂടെ അത് സാദ്ധ്യമാകാവുന്നതേയുള്ളൂ.

**മാർക്കറ്റ്**

റോഡരുകുകളിലെ മത്സ്യ വില്പനയും മറ്റ് വഴി വാണിഭങ്ങളും മാർക്കറ്റിന്റെ പരിധിയിൽ കൊണ്ടുവരണം. പഞ്ചായത്ത് അതിർത്തിയിൽ അനധികൃതമായി നടത്തപ്പെടുന്ന ചന്തകളെ പഞ്ചായത്ത് നിയമത്തിൻ കീഴിൽ കൊണ്ടുവരണം. ധനകാര്യ ഏജൻസികളുടെ സഹായത്തോടെ മാർക്കറ്റിൽ പഞ്ചായത്ത് സ്റ്റാളുകളും ഷോപ്പിംഗ് കോംപ്ലക്സും നിർമ്മിക്കാം. പഞ്ചായത്തിന്റെ പാരമ്പര്യവും അഭിമാനവുമായി കരുതിയിരുന്ന 'കന്നുകാലി ചന്ത' പുനരുജ്ജീവിപ്പിച്ച് മാസത്തിൽ പ്രാവശ്യമെങ്കിലും നടത്തണം. കന്നുകാലികളെ പരസ്യമായി കശാപ്പുചെയ്യുന്നത് നിരോധിക്കണം. കശാപ്പിനെത്തുന്ന കന്നുകാലികളെ 'വെറ്റിനറി സർജൻ' പരിശോധിച്ച് സീൽ ചെയ്യേണ്ടതുമാണ്. അതിലൂടെ ഡ്യൂട്ടി ഇനത്തിൽ പഞ്ചായത്തിന് വരുമാനം കണ്ടെത്താം.

. നാടിന്റെ പൊതുവികസനത്തിലും കുടുംബങ്ങളുടെ സ്വയം പര്യാപ്തതയിലും ഇവർക്ക് നിർണ്ണായക പങ്ക് വഹിക്കാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ നാടിന്റെ സാമ്പത്തിക വികസന പ്രക്രിയയിൽ ഇവരുടെ പങ്ക് പരിശോധിച്ചാൽ, ഉപഭോഗരംഗത്തും, കെട്ടിട നിർമ്മാണത്തിലും, വാഹനങ്ങൾ വാങ്ങുന്നതിലുമാണ് ശ്രദ്ധിച്ചിരിക്കുന്നതെന്ന് കാണാം. സംഭാവനകൾ മതതാല്പര്യങ്ങൾക്ക് മുൻതൂക്കം കൊടുത്താണ് നൽകുന്നത്. വ്യക്തമായ ഉറപ്പിന്റെ സഹായത്താൽ ഇവരിൽ നിന്നും സമ്പത്ത് സ്വരൂപിക്കാൻ പഞ്ചായത്ത് തയ്യാറാകണം. അങ്ങനെ കിട്ടുന്ന പണം കൊണ്ട് നിലമേൽ P H സെന്ററിൽ ഒരു പേ വാർഡ് നിർമ്മിക്കാവുന്നതാണ്. നിലമേൽ ജംഗ്ഷനിൽ ഒരു കംഫർട്ട്സ്റ്റേഷൻ, ടാക്സി സ്റ്റാന്റ് തുടങ്ങിയവ നിർമ്മിച്ചും പഞ്ചായത്തിന് വരുമാനമുണ്ടാക്കാം. റിയൽ എസ്റ്റേറ്റ്, വിപുലമായ നിലയിലുള്ള ട്രാവൽ സ്ഥാപനങ്ങൾ - ഇവയെ നിയമത്തിന്റെ പരിധിയിൽ പെടുത്തി വരുമാനം കണ്ടെത്താം.

**ബാങ്കുകൾ**

ഗൾഫിൽ പണിയെടുക്കുന്നവരുടെ ബഹുഭൂരിപക്ഷം അക്കൗണ്ടും നിലമേൽ SBT യിലാണ്. എന്നാൽ അതിന്റെ ചെറിയ ശതമാനം മാത്രമാണ് ഈ പഞ്ചായത്തിലെ ജനങ്ങൾക്ക് വായ്പയായി ലഭിക്കുന്നത്.

**ടേബിൾ**

കൃഷി, കച്ചവടം, വ്യവസായ യൂണിറ്റ് മോട്ടോർ വാഹനങ്ങൾ തുടങ്ങിയവയ്ക്കാണ് പഞ്ചായത്തിലെ ഏകവാണിജ്യ ബാങ്കായ SBT വായ്പ നൽകുന്നത്. താഴ്ന്ന വരുമാനക്കാർക്കും, ദുർബലവിഭാഗങ്ങൾക്കും വേണ്ടി വായ്പാ പദ്ധതികൾ ജനകീയ വല്ക്കരിക്കാൻ സമ്മർദ്ദം ചെല്ലുത്തണം.

**സർവ്വീസ് സഹകരണ ബാങ്ക്**

അയ്യായിരത്തിലധികം അംഗങ്ങളും ഒരു കോടിയിലധികം മൂലധനവുമുള്ള സഹകരണബാങ്ക് കാർഷിക വായ്പകളും സാമൂഹ്യക്ഷേമവായ്പകളും നൽകിവ

## ഗൾഫ് മേഖലയിൽ പണിയെടുക്കുന്നവർ

**വാർഡു തിരിച്ചുള്ള കണക്ക്**

| വാർഡുകൾ | 1 | 2 | 3 | 4 | 5 | 6 | 7 | 8 | Total |
|---|---|---|---|---|---|---|---|---|---|
| എണ്ണം | 385 | 380 | 440 | 406 | 411 | 376 | 456 | 388 | 3242 |

**തൊഴിലവസ്ഥ**

| താഴ്ന്ന വരുമാനം ഉള്ളവർ | ഇടത്തരം വരുമാനം ഉള്ളവർ | ഉയർന്ന വരുമാനം ഉള്ളവർ |
|---|---|---|
| 1026 | 1905 | 311 |

| | 94-95 | | 95-96 | | 96-97 | |
|---|---|---|---|---|---|---|
| | Budget | Achievement | Budget | Achievement | Budget | Achievement |
| Agri | 310400 | 3374000 | 4374000 | 4172000 | 4972000 | 472000 |
| SSi | 629000 | 3832000 | 3882000 | 269000 | 1270000 | 1102000 |
| SBF | 2017000 | 2338000 | 2388000 | 2539000 | 2630000 | 37700000 |
| RTO | 2461000 | 2355000 | 2955000 | 2766000 | 3031000 | 2746000 |
| Total | 8211000 | 11899000 | 13599000 | 10746000 | 11903000 | 8090000 |

രുന്നു: വായ്പാനിയമം ലഘൂകരിക്കുക, വായ്പകളുടെ ലക്ഷ്യം വിട്ടുള്ള വിനിയോഗം നിരുത്സാഹപ്പെടുത്തുക, ഏതെങ്കിലും ചെറുകിടയൂണിറ്റുകൾ തുടങ്ങാൻ കഴിയുമോ എന്ന് പരിശോധിക്കുക- തുടങ്ങിയവ പ്രവർത്തന പരിപാടിയിൽ ഉൾപ്പെടുത്തണം. ഗൾഫ് നിക്ഷേപകരെ ആകർഷിക്കത്തക്ക രീതിയിലുള്ള പദ്ധതികൾ തയ്യാറാക്കണം. ഗ്രാമ പഞ്ചായത്ത് ചെയ്യുന്ന ജനക്ഷേമ പ്രവർത്തനങ്ങളിലും വികസന പരിപാടികളിലും എങ്ങനെ പങ്കാളിയാകാമെന്ന് ബാങ്ക് പരിശോധിക്കണം.

ഒരു പട്ടികജാതി വികസനസഹകരണസംഘവും രണ്ട് ക്ഷീരസഹകരണസംഘവും ഈ പഞ്ചായത്തിലുണ്ട്. ഒരു ലക്ഷത്തിനു താഴെ മൂലധനമുള്ള പട്ടികജാതി സഹകരണസംഘം കാര്യക്ഷമമായി പ്രവർത്തിച്ചാൽ ആ വിഭാഗത്തിലുള്ളവർക്ക് സഹായകമാകും.

### സ്വകാര്യ സാമ്പത്തിക സ്ഥാപനങ്ങൾ

പണം സ്വർണ്ണപ്പണയത്തിൻമേൽ പലിശയ്ക്ക് നൽകുന്ന രണ്ട് സ്വകാര്യ സ്ഥാപനങ്ങൾ ഇവിടെ പ്രവർത്തിക്കുന്നു. മുപ്പത്തിയാറ് ശതമാനം മുതൽ അറുപത് ശതമാനം വരെ പലിശ ഈടാക്കുന്ന ഇത്തരം സ്ഥാപനങ്ങളുടെ വലയിൽ കുടുങ്ങുന്നത് സാധാരണക്കാരും ഇടത്തരക്കാരുമാണ്. വാർഷികവരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഇവർക്ക് ഡ്യൂട്ടി ചുമത്താവുന്നതാണ്.

### സന്നദ്ധസംഘടനകൾ

പഞ്ചായത്തിന്റെ വികസനത്തിൽ സന്നദ്ധസംഘനകൾ നിർണ്ണായക പങ്ക് വഹിക്കുന്നു. പഞ്ചായത്ത് റോഡുകളുടെ മെയിന്റനൻസ് പ്രവർത്തനം, പഞ്ചായത്ത് കോളനികളുടെ ശുചീകരണം, ഓടകൾ ഉപയോഗപ്രദമാക്കൽ, ദുരിതാശ്വാസപ്രവർത്തനം, പൊതുസ്ഥാപനങ്ങളിലെ പരിസരമലിനീകരണനിർമ്മാർജ്ജന പ്രവർത്തനം - തുടങ്ങിയവയ്ക്ക് സന്നദ്ധ സംഘനകളുടെ സേവനം വിനിയോഗിക്കാം.

സ്കൂളുകൾക്കു വേണ്ടി പഞ്ചായത്ത് ഏറ്റെടുത്തു ചെയ്യേണ്ട പല പ്രവർത്തനങ്ങളും PTA വഴിനടപ്പിലാക്കാൻ കഴിയുന്നതാണ്. സന്ദർഭോചിതമായ രംഗങ്ങളിൽ സ്കൂൾ വികസനം നടത്തിയിട്ടുള്ള ജാഅ നമ്മുടെ പഞ്ചായത്തിലുണ്ട്. 1996-97-ൽ നിലമേൽ ഗവ: യു. പി. സ്കൂളിൽ ജാഅ ഒരു ലക്ഷത്തോളം രൂപയുടെ വികസന പ്രവർത്തനം നടത്തിയത് മാതൃകയായി ചൂണ്ടിക്കാണിക്കാം.

### മറ്റ് സാമൂഹ്യക്ഷേമ പ്രവർത്തനം

ഹഡ്കോ, നബാർഡ്, ഐ.എം. എഫ്, ഇ. ഇ. സി, ജി. ഇ. സി, യൂണിസഫ്, ഡാനിഷ് ഗവൺമെന്റ് തുടങ്ങിയ ആഭ്യന്തര ലോക സാമ്പത്തിക സമൂഹത്തിൽ നിന്നും വായ്പകളും സഹായങ്ങളും നടപ്പിലാക്കി പഞ്ചായത്തിന്റെ സാമൂഹ്യക്ഷേമപ്രവർത്തനത്തിന് വിനിയോഗിക്കാം. ശുദ്ധജലവിതരണം ഹൗസിംഗ് കോളനി, ഏലാവികസനം, മൈനർ ഇറിഗേഷൻ, വിശ്രമകേന്ദ്രം, ബസ്സ്റ്റാൻഡ് തുടങ്ങിയ ഒട്ടേറെ രംഗത്ത് ഇവയുടെ പ്രയോജനം ലഭിക്കും.

കൂടുതൽ അന്വേഷണത്തിലൂടെയും ചർച്ചയിലൂടെയും വിഭവസമാഹരണത്തിന്റെ പുതിയ മേഖലകൾ ഇനിയും കണ്ടെത്താൻ കഴിയും. വിദഗ്ദ്ധരുടെ സഹകരണത്തോടെ അതിന് ശ്രമിക്കേണ്ടതാണ്.

## ചെലവ്

### വിഭവസമാഹരണത്തിന് ചില നിർദ്ദേശങ്ങൾ

നികുതി വെട്ടിപ്പ് തടയാൻ ഫലപ്രദമായ മാർഗ്ഗം സ്വീകരിക്കണം. വിവിധ ഇനങ്ങളിൽ ലഭിക്കേണ്ട പദ്ധതി വിഹിതങ്ങൾ ചുവപ്പുനാടയിൽ കുടുങ്ങാതിരിക്കാൻ ശ്രദ്ധിക്കണം. പൊതുമരാമത്തുപണികൾ സന്നദ്ധസംഘടനകളുടെ പൂർണ്ണസഹകരണത്തോടെ നടപ്പിലാക്കണം. വിദ്യാലയങ്ങളുടെ ഭൗതീക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുവാൻ സ്കൂൾ ജാഅയുടെ സേവനം വിനിയോഗിക്കണം. ശുദ്ധജലവിതരണം പൊതുജനാരോഗ്യം പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമപ്രവർത്തനം - ഇവയുടെ പ്രവർത്തനങ്ങളിൽ റോട്ടറി ക്ലബ്ബ് തുടങ്ങിയ ഏജൻസികളെ ഭാഗവക്കാക്കണം. ഊർജ്ജം അമിതമായി ഉപയോഗിക്കുന്നത് തടയണം. തെരുവ് വിളക്ക് രാത്രയിലും പകലും കത്തിക്കിടക്കുന്ന പ്രദേശങ്ങൾ ഉണ്ട്.

പഞ്ചായത്തിന് 42,00,290 രൂപ കടമുണ്ട്. ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണ വായ്പയിൽ അടച്ചുതീർക്കാനുള്ള ബാക്കി തുകയാണിത്. 1984-ൽ RDB-ൽ നിന്ന് 9,95,461 രൂപ വായ്പയെടുത്താണ് നിർമ്മാണം പൂർത്തിയാക്കിയത്. ഇന്നവരെ 7,56,415 രൂപ അടച്ചുതീർത്തിട്ടുണ്ട്. വാടക ഇനത്തിൽ ഒരു ലക്ഷം രൂപയോളം [illegible].

**നിലമേൽ ഗ്രാമപഞ്ചായത്ത്**

**1990-91 സാമ്പത്തികവർഷം മുതൽ 1995-96 വരെയുള്ള വരുമാനത്തിന്റെ വ്യതിയാനം സംബന്ധിച്ച പട്ടിക**

| ക്രമ നമ്പർ | ഇനം | 1990-91 | 1991-92 | 1992-93 | 1993-94 | 1994-95 | 1995-96 |
|---|---|---|---|---|---|---|---|
| 1 | കെട്ടിട നികുതി | 57545 | 73927 | 80136 | 145519 | 149711 | [illegible] |
| 2 | വിനോദ നികുതി | 13250 | 17322 | 12845 | [illegible] | 20925 | [illegible] |
| 3 | തൊഴിൽ നികുതി | 48013 | 61786 | 81871 | [illegible] | 166075 | [illegible] |
| 4 | അധികവിനോദ നികുതി | 8000 | 7440 | 7750 | [illegible] | 12371 | [illegible] |
| 5 | പ്രദർശനനികുതി | 901 | 890 | 861 | [illegible] | 1792 | [illegible] |
| 6 | സർചാർജ് | 223 | 223 | 215 | 371 | [illegible] | 422.[illegible] |
| 7 | വസ്തുകൈമാറ്റനികുതി 75% | 149079 | 101153 | 276174 | [illegible] | [illegible] | [illegible] |
| 8 | അടിസ്ഥാന നികുതി | 20097 | 20153 | [illegible] | [illegible] | | |
| 9 | അൺടൈഡ് ഫണ്ട് | 170000 | 144900 | [illegible] | [illegible] | [illegible] | [illegible] |
| 10 | ലൈസൻസ് ഫീസ് | 1337 | 1823 | [illegible] | [illegible] | [illegible] | [illegible] |
| 11 | ഡിപ്പോസിറ്റ് | 4068 | 1593 | [illegible] | 3025 | [illegible] | [illegible] |
| 12 | ജെ. ആർ. വൈ | 148528 | 289178 | [illegible] | [illegible] | [illegible] | [illegible] |
| 13 | ലെല വരുമാനം | 95312 | 75115 | [illegible] | [illegible] | | [illegible] |
| 14 | വി. ആർ. എം | 19406 | 20821 | [illegible] | [illegible] | | |
| 15 | എം. ഐ | 750 | 750 | [illegible] | [illegible] | [illegible] | [illegible] |
| 16 | വി. റ്റി. സി. | 20097 | 15075 | [illegible] | | [illegible] | [illegible] |
| | ആകെ | 756608 | 832[illegible] | [illegible] | [illegible] | [illegible] | [illegible] |

**നിലമേൽ ഗ്രാമ[illegible]**

**പഞ്ചായത്ത് രാജ് നിയമ പ്രകാരം മറ്റുവകുപ്പുകളിൽ [illegible]**

| ക്രമനമ്പർ | വകുപ്പ് | പദ്ധതി വി[illegible] | [illegible] | [illegible] |
|---|---|---|---|---|
| 1 | മൃഗസംരക്ഷണം | 10400 | | [illegible] |
| 2 | ക്ഷീര വികസനം | [illegible] | | [illegible] |
| 3 | ഗ്രമ വികസനം | [illegible] | | [illegible] |
| 4 | കൃഷി | [illegible] | | [illegible] |
| 5 | പി. ഡബ്ലിയു. ഡി | [illegible] | | [illegible] |
| 6 | ഹരിജന ക്ഷേമം | [illegible] | | 7600 |
| 8 | വിദ്യാഭ്യാസ വകുപ്പ് | | | [illegible] |
| 9 | സാമൂഹ്യ ക്ഷേമം | [illegible] | | [illegible] |
| | ആകെ | [illegible] | | [illegible] |

## നിലമേൽ ഗ്രാമപഞ്ചായത്ത്

### ചെലവ് - വ്യതിയാനം സംബന്ധിച്ച സ്റ്റേറ്റ്മെന്റ്

| ക്രമ നമ്പർ | ഇനം | 1991-92 | 1992-93 | 1993-94 | 1994-95 | 1995-96 |
|---|---|---|---|---|---|---|
| 1 | എസ്റ്റാബ്ലിഷ്മെന്റ് | 174927 | 254666 | 299859 | 422983 | 493247 |
| 2 | വികസന പ്രവർത്തനങ്ങൾ | 366628 | 666426 | 749551 | 797200 | 510647 |
| | ആകെ | 541555 | 921092 | 1049410 | 1220183 | 1003894 |

# ഉപസംഹാരം

ഒൻപതാം പഞ്ചവത്സര പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ആസൂത്രണം താഴെത്തട്ടിൽ നിന്നു വേണമെന്ന കേരളസർക്കാരിന്റെ തീരുമാനം സഹർഷമാണ് ജനങ്ങൾ ഉൾക്കൊണ്ടത്. അതിനുവേണ്ടി കൂടിയ വിശേഷാൽ ഗ്രാമസഭകളിലെ ജനപങ്കാളിത്തവും അവിടെ ഉരുത്തിരിഞ്ഞു വന്ന നിർദ്ദേശങ്ങളുടെ സ്വഭാവവും അതുവ്യക്തമാക്കുന്നു. അധികാര വികേന്ദ്രീകരണം താഴെത്തട്ടിലുള്ള ജനങ്ങൾക്കുകൂടി ആശ്വാസപ്രദമായിരിക്കുമെന്നാണ് ഈ വികസനരേഖ തയ്യാറാക്കുന്നതിലുള്ള ജനപങ്കാളിത്തത്തിന്റെ ആവേശവും ആത്മാർത്ഥതയും അർപ്പണബോധത്തോടെയുള്ള പ്രവർത്തനവും കാണിക്കുന്നത്. ഒന്നാംഘട്ടപരിശീലനവും, അതുപോലെ രണ്ടാംഘട്ടപരിശീലനവും തുടർന്നുള്ള നിർദ്ദേശങ്ങളുടെ ക്രോഡീകരണവും വികസനരേഖതയ്യാറാക്കലും തുടർന്നുള്ള പ്രവർത്തനങ്ങളും വിജയകരമാക്കിത്തീർത്തിട്ടുണ്ട്. ഇനിയുള്ള പ്രവർത്തനങ്ങളും ഈ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ഒരു ചരിത്രസംഭവമായിരിക്കുമെന്നാണു പ്രതീക്ഷ. ജനകീയാസൂത്രണ പ്രവർത്തനങ്ങളുടെ ഭാഗമായി, ഈ പഞ്ചായത്തു ഭരണസമിതിയെ ആത്മാർത്ഥമായി സഹായിച്ച എല്ലാവർക്കും ഹൃദയംഗമമായ നന്ദിരേഖപ്പെടുത്തിക്കൊണ്ട് ഈ രേഖ നിങ്ങളുടെ ചർച്ചയ്ക്കും വിലപ്പെട്ട നിർദ്ദേശങ്ങൾക്കും അംഗീകാരത്തിനുമായി സമർപ്പിക്കുന്നു.

അനുബന്ധം

# നിലമേൽ ഗ്രാമപഞ്ചായത്ത് വികസനസെമിനാർ

## 04-01-1997 - നിലമേൽ ഗവ: യു.പി.എസ്സിൽ.

## അവലോകനം

### പരിപാടികൾ

| | |
|---|---|
| 9.30 to 10.30 a.m. | രജിസ്ട്രേഷൻ |
| അദ്ധ്യക്ഷ | എം. ആബിദാബീവി (പ്രസിഡന്റ്, ഗ്രാമപഞ്ചായത്ത്.) |
| 10.30. a.m. സ്വാഗതം | ബി. ഗോപിനാഥൻ ആശാൻ (സ്വാഗതസംഘം കൺവീനർ) |
| ഉദ്ഘാടനം | ശ്രീമതി. ആർ. ലതാദേവി M.L.A |
| ആശംസകൾ | |
| 1) | ശ്രീമതി. ലതികാവിദ്യാധരൻ (ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്) |
| 2) | ശ്രീമതി. രമാദേവി (ബ്ലോക്ക് പഞ്ചായത്ത് മെമ്പർ) |
| 3) | ശ്രീ. എം.ഇ. ശശിധരൻ (മാനേജർ, S.B.T., നിലമേൽ) |
| 4) | ശ്രീ. ആർ. മധുസൂദനൻ നായർ (മുൻ പഞ്ചായത്ത് പ്രസിഡന്റ്) |
| വിശദീകരണം | ശ്രീ.സി.എൻ. ദേവദാസ് (സംസ്ഥാന റിസോഴ്സ് പേഴ്സൺ) |
| വികസനരേഖ - പ്രകാശനവും അവതരണവും | എൻ. സുരേന്ദ്രൻനായർ (വൈസ് പ്രസിഡന്റ്, ഗ്രാമപഞ്ചായത്ത്) |
| ഗ്രൂപ്പ് ചർച്ച | |
| റിപ്പോർട്ടവതരണം (ഗ്രൂപ്പ് 1 to 12) | |
| കർമ്മസമിതി രൂപീകരണം | |
| ഉപസംഹാരം | അദ്ധ്യക്ഷ |
| നന്ദി പ്രകാശനം | ശ്രീമതി. ലക്സിജയപ്രകാശ് (സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ) |

നിലമേൽ ഗ്രാമപഞ്ചായത്ത്തല സെമിനാർ ചില സാങ്കേതിക കാരണങ്ങളാൽ പ്ലാനിംഗ് ബോർഡിന്റെ പരിപാടി പ്രകാരം 31-12-96 ന് മുമ്പ് നടത്താൻ കഴിഞ്ഞില്ല. 04-01-1997 ലാണ് സെമിനാർ നടന്നത്. ചടയമംഗലം എം.എൽ.എ. ശ്രീമതി. ആർ. ലതാദേവി സെമിനാർ ഉദ്ഘാടനം ചെയ്തു. ശ്രീമതി ലതികാ വിദ്യാധരൻ, ശ്രീമതി രമാദേവി, ശ്രീ. എം.ഇ. ശശിധരൻ, ശ്രീ. ആർ. മധുസൂദനൻ നായർ എന്നിവർ സെമിനാറിന് ആശംസകളർപ്പിച്ചു സംസാരിച്ചു. സംസ്ഥാന റിസോഴ്സ് പേഴ്സൺ ശ്രീ. വളവുപച്ച ശശികുമാർ, ജില്ലാപഞ്ചായത്തംഗം ശ്രീമതി എൽ.ബി. വിമലാദേവി എന്നിവർ സന്നിഹിതരായിരുന്നു. വിശദവും വിജ്ഞാനപ്രദവുമായ രീതിയിൽ സംസ്ഥാന റിസോഴ്സ് പേഴ്സൺ ശ്രീ. സി.എൻ. ദേവദാസ് വിഷയാവതരണം നടത്തി. വികസനരേഖ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീ. എൻ. സുരേന്ദ്രൻനായർ അവതരിപ്പിച്ചതിനെ തുടർന്ന് ഗ്രൂപ്പ് ചർച്ചകൾക്കായി യോഗം പിരിഞ്ഞു.

ഉച്ചഭക്ഷണത്തിന് ശേഷം 12 വിഷയഗ്രൂപ്പുകളിലായി പ്രത്യേകം തയ്യാറാക്കിയിരുന്ന 12 മുറികളിൽ ഗ്രൂപ്പ് ചർച്ചകൾ നടന്നു. ഓരോ ഗ്രൂപ്പിലും മെച്ചപ്പെട്ട പങ്കാളിത്തമുണ്ടായിരുന്നു. മൂന്ന് മണിക്ക് വീണ്ടും യോഗം ചേർന്നു. ഓരോ ഗ്രൂപ്പിന്റെയും സജീവ ചർച്ചയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ ഗ്രൂപ്പ് കൺവീനർമാർ എഴുതി തയ്യാറാക്കി സെമിനാറിൽ അവതരിപ്പിച്ചു.

## ഗ്രൂപ്പ് റിപ്പോർട്ടവതരിപ്പിച്ചവർ

1. കൃഷി-ജലസേചനം :

   ശ്രീ. എൻ. സദാശിവൻപിള്ള

2. മൃഗസംരക്ഷണം, മത്സ്യബന്ധനം :

   ശ്രീ. പ്രഭാകരൻ

3. വിദ്യാഭ്യാസം :

   ശ്രീ. ആനപ്പുഴയ്ക്കൽ രാഘവൻ

4. കുടിവെള്ളം, പൊതുജനാരോഗ്യം :

   ശ്രീ. ബി. ഗോപിനാഥൻ ആശാൻ

5. വ്യവസായം :

   എം.ജി. ബാലകൃഷ്ണൻ നായർ

6. പാർപ്പിടം, സാമൂഹ്യക്ഷേമം :

   എ.എ. സലീം

7. സംസ്കാരം :

   കെ. ജയപ്രകാശ്

8. വനിത :

   ശ്രീമതി എസ്.എൻ. ഐഷാബീഗം

9. സഹകരണം ;

   ശ്രീ. എ.എം. അനിൽ

10 പട്ടികജാതി-വർഗ്ഗ-ക്ഷേമം :

   പി.കെ.രമണൻ

11. വിഭവസമാഹരണം :

   സി.തുളസീധരൻ നായർ

12. ഗതാഗതം, ഊർജ്ജം, മാർക്കറ്റ് :

   എം.കെ. അബ്ദൽ ലത്തീഫ്.

ഗ്രൂപ്പ് റിപ്പോർട്ടവതരണത്തിന് ശേഷം കർമ്മസമിതികളിൽ അംഗങ്ങളായവരുടെ ലിസ്റ്റ് അദ്ധ്യക്ഷയുടെ അനുമതിയോടെ പഞ്ചായത്ത് വൈസ് പ്രസിഡന്റ് പ്രഖ്യാപിച്ചു. അതോടെ കർമ്മസമിതികൾ നിലവിൽ വന്നു. തുടർന്ന് കർമ്മസമിതികൾ പ്രത്യേകമായി യോഗം ചേർന്ന് ഭാരവാഹികളെ തെരഞ്ഞെടുത്തു. കർമ്മസമിതികൾ വീണ്ടും ചേരുന്ന തീയതികൾ തീരുമാനിച്ച് സെമിനാർ 6.30 p.m. ന് അവസാനിച്ചു.

പട്ടിക -1

## ഗ്രൂപ്പുചർച്ചകൾ - പങ്കെടുത്തവർ

| ഗ്രൂപ്പ്നമ്പർ | വിഷയം | ആകെ | പുരുഷൻ | സ്ത്രീ | വയസ്സ് | | | | വിദ്യാഭ്യാസം | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | 30 വരെ | 31-40 | 41-50 | 50നു മേൽ | S.S.L.C. യ്ക്കുതാഴെ | S.S.L.C. | P.D.C. | D.C. | P.G. | Tech. |
| 1. | കൃഷി-ജലസേചനം | 32 | 30 | 2 | 3 | 0 | 8 | 21 | 12 | 15 | 2 | 2 | 1 | – |
| 2. | മൃഗസംരക്ഷണം -മത്സ്യബന്ധനം | 16 | 14 | 2 | 3 | 3 | 8 | 2 | 2 | 8 | 3 | 2 | – | 1 |
| 3. | വിദ്യാഭ്യാസം | 13 | 11 | 2 | 8 | 0 | 2 | 3 | – | 1 | 5 | 4 | 2 | 1 |
| 4. | കുടിവെള്ളം-ആരോഗ്യം | 12 | 12 | 0 | 2 | 5 | 2 | 3 | – | 7 | 1 | 1 | 3 | – |
| 5. | വ്യവസായം | 21 | 21 | – | 9 | 6 | 3 | 3 | 4 | 7 | 2 | 5 | 3 | – |
| 6. | ഗതാഗതം, ഊർജ്ജം, മാർക്കറ്റ് | 20 | 20 | – | 2 | 5 | 4 | 9 | 2 | 9 | 5 | 2 | 1 | 1 |
| 7. | പാർപ്പിടം-സാമൂഹ്യക്ഷേമം | 16 | 13 | 3 | 6 | 5 | 1 | 4 | 2 | 10 | 1 | 3 | – | – |
| 8. | സംസ്കാരം | 17 | 17 | – | 12 | 3 | 1 | 1 | – | 5 | 5 | 5 | 2 | – |
| 9. | വനിത | 18 | – | 18 | 2 | 9 | 5 | 2 | 1 | 9 | 1 | 4 | 3 | – |
| 10. | സഹകരണം | 19 | 19 | – | 2 | 5 | 11 | 1 | 2 | 2 | 2 | 12 | 1 | – |
| 11. | പട്ടികജാതി-വർഗ്ഗക്ഷേമം | 11 | 10 | 1 | 2 | 3 | 4 | 2 | 6 | 3 | 1 | 1 | – | – |
| 12. | വിഭവസമാഹരണം | 18 | 6 | 12 | 10 | 3 | 3 | 2 | 1 | 3 | 10 | 3 | 1 | – |
| | ആകെ | 213 | 173 | 40 | 61 | 47 | 52 | 53 | 32 | 79 | 38 | 44 | 17 | 3 |

പട്ടിക -2

## പങ്കെടുത്തവർ – തൊഴിൽതിരിച്ച്

| ഗ്രൂപ്പ്നമ്പർ | വിഷയം | കൃഷി | അദ്ധ്യാപനം | പെൻഷനർ | തൊഴിൽ രഹിതർ | പൊതുപ്രവർത്തകർ | കൂലി | ഗൃഹവൃത്തി | വിദ്യാർത്ഥി | സർക്കാർ സേവനം | മറ്റു തൊഴിൽ | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|
| 1. | കൃഷി-ജലസേചനം | 29 | 1 | – | – | – | – | – | – | 2 | – | 32 |
| 2. | മൃഗസംരക്ഷണം -മത്സ്യബന്ധനം | 3 | – | 2 | 1 | 2 | 5 | 2 | – | 1 | – | 16 |
| 3. | വിദ്യാഭ്യാസം | – | 6 | – | 1 | 1 | – | – | 5 | – | – | 13 |
| 4. | കുടിവെള്ളം-ആരോഗ്യം | 1 | 1 | 2 | 3 | – | – | – | 1 | 1 | 4 | 12 |
| 5. | വ്യവസായം | 3 | – | – | 4 | 2 | – | – | – | – | 11 | 21 |
| 6. | ഗതാഗതം, ഊർജ്ജം, മാർക്കറ്റ് | 4 | 3 | 5 | 3 | – | 1 | – | – | 1 | 4 | 20 |
| 7. | പാർപ്പിടം-സാമൂഹ്യക്ഷേമം | – | – | 1 | 3 | 3 | 3 | 1 | 1 | – | 3 | 16 |
| 8. | സംസ്കാരം | – | 1 | – | 7 | – | – | – | 3 | – | 6 | 17 |
| 9. | വനിത | – | 3 | – | – | 1 | 1 | 10 | – | – | 3 | 18 |
| 10. | സഹകരണം | 5 | 5 | – | – | 7 | – | – | 1 | – | 1 | 19 |
| 11. | പട്ടികജാതി-വർഗ്ഗക്ഷേമം | 2 | – | 1 | 1 | – | 5 | – | – | – | 2 | 11 |
| 12. | വിഭവസമാഹരണം | – | 2 | – | 7 | 3 | 1 | 1 | – | – | 4 | 18 |
| | ആകെ | 47 | 22 | 11 | 30 | 19 | 16 | 14 | 11 | 5 | 38 | 213 |

## പട്ടിക -3 വികസനസെമിനാർ – വാർഡുതല പ്രാതിനിധ്യം

| വാർഡ് | കൃഷി ജലസേചനം | മൃഗ സംരക്ഷണം | വിദ്യാഭ്യാസം | കുടിവെള്ളം ആരോഗ്യം | വ്യവസായം | ഗതാഗതം ഊർജ്ജം | പാർപ്പിടം സാമൂഹ്യക്ഷേമം | സംസ്കാരം | വനിത | സഹകരണം | പട്ടികജാതി-വർഗ്ഗക്ഷേമം | വിഭവ സമാഹരണം | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|---|
| I | 7 | 1 | 2 | 1 | 1 | 4 | - | - | 2 | 4 | - | 2 | 24 |
| II | 1 | 1 | 1 | - | - | 2 | 1 | - | 1 | 2 | - | 2 | 11 |
| III | 2 | 1 | - | 1 | 3 | 2 | - | - | 1 | 2 | - | 3 | 15 |
| IV | 1 | 2 | 2 | 1 | 2 | 1 | 2 | 4 | 4 | 3 | - | 2 | 24 |
| V | 9 | 4 | - | 5 | 3 | 2 | 1 | 3 | 4 | 2 | 1 | 2 | 36 |
| VI | 5 | 1 | 5 | 1 | 1 | 4 | 6 | 3 | 3 | 2 | 5 | 2 | 38 |
| VII | 5 | 3 | 2 | 2 | 4 | 2 | 2 | 3 | - | 2 | 3 | 2 | 30 |
| VIII | 2 | 3 | 1 | 1 | 7 | 3 | 4 | 4 | 3 | 2 | 2 | 3 | 35 |
| ആകെ | 32 | 16 | 13 | 12 | 21 | 20 | 16 | 17 | 18 | 19 | 11 | 18 | 213 |

സെമിനാർ ഉദ്ഘാടനം




ഉദ്ഘാടനം ശ്രീമതി **ആർ. ലതാദേവി** MLA നിർവ്വഹിക്കുന്നു.



വിളംബര ജാഥ




വികസനരേഖയുടെ പ്രകാശനം



നിലമേൽ ഗ്രാമപഞ്ചായത്ത് 04-01-1997 നു ചേർന്ന ജനകീയാസൂത്രണ സെമിനാർ അംഗീകരിച്ച കർമ്മസമിതികൾ

## 1. കൃഷി-ജലസേചനം

| | | | |
|---|---|---|---|
| 1. | ശ്രീ. എൻ. സുരേന്ദ്രൻ നായർ | - | ചെയർമാൻ |
| 2. | ശ്രീ. കോണത്ത് അബ്ദുൽ സലാം | - | വൈസ് ചെയർമാൻ (D.R.P.) |
| 3. | ശ്രീ. എം. അബ്ദുൽ സലാം | - | കൺവീനർ (കൃഷി ഓഫീസർ) |
| 4. | ശ്രീ. എൻ. സദാശിവൻപിള്ള | - | ജോ. കൺവീനർ (റിട്ട. ടീച്ചർ) |
| 5. | ശ്രീ. മുഹമ്മദ് സാലി | - | |
| 6. | ശ്രീ. ഗോപാലകൃഷ്ണക്കുറുപ്പ് | - | |
| 7. | ശ്രീ. സഹദേവൻപിള്ള | - | (കൃഷി ഡിപ്പാർട്ട്മെന്റ്) |
| 8. | ശ്രീമതി ഷീജ | - | |
| 9. | ശ്രീ. ഗണേശൻ | - | (ഡി.ആർ.പി.) |
| 10. | ശ്രീ. റഹീം | - | (വി.ഒ) |
| 11. | ശ്രീ. ഷാനവാസ്ഖാൻ | - | |
| 12. | ശ്രീ. പി. ഇസ്മയിൽ പിള്ള | - | (റിട്ട. ടീച്ചർ) |
| 13. | ശ്രീ. കുഞ്ഞുമാസ്റ്റർ | - | (റിട്ട. ടീച്ചർ) |

## 2. മൃഗസംരക്ഷണം-മത്സ്യബന്ധനം

| | | | |
|---|---|---|---|
| 1. | ശ്രീമതി ആർ. സജീന | - | ചെയർപേഴ്സൺ |
| 2. | ശ്രീ. എ. മുഹമ്മദ്കുഞ്ഞ് | - | കൺവീനർ |
| 3. | ശ്രീ. ബി. ഭാസ്കരൻപിള്ള *(വെറ്ററിനറി സർജൻ)* | - | വൈസ് ചെയർമാൻ |
| 4. | ശ്രീ. അബ്ദുൽഖരീം (റിട്ട. വെറ്ററിനറി സർജൻ) | - | ജോ. കൺവീനർ |
| 5. | ശ്രീ. പ്രഭാകരൻ | | |
| 6. | ശ്രീ. ഇ.എം. കബീർ | | |
| 7. | ശ്രീ. എ.കെ. നൗഷാദ് | | |
| 8. | ശ്രീ. എം. അജീബ് | | |
| 9. | ശ്രീ. എ. സുരേന്ദ്രൻ | | |

## 3. വിദ്യാഭ്യാസം

| | | | |
|---|---|---|---|
| 1. | ശ്രീ. കൊടിവിള ഷംസുദ്ദീൻ | - | ചെയർമാൻ, |
| 2. | ശ്രീ. ആനപ്പുഴയ്ക്കൽ രാഘവൻ | - | കൺവീനർ (Rtd. H.M. Govt. H.S.) |
| 3. | ശ്രീ. പി. രാമചന്ദ്രൻ | - | വൈസ് ചെയർമാൻ (H.M. Govt. U.P.S) |
| 4. | ശ്രീ. കെ. ഗോപാലകൃഷ്ണക്കുറുപ്പ് | - | ജോ. കൺവീനർ (Principal V.H.S.S.) |
| 5. | ശ്രീ. എഫ്. ശിഖാമണി ( Rtd. H.M.) | | |
| 6. | ശ്രീ. ഈസുകുഞ്ഞ് (ടീച്ചർ) | | |
| 7. | ശ്രീ. നിജാം | | |
| 8. | ശ്രീ. ലാജി | | |
| 9. | ശ്രീമതി നബീസാബീവി (ടീച്ചർ) | | |
| 10. | ശ്രീ. ഇ. ബാലൻ | | |

## 4. കുടിവെള്ളം-പൊതുജനാരോഗ്യം

| | | | |
|---|---|---|---|
| 1. | ശ്രീമതി എം. ആബിദാബീവി | - | ചെയർപേഴ്സൺ |
| 2. | ശ്രീ. ബി. ഗോപിനാഥൻ ആശാൻ (Rtd. H.M. M.M.H.S.) | - | കൺവീനർ |
| 3. | Dr. കെ. രാധമ്മ (P.H.C.നിലമേൽ) | - | വൈസ് ചെയർപേഴ്സൺ |
| 4. | ശ്രീ. ഡേവിഡ് സോളമൻ (ടീച്ചർ) | - | ജോ. കൺവീനർ |
| 5. | ശ്രീ. എം. ഹാഷിം | | |
| 6. | ശ്രീ. കമാൽ മുഹമ്മദ് | | |
| 7. | ശ്രീ. എസ്. അനിൽകുമാർ | | |
| 8. | ശ്രീ. സുദർശനൻ | | |

## 5. വ്യവസായം

| | | | |
|---|---|---|---|
| 1. | ശ്രീ. മുഹമ്മദ് റാഫി | - | ചെയർമാൻ |
| 2. | ശ്രീ. ആർ. പ്രസന്നകുമാർ ( D.R.P.) | - | വൈസ് ചെയർമാൻ |
| 3. | ശ്രീ. ആർ. മധുസൂദനൻനായർ (മുൻ പഞ്ചായത്ത് പ്രസിഡന്റ്) | - | കൺവീനർ |
| 4. | ശ്രീ. എം.ജി. ബാലകൃഷ്ണൻനായർ (റിട്ട. ടീച്ചർ) | - | ജോ. കൺവീനർ |
| 5. | ശ്രീ. കുറുമ്പല്ലൂർ നാസർ | | |
| 6. | ശ്രീ. എസ്. ഷെരീഫ് | | |
| 7. | ശ്രീ. ചന്ദ്രഹാസൻ | | |
| 8. | ശ്രീ. എ. മൻസൂർ | | |
| 9. | ശ്രീമതി ലത്തീഫാ ടീച്ചർ | | |
| 10. | ശ്രീ. രവി മാങ്കോട് | | |

## 6. ഗതാഗതം-ഊർജ്ജം-മാർക്കറ്റ്

| | | | |
|---|---|---|---|
| 1. | ശ്രീമതി വി. ശ്യാമളകുമാരിയമ്മ | - | ചെയർപേഴ്സൺ |
| 2. | ശ്രീ. എ. അബ്ദൽ മജീദ് (റിട്ട. എഞ്ചിനീയർ പി.ഡബ്ല്യു.ഡി.) | - | വൈസ് ചെയർമാൻ |
| 3. | ശ്രീ. എം.കെ.അബ്ദൽ ലത്തീഫ് (എച്ച്.എം) | - | കൺവീനർ |
| 4. | ശ്രീ. കെ.ശിശുപാലൻ (D.R.P.) | - | ജോ. കൺവീനർ |
| 5. | ശ്രീ. എ.സൈനുദ്ദീൻ | | |
| 6. | ശ്രീ. ഷെബീർ മാറ്റാപ്പള്ളി | | |
| 7. | ശ്രീ. പി.ചന്ദ്രബാബു | | |
| 8. | ശ്രീ. ഗിരിലാൽ(എഞ്ചിനീയർ) | | |
| 9. | ശ്രീ. ജാഫർ (ഓവർസീയർ) | | |
| 10. | ശ്രീ. എസ്. നിജാം | | |
| 11. | ശ്രീ. എ. അബ്ദൽഅസ്സീസ് (റിട്ട. ഹെഡ്മാസ്റ്റർ) | | |
| 12. | ശ്രീ. എ. യൂസഫ്കുഞ്ഞ് (റിട്ട. ഓവർസീയർ K.S.E..B) | | |
| 13. | ശ്രീ. ബൈജു വേയ്ക്കൽ | | |

## 7. പാർപ്പിടം-സാമൂഹ്യക്ഷേമം.

| | | | |
|---|---|---|---|
| 1. | ശ്രീമതി എം. ആബിദാബീവി | - | ചെയർപേഴ്സൺ |
| 2. | ശ്രീ. വി. പ്രഭാകരൻ | - | കൺവീനർ |
| 3. | ശ്രീ. രാജേന്ദ്രൻ (V.E.O) | - | വൈസ് ചെയർമാൻ |
| 4. | ശ്രീ. ബൈജു-മരുതുമൂട് | - | ജോയിന്റ് കൺവീനർ |
| 5. | ശ്രീ. എ.എ. സലീം (മുൻ SCB പ്രസിഡന്റ്) | | |
| 6. | ശ്രീ. എം. സജീബ് (SCB മെമ്പർ) | | |
| 7. | ശ്രീ. എ. സൈനുലാബ്ദീൻ | | |
| 8. | ശ്രീ. എസ്. അശ്വനികുമാർ | | |
| 9. | ശ്രീ. ആർ. രാജൻ (Block Office) | | |
| 10. | ശ്രീമതി വിശാലാക്ഷി | | |
| 11. | ശ്രീമതി വിജയമ്മ എസ്. നായർ (ടീച്ചർ) | | |
| 12. | ശ്രീമതി സമ്മില നാസർ ( ICDS സൂപ്പർവൈസർ) | | |

## 8. സംസ്കാരം

| | | | |
|---|---|---|---|
| 1. | ശ്രീ. മുഹമ്മദുറാഫി | - | ചെയർമാൻ |
| 2. | ശ്രീ. എം.എ. നജീബ് | - | വൈസ് ചെയർമാൻ |
| 3. | ശ്രീ. കെ. ജയപ്രകാശ് | - | കൺവീനർ |
| 4. | ശ്രീ. എസ്. എസ്. സജു | - | ജോ. കൺവീനർ |
| 5. | ശ്രീ. ഭാർഗ്ഗവൻപിള്ള | | |
| 6. | ശ്രീ. എം. റഹിം | | |
| 7. | ശ്രീ. എം. ഷാജിദീൻ | | |
| 8. | ശ്രീ. കെ.സമീർ | | |
| 9. | ശ്രീ. യു. അനീഷ് | | |
| 10. | ശ്രീ. ബി. എസ്. അജിത്കുമാർ | | |
| 11. | ശ്രീമതി ഇന്ദിര | | |
| 12. | ശ്രീ. ശിവകുമാർ | | |

## 9. വനിത

| | | | |
|---|---|---|---|
| 1. | ശ്രീമതി ലക്സി ജയപ്രകാശ് | - | ചെയർപേഴ്സൺ |
| 2. | ശ്രീമതി ജെ. കമലമ്മ (റിട്ട. എച്ച്.എം.) | | വൈസ് ചെയർപേഴ്സൺ |
| 3. | ശ്രീമതി എസ്.എൻ. ഐഷാബീഗം | - | കൺവീനർ |
| 4. | ശ്രീമതി ലൈലാബീവി മാറ്റാപ്പള്ളി | - | ജോ. കൺവീനർ |
| 5. | ശ്രീമതി അമ്പിളി | | |
| 6. | ശ്രീമതി ജി. തങ്കമ്മ | | |
| 7. | ശ്രീമതി ശാരദാചന്ദ്രൻ | | |

## 10. സഹകരണം

| | | | |
|---|---|---|---|
| 1. | ശ്രീ. എൻ. സുരേന്ദ്രൻ നായർ | - | ചെയർമാൻ |
| 2. | ശ്രീ. കെ. സുധാകരൻ | - | വൈസ് ചെയർമാൻ |
| 3. | ശ്രീ. എ.എം. അനിൽ (പ്രസിഡന്റ് SCB) | - | കൺവീനർ |
| 4. | ശ്രീ. എം.ആർ. പ്രവീൺകുമാർ | - | ജോ. കൺവീനർ |
| 5. | ശ്രീ. ഷെരീഫ് | | |
| 6. | ശ്രീ. എസ്. ശശിധരൻ (മെമ്പർ SCB) | | |
| 7. | ശ്രീ. സെൻഗുപ്ത | | |
| 8. | ശ്രീ. വി. ബിനു | | |
| 9. | ശ്രീമതി നസീമാ ബഷീർ | | |

## 11. പട്ടികജാതി-വർഗ്ഗക്ഷേമം

| | | | |
|---|---|---|---|
| 1. | ശ്രീ. ടി.രാജു | - | ചെയർമാൻ |
| 2. | ശ്രീ. ജോസഫ് (റിട്ട. എച്ച്.എം) | - | വൈസ് ചെയർമാൻ |
| 3. | ശ്രീ. പി.കെ. രമണൻ | - | കൺവീനർ |
| 4. | ശ്രീ. എം. നസീർ | - | ജോ. കൺവീനർ |
| 5. | ശ്രീ. എ. മനാസ് | | |
| 6. | ശ്രീ. പി. ശശിധരൻപിള്ള | | |
| 7. | ശ്രീ. എം. സുരേന്ദ്രൻ | | |
| 8. | ശ്രീമതി വിലാസിനി | | |

## 12. വിഭവസമാഹരണം

| | | | |
|---|---|---|---|
| 1. | ശ്രീ. എ. അബ്ദൽസലാം (ബ്ലോക്ക് പഞ്ചായത്ത് മെമ്പർ) | - | ചെയർമാൻ |
| 2. | ശ്രീ. എം. പി. നാസർ (ടീച്ചർ) | - | കൺവീനർ |
| 3. | ശ്രീ. എം.ഇ. ശശിധരൻ (മാനേജർ, എസ്.ബി.ടി. നിലമേൽ) | - | വൈസ് ചെയർമാൻ |
| 4. | ശ്രീ. സി. തുളസീധരൻനായർ | - | ജോ. കൺവീനർ |
| 5. | ശ്രീ. കെ. എൻ. രവീന്ദ്രൻപിള്ള | | |
| 6. | ശ്രീ. അബ്ദൽ മജീദ് (എസ്.സി.ബി.) | | |
| 7. | ശ്രീ. നുറുദ്ദീൻ | | |
| 8. | ശ്രീ. എൻ. സുരേന്ദ്രൻപിള്ള | | |
| 9. | ശ്രീ. വി. ഗോപകുമാർ | | |
| 10 | ശ്രീമതി പി. ശാന്തകുമാരിയമ്മ (മുൻ പഞ്ചായത്ത് മെമ്പർ) | | |
| 11. | ശ്രീ. ശിവദാസൻ | | |

# പഞ്ചായത്തുതല വികസനസെമിനാറിൽ വിഷയഗ്രൂപ്പുചർച്ചകളിൽ ഉയർന്നുവന്ന പുതിയ നിർദ്ദേശങ്ങൾ

## 1. കൃഷി-ജലസേചനം

1. കല്ലൂർ ഏലായിലും വേയ്ക്കൽ പള്ളിവാതുക്കലും ഉപയോഗശൂന്യമായിപ്പോയ ചീപ്പുകൾ പ്രവർത്തനക്ഷമമാക്കുക.
2. ഓലൂർക്കോണത്തും മാറാംകുഴി ഏലായിലും തലക്കുളം നിർമ്മിച്ച് നെൽക്കൃഷി പ്രോത്സാഹിപ്പിക്കുക.
3. ഇടത്തറ ഏലായിൽ ചെറുപുന്നക്കോണത്തുണ്ടായിരുന്ന തലക്കുളം വലുതാക്കി കൃഷിക്കാർക്കു പ്രയോജനകരമാക്കുക.
4. പശ്ചിമഘട്ടവികസനപദ്ധതി പ്രകാരം നിർമ്മിച്ചിട്ടുള്ള റീട്ടെയിനിംഗ് ഭിത്തികളുടെ ചോർച്ച തടയുക.
5. പഞ്ചായത്തുപ്രദേശത്തെ കാർഷികാഭിവൃദ്ധിയെ ബാധിക്കുന്നതരത്തിൽ തോടുകളിൽ നിന്നുള്ള മണൽവാരൽ നിയമംമൂലം നിരോധിക്കുക.
6. ചെറുകുന്നം, വേയ്ക്കൽ, ഇടപ്പള്ളി എന്നിവിടങ്ങളിൽ കൊല്ലാപൊട്ടിക്കിടക്കുന്ന വരമ്പുകൾ അടിയന്തിരമായി ബലപ്പെടുത്തി കൃഷി സംരക്ഷിക്കുക.

## 2. മൃഗസംരക്ഷണം

1. മൃഗാശുപത്രി, ICDP സെന്ററുകൾ എന്നിവയ്ക്ക് സ്വന്തമായി കെട്ടിടങ്ങൾ നിർമ്മിക്കുക.
2. ICDP സെന്ററുകളിൽ ആവശ്യത്തിനു സ്റ്റാഫിനെ നിയമിക്കുക.
3. മുഴുവൻ വളർത്തുമൃഗങ്ങളെയും ഇൻഷുറൻസുപദ്ധതിയിൻകീഴിൽ കൊണ്ടുവരിക.

## 3. വിദ്യാഭ്യാസം

1. വേയ്ക്കൽ L.P.S.-ന് ആവശ്യമായ സ്ഥലം ലഭ്യമാക്കുക. നിലമേൽ ഗവ: യു.പി.എസ്സിന്റെ പ്രവർത്തനം സുഗമമാക്കുന്നതിനു സഹായകമായി അതിനോടനുബന്ധിച്ചുള്ള സ്വകാര്യ വ്യക്തിയുടെ ഭൂമി അക്വയർ ചെയ്യുന്നതിനു നടപടികൾ സ്വീകരിക്കുക.
2. സ്കൂളുകളിൽ കായികമത്സരങ്ങൾ കാര്യക്ഷമമായി സംഘടിപ്പിക്കണം.
3. പി.ടി.എ., മാതൃസംഗമം എന്നിവയുടെ പ്രവർത്തനം എല്ലാ സ്കൂളുകളിലും കാര്യക്ഷമമാക്കുക.
4. എല്ലാ സ്കൂളുകളിലും കുട്ടികളുടെ വേഷത്തിനു ഐകരൂപ്യം ഉണ്ടാകണം.
5. അദ്ധ്യയനവർഷത്തിൽ രണ്ടുപ്രാവശ്യമെങ്കിലും പൊതുമീറ്റിംഗുകൾ സംഘടിപ്പിച്ച് പാഠ്യേതര വിഷയങ്ങളിൽ പ്രഭാഷണം നടത്തുകയും കുട്ടികളുടെ കലാപരിപാടികൾ, ക്വിസ് പ്രോഗ്രാം എന്നിവ നടത്തുകയും ചെയ്യുക.
6. ആഴ്ചതോറും ക്ലാസ്സ്മീറ്റിംഗുകൾ നടത്തി കുട്ടികളുടെ കലാ-സാഹിത്യവാസനകൾ പരിപോഷിപ്പിക്കുക.

## 4. കുടിവെള്ളം – ആരോഗ്യം

**കുടിവെള്ളം.**

1. ജലക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളുടെ കൂട്ടത്തിൽ 'കൊടിപ്പച്ച' കൂടി ചേർക്കണം.
2. ചിതറ ജലസേചനപദ്ധതി കമ്മീഷൻചെയ്യുമ്പോൾ ബംഗ്ലാംകുന്നുമിഷൻ കോമ്പൗണ്ടിൽ പൊക്കംകൂടിയ ഭാഗത്ത് ഒരു ടാങ്ക് സ്ഥാപിച്ച് അതിൽ വെള്ളം സ്റ്റോർ ചെയ്താൽ നാച്ചുറൽ ഫ്ളോയിൽ ചുറ്റുമുള്ള ഹരിജൻ കോളനികളായ പ്ലാച്ചിയോട്, മരോട്ടിപൊയ്ക, കാവൂർകോണം, കൈതക്കുഴി, കരുന്തലക്കോട് എന്നിവയ്ക്ക് വെള്ളമെത്തിക്കാൻ സാധിക്കും.
3. കിളിമാനൂർ റോട്ടറിക്ലബ്ബ് പഞ്ചായത്തിനു കൈമാറിയ കുഴൽക്കിണർ പദ്ധതി ഫലപ്രദമായി പ്രവർത്തിപ്പിച്ച് ജംഗ്ഷനിലെ ശുദ്ധജലക്ഷാമം പരിഹരിക്കാൻ അടിയന്തിരനടപടി കൈക്കൊള്ളണം.

**പൊതുജനാരോഗ്യം**

1. നിലവിലുള്ള 'ഹെൽത്ത്സെന്ററുകൾ' എന്നത് 'കുടുംബക്ഷേമഉപകേന്ദ്രങ്ങൾ' എന്നു മാറ്റണം.
2. പേപ്പട്ടിവിഷം, പാമ്പുവിഷം എന്നിവയുടെ ചികിത്സയ്ക്ക് പ്രൈമറി ഹെൽത്ത്സെന്ററിൽ സംവിധാനമുണ്ടാക്കണം.
3. ഒന്നോ രണ്ടോ വർഷത്തിനകം പഞ്ചായത്തിൽ 'സമ്പൂർണ്ണ ആരോഗ്യം' കൈവരിക്കാനുള്ള ലക്ഷ്യത്തോടെ ആശുപത്രി വികസനസമിതിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുക.

## 5. വ്യവസായം

1. ബംഗ്ലാംകുന്നിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കശുവണ്ടിപ്പരിപ്പു സംസ്കരണ-കയറ്റുമതി യൂണിറ്റ് (9 തൊഴിലാളികൾ), പൂവത്തൂരുള്ള സോപ്പുനിർമ്മാണയൂണിറ്റ് (6 തൊഴിലാളികൾ), നിലമേൽ ജംഗ്ഷനിലെ അവൽ

നിർമ്മാണയൂണിറ്റ് (5 തൊഴിലാളികൾ), നിലമേൽ സലിംതിയേറ്റർ (6 തൊഴിലാളികൾ), നിലമേൽ പെട്രോൾപമ്പ് (2 തൊഴിലാളികൾ) എന്നിവ പട്ടികയിൽ ചേർ ക്കണം.

2. ഓർക്കിഡ്, പട്ടുനൂൽ ഉല്പാദനം എന്നിവ വ്യാവസായികാടിസ്ഥാനത്തിൽ സംഘടിപ്പിക്കണം.
3. <u>സഹകരണാടിസ്ഥാനത്തിൽ തുടങ്ങേണ്ട വ്യവസായങ്ങൾ.</u>

ബുക്ക് ബയന്റിംഗ്, മോട്ടൽ & റസ്റ്റോറന്റ്, ഹോളോബ്രിക്സ്, മറ്റു ഭവനനിർമ്മാണ സാമഗ്രികൾ.

## 6. ഗതാഗതം-ഊർജ്ജം-മാർക്കറ്റ്

1. മടത്തറ-പാരിപ്പള്ളി റോഡ് ജില്ലാറോഡിന്റെ കാറ്റഗറിയിൽ ഉൾപ്പെടുത്തി അഞ്ചരമീറ്റർ വീതിയിൽ ടാർചെയ്യുക.
2. 1984-ൽ M.L.A. റോഡായി അനുവദിച്ച ബംഗ്ലാംകുന്ന് - വട്ടപ്പാറ - തങ്കക്കല്ലു റോഡിനുവേണ്ടി ജനങ്ങൾ P.W.D. യ്ക്കു സ്ഥലം വിട്ടുകൊടുത്തു എസ്റ്റിമേറ്റും മറ്റും തയ്യാറാക്കിയെങ്കിലും റോഡിന്റെ പണി ഇതേവരെ ആരംഭിച്ചിട്ടില്ല. എത്രയുംവേഗം റോഡിന്റെ പണി ആരംഭിക്കണം.
3. S.H.I -ൽ (M.C. റോഡ്) കണ്ണൻകോടു ഭാഗത്തു മഴക്കാലത്തു വെള്ളപ്പൊക്കംമൂലം യാത്രാക്ലേശം അനുഭവപ്പെടാറുണ്ട്. ഈ ഭാഗം ഒന്നരമീറ്റർ ഉയർത്തി ഗതാഗതയോഗ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.
4. കൈതോടു-തങ്കക്കല്ലുറോഡു വീതികൂട്ടി റീടാറിംഗ് നടത്തണം.
5. കരുന്തലക്കോടു-കളീലിൽ റോഡ് വീതികൂട്ടുകയും ആവശ്യമായ രണ്ടു കലുങ്കുകൾ നിർമ്മിക്കുകയും വേണം.
6. ഈന്തലിൽ-വാഴോട്, മാറ്റാപ്പള്ളി-കാരോട്, മങ്കാട്ടുഹരിജൻകോളനി-അട്ടിയിൽ, തയ്യിൽ-പൊത്തവള്ളി-ആലയിൽ എന്നീ റോഡുകൾ പുതുതായി നിർമ്മിക്കേണ്ടവയുടെ ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ടതാണ്.
7. രേഖയിൽ 63-ാം പേജിലെ പട്ടികയിൽ 'ഓടയുള്ളത്' എന്നത് 'ഓടവേണ്ടത്' എന്നും, പേജ് 60-ൽ ബംഗ്ലാംകുന്നു-കുന്നുംപുറം റോഡിന് 4.5 മീ. വീതി എന്നുള്ളത് 8 മീ. എന്നും തിരുത്തേണ്ടതാണ്. പേജ് 66-ൽ പുതുതായി നിർമ്മിക്കേണ്ട 'നടപ്പാതകൾ' എന്ന ടേബിളിൽ വെള്ളാമ്പാറ-വളയിടം-ചാറയം എന്നെഴുതിയിരിക്കുന്നത് 'റോഡ്' എന്നു തിരുത്തേണ്ടതാണ്.
8. ഏറം, കൈതക്കുഴി-മൂഴിയിൽ, വാഴോട് എന്നീ സ്ഥലങ്ങളിൽ പുതുതായി നടപ്പാലം നിർമ്മിക്കണം.
9. പഞ്ചായത്ത് ജംഗ്ഷൻ, കോളേജ് ജംഗ്ഷൻ, പഴയ മാർക്കറ്റ്, പുതിയ മാർക്കറ്റ് ജംഗ്ഷനുകൾ കരുന്തുലക്കോട്, വേയ്ക്കൽ, തങ്കക്കല്ല്, കുരിയോട് എന്നിവിടങ്ങളിൽ സോഡിയംവേപ്പർ ലാമ്പുകൾ സ്ഥാപിക്കണം. വേയ്ക്കൽ സ്കൂൾജംഗ്ഷൻ, മൂരുക്കുമൺ കുന്നുംപുറം, വെള്ളാമ്പാറ, ചേറാട്ടുകുഴി (കുടുംബക്ഷേമഉപകേന്ദ്രം) ആലയിൽ, കൈതക്കുഴി തുടങ്ങിയ സ്ഥലങ്ങളിൽ ട്യൂബുലൈറ്റുകൾ സ്ഥാപിക്കണം. കരുന്തലക്കോടു-വലിയവഴി, കരുന്തലക്കോടു-പരുത്തി, വൈദ്യശാലവാതുക്കൽ-വളയിടം, ആലയിൽ-കൈതക്കുഴി, ഏലിക്കുന്നാംമൂകൾ-തൊട്ടുവള്ളി, ബംഗ്ലാംകുന്നു-കൊടിക്കോണം എന്നീ റോഡുകളിൽ ലൈൻനീട്ടി സ്ട്രീറ്റുലൈറ്റ് സ്ഥാപിക്കണം.
10. പേജ് 71-ൽ പട്ടികയുടെ തലക്കെട്ടിൽ 'വൈദ്യുതി എത്താത്ത ഹരിജൻ...' എന്നത് 'വൈദ്യുതി എത്താത്ത ഹരിജൻ കോളനി/ സെറ്റിൽമെന്റ്' എന്നു തിരുത്തേണ്ടതാണ്. ഈട്ടിമൂട്, ഇടക്കരിക്കകം, ശാസ്താംകോണം കുഞ്ചുവേലിക്കോണം, കുന്നത്തഴികം, ഈന്തലിൽ, മരോട്ടിപൊയ്ക എന്നീ സെറ്റിൽമെന്റു കോളനി പ്രദേശങ്ങളിൽക്കൂടി വൈദ്യുതി എത്തിക്കേണ്ടതാണ്.

## 7. പാർപ്പിടം-സാമൂഹ്യക്ഷേമം

1. കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട് ഓടകൾ നിർമ്മിക്കുന്നത് കർശനമായി തടയുകയും ഓടനികത്തുന്നതിനുത്തരവാദികളായവരിൽ നിന്ന് പിഴ ഈടാക്കുകയും വേണം.
2. നിലമേൽ ജംഗ്ഷൻ പ്രദേശത്തെ ഓടകൾ സമയാസമയങ്ങളിൽ വൃത്തിയാക്കുക.
3. ജംഗ്ഷനിലെ ചപ്പുചവറുകൾ ശേഖരിച്ചു സംസ്കരിക്കുന്നതിനു നടപടികൾ സ്വീകരിക്കുക.
4. റോഡുപുറംപോക്ക്, റവന്യൂപുറംപോക്ക് എന്നിവ അനധികൃതമായി കൈവശം വച്ചിരിക്കുന്നവരെ ഒഴിപ്പിച്ച് നിലമേൽ ജംഗ്ഷന്റെ വികസനം ത്വരിതപ്പെടുത്തുക.
5. റവന്യൂ പുറംപോക്കുഭൂമി പ്രയോജനപ്പെടുത്തി പഞ്ചായത്തിന്റെ പൊതുവികസനത്തിനുപയോഗിക്കുക.
6. പഞ്ചായത്തിൽ ഒരു പൊതുസമ്മേളനവേദി, പാർക്ക്, കളിസ്ഥലം, കമ്മ്യൂണിറ്റിഹാൾ എന്നിവ സ്ഥാപിക്കുക.
7. സാമൂഹ്യക്ഷേമപ്രവർത്തനങ്ങൾക്കു മുൻകയ്യെടുക്കുന്ന ട്രസ്റ്റുകൾക്കും സംഘടനകൾക്കും മറ്റും പ്രോത്സാഹനങ്ങളും സഹായങ്ങളും നൽകുക.

**വിവിധ ക്ഷേമപദ്ധതികളിൽ അംഗങ്ങളായിട്ടുള്ളവർ**

| കർഷകത്തൊഴിലാളിക്ഷേമനിധി | കശുവണ്ടിത്തൊഴിലാളി ക്ഷേമനിധി | കെട്ടിടനിർമ്മാണ ത്തൊഴിലാളി ക്ഷേമനിധി |
|---|---|---|
| 627 | 334 | 182 |

അഗതിപെൻഷനുകളും കർഷകത്തൊഴിലാളി പെൻഷനും ലഭിക്കുന്നവരും ഉണ്ട്.

## 8. സംസ്കാരം

1. പഞ്ചായത്തുവകയായി ഒരു സാംസ്കാരിക നിലയവും അതോടനുബന്ധിച്ച് ഗ്രന്ഥശാലയും സ്ഥാപിക്കുക.
2. കേരളോത്സവം, ഓണം സ്പോർട്സ് തുടങ്ങിയ പഞ്ചായത്തു യുവജനമേളകൾ വിപുലമായ പ്രചാരണം കൊടുത്ത് പരമാവധി ജനപങ്കാളിത്തത്തോടെ നടത്തുക.
3. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന അംഗീകൃത കലാ-സാംസ്കാരിക സമിതികൾക്ക് ഗ്രാന്റു നൽകുകയും അതു ഫലപ്രദമായി വിനിയോഗിക്കുന്നുണ്ടോ എന്നു പരിശോധിക്കുകയും ചെയ്യുക.
4. സ്വന്തമായി സ്ഥലവും കെട്ടിടവുമില്ലാത്ത കലാ-സാംസ്കാരിക സംഘടനകൾക്ക് സ്ഥലവും കെട്ടിടവും ഉണ്ടാക്കുന്നതിനാവശ്യമായ സാമ്പത്തിക സഹായം നൽകുക.
5. പ്രഗത്ഭരായ കായികതാരങ്ങളെ കണ്ടെത്തി ആവശ്യമായ പരിശീലനം നല്കാനുള്ള സംവിധാനമുണ്ടാക്കുക.

## 9. വനിത

1. എല്ലാ ബസ്സുകളിലും സ്ത്രീകൾക്കായി പ്രത്യേകം സീറ്റുകൾ റിസർവുചെയ്യുകയും അത് അവർക്കായി ലഭിക്കത്തക്ക സംവിധാനമുണ്ടാക്കുകയും വേണം.
2. നിലമേൽ P.H.C.-യിൽ വനിതകൾക്കായി ഒരു ജനറൽവാർഡ് നിർമ്മിക്കുകയും പ്രാഥമിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്യുക.
3. നമ്മുടെ പ്രദേശത്തു സുലഭമായ നെല്ലു ശേഖരിച്ച് കുത്തി അരിയാക്കി വിപണനം നടത്തുന്നതിന് വനിതാസഹകരണസംഘങ്ങളെ ചുമതലപ്പെടുത്തുക.
4. കാർഷികമേഖലയിൽ നേരിടുന്ന തൊഴിൽ ദൗർലഭ്യം പരിഹരിക്കുന്നതിനുവേണ്ടി വനിതാസന്നദ്ധസംഘടന രൂപീകരിച്ച് സംഘടനയുടെ നേതൃത്വത്തിൽ നടീൽ, കളയെടുക്കൽ, കൊയ്ത്ത് എന്നിവയ്ക്ക് തൊഴിലാളികളെ എത്തിച്ചുകൊടുക്കുന്ന സംവിധാനമുണ്ടാക്കുക.

## 10. സഹകരണം

1. സഹകരണാടിസ്ഥാനത്തിൽ റബ്ബർപാൽ സംഭരിക്കുന്നതിന് റബ്ബർ ബോർഡുമായി ബന്ധപ്പെട്ടു പ്രത്യേക പദ്ധതി നടപ്പിലാക്കുക.
2. ഒരു സെന്റു വസ്തു ലഭിക്കുന്ന കാർഷിക വായ്പയുടെ പരിധി 500 രൂപയായി ഉയർത്തുക.
3. പേജ് 87-ൽ നിലമേൽ സർവ്വീസ് സഹകരണ ബാങ്കിനുവേണ്ടി വാങ്ങിയ വസ്തു 1970 എന്നുള്ളത് 1990 എന്നു തിരുത്തുകയും ബാങ്കിലെ അംഗസംഖ്യ പേജ് 89-ലെ പട്ടികയിൽ 5409 എന്നത് 5414 എന്നു തിരുത്തുകയും ചെയ്യണം.

## 11. പട്ടികജാതി-വർഗ്ഗക്ഷേമം

1. ദളിത് ക്രൈസ്തവർക്കു പട്ടികജാതി വിഭാഗത്തിന്റെ ആനുകൂല്യം ലഭ്യമാക്കണം.
2. പട്ടികജാതി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് ആ വിഭാഗത്തിൽപ്പെട്ട വിദ്യാസമ്പന്നർക്ക് പ്രത്യേക ആനുകൂല്യംനൽകിക്കൊണ്ട് കുട്ടികൾക്കു സൗജന്യ ട്യൂഷൻ നൽകുക.
3. ജനസംഖ്യാനുപാതികമായി സർക്കാർ, അർദ്ധ സർക്കാർ, പ്രൈവറ്റ് സ്ഥാപനങ്ങളിൽ ഉദ്യോഗ സംവരണം നല്കുക.
4. പട്ടികജാതി സർവ്വീസ് സഹകരണബാങ്കുകൾക്ക് ജില്ലാബാങ്കുകളിൽ അഫിലിയേഷൻ നൽകുക.
5. ഷോപ്പിംഗ് കോംപ്ലക്സിൽ പട്ടികജാതിക്കാർക്കായി സംവരണം ചെയ്തിട്ടുള്ള മുറി അവർക്കുതന്നെ ലഭിക്കത്തക്കവിധം നിയമസംരക്ഷണം ഉറപ്പാക്കുക.

## 12. വിഭവസമാഹരണം

1. പ്ലാന്റേഷൻ ടാക്സ് :- 300 റബ്ബർ മരങ്ങളിൽ കൂടുതൽ ടാപ്പുചെയ്യുന്ന ഉടമകളിൽനിന്ന് 300 കഴിച്ചുള്ള മരങ്ങൾക്ക് ഒരു നിശ്ചിതഫീസ് ഈടാക്കുക.
2. ഒരു ബസ്സ്റ്റാൻഡും ടാക്സി,ലോറി സ്റ്റാൻഡുകളും നിർമ്മിച്ച് പാർക്കിംഗ് സൗകര്യം മെച്ചപ്പെടുത്തുക വഴി അധികവരുമാനം ഉണ്ടാക്കാൻ കഴിയും.
3. മാർക്കറ്റു ദിവസങ്ങൾ സജീവമാക്കാനുള്ള പ്രചാരണവും പ്രവർത്തനവും ഊർജ്ജിതപ്പെടുത്തണം. കുറഞ്ഞചെലവിൽ സ്റ്റാളുകൾ നിർമ്മിച്ച് വാടകയ്ക്കു കൊടുക്കാവുന്നതാണ്.
4. പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ സ്ലാട്ടർ ഹൗസുകൾ സ്ഥാപിച്ച് അതതു സ്ഥലത്തു ലേലം ചെയ്തുകൊടുക്കുക വഴി അധികവരുമാനം ഉണ്ടാകും. അനധികൃത കശാപ്പുശാലകൾ നിയന്ത്രിക്കുന്നതിനും ഇതുമൂലം

സാധിക്കും.

5. കെട്ടിടത്തിനു ചെലവായ തുകയുടെ അടിസ്ഥാനത്തിൽ നികുതി നിശ്ചയിക്കണം. അതിന് ജനാധിപത്യസ്വഭാവമുള്ള സബ് കമ്മിറ്റി രൂപീകരിക്കുകയും ആ കമ്മിറ്റിയുടെ കാലാവധി നിജപ്പെടുത്തുകയും വേണം.
6. ഒരു പൊതുസമ്മേളനവേദി നിർമ്മിച്ചു വാടകയ്ക്കുകൊടുക്കാവുന്നതാണ്.
7. സ്വകാര്യവ്യക്തികൾ നടത്തുന്ന ചന്തകൾ പഞ്ചായത്തേറ്റെടുത്തു നടത്തിയാൽ അധിക വരുമാനം പ്രതീക്ഷിക്കാവുന്നതാണ്.
8. പേജ് 100–ൽ 'സ്വകാര്യസാമ്പത്തിക സ്ഥാപനങ്ങൾ" എന്ന തലക്കെട്ടിൽ 'രണ്ടു സ്വകാര്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു' എന്നത് 'മൂന്നു സ്വകാര്യസ്ഥാപനങ്ങൾ' എന്നു തിരുത്തണം. '36% മുതൽ 60% വരെ പലിശ ഈടാക്കുന്നു' എന്നത് '36% വരെ' എന്നും തിരുത്തേണ്ടതാണ്.

**1.11.1996 പുനരർപ്പണദിനവുമായി ബന്ധപ്പെട്ടുനടത്തിയ പ്രവർത്തനങ്ങൾ**

1. കൈതോടുവാർഡിൽ മുള്ളുംമൂടു-മൂന്നാംകോണം ഭാഗത്തേക്കുള്ള റോഡ്.
2. രണ്ടാം (വെള്ളരി) വാർഡിൽ.കോയിപ്പുറം-വട്ടക്കൈത റോഡ്.
3. നാലാം വാർഡിൽ വേയ്ക്കൽ ലക്ഷംവീടു കോളനിയിലേക്കുള്ള റോഡ്
4. ആറാം വാർഡിൽ വെള്ളാമ്പാറ–നെട്ടയം റോഡ്, പഞ്ചായത്താഫീസ്–പറയരുകോണം റോഡ്, വളയിടം–ചാറയംറോഡ്, വെള്ളാമ്പാറ – വളയിടംറോഡ്.
5. എട്ടാംവാർഡിൽ ആലയിൽ–കാവൂർകോണം റോഡ്.

മേൽപ്പറഞ്ഞ റോഡുകൾ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ജനപങ്കാളിത്തത്തോടെ നിർമ്മിക്കുകയും അറ്റകുറ്റപ്പണികൾ നടത്തുകയും ചെയ്തു. രണ്ടുലക്ഷത്തിലധികം രൂപയുടെ ജോലി നടന്നതായി കണക്കാക്കപ്പെടുന്നു.

## നിലമേലിന്റെ 'ഇന്നലെ'കളെക്കുറിച്ച് ചിലതുകൂടി

- നിലമേൽ ശാസ്താക്ഷേത്രത്തോടനുബന്ധിച്ച് അൻപതുവർഷം മുമ്പ് ഒരു നിലത്തെഴുത്തു വിദ്യാലയം (കുടിപ്പള്ളിക്കൂടം) പ്രവർത്തിച്ചിരുന്നു. ആദ്യകാല നഴ്സറി സ്കൂൾ ഭക്തർ എന്നറിയപ്പെട്ടിരുന്നയാളായിരുന്നു അദ്ധ്യാപകൻ.
- നിലമേലിലെ ആദ്യബിരുദധാരി, വിദ്യാഭ്യാസ ആഫീസറായി പെൻഷൻപറ്റിയ ശ്രീ.കെ.വൈ. അഹമ്മദുപിള്ള.
- വെട്ടൂർക്കാരൻ എന്നറിയപ്പെട്ടിരുന്ന മുഹമ്മദു തമ്പി, അബ്ദുൽ റസാക് (കങ്കാണി) എന്നിവരായിരുന്നു നിലമേൽ ജംഗ്ഷനിൽ ആദ്യമായി കച്ചവടം ആരംഭിച്ചത്.
- ആദ്യത്തെ ഗവ:സ്ഥാപനം ഇപ്പോൾ പഞ്ചായത്തു ഷോപ്പിംഗ് കോംപ്ലക്സ് നില്ക്കുന്നിടത്തെ ഫോറസ്റ്റു വാച്ച്സ്റ്റേഷൻ (കാവൽപ്പുര) ആയിരുന്നു.
- ആദ്യകാല കലാ-സാംസ്കാരിക നായകനാണ് നടനും നാടകകൃത്തും റേഡിയോ സ്റ്റാറുമായ ശ്രീ. മടവൂർഭാസി. നാല്പതു വർഷംമുമ്പ് 'ഉദയതിയേറ്റർ' എന്നപേരിൽ ഒരു സിനിമാപ്രദർശനശാല അദ്ദേഹം നടത്തിയിരുന്നു.
- നിലമേൽ സർവ്വീസ് സഹകരണസംഘത്തിന്റെ ആദ്യപ്രസിഡന്റ് ശ്രീ. ഭാർഗ്ഗവൻപിള്ള (പാണൻകോണം)
- നിലമേൽ വലിയവീട്ടിൽ ശ്രീ. രാമനുണ്ണിത്താൻ ആയിരുന്നു ഈ പ്രദേശംകൂടി ഉൾപ്പെട്ടിരുന്ന ചടയമംഗലം പഞ്ചായത്തിലെ ആദ്യ പ്രസിഡന്റ്.
- നിലമേൽ പ്രൈമറിഹെൽത്ത്സെന്റർ സ്ഥിതി ചെയ്യുന്ന കെട്ടിടം ആദ്യകാലത്ത് മുസാവരി ബംഗ്ലാവ് (റസ്റ്റുഹൗസ്) ആയിരുന്നു. പുനലൂർ കഴിഞ്ഞാൽ 'റയിൻഗേജ്' ഉണ്ടായിരുന്നത് ഇവിടെയായിരുന്നു.

4214
KERALA INSTITUTE OF LOCAL ADMINISTRATION
LIBRARY
680581



SUJILEE PRINTERS, CHATHANNOOR PH 243682